# ഓർമകളിലൂടെ ഒരു യാത്ര

KERALA
BOOK
STORE
.COM

KERALA BOOK STORE .COM

*By S.K Nair - Bangalore*
*Cover Design & Page Layout: ideaful Designs*
*Printing : Ideaful Prints, Trivandrum*
*Publisher: www.keralabookstore.com*
*Email id: support@ keralabookstore.com*

*First Edition: April 2024*
*Price: Rs.240/-*
*ISBN: 9788196444075*

@ All Rights Reserved
No part of this publication may be reproduced ,
stored in a retrieval system or transmitted, in any form
or by any means, electronic, mechanical, photocopying,
recording or otherwise, without the prior written permission
of the Author.

*Keralabookstore.com is an Imprint of Consors Technologies Pvt Ltd., Thiruvananthapuram.*

# ഓർമകളിലൂടെ ഒരു യാത്ര

എസ് കെ നായർ - ബാംഗ്ലൂർ

## ഹൃദയപൂർവ്വകമായ ആശംസകൾ

അത്യന്തം പാരായണക്ഷമമായ ഒരാത്മകഥാഖ്യാനമാണ് എസ്.കെ.നായരുടെ'ഓർമകളിലൂടെ ഒരു യാത്ര.' വായിച്ചു തുടങ്ങിയാൽ ഒറ്റയിരുപ്പിൽ അവസാനം വരെ വായിച്ചു പോകാം. ഇത് കഥാഖ്യാനം പോലെ തോന്നാം. ചിലപ്പോൾ യാത്രാവിവരണമായിത്തോന്നാം, ചിലപ്പോൾ സംഭവകഥകളുടെ സരസമായ വിവരണമായി അനുഭവപ്പെടും, മറ്റു ചിലപ്പോൾ ഒരു നോവൽ പോലെയും വായിച്ചുപോകാം. അനുഭവങ്ങളും, കേട്ടറിവുകളും, ഐതീഹ്യങ്ങളും, കഥകളും, മറ്റനേകം സംഭവങ്ങളും ചേർത്ത്, അര നൂറ്റാണ്ടുകാലത്തെ തന്റെ പ്രവാസ ജീവിതത്തെ ഒട്ടും അത്യുക്തിയില്ലാതെ വരച്ചുവച്ചിരിക്കുകയാണ് 'ഓർമകളിലൂടെ ഒരു യാത്ര'യിൽ.

ഏഴു പതിറ്റാണ്ടു പിന്നിട്ട എസ്.കെ.നായരുടെ ജീവിതത്തിൽ അര നൂറ്റാണ്ടുകാലവും ബംഗളുരുവിലായിരുന്നു. ബംഗളുരുവിലെ എല്ലാ മലയാളി കൂട്ടായ്മകളിലും സജീവമായിരുന്ന മികച്ച സംഘാടക നായും, സാംസ്കാരിക പ്രവർത്തകനായും, എഴുത്തുകാരനായും പല പ്രസ്ഥാനങ്ങളുടെയും നേതാവായും എസ.കെ.നായർ ഈ നഗരത്തിൽ ജീവിച്ചു, ജീവിതം കരുപ്പിടിപ്പിക്കാനുള്ള പരിശ്രമത്തിനിടയിൽ പലയിടത്തും വീണും, വീഴ്ത്തപ്പെട്ടും, വീണയിടത്തുനിന്നെല്ലാം എഴുന്നേറ്റും, സ്വയം കരുത്താർജിച്ചും, ചിലപ്പോൾ ചാരത്തിൽ നിന്നും ഉയരുന്ന ഫിനിക്സ് പക്ഷിയെപ്പോലെ ജീവിതത്തെ പറന്നുയരാൻ പാകത്തിൽ രൂപപ്പെടുത്തിയെടുക്കുവാൻ എസ്സ്.കെ.നായർ സഹിച്ച സ്നേ ഹങ്ങളും, സഹനങ്ങളും, സമരങ്ങളും, ഈ പുസ്തകത്തിലുണ്ട്. ഒരർത്ഥത്തിൽ ഒരു ശരാശരി പ്രവാസിയുടെ, അസാധാരണമായ ജീവിതമായി ഈ കഥാഖ്യാനം നമുക്കനുഭവപ്പെടും.

നാട്ടിൽ ഇപ്പോഴും വേണ്ടത്ര മനസ്സിലാക്കപ്പെടാത്ത മലയാളികൾ, പ്രവാസലോകത്തു വലിയ പദവികൾ വഹിക്കുന്നുണ്ട്, വലിയ നേതൃത്വത്തിലിരിക്കുന്നുണ്ട്. അവരൊക്കെ ആത്മകഥയെഴുതുമ്പോഴാണ് അവരുടെ കഥയും, അവരോടൊപ്പം പ്രവാസി മലയാളി സ്വന്തം അസ്തിത്വം സ്ഥാപിക്കുവാൻ വേണ്ടി അതാതിടങ്ങളിൽ നടത്തിയ സമരങ്ങളുടെ കഥകളും മലയാളികൾ അറിയുക. യഥാർത്ഥത്തിൽ എസ്.കെ.നായരുടെ 'ഓർമകളിലൂടെ ഒരു യാത്ര' എന്ന ഈ പുസ്തകം സാധാരണത്വം നിറഞ്ഞതെങ്കിലും അസാധാരണമായ ഒരു ജീവിതാഖ്യാനമാണ്. എന്റെ പ്രിയപ്പെട്ട ഈ സുഹൃത്തിന്റെ അനുഭവകഥ വളരെ ആവേശത്തോടും ഔൽസുക്യത്തോടും കൂടിയാണ് ഒറ്റയിരുപ്പിൽ വായിച്ചു തീർത്തത്.

എസ്.കെ.നായരുടെ ഈ പുസ്തകത്തിന് എന്റെ ഹൃദയപൂർവ്വകമായ ആശംസകൾ.

**ആലങ്കോട് ലീലാകൃഷ്ണൻ**

# ഉള്ളടക്കം

1.ആമുഖം

2.എന്റെ ഗ്രാമം – എനിക്ക് തീർത്ഥാടന കേന്ദ്രം

3.ഹരിപ്പാട് മുട്ടം; എനിക്ക് മുത്തശ്ശി പോലെ.

4.ആലുംമൂട്ടിൽ കൊച്ചുകുഞ്ഞുചാന്നാർ

5.മുട്ടത്തു മഹാദേവർ ക്ഷേത്രം

6.പരമ്പരാഗതമായ നെൽകൃഷി

7.പുഞ്ചപ്പാടങ്ങൾക്ക് കാവൽക്കാർ

8.കൊക്കാട്ട് കുടുംബവും മുൻസിഫ് ശങ്കരമാരാരും

9.കൂട്ടുകുടുംബം വിഭജിക്കുന്നു

10.പ്രതിബദ്ധതപുലർത്തിയിരുന്ന കുടുംബം

11.കണക്കോലയും കുഞ്ഞൂഞ്ഞാശാനും

12.ചേച്ചി വിജയകുമാരി ഒരു വിസ്മയം

13.സഹോദരങ്ങളുമൊത്തുള്ള ജീവിതം

14.ആദ്യം കിട്ടിയ മുട്ട!

15.ടീച്ചർമാരുടെ ജോലി സ്ഥിതീകരിക്കുവാൻ
അഡ്മിഷൻ എടുത്തു.

16.ഞാൻ ക്ളാസ്സിലെ മോണിട്ടറാവുന്നു..

17.മണ്ണാറശാല നാഗരാജക്ഷേത്രം

18.'മണ്ണാറിയശാല' മണ്ണാറശ്ശാലയായി

19.ഉരുളി കമഴ്ത്തൽ

20.നെഹ്റു ട്രോഫി വള്ളംകളി – ചരിത്രം

21.ചെറുതനയുടെ മുഖം മാറി

22.തിരിച്ചുവരാത്ത ബാല്യകാലം!

23.ശിവൻ കുട്ടിയെ കാണുന്നില്ല

24.കപ്പലണ്ടിക്കാരൻ കളിപ്പിച്ചു

25.നങ്ങ്യാർകളങ്ങര ഗവൺമെന്റ് യു പി സ്കൂളിലേക്ക്

26.കുട്ടി മൂപ്പത്തി ഒരോർമ്മ.

27.കലാരംഗത്തേക്കുള്ള കാൽവെപ്പ്

28.മറ്റം സെന്റ് ജോൺസ് ഹൈ സ്കൂളിലേക്ക്

29.മോഹൻദാസിന്റെ ചേട്ടൻ !

30.ജോർജ്ജു കുട്ടി സാറിന്റെ കുരുമുളക്

31.നാടകത്തിനോടുള്ള പ്രതിപത്തി ആരംഭിക്കുന്നു.

32.രണ്ടണുഗുണ്ട്!

33.പച്ചക്കുരുമുളകുകൊണ്ടൊരു മാജിക്ക്!

34.എസ്.എസ് എൽ സി – കഷ്ഠിച്ചു പാസ്സായി!

35.അമ്പതു വർഷങ്ങള്ക്കു ശേഷം നടത്തിയ റീയൂണിയൻ

36.ഹൈസ്കൂൾ വിദ്യാഭ്യാസം അവസാനിക്കുന്നു.

37.കൊച്ചു കളീക്കൽ ഭാർഗ്ഗവിയമ്മ.

38.മധുരം കൗമാരം

39.മധ്യവേനലവധി തിമിർത്തിരുന്നു

40.ഒരു തേങ്ങാ മോഷണം

41.ഏവൂർ ആറാട്ട് – ഒരു ഗ്രാമോത്സവം

42.മറ്റൊരു ഗ്രാമോത്സവം. സംക്രാന്തിയും, വള്ളം കളിയും

43.കുസൃതിനിറഞ്ഞ ചെറുപ്പം!

44.ഭഗവാൻ തങ്കപ്പൻ

45.ടി.കെ.മാധവ മെമ്മോറിയൽ കോളിജിൽ

46.കാളകൂടം കയ്യെഴുത്തു മാസിക

47.വാസു സാറിന്റെ കണ്ണാടി പൊട്ടിച്ചു!

48.എൻ.സി.സി യും  നാടകവും

49.നാടകീയമായിക്കിട്ടിയ ഒരടി!

50.തലപ്പന്തുകളി

51.വിദ്യാർത്ഥി ജീവിതത്തിൽ അല്പം രാഷ്ട്രീയം

52.ഓൾ ഇന്ത്യ സമ്മർ ട്രെയിനിങ് ക്യാമ്പിലെ  നേതൃത്വ പരിശീലനം

53.ജോസഫ് സാറിന്റെ ശാപം!

54.കോളേജിൽ ‘സോഷ്യലും’ ഫോട്ടോയും

55.കടം വാങ്ങിയ ബ്രേസിയർ!

56.പുഞ്ചകൃഷിയിൽ അച്ഛന് സഹായവുമായി

57.മുട്ടത്തുകാരുടെ ‘പാനേത്തമ്മ’

58.മുട്ടത്തെ ക്ഷേത്രോത്സവവും നാടകങ്ങളും

59.ബാംഗ്ലൂർ – ഉദ്യാന നഗരത്തിലേക്ക്

60.ബാംഗ്ലൂരിലെത്തി

61.മലമുകളിലെ ക്ഷേത്രം

62.മുന്തിരി വള്ളികളുടെയിടയിലൂടെ നടക്കുമ്പോൾ

63.എയർഫോഴ്സ് റിക്രൂട്ട്മെന്റ്

64.ഒരു പത്രപ്രവർത്തനം

65.ചെരുപ്പ് മോഷ്ടിച്ചില്ല

66.ബാംഗ്ലൂർ എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ

67.ഐ.ടി.ഐ.യുടെ നീലനിറത്തിലുള്ള ബസ്സുകൾ

68.ഇന്ത്യൻ ടെലിഫോൺ ഇൻഡസ്ട്രീസ് ബാംഗ്ലൂർ - ഒരു പുതിയ ലോകം!

69.ഒറ്റക്കുള്ള താമസം തുടങ്ങുന്നു

70.ഒരു പേപ്പർ കടയിൽ താമസം

71.ഇന്ത്യൻ ടെലിഫോൺ ഇൻഡസ്ട്രീസിന്റെ ട്രെയിനിങ് സെന്ററിൽ

72.പി.ദിവാകരനെ കണ്ടുമുട്ടുന്നു

73.സഹപാഠികൾക്ക് ഞാൻ ഒരു കളിക്കോപ്പ് !

74.ആദ്യത്തെ ഓണസദ്യ ഗംഭീരമായി!

75.വർധിച്ചുവന്ന ദാരിദ്ര്യം

76.ഒരു പാർടൈം ജോലി

77.താനക്കണ്ടി രവീന്ദ്രൻ - നന്മയുടെ പര്യായം

78.കേരളസമാജത്തിന്റെ നാടകത്തിൽ

79.കേരളസമാജത്തിലെ ലൈബ്രേറിയനായി

80.എൻ.സി.ടി.വി.ടി ദക്ഷിണമേഖലാ പരീക്ഷയിൽ മൂന്നാം സ്ഥാനം

81.അനവധി സുഹൃദ്ബന്ധങ്ങൾക്കു തുടക്കം

82.സുഹൃത്ത് വിജയ രാഘവന്റെ സ്റ്റൈൽ

83.പാലക്കാട്ടേക്ക് ഒരു മുന്നറിയിപ്പില്ലാത്ത യാത്ര!

84.വിജയൻറെ അമ്മയെകൊണ്ടു സമ്മതിപ്പിക്കണം

85.തലസ്ഥാന നഗരിയിലേക്ക് ഒരു വിനോദയാത്ര.

86.പ്രസിദ്ധിയാർജ്ജിച്ച കോവളം ബീച്ച്.

87.ഇത് നാടനാടാ...!

88.ടൂൾ മേക്കർ അല്ല; ടർണർ ആണല്ലേ?

89.വികൃതികളും വിക്രിയകളും!

90.എൻ.വി. നാഗരാജ് കരുത്തനായ മേലുദ്യോഗസ്ഥൻ -വഴികാട്ടി.

91.ഐ. ടി. ഐ യിൽ നിന്ന് ഇന്റർവ്യൂ ലെറ്റർ വന്നു

92.ഐ.ടി.ഐ ഹോസ്റ്റലിൽനിന്ന് പഞ്ചവടിയിലേക്ക്

93.ചങ്ങാതിമാർ പല വഴിക്കായി

94.ഡിപ്ലോമ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ്

95.‘അതെന്താ ഈവര്ഷത്തിനു കുഴപ്പം?’

96.ഹോസ്റ്റലിൽ കിട്ടിയ മറ്റൊരു സുഹൃത്ത്

97.എം.എ.തോമസിന്റെ പ്രണയം

98.ഹോസ്റ്റൽ ജീവിതത്തിൽ കിട്ടിയ മറ്റു സുഹൃത്തുക്കൾ.

99.ഐ ടി ഐ യുടെ ലോകഡൗൺ-ഒരോർമ്മ

100.കുസൃതിയും കുട്ടിക്കളികളും

101.ഫാദർ എന്നറിയപ്പെടുന്ന രംഗയ്യ..!

102.രംഗയ്യ എന്നും ചാരായം കുടിക്കും

103.കലാരംഗ. ബാംഗ്ലൂർ

104.കെഡി.ഇടിച്ചെറിയ എന്ന ഹാസ്യനടൻ

105.ഞാൻ വിവാഹിതനാവുന്നു

106.കേരളസമാജം പ്രവർത്തനങ്ങൾ

107.സമാജത്തിന്റെ മുഖ്യധാരാ പ്രവർത്തനങ്ങൾ

108.ജൂബിലി സ്കൂളിന് ഒരു കളർ ടെലിവിഷൻ.

109.കേരളസമാജത്തിന്റെ സ്ഥിരം അഭ്യുദയകാംക്ഷി.

110.ഡോക്ടർ ഭാരതനുമായി ഒരു കൂടിക്കാഴ്ച.

111.‘ഷേവിങ്ങിന്’ അംഗീകാരം!

112.സമാജത്തിന്റെ ഓണച്ചന്ത പ്രസിദ്ധമാവുന്നു

113.ഒരു കർമ്മയോഗിയുമായുള്ള സുഹൃദ്ബന്ധം.

114.പി. ഗോപാലൻ നായരുടെ ശതാബ്ദിയാഘോഷം

115.ജോസഫ് വന്നേരിയുടെ ഷഷ്ടിപൂർത്തിയാഘോഷം.

116.സഹായാഭ്യര്ഥനയുമായി ഒരു മലയാളി.

117.കേരള സമാജം പ്രവർത്തനങ്ങൾ വിപുലീകരിക്കപ്പെടുന്നു.

118.സമാജത്തിന്റെ പടക്ക വിതരണം.

119.ധനശേഖരണാർത്ഥം രണ്ടു നാടകങ്ങൾ

120.സമാജത്തിന്റെ മുഖപത്രം - ഡി.കെ.എസ്സ്. ന്യൂസ്.

121.വനിതാ - യുവജന വിഭാഗത്തിന്റെ ഉത്ഘാടനം.

122.സമാജം മൂന്നേകാൽ ഏക്കർ സ്ഥലം  വാങ്ങുന്നു.

123.സമാജം മലയാളികളുടെ ആശാകേന്ദ്രമാകുന്നു!

124.ഗ്രന്ഥശാലക്കായി ഒരു ധന ശേഖരണ പരിപാടി.

125.ഒരു സുഹൃത്തുമായി ഏറ്റുമുട്ടേണ്ടതായിവന്നു

126.ജൂബിലി സ്കൂളിന് പതിനാലു മുറികൾ മതിയാവാതെ വരുന്നു.

127.ജൂബിലി സ്കൂൾ ഉദ്യോഗസ്ഥർക്കായി സ്റ്റാഫ് വെൽഫെയർ ഫണ്ട്.

128.‘സലീനക്കൊരു വീട്’

129.കേരളത്തിന്റെ തനതു കല; കഥകളി

130.തെക്കരെ തള്ളിപ്പറയുന്ന വടക്കൻ ചിന്ത - ഒരു ഹാസ്യ കഥ!

131.ബാംഗ്ലൂർ കണ്ട മെഗാ മലയാള-മ്യൂസിക്കൽ നൈറ്റ്.

132.യേശുദാസിന്റെ ഒരു ഗാനമേള നടത്തണം

133.കേരളാ പേജസ് - ഉദ്യാന നഗരം കൈ നീട്ടി സ്വീകരിച്ചു.

134.പ്രിയ രവി വിടപറയുന്നു

135.ടി-രവീന്ദ്രൻ മെമ്മോറിയൽ ഡിസ്ട്രെസ്സ് റിലീഫ് ഫണ്ട്

136.ബാംഗ്ലൂർ കേരളസമാജം  നിർണായക ഘട്ടത്തിൽ.

137.ഈ ഗ്രൂപ്പുകൾ ഒന്നാക്കിക്കൂടെ? മന്ത്രി എ.കൃഷ്ണപ്പ!

138.ബാംഗ്ലൂർ മലയാളി റൈറ്റേഴ്സ് ആൻഡ് ആർടിസ്റ്റ്സ് ഫോറം.

139.തുഞ്ചൻ സ്മാരക കമ്മിറ്റി ബാംഗ്ലൂർ

140.സൂര്യനെല്ലിയിലേക്കൊരു യാത്ര

141.സമാജം പ്രവർത്തനങ്ങൾക്ക് ഒരു ഇടവേള

142.ഒരു ചുമടുതാങ്ങി.

143. *23* വർഷത്തെ സേവനങ്ങൾക്കുശേഷം ഐ.ടി.ഐ. വിടുന്നു.

144.ഗാർഡൻ സിറ്റി കോളേജിലെക്ക്

145.ഗാർഡൻ സിറ്റി കോളേജിൽ പന്ത്രണ്ടു വർഷം.

146.കോളേജിലെ ഭരണ പരിഷ്കാരങ്ങൾ.

147.സത്യസന്ധത തെളിയിക്കപ്പെടുന്നു

148.കോളേജിനുവേണ്ടി  ഹൈ കോടതിയിൽ

149.ശ്രീലങ്കയിലേക്ക്

150.കൊളംബോയിലെ താജ് സമുദ്രയുടെ സ്വിമ്മിങ് പൂളിൽ

151.ശ്രീലങ്കയിലെ വൈവിധ്യമാർന്ന അനുഭവങ്ങൾ

152.മകൾ സഹനയും  സച്ചിനും വിദേശത്തേക്ക്.

153.സഹന വിവാഹിതയാവുന്നു

154.സച്ചിൻ മോസ്കോയിലേക്ക്

155.പൊന്മുടിയിലേക്ക് ഒരു ഹണി മൂൺ ട്രിപ്പ് !

156.എഡ്യൂടെക്ക്  ഫൗണ്ടേഷൻ എന്ന എൻ.ജി.ഓ സ്ഥാപിതമാവുന്നു

157.ഗവിയിലേക്ക് ഒരു വിനോദയാത്ര

158.ചെറുവള്ളി ഗ്രാമത്തിലുള്ള ജഡ്ജി അമ്മാവൻ

159.ഗാർഡൻ സിറ്റി കോളേജ് യൂണിവേഴ്സിറ്റി ആവുന്നു.

160.ആർടിസ്റ് സുരേഷിനു – സ്മരണാഞ്ജലി

161.മനസ്സിൽ തട്ടിയ സുഹൃദ്ബന്ധങ്ങൾ – ഒരനുസ്മരണം.

162.എം വേണുഗോപാലക്കുറുപ്പ്

163.എം ഗംഗാധരക്കുറുപ്പ്

164.സഖാവ് ടി.രാജൻ

165.നിസ്വാർത്ഥ സേവകനായിരുന്ന – ടി രവീന്ദ്രൻ

166.നോവല്ലാ – കോൺസെപ്റ് ഹോട്ടൽ – വർക്കല ബീച്ചിൽ.

167.ഭൂമിയിലെ  സ്വർഗ്ഗത്തിലേക്കൊരു സകുടുംബ വിനോദയാത്ര

168.വീണ്ടും കേരള സമാജത്തിലേക്ക് അദ്ധ്യക്ഷനായി.

169.തിരിഞ്ഞു നോക്കുമ്പോൾ.

# ആമുഖം

ഏകാന്തതയുടെ ആനന്ദവും, ചിന്തകളുടെ സൗന്ദര്യവും, ഭാവാനാലോകത്തിന്റെ മാസ്മരികതയും അനുഭവിക്കുന്ന അവസരങ്ങളിൽ പലപ്പോഴും ഞാൻ എന്നോടു തന്നെ എന്റെ പഴയ കഥകൾ പറയാറുണ്ട്! എന്റെ സ്വന്തം കഥ!. ഓർമകളുടെ അടിത്തട്ടിൽ ഇന്നും നിലനിൽക്കുന്നവ മാത്രം. അതിനു വേറെ വർണ്ണ–വ്യാഖാനങ്ങൾ ഒന്നും നൽകിയില്ല. അതൊന്നും മറ്റൊരു രൂപത്തിലോ രീതിയിലോ ആയിരുന്നെങ്കിൽ എന്നൊരിക്കലും ചിന്തിച്ചിട്ടില്ല! 'അതങ്ങിനെയതിനാലാണ് ഞാനിന്നിങ്ങനെ!' എന്നു മാത്രം ആശ്വസിച്ചിരുന്നു!. പുതിയ തലമുറയ്ക്ക് പകർത്തേണ്ടതോ, പഠിക്കേണ്ടതോ ആയ ഒന്നും തന്നെ എന്റെ ജീവിതത്തിലോ ഈ കുറിപ്പുകളിലോ ഉണ്ടെന്നുള്ള യാതൊരു സങ്കൽപവും എനിക്കില്ല. പക്ഷെ എന്റെ അനുഭവങ്ങൾ എന്നോടുതന്നെ തുറന്നു പറയുമ്പോൾ എനിക്കുണ്ടാകുന്ന ഒരനുഭൂതി അത്യധികം രസകര മായി തോന്നി. അതുകൊണ്ടുതന്നെ എഴുത്തു തുടങ്ങി. മാത്രമല്ല, ലോകത്താകമാനം ഇന്നു ജീവിച്ചിരിക്കുന്ന മനുഷ്യരാശി ഒരിക്കലും കണ്ടിട്ടില്ലാത്ത കൊറോണയെന്ന ഭീകര മഹാമാരിയെപ്പേടിച്ചു അടച്ചിട്ട ഗേറ്റുകൾക്കും, വാതിലുകൾക്കും പിന്നിൽ ജീവനു വേണ്ടി–അല്ല ജീവിതത്തിനുവേണ്ടി പകലന്തിയോളം പലതിലിടപെട്ടിട്ടും ആത്മ സംതൃപ്തികിട്ടാത്ത ഒരു കാലത്താണ് എന്റെ പഴയ ജീവിത സംഭവങ്ങളെ കോർത്തിണക്കാനുള്ള ശ്രമം ആരംഭിച്ചത്. ആ ശ്രമം താൽക്കാലികമായെങ്കിലും പൂർത്തീകരിക്കുവാൻ അഞ്ചു വർഷങ്ങൾ വേണ്ടിവന്നു. എഴു പതുകളിലേക്കു കടക്കുന്ന എന്റെ ബാംഗ്ലൂർ ജീവിതത്തിനു അമ്പതു വർഷം തികയുന്ന അവസരത്തിൽ ആ ഓർമകളെല്ലാം ഒരു പുസ്തക രൂപത്തിലാക്കി നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു. ജീവിതം അടയാളപ്പെടുത്തുവാൻ വേണ്ടി..!

എന്റെ കഥയും കാര്യങ്ങളും ഏറ്റവും കൂടുതൽ പറഞ്ഞിട്ടുള്ളതു ജീവിത സഖി ചന്ദ്രികയോടുതന്നെയാണ്. പിന്നെ കൂടുതൽ ജീവിതാനുഭവങ്ങൾ പങ്കിട്ടിരുന്നത് അടുത്ത സുഹൃത്തുക്കളോടും. പക്ഷെ പലപ്പോഴായി പറയാൻ തുടങ്ങിയിരുന്ന പല

കഥകളും അപ്പോഴുണ്ടായിരുന്ന സാഹചര്യങ്ങൾകൊണ്ട് പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ടാവില്ല. ജീവിതത്തിൽ ഒരു മനുഷ്യൻ അനുഭവിക്കാവുന്നതിന്റെ പരമാവധി കഷ്ടപ്പാടുകളും, ദുരിതങ്ങളും ഒപ്പം അത്യധികം സന്തോഷങ്ങളും അനുഭവിച്ച എന്റെ ജീവിതം എന്നെ സംബധിച്ചിടത്തോളം ഒരു വൻ വിജയം തന്നെയായിരുന്നു. ജീവിതത്തിൽ ലഭിച്ച എല്ലാ കഴിവുകളും, സാഹചര്യങ്ങളും അധികാരങ്ങളും സഹജീവികളുടെ നന്മക്കായി ഉപയോഗിക്കുവാൻ കഴിഞ്ഞുവെന്നുള്ളതാണ് എടുത്തു പറയത്തക്ക നേട്ടം. ജീവിതത്തിന്റെ എല്ലാ തുറകളി ലുമുള്ള സൗഭാഗ്യങ്ങളും അതിൻറെ നന്മകളും പൂർണമായി ആസ്വദിക്കുവാൻ കഴിഞ്ഞെന്നുള്ള മറ്റൊരു നേട്ടവുമാണ് ഈ ജീവിതസായാഹ്ന വേളയിൽ ഏറ്റവും കൂടുതൽ സംതൃപ്തി നൽകുന്നതും.



## എന്റെ ഗ്രാമം എനിക്ക് തീർത്ഥാടന കേന്ദ്രം

ദൈവത്തിന്റെ സ്വന്തം നാടായ കൊച്ചു കേരളത്തിന്റെ നെല്ലറയായ കുട്ടനാടൻ വയലേലകളുടെ അരികിലായി, ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ, ചേപ്പാട് പഞ്ചായത്തിന്റെ കിഴക്കേയറ്റത്തായി ഹരിപ്പാടിനും, മാവേലിക്കരക്കുമിടയിൽ വടക്കുഭാഗത്തായി പുഞ്ചപ്പാടവുമായി ഒട്ടിക്കിടക്കുന്ന ഗ്രാമീണ സൗന്ദര്യത്തിന്റെയും, പ്രകൃതി രമണീയതയുടേയും പര്യായമായ ഒരു കൊച്ചു ഗ്രാമമാണ് മുട്ടം!

കണിച്ചനല്ലൂർ ഗവണ്മെന്റ് പ്രൈമറി സ്കൂൾ, മുട്ടം ഗവണ്മെന്റ് യു.പി.സ്കൂൾ എന്നീ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ കഴിഞ്ഞാൽ മുട്ടത്തിന് ഏറ്റവുമടുത്തുള്ളത് ബഥനി ഗേൾസ് ഹൈസ്കൂൾ, ചേപ്പാട് ഹൈസ്കൂൾ, നടുവട്ടം ഹൈസ്കൂൾ, പത്തിച്ചിറ സെന്റ് ജോൺസ് ഹൈ സ്കൂൾ, നങ്ങ്യാർകുളങ്ങര ടി കെ എം എം കോളേജ് എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്.

സെന്റ് മേരിസ് ഓർത്തഡോക്ൾസ് പള്ളി ചേപ്പാട്, സെന്റ്


ജോർജ് ഓർത്തഡോക്‌ശ്സ് പള്ളി മുട്ടം, മലങ്കര കാത്തോലിക് പള്ളി തുടങ്ങിയ ക്രിസ്തീയ ദേവാലയങ്ങളും, പടിഞ്ഞാറേ മുട്ടം മണിമല മുക്കിനടുത്തുള്ള മുസ്ലിം പള്ളിയും, ആറാട്ട് കൊട്ടാരം, മണക്കാട്ട് ഭഗവതി ക്ഷേത്രം, പാനേത്തു ഭഗവതി ക്ഷേത്രം, മുട്ടത്തു മഹാദേവർ ക്ഷേത്രം എന്നിവകളുമാണ് പ്രധാന ആരാധ നാലയങ്ങൾ. ഓരോ തവണ ആ ഗ്രാമത്തിലേക്ക് പോകുമ്പോഴും ഒരു തീർത്ഥാടനത്തിന്റെ മധുരം ആസ്വദിച്ചുള്ള യാത്രയാണ നുഭവപ്പെടുന്നത്.

## ഹരിപ്പാട് മുട്ടം; എനിക്ക് മുത്തശ്ശി പോലെ.

എന്റെ മുട്ടം ആടയാഭരങ്ങളണിഞ്ഞു നിൽക്കുന്ന മുതു-മുത്തശ്ശി പോലെയാണ്!. മുട്ടത്തിനെപ്പറ്റി പറയുമ്പോൾ ഒട്ടനവധിയുണ്ട് വർണ്ണിക്കാൻ!. അതിലൊന്നാണ് ആലും മൂട്ടിൽ വീട്. പുരാതന മായ ഒരു തറവാട്. ആ പ്രദേശത്തെ തന്നെ ആദ്യത്തെ രണ്ടുന ില കെട്ടിടം. 1906-ലാണ് 3000 ചതുരശ്ര അടി വിസ്തീർണം വരുന്ന ഈ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയത്. ഒരിക്കൽ തിരുവിതാംകൂർ സംസ്ഥാനത്തെ ഏറ്റവും ഉന്നതനായ വ്യവസായിയായിരുന്നു കൊച്ചുകുഞ്ഞു കാരണവർ.

രാജാവിന്റെ ഖജനാവിലേക്കു ലഭിക്കുന്ന കരം പിരിവിൽ മുന്തിയ പങ്കും ഇദ്ദേഹം നൽകുന്ന കരമായിരുന്നു! അക്കാരണത്താൽ തന്നെ രാജാവ് അദ്ദേഹത്തിന് രാജ സഭയിൽ അംഗത്വം നൽകി ആദരിക്കുകയുമുണ്ടായി. തിരുവിതാംകൂറിൽ രാജാവിനല്ലാതെ ഒരു കാറുള്ളത് ഈ ചാന്നാർക്കായിരുന്നു. ഹരിപ്പാടുമുതൽ മാവേലിക്കരവരെയുള്ള റോഡ് വെട്ടിയതുപോലും അദ്ദേഹത്തിനു കാറിൽ സഞ്ചരിക്കാനായിരുന്നു എന്നാണ് പറയപ്പെടുന്നത്! ഡോക്ടർ പൽപുവിനുശേഷം എസ്.എൻ.ഡി.പി.യുടെ ഉപാധ്യക്ഷനായും, ശ്രീനാരായണഗുരുവിന്റെ അടുത്ത ശിഷ്യരിലൊരാളായും കൊച്ചുകുഞ്ഞു ചാന്നാർ പ്രവർത്തിച്ചിരുന്നു.

വർധിച്ചുവന്ന മുതലുകൾക്കായുള്ള അത്യാഗ്രഹം കാരണം 1921ൽ കൂടെയുള്ള കുടുംബാംഗങ്ങൾ തന്നെ അദ്ദേഹത്തിനെ ക്രൂരമായി വെട്ടിക്കൊല്ലുകയായിരുന്നു പോലും!. തിരുവിതാംകൂർ മഹാ രാജാവായ ശ്രീ മൂലം തിരുനാളുമായി അടുത്ത ബന്ധം സ്ഥാപി ച്ചിരുന്ന ആലുംമൂട്ടിൽ കൊച്ചുകുഞ്ഞു ചാന്നാർ കാരണവരെ കൊലപ്പെടുത്തിയ പ്രതിയെ തൂക്കിക്കൊല്ലാനും വിധിച്ചിരുന്നു..



## ആലുംമൂട്ടിൽ കൊച്ചുകുഞ്ഞുചാന്നാർ

ഈ ചാന്നാരുടെ പ്രതാപകാലത്താണ് പാനേത്തു ഭഗവതി ക്ഷേത്രം, മുട്ടത്തു മഹാദേവർ ക്ഷേത്രം എന്നിവക്ക് സ്ഥിരമായ കെട്ടിടങ്ങളുണ്ടായെതെന്നും പറയപ്പെടുന്നു. ഏവൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിനു ഒരു ഊട്ടുപുര വേണമെന്നുള്ള തദ്ദേശവാസികളുടെ ആഗ്രഹവും അദ്ദേഹം നിറവേറ്റി. ക്ഷേത്ര പരിസരത്തു കടക്കാൻ, താണ ജാതിക്കാർക്ക് അവകാശ മില്ലാത്തതിനാൽ ക്ഷേത്രത്തിനു ഒരു കിലോമീറ്റർ ദൂരത്തുവച്ചു ഊട്ടുപുരയുടെ അടിത്തറയൊഴിച്ചുള്ള എല്ലാ മരപ്പണികളും ചെയ്യിച്ചു കൂട്ടിയുറപ്പിച്ചു അതിന്റെ രൂപ ഭംഗിയും കെട്ടുറപ്പും സ്ഥിതീകരിച്ചശേഷം ക്ഷേത്ര സന്നിധിയിലേക്കു മാറ്റി സ്ഥാപിക്കുകയായിരുന്നു.

അതിനു ശേഷവും ആലുമൂട്ടിൽ തറവാടിന് മഹിമ നിലനിന്നു. ആ പ്രദേശത്തെ ആദ്യത്തെ ബി.എ.ക്കാരൻ എ.പി. ഉദയ ഭാനുവായിരുന്നു. പിന്നീട് അദ്ദേഹം കെ.പി.സി.സി അധ്യക്ഷനായും ജനപ്രതിനിധിയായും, പത്രപ്രവർത്തകനായും, മറ്റും കേരളത്തിന്റെ രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിൽ പ്രശസ്തി നേടിയിരുന്നു. ടി.കെ. മാധവൻ കേരളത്തിലെ സ്വാതന്ത്ര്യ സമര സേനാനി

മാത്രമല്ല സാമൂഹിക പരിഷ്കർത്താവ് കൂടിയായിരുന്നു. ആലുംമൂട്ടിൽ കുടുംബത്തിൽ ജനിച്ച ടി കെ മാധവൻ അടിയുറച്ച ഗാന്ധിയനായിരുന്നു.. അദ്ദേഹം കേരളത്തിലെ തൊട്ടുകൂടായ്മ നിർമാർജനത്തിനായി തന്റെ ജീവിതം ഉഴിഞ്ഞുവച്ചു. 1921 സെപ്തംബർ 24–ന് തിരുനെൽവേലിയിൽ വെച്ച് അദ്ദേഹം ഗാന്ധിജിയെ കാണുകയും കേരളത്തിലെ ജാതീയവും ഹീന വുമായ സാമൂഹിക സാഹചര്യങ്ങളെക്കുറിച്ചും കീഴ്ജാതി സമൂഹങ്ങളുടെ ദുരവസ്ഥയെക്കുറിച്ചും ഗാന്ധിജിയെ മന സ്സിലാക്കിക്കുകയും ചെയ്ത മഹാനായിരുന്നു മുട്ടത്തുകാരനായ .ടി കെ മാധവൻ. അദ്ദേഹത്തിന്റെ സ്മാരകമായാണ് എസ.എൻ.ഡി.പി യോഗം നങ്ങ്യാർകുളങ്ങരയിൽ ടി.കെ.മാധവ മെമ്മോറിയൽ കോളേജ് സ്ഥാപിച്ചത്.

ആലുംമൂട്ടിലെ മേടയുടെയും, പരിസരങ്ങളുടെയും, ചരിത്ര സംഭവങ്ങളുടെയും പശ്ചാത്തലത്തിലുള്ള ഭാവനകളിലൂടെയാണ് ഈ കുടുംബത്തിലെ ഒരംഗവും, എന്റെ ഒരു ബാല്യകാല സുഹൃത്തുമായ മധു മുട്ടം മണിച്ചിത്രത്താഴ് എന്ന ചലച്ചിത്രത്തിനുള്ള കഥാബീജം നൽകിയത്.

## മുട്ടത്തു മഹാദേവർ ക്ഷേത്രം

ഇത് ഒരുതരത്തിൽ പറഞ്ഞാൽ എന്റെ കുടുബ ക്ഷേത്രം പോലെ യാണ്. തുറസ്സായ സ്ഥലത്തു കണ്ട ഒരു കരിങ്കകല്ലിൽ അരിവാൾ രാകിക്കൊണ്ടിരുന്ന ഒരു ഹരിജൻ കർഷകത്തിലൊഴിലാളി വനിത, കല്ലിൽ നിന്നും പൊടിഞ്ഞു വരുന്ന രക്തം പോലുള്ള ദ്രാവകം കണ്ടു മയങ്ങി വീണെന്നും, തദ്ദേശ വാസികൾ അടുത്തു കൂടി അതിശയ രംഗം കണ്ട് അടുത്തുള്ള ഒരു ജ്യോത്സനെ വരുത്തി പ്രശ്നം വപ്പിച്ചുവെന്നും, അത് സാധാരണ കല്ലല്ല! ദൈവീകമായ ശിലയാണെന്നും, പ്രപഞ്ച ശിൽപിയായ പരമശിവന്റെ ശിരസാണെന്നും, അവിടെ ശുദ്ധമാക്കി എന്നും പൂജാദി കർമ്മങ്ങൾ നടത്തണമെന്നും മറ്റും പ്രശ്നത്തിൽ തെളിഞ്ഞതായിട്ടാണ് ഐതീഹ്യം. ആ ശിലയാണ് 'സ്വയംഭൂ' – മുട്ടം മഹാദേവർ ക്ഷേത്രത്തിലെ പൂജാ വിഗ്രഹം. നാടിനും നാട്ടാർക്കും, എന്നും ഐശ്വര്യവും

ശാന്തിയും സമാധാനവും നൽകിവരുന്ന മുട്ടത്തു മഹാദേവരുടെ ക്ഷേത്രത്തിൽ ഇന്നും പതിവായി അനവധി ഭക്തജനങ്ങൾ ദിവ്യ ദർശനം നടത്തിവരുന്നു.

## പരമ്പരാഗതമായ നെൽകൃഷി

മുട്ടത്തു മഹാദേവർ ക്ഷേത്രത്തിന്റെ വടക്കുവശത്തുകൂടി ഏകദേശം മുക്കാൽ കിലോമീറ്റർ വടക്കോട്ടു നടന്നാൽ കുട്ടനാടിന്റെ തെക്കേക്കരയായിട്ടുള്ള വിശാലമായ വയലേലകൾ നെൽപാടങ്ങളായിരുന്നു. ഇന്ന് പലതും നികത്തി കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നു. അന്ന് വയൽ വരമ്പുകളിലൂടെ നടക്കുമ്പോഴുള്ള ഒരു അനുഭൂതി മനോഹരമായിരുന്നു.!. ഓർമകളിൽ തെളിയുന്ന കൊയ്ത്തുകാലങ്ങളിൽ, കണ്ടത്തിൽ തന്നെ കെട്ടിയ മാടപ്പുര!. രണ്ടു ബെഞ്ചുകൾ ചേർത്തിട്ട കിടക്ക!. മണ്ണെണ്ണയിൽ കത്തുന്ന റാന്തൽ വിളക്ക്!. കൂട്ടിനു കിടക്കുന്ന കാവൽക്കാർ!. അച്ഛൻ വിശ്രമത്തിനായി വീട്ടിലേക്കു പോകുമ്പോൾ മെതിക്കളത്തിൽ എനിക്ക് കിട്ടിയ അവസരങ്ങൾ!. ആ അന്തരീക്ഷത്തിന്റെ സുഗന്ധം!. സംഗീതസാന്ദ്രമായ ആ കാറ്റിന്റെ നറുമണം! എല്ലാം ഇന്നും മനസ്സിന്റെ  അടിത്തട്ടിൽ ഒട്ടിച്ചേർന്നുകിടക്കുന്നു! ഏകദേ ശം പത്തിരുപതേക്കറിനുമേൽ പുഞ്ചനിലത്തു നെൽകൃഷിചെ യ്തിരുന്ന ഒരു കർഷകുടുംബത്തിലാണ് ഞാൻ ജനിച്ചത്. മഠം വക വസ്തുക്കൾ എന്ന തണ്ടപ്പേരുള്ള പുഞ്ചനിലത്തോടൊപ്പം അതെ വിസ്തൃതിയുള്ള 'തകിടി' എന്ന് പറയുന്ന – തെങ്ങിൻ തോപ്പുകളുമുണ്ടായിരുന്നു. എന്റെ പുരാതന കുടുംബത്തിന് പാരമ്പരാഗതമായിത്തന്നെ നെൽക്കൃഷിയാണ് വരുമാന മാർഗം.

## പുഞ്ചപ്പാടങ്ങൾക്ക് കാവൽക്കാർ

അക്കാലത്തു കർഷകർക്കെല്ലാം പാടത്തിനരുകിൽത്തന്നെ കുടിൽ കെട്ടി താമസിക്കുന്ന കാവൽക്കാരുണ്ടായിരുന്നു. അവരെ കുടികിടപ്പുകാർ എന്നും കുടിയാന്മാരെന്നും അറിയപ്പെട്ടിരുന്നു. അവർക്കു താമസിക്കുവാൻ കുറച്ചു സ്ഥലം പാടത്തോടു ചേർന്ന് കിടക്കുന്ന തകടിയിൽ കൊടുക്കും. അവർ അവിടെ

സദാസമയവും ഉണ്ടായിരിക്കണം. പാടത്തേക്കും ചെറിയ ചെറിയ കണ്ടങ്ങളിലേക്കും വെള്ളം കയറ്റിവിടുകയും മതിയാവുമ്പോൾ മട കെട്ടിയടക്കുകയുമാണ് അവരുടെ ജോലി. തകടിയിൽ വാഴകളുണ്ട്. അതിൽ പലതിനും കുലകളുമുണ്ട്. കുലകൾ മൂത്താൽ വെട്ടി ഞങ്ങളുടെ വീട്ടിലെത്തിക്കണം. അത് മുറ പോലെതന്നെ നടത്താറുണ്ട്. പഴം പാകമായ കാലത്തെങ്ങാനും കുടിയാന്മാർ ആരെങ്കിലും വീട്ടിൽ വന്നാൽ കുറച്ചു പഴം അവരുടെ കുട്ടികൾക്കായി അച്ചമ്മ കൊടുത്തയക്കും.

## കൊക്കാട്ട് കുടുംബവും മുൻസിഫ് ശങ്കരമാരാരും

ഒരു നൂറ്റാണ്ടുമുമ്പ് ആ പ്രദേശത്തെ പ്രമാണിമാരുടെ തറവാടായിരുന്നു കൊക്കാട്ട്... പ്രവർത്തിയാർ കിട്ടുപിള്ള, ഗോവിന്ദപിള്ള, കുമാരപിള്ള, കേശവപിള്ള, കാളിയമ്മ, നാണിയമ്മ എന്നിങ്ങനെ ഏഴുപേരടങ്ങുന്ന ആ കുടുബത്തിലെ ഏറ്റവും ഇളയ സഹോദരനായിരുന്നു മുൻസിഫ് ശങ്കരമാരാർ. തറവാട്ടിൽ ഇളയവനെങ്കിലും വീട്ടുകാരും നാട്ടുകാരും ഏറെ ബഹുമാനിച്ചിരുന്ന മുൻസിഫാണ് നാടും വീടും അടക്കി ഭരിച്ചിരുന്നത്. അദ്ദേഹത്തിന്റെ സഹോദരി കാളിയമ്മക്കായിരുന്നു കുടുംബ വക സ്വത്തുക്കളെല്ലാം. കാളിയമ്മക്ക് മക്കൾ മൂന്നുപേർ. കുട്ടിയമ്മയും, ഗൗരിയമ്മയും, ജാനുവമ്മയും. കാലങ്ങൾക്കു ശേഷം ഗൗരിയമ്മയെയും, ജാനുവമ്മയെയും കെട്ടിച്ചയച്ചു. കുട്ടിയമ്മ (എന്റെ അച്ചമ്മ) കാരണവന്മാരുടെ പരിലാളന കളേറ്റു വാങ്ങി കൊക്കാട്ട് തന്നെ കഴിഞ്ഞു. പത്മനാഭപിള്ളയെന്ന കർഷകനെ കല്യാണം കഴിച്ചെങ്കിലും കുടുംബം വിട്ട് എങ്ങോട്ടും പോകുവാൻ കുട്ടിയമ്മ കൂട്ടാക്കിയില്ല. കുട്ടിയമ്മക്ക് രണ്ടുമക്കൾ. മൂത്തയാൾ ദാമോദരൻ നായരും, രണ്ടാമൻ വാസുദേവൻ നായരും.

ഈ രണ്ടു മക്കൾക്കും വിദ്യാഭ്യാസത്തെക്കാൾ ഇഷ്ടം കൃഷിചെയ്യുന്നതിലായിരുന്നു. നിർബന്ധപൂർവം കാലടിയിൽ ആശ്രമത്തിൽ വിദ്യാഭ്യാസത്തിനായി വിട്ട ഇളയ മകൻ വയറു വേദന നടിച്ചു തിരിച്ചുവന്നു. മുതുകുളത്തുണ്ടായിരുന്ന ഒരു സ്കൂളിൽ ചേർത്തു. അവിടെയും പല പ്രശ്നങ്ങളുണ്ടാക്കി

തിരിച്ചുപോന്നു. അക്കാലത്തു മേൽക്കോയ്മയുള്ള നായർ തറവാടുകളിൽ നിന്ന് ആരും തന്നെ ജോലിക്കു പോയിരുന്നില്ല. അതൊരപമാനമായിരുന്നു. അങ്ങിനെ കൃഷികാര്യങ്ങളും വീട്ടുകാര്യങ്ങളും നാട്ടുകാര്യങ്ങളും മറ്റുമായി ഈ രണ്ടുപേരും സുഖിച്ചു ജീവിച്ചു.

## കൂട്ടുകുടുംബം വിഭജിക്കുന്നു

കാലക്രമേണ കുടുംബത്തിലെ കാരണവന്മാരെല്ലാം പല സ്ഥലങ്ങളിലായി അവരുടെ ഭാര്യമാരോടൊപ്പം താമസമായി. കുടുംബത്തിൽ താമസിച്ചിരുന്ന കുട്ടിയമ്മ എല്ലാ സ്വത്തിനും അവകാശിയായി. ഈ കുറിപ്പുകാരൻ ആയമ്മയുടെ രണ്ടാമത്തെ മകൻ വാസുദേവൻ നായരുടെ മകനാണ്. അമ്മച്ചിയെന്നു വിളിച്ചിരുന്ന അച്ചമ്മയുടെ സ്നേഹപരിലാളനകൾ ഏറ്റവും അധികം ആസ്വദിച്ചതും ഞാൻ തന്നെയായിരുന്നു. അവരുടെ മക്കൾ പ്രായമായതോടെ ദാമോദരൻ നായർക്ക് തറവാടും, വാസുദേവൻ നായർക്ക് തൊട്ടടുത്തുള്ള ഞാപ്പള്ളിലെ പറമ്പും നൽകി സ്വത്തുക്കൾ രണ്ടായി വീതം വെച്ചു. വാസുദേവൻ നായർക്കു അഞ്ചു മക്കൾ. വിജയകുമാരി, ശിവൻകുട്ടി, മോഹൻ ദാസ്, വസന്തകുമാരി, പുഷ്പകുമാരി. ഇതിൽ പറയുന്ന ശിവൻകുട്ടിയാണ് കാലക്രമേണ എസ.കെ നായരായ ഈ കുറിപ്പുകാരൻ.

കുടുംബ മഹിമയും ആഢ്യത്വവും നിലനിർത്തിയിരുന്ന എന്റെ വലിയച്ഛൻ ദാമോദരൻ നായർക്ക് ആറു മക്കളാണ്. ശ്രീദേവി (രാധ), രാജേന്ദ്രൻ നായർ, തുളസി ഭായി, രവീന്ദ്രൻ നായർ, മായ, ശ്രീകുമാരി (ഉഷ) എന്നിവർ. ഭാര്യ ചെങ്ങന്നൂർ സ്വദേശിനിയായ ഭാരതിയമ്മ. ഞങ്ങളുടെ കുട്ടിക്കാലം വളരെ സന്തോഷകരമായിരുന്നു. വളരെ അന്തരമുള്ള വയസുകാരെങ്കിലും ഒന്നിച്ചുള്ള കളികളിലൂടെ ആഘോഷത്തിമിർപ്പുകളായിരുന്നു എന്നും. കളികളുടെ ലീഡർ രാധയക്ക. സംസാരശേഷി യില്ലാതിരുന്ന രാജേന്ദ്രൻചേട്ടൻ ചെറിയ കുറ്റങ്ങൾക്കു പോലും ഞങ്ങളെ വലിച്ചിട്ടടിക്കുമായിരുന്നു. അപ്പോഴൊക്കെ രാധയക്ക ഇടപെട്ടു സമാധാനമുണ്ടാക്കും. അങ്ങേയറ്റം വികൃതി നിറഞ്ഞ ഒരു പ്രകൃതമായിരുന്നു രാജേന്ദ്രൻ ചേട്ടന്റേത്. തെങ്ങിൽ കയറിയ

നാണുമൂപ്പരെ കുരുക്കുകയറിട്ടു താഴേക്ക് വലിക്കുക!, അടുക്കളയിൽ അരച്ചുവച്ച മുളകും മഞ്ഞളുമെടുത്തു തിളച്ചു കൊണ്ടിരിക്കുന്ന കഞ്ഞിക്കലത്തിലിടുക!, അറിയാതെയെങ്കിലും ആരെങ്കിലും മൂക്കു ചൊറിഞ്ഞാൽ, തന്നെ പരിഹസിക്കുകയാണെന്നുകരുതി കണ്ടമാനം മർദിക്കുക അങ്ങിനെ പല കുസൃതികളും. ഇതൊക്കെക്കൊണ്ടുതന്നെ വളരെ സൂക്ഷ്മതയോടെയാണ് ആ ചേട്ടനുമായിടപെട്ടിരുന്നത്. വൈകിയിട്ടെങ്കിലും, തിരുവല്ല യിലുള്ള ഡെഫ് ആൻഡ് ഡംപ് വിദ്യാലയത്തിലെയും, രവിവർമ ആർട്ട് കോളേജിലെയും പഠനത്തിനുശേഷം സൽസ്വഭാവിയും, നല്ല ഒരു ചിത്രകാരനും, എല്ലാറ്റിലുമുപരി ഒരു ചിത്രകലാ അധ്യാപ കനുമായി മാറി അദ്ദേഹം.

രാധയക്ക ചെട്ടികുളങ്ങര സ്കൂളിലെ ഹിന്ദി അധ്യാപികയായും പിന്നീട് പ്രഥമാധ്യാപികയായും സേവനമനുഷ്ഠിച്ചിരുന്നു. തു ളസി എന്റെ സഹപാഠിയും സുഹൃത്തുമായ ശങ്കരപ്പിള്ളയെ വി വാഹം കഴിച്ചു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഓഫിസറായി വിരമിച്ചു. രവീന്ദ്രൻ മുംബൈയിൽ BARC-യിൽ നിന്ന് റിട്ടയറായി. മായ ടീച്ചറും ഉഷ വീട്ടമ്മയുമായി കാലഘട്ടങ്ങൾ വഴിമാറി.

## പ്രതിബദ്ധത പുലർത്തിയിരുന്ന കുടുംബം

അച്ഛൻ വാസുദേവൻ നായർ കൃഷിയും, രാഷ്ട്രീയവും, സമുദായ-സാമൂഹ്യ പ്രവർത്തനങ്ങളുമായി ജീവിച്ചു. ചെറുപ്പത്തിൽ തന്നെ പതിമൂന്നു വയസുകാരിയായ പൊന്നമ്മയെന്ന എന്റെ സ്നേഹ നിധിയായ അമ്മയെ വിവാഹം കഴിച്ചു. ഏഴാം ക്ളാസിൽ പഠിച്ചു കൊണ്ടിരുന്ന അമ്മ കളിക്കുട്ടിയായിത്തന്നെ കൊക്കാട്ട് വീട്ടിൽ കുട്ടിയമ്മക്കു മരുമകളായെത്തി. അച്ഛൻ കൃഷിയും പൊതു പ്രവർത്തനവും മറ്റുമായി മുന്നോട്ടുപോയിരുന്ന അവസരത്തിലാണ് അച്ഛന്റെ അമ്മാവൻ ഹരിപ്പാട്ടെ പപ്പുപിള്ള സാറിന്റെ സഹായത്തോടെ ചില സർക്കാർ കോൺട്രാക്ടജോലികൾ ഏറ്റെടുക്കാൻ തുടങ്ങിയത്. ആ പ്രദേശത്തുള്ള പല കലിങ്കുകളും, ഗവണ്മെന്റ് സ്കൂൾ കെട്ടിടങ്ങളുമെല്ലാം അച്ഛൻ ഏറ്റെടുത്ത ജോലികളായിരുന്നു. മുട്ടത്തുള്ള എൻ.എസ്.എസ് കരയോഗ ത്തിന്റെ സ്ഥാപക സെക്രട്ടറി അച്ഛനായിരുന്നു. പരേതനായ

വേലുപ്പിള്ള സാർ അധ്യക്ഷനായും, അയ്യരാപ്പള്ളിൽ ഗോവിന്ദപ്പിള്ള സ്ഥിരം യൂണിയൻ മെമ്പറുമായി കുറെയധികം വർഷം പ്രവർത്തിച്ചു.

'അമ്മ പൊന്നമ്മ. ഞങ്ങൾക്കെല്ലാം ഒരു 'പൊന്നമ്മ' തന്നെയാണിപ്പോഴും! ഏഴാം ക്ലാസ്സുവരെയെ പഠിച്ചിട്ടുള്ളതെങ്കിലും വയനാശീലവും, ഇംഗ്ളീഷിൽ കുറെയൊക്കെ അറിവും നേടിയിരുന്ന അമ്മയ്ക്കു അഞ്ചുമക്കളുടെയും പഠിപ്പിന്റെ കാര്യത്തിലുള്ള ശ്രദ്ധ അപാരമായിരുന്നു. കണിശക്കാരിയും, ഇച്ഛാശക്തിക്കാരിയുമായ അച്ഛമ്മയുടെ കൂടെയുള്ള കുടുംബ ജീവിതം അമ്മക്ക് ഒരു സർവകലാശാല ബിരുദം തന്നെയായിരുന്നു. അമ്മയുടെ നന്മകളെപ്പറ്റി അവസരോചിതമായി വരും ഖണ്ഡികകളിൽ പരാമർശിക്കുന്നുണ്ട്.



## കണക്കോലയും കുഞ്ഞൂഞ്ഞാശാനും

മുട്ടത്തു പരക്കെ കുഞ്ഞൂഞ്ഞാശാനെന്നറിയപ്പെടുന്ന ഒരു സത്യക്രിസ്ത്യാനി ചാക്കോച്ചനായിരുന്നു എനിക്ക് ആദ്യക്ഷരങ്ങൾ പകർന്നുതന്നിരുന്നത്. ആശാന്റെ വീടിന്റെ അടുത്തായുള്ള ഓലകെട്ടിയ ഒരു ഷെഡ്ഡാണ് പള്ളിക്കൂടം. അകത്തു നിലത്തു നല്ല പഞ്ചാരമണൽ!. വർഷങ്ങളായി എത്രയോ പിഞ്ചു വിരലുകൾ അക്ഷരമെഴുതിപഠിച്ച ആ മണലുകൾക്കുപോലും ഒരു ദിവ്യത്വമുണ്ടാവണം!

പണ്ടൊക്കെ മലയാള ഭാഷയുടെ അടിത്തറയും, അക്ഷരജ്ഞാനവും,

ആവശ്യമായ അറിവുകളും കുട്ടികൾക്ക് പകർന്നു നൽകിയിരുന്നത് കുടിപ്പള്ളിക്കൂടത്തിലൂടെയാണ്. ആശാൻ പള്ളിക്കൂടം, എഴുത്തുപള്ളി എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന പ്രാഥമിക വിദ്യാലയമായിരുന്നു അത്. ഗുരുകുല സമ്പ്രദായത്തെത്തുടർന്നു നിലവിൽ വന്ന ഈ ആശാൻ പള്ളിക്കൂടങ്ങളിൽ മണലിലെഴുതിയാണ് അക്ഷര പരിശീലനം. അക്ഷരമാലകളും പ്രാഥമിക ഗണിതവും അഭ്യസിപ്പിക്കുന്നതിനൊപ്പം അനുസരണശീലവും ഗുരുത്വവും ശുചിത്വവും സാമാന്യവിജ്ഞാനവും കുടിപ്പള്ളിക്കൂടങ്ങൾ വഴി കുഞ്ഞുങ്ങൾക്ക് പകർന്നു നൽകിയിരുന്നു. ആശാൻ പനയോലയിൽ നാരായംകൊണ്ടാണ് എഴുതുന്നത്. ആ ഓല മുന്നിൽ വച്ച് ഓരോ അക്ഷരവും നിലത്ത് മണലിലെഴുതി ആശാനേക്കാണിച്ചു ശരിയാണെന്നു ഉറപ്പുവരുത്തിയശേഷം അത് മായിച്ചിട്ടു അടുത്ത അക്ഷരമെഴുതും.

അങ്ങനെ ആദ്യാക്ഷരങ്ങളുടെ പടിപടിയായുള്ള പരിശീലനത്തിനിടയിൽ ഓരോരോ ഓലകളും കൂടിക്കൊണ്ടിരിക്കും. എല്ലാ ഓലകൾക്കും ഒരു പ്രത്യേക അളവിൽ ഒരു ദ്വാരമുണ്ടായിരിക്കും. ആ ദ്വാരം വഴി നല്ല ചരടിട്ടു കെട്ടിയാണ് ഓലകൾ സൂക്ഷിക്കുന്നത് എട്ടാമത്തെ ഓല കണക്കോലയാണ്. എല്ലാ ഓലകൾക്കും ഒരറ്റത്തു തലക്കെട്ടുണ്ട്. എന്നാൽ കണക്കോലയ്ക്കു തലക്കെട്ടില്ല. ആ അറ്റം 'റ' എന്നപോലെ മുറിച്ചിരിക്കും. ഈ ഓല പഠിച്ചു കഴിയുന്നതോടെ ഒന്നാം ക്ലസ്സിലേക്കുള്ള പ്രവേശനത്തിന് യോഗ്യതയായി. അതിനു ശേഷം ആശാന്റെ കാലുതൊട്ട് വണങ്ങി കുടിപ്പള്ളിക്കൂടത്തിനോട് വിടപറയുകയാണ്.

ആധുനിക വിദ്യാഭ്യാസ പദ്ധതി പ്രചാരമായതോടെ കിൻഡർ ഗാർട്ടനും, നഴ്സറികളും, മറ്റും ഈ വിദ്യാഭ്യാസ രീതിയെ മാറ്റി മറിച്ചു. താളിയോലകളും നാരായങ്ങളുമൊക്കെ ടാബിനും ലാപ് ടോപ്പിനിമൊക്കെയായി വഴിമാറിയിരിക്കുന്നു.

## ചേച്ചി വിജയകുമാരി ഒരു വിസ്മയം

ചെറുപ്പത്തിൽ എന്റെ ചേച്ചിയായിരുന്നു (അക്ക) എനിക്ക് റോൾ മോഡൽ!. ഇന്നും ജീവിതത്തിലെ കാര്യമായ തീരുമാനങ്ങളെല്ലാം

അക്കയുമായി ചർച്ചചെയ്ത ശേഷമാണെടുക്കുന്നത്. പല കാര്യങ്ങളിലും എന്നെ സഹായിച്ച അക്ക ഒത്തിരി കെട്ട് കഥകളും പറഞ്ഞിരുന്നു. 'ഞാൻ പണ്ട് വലിയ പൊക്കമുള്ള ഒരു ആണായിരുന്നു! ദാ ആ മരത്തിന്റെ മേലെ കേറി താഴെ ചാടിയിട്ടുണ്ട്! ഒരു മരത്തേന്നു മറ്റേ മരത്തിലേക്ക് ചാടുമായിരുന്നു!' അങ്ങനെ പല സാഹസികതകളും പറഞ്ഞു സാധുവായ എന്നെ വിശ്വസിപ്പിച്ചിരുന്നു. കാലങ്ങൾക്കു ശേഷം മറ്റെല്ലാ സഹോദരങ്ങളെക്കാളും അക്ക എന്റെ മനസ്സിൽ കുടി യേറി. അതിന്നും ഒരു മാറ്റവുമില്ലാതെ തുടരുന്നു. അമ്മയുടെ കുടുംബത്തിൽ നിന്നുതന്നെയുള്ള അകന്ന ബന്ധുവും സൗമ്യ ശീലനുമായ എ.ആർ.സി നായർ എന്ന രാമചന്ദ്രനു നായരുമായുള്ള വിവാഹ ജീവിതത്തിൽ രണ്ടു മക്കളാണ്. സുമേഷും, സുനേഷും. സുമേഷിനു അൽപം മനസികാസ്വസ്ഥതകൾ ഉണ്ടായിരുന്നതിനാൽ വിവാഹ ജീവിതം വിജയിച്ചില്ല. സുനേഷ് ഭാര്യ ശ്രീജയും, മകൾ വീണയുമൊത്തു മുംബൈയിൽ സ്ഥിര താമസം.

അനുജൻ മോഹൻദാസ് എന്നോടൊപ്പമായിരുന്നു എപ്പോഴും. ഞാൻ പറയുന്നതെന്തും അവനു വേദവാക്യം!. ചെറുപ്പത്തിൽ കുറെയധികം കുസൃതികൾ കാട്ടി. ചിറയിലുള്ള മാവിന്റെ കൊമ്പിൽ കയറി മലമൂത്ര വിസർജനം ചെയ്യുന്നത് എനിക്ക് ഒരു കൗതുകമായിന്നു. ഒരിക്കൽ അവൻ അതിന്റെ മേലെയുള്ള കൊമ്പിൽ കയറി 'അത്' ചെയ്തു!.

സ്കൂളിൽ പോയിവരുമ്പോൾ കൂട്ടുകാരിൽ പലരും വഴിവക്കിലുള്ള മാവിൽ ഏറിയും. അതൊരു സാധാരണയാണ്. ഒരിക്കൽ ആ മാവിന്റെ ഉടമസ്ഥൻ ഒളിഞ്ഞുനിന്ന് ഞങ്ങളെ കല്ലെറിഞ്ഞു. അടുത്ത ദിവസം എന്റെ അനുജൻ റോഡിന്റെ അരികിൽ നിന്ന് ആദ്യം എറിഞ്ഞത് അയാളെയാണ്. തലപൊട്ടി ചോരയൊഴുകി. ഞങ്ങളെല്ലാം അപ്പോഴേ സ്ഥലം വിട്ടു. പിന്നീട് സ്കൂളിൽ പോകുന്നത് വേറെ വഴിയിലൂടെയാക്കി. അനുജന്റെ വികൃതികൾ ഒട്ടനവധിയുണ്ട്. സമയവും സൗകര്യവുമനുസരിച്ച് വിശദമായിപ്പറയാം. അനുജന്റെ ഭാര്യ ലളിത. മക്കൾ സജിത്ത് മോഹൻദാസും, സൂരജ് മോഹൻദാസും,.

## സഹോദരങ്ങളുമൊത്തുള്ള ജീവിതം

മോഹൻദാസിന്റെ ഇളയത് മണിയമ്മ എന്ന വസന്തകുമാരി. ഞങ്ങൾ ഏറ്റവുമധികവും ലാളിച്ചതും സ്നേഹിച്ചതും ഇവളെയാണ്. നെൽ പാടങ്ങളിലെ വിളവെടുപ്പുകൾ നിരന്തരമായി നഷ്ടത്തിലായിക്കൊണ്ടിരുന്ന സമയത്താണ് ഇവളുടെ പഠിത്തം. കഷ്ടപ്പാടിനിടയിലും അത്യാവശ്യ വിദ്യാഭാസം നേടി അക്കയുടെ ചിറകിനടിയിൽ ബോംബെയിലേക്ക് പോയി. അവിടെ നേവൽ ബേസിൽ നല്ല ഒരു ജോലിയും കിട്ടി. സ്നേഹസമ്പന്നനായ ഭർത്താവു ഗോപീമോഹനന്റെകൂടെ മുംബൈയിൽത്തന്നെ കഴിയുന്നു. ഈ അടുത്ത കാലത്തായി താമസം തൃപ്പൂണിത്തറയിലേക്കു മാറ്റിയിരുന്നു. രണ്ടു മക്കളാണുള്ളത് സുജിത്തും ശ്രീജയും. രണ്ടുപേരും വിവാഹിതരാണ്. രണ്ടു പേർക്കും ഓരോ കുഞ്ഞുങ്ങളുമുണ്ട്.


പുഷ്പ കുമാരിയെന്ന അനിമോൾ... എന്നും ഞങ്ങൾക്കെല്ലാം 'അനി'മോളായിരുന്നു. ഞാൻ ഒക്കത്തെടുത്തു നടന്ന എന്റെ കുഞ്ഞനുജത്തി. പല തവണ ശകാരിച്ചിട്ടുണ്ട്. അടിച്ചിട്ടുണ്ട്! ഇന്ന് എനിക്ക് കുറ്റബോധം തോന്നുമെങ്കിലും എന്നെ ഒരു വലിയ മനസുള്ളവനായാണ് അവൾ കാണുന്നത്. തുറന്ന മനസ്സും, സ്നേഹവുമുള്ള ഒരു ചെറുപ്പക്കാരനായ മോഹന ചന്ദ്രന്റെ കൂടെ സന്തോഷകരമായി ജീവിക്കുവാനാവസരം കിട്ടിയ അനിമോൾക്കും രണ്ടു കുട്ടികളാണ്.

ഡോക്ടർ വിദ്യയും, വിനുവും. വിദ്യ ഡോക്ടർ ശ്രീജിതുമായി വിവാഹിതയായി ഒരു മകനുമുണ്ട് ആര്യൻ. വിനു, ശ്രുതിയെ വിവാഹം ചെയതു. ഓസ്ട്രേലിയയിൽ ജോലിചെതിരുന്ന രണ്ടു പേരും ഇപ്പോൾ കോയമ്പത്തൂരിലാണ്.

സ്നേഹ സമ്പന്നരായുള്ള സ്വന്തം സഹോദരങ്ങളുമൊത്തുള്ള ജീവിതം ഒരു സുവർണകാലമായി ഇന്നും മനസിൽ നില നിൽക്കന്നു. അല്ലറചില്ലറ സൗന്ദര്യ പിണക്കങ്ങളൊഴിച്ചാൽ സഹോദരങ്ങൾക്കായ് പരസ്പരം എന്തു സഹായവും ചെയ്യുവാനും മനസ്സുള്ളവരാണ് നാലുപേരും. മൂന്നുപേർ മുംബൈയിലും ഞാൻ ബാംഗ്ലൂരിലും...

## ആദ്യം കിട്ടിയ മുട്ട!

ഓർമയിലെ കണക്കു കൂട്ടലുകളനുസരിച്ചു 1958 മാർച്ചിലാണ് ഞാൻ ആദ്യമായി സ്കൂളിൽ പോകുന്നത്. അതും അന്നത്തെ വർഷാവസാനപ്പരീക്ഷ എഴുതാനായി മാത്രം. കണിച്ചനല്ലൂർ ഗവണ്മെന്റ് എൽ.പി.സ്കൂളിൽ. വർഷാവസാന പരീക്ഷ കഴിഞ്ഞ് മടങ്ങുന്നതാണ് മനസിന്റെ ഏറ്റവും അടിയിൽ നിധി പോലെ സൂക്ഷിക്കുന്ന ഒരോർമ. അതിനുമുമ്പ് ആ സ്കൂളിൽ പോയിട്ടുള്ള യാതൊരു ഓർമ്മയും ഇല്ല. പോയിരുന്നില്ല എന്ന് തന്നെ പറയാം. പക്ഷെ വർഷാവസാന പരീക്ഷ എഴുതാൻ പോയി. പരീക്ഷ കഴിഞ്ഞു തിരിച്ചു വീട്ടിലേക്ക് പോവുകയാണ്. 'തോട്ടിന്റെ തെക്കേൽ' വീടിന്റെ മുൻവശത്തു കൂടിയുള്ള മെയിൻ റോഡിലൂടെ യാണ് നടന്നിരുന്നത്. രണ്ടു മൂന്നു വീടുകഴിഞ്ഞാൽ പിന്നെ നെൽ പാടങ്ങളായിരുന്നു ഇരുവശങ്ങളിലും. ഇരിപ്പൂ നെൽപാടങ്ങൾ. കൊയ്ത്തുകഴിഞ്ഞു എള്ളു വിതക്കാനായി പൂട്ടിയിട്ടിരിക്കുന്ന സമയം. മെയിൻ റോഡാണെങ്കിലും വീതി വളരെ കുറഞ്ഞ റോഡ്. വാഹന ഗതാഗതം വളരെ കുറച്ചുമാത്രം. റോഡിന്റെ വടക്കു വശത്തായി 'അദ്രഹി മുതലാളി നിൽക്കുന്നത് കാണാം. 'തോട്ടിന്റെ തെക്കേലെ' വലിയ മുതലാളിയുടെ ഏറ്റവും ഇളയ മകൻ. ലുങ്കി അൽപം മേലേക്കുയർത്തി മടക്കിക്കുത്തി കയ്യും കെട്ടി മീശയും പിരിച്ചങ്ങിനെ നിൽക്കും! മിക്കവാറും ദിവസങ്ങളിൽ മദ്യപിച്ചിട്ടുണ്ടാവും. മദ്യം ഹറാമായ മുസ്ലിം കുടുംബത്തിന് അദ്രഹി ഒരു പേരുദോഷമായിരുന്നു!.



എന്നോടൊപ്പം അലിയാരു മുതലാളിയുടെ മകൾ കുഞ്ഞുമോളും, ജമീലയും സ്കൂളിൽ പോകുവാൻ എന്നുമുണ്ടാകും. അന്നത്തെ ദിവസം അവർ രണ്ടുപേരും ഒരു പേരയ്ക്ക മാറിമാറി കടിച്ചു തിന്നു കൊണ്ടാണ് നടന്നിരുന്നത്. പച്ച നിറത്തിലുള്ള പേരക്കയുടെ ഉള്ളിൽ നല്ല ചുവപ്പ്നിറം!. ഒരു കടി എനിക്ക് തന്നില്ല. അവർ കടിച്ചത് എനിക്ക് തരാൻ പാടില്ല പോലും. കൊതിമൂത്ത് അവരെത്തന്നെ നോക്കി നടന്ന ഞാൻ ഒരു കല്ലിൽ തട്ടി മറിഞ്ഞുവീണു. ഒന്നും പറ്റിയില്ല. പക്ഷേ അഭിമാന ക്ഷതം!.

പൊട്ടിക്കരഞ്ഞു പോയി! കുഞ്ഞുമോളും ജമീലയും കൂടി എന്നെ പൊക്കിയെടുത്തു. തെറിച്ചുവീണ സ്ലേറ്റ് എടുത്തു കയ്യിൽ തന്നു. അവർ എന്നെ വീട്ടിൽ കൊണ്ടുവന്നു വിട്ടു. അമ്മ വാതുക്കൽ കാത്തുനിൽക്കുന്നുണ്ടായിരുന്നു. ജമീല അമ്മയോട് വിശദീകരിക്കുന്നത് കേട്ടാണ് അന്ന് പരീക്ഷയായിരുന്നു എന്നും; എനിക്ക് കിട്ടിയതു പൂജ്യം മാർക്ക് മാത്രമായിരുന്നുവെന്നും, സ്ളേറ്റിൽ കണ്ടത് സരോജിനിയമ്മ സാറ് അഞ്ച് മാർക്ക് ദാനം നൽകിയതാണെന്നും മറ്റും മനസ്സിലായത്! അപ്പോൾ ആ പരീക്ഷക്ക് കിട്ടിയ മാർക്ക് പൂജ്യം! അങ്ങിനെ ആദ്യം കിട്ടിയതു മുട്ട!

## ടീച്ചർമാരുടെ ജോലി സ്ഥിതീകരിക്കുവാൻ അഡ്മിഷൻ എടുത്തു.

കണിച്ചനല്ലൂർ ഗവൺമെന്റ്‌ എൽ.പി. സ്കൂളിൽ പുതിയ കെട്ടിടം പണിയുന്നതിന്റെ സിവിൽ കോൺട്രാക്റ്റ് എടുത്തിരുന്നത് എന്റെ അച്ഛനായിരുന്നു. അച്ഛൻ ദിവസവും സ്കൂളിൽ കാണും. അന്നത്തെ ഹെഡ്മാസ്റ്റർ ജോസഫ് സാർ. അസിസ്റ്റന്റ് ലളിതാമ്മ സാർ അച്ഛന്റെ സുഹൃത്തും സഹപാഠിയുമായിരുന്നു. സാധാരണ പോലെ അവർ രണ്ടു പേരും എന്തോ സംസാരിച്ചു കൊണ്ടിരിക്കുമ്പോഴാണ് ക്ലാസിൽ കുട്ടികൾ കുറവാണെന്നും അതുകാരണം രണ്ടു ടീച്ചർമാരുടെ ജോലി പോകും എന്നും മറ്റും പറഞ്ഞത്. അച്ഛൻ അവർക്ക് വേണ്ടി ഒരു ഉപകാരം ചെയ്തു. നാലു വയസ്സുള്ള എനിക്ക് അഞ്ച് വയസാണെന്ന് പറഞ്ഞ് ഒന്നാം ക്ലാസിൽ ചേർത്തു. പക്ഷെ ആ സ്കൂളിലേക്ക് എന്നെ ആദ്യമായി

കൊണ്ടുപോകുന്നത് മുൻപ് പറഞ്ഞ ആ വർഷാവസാനപ്പരീക്ഷ എഴുതാനാണ്!

## ഞാൻ ക്ളാസ്സിലെ മോണിട്ടറാവുന്നു..

അമ്മയുടെ കുടുംബം ഹരിപ്പാടിനടുത്തുള്ള ചെറുതനയായിരുന്നു. ചെറുതന വടക്കേകര. ഏത് കാരണത്താലാണെന്ന് ഓർമ്മയില്ല. അച്ഛനെ പിരിഞ്ഞ് അമ്മ ചെറുതന കുടുംബത്ത് താമസമാക്കി. എന്നെ ചെറുതന ഗവണ്മെന്റ് എൽ പി സ്കൂളിൽ ചേർത്തു. ഏതു ക്ളസ്സാണെന്നും ഓർമ്മയില്ല.. എന്നും അപ്പൂപ്പൻ സ്കൂളിൽ കൊണ്ടുപോയി വിടും. അമ്മയുടെ ചിറ്റപ്പനാണ് അപ്പൂപ്പൻ. സ്കൂളിൽ പോകാൻ അഞ്ചു മിനിറ്റ് നടക്കണം. ചെറുതന ആറിന്റെ സമീപമാണ് സ്ഥലം. പൊതുവെ വെള്ളം കയറി കിടക്കുന്ന സ്ഥലം. ഒരു പാലം കയറി വേണം സ്കൂളിൽ എത്തുവാൻ. പാലത്തിന്റെ പേര് ഓർമ്മയില്ല. അമ്മയുടെ വീട്ടുപേര് പാടിപ്പറമ്പിൽ. അമ്മയുടെ അച്ഛൻ അന്നത്തെ 'പാറോത്യാരാ'യിരുന്നു എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. ഈ കുഗ്രാമത്തിൽ വാഹനഗതാഗതം ഇല്ല. വള്ളത്തിലും ബോട്ടിലും ആയാണ് യാത്ര. അടുത്ത പട്ടണമായ ആലപ്പുഴയിലേക്ക് വള്ളത്തിൽ പോകണം. പക്ഷെ ചെറുതന ആറിന്റെ അക്കര എത്തിയാൽ ഹരിപ്പാടിന് ബസ്സുകിട്ടും. ഹരിപ്പാട് ആണ് അമ്മയുടെ മറ്റു ബന്ധുക്കൾ. ചെറുതനയിലെ ഓർമ്മകൾ വളരെ ശോഷിച്ചതാണ്. വീടിന്റെ തൊട്ടു വടുക്കുവശത്തു ഒരു തോടുണ്ട്. ഏകദേശം 20 അടി കാണും വീതി. ചെറിയ കെട്ടുവള്ളത്തിൽ വരുന്ന കച്ചവടക്കാരുണ്ട്. എല്ലാം കിട്ടും!. കപ്പലണ്ടി മുട്ടായി മുതൽ പലചരക്കുസാധനങ്ങൾ വരെ!. ട്രാൻസ്പോർട്ടു ബസിന്റെ 'പോ പോ' മുഴക്കിയാണ് വരവ്. അമ്മൂമ്മയ്ക്ക് അവരുമായി പറ്റുവരവുണ്ട്. ആ പറ്റിൽ ഞാൻ കപ്പലണ്ടി മുട്ടായി വാങ്ങിക്കാറുണ്ടായിരുന്നു. അങ്ങിനെ വളരെ അപൂർവ്വമായ ചില ഓർമ്മകൾ മാത്രം. ചെല്ലപ്പൻ നായർ സാർ ആണ് ക്ലാസ് ടീച്ചർ. അമ്മയുടെ കൂടെ പഠിച്ചതാണെന്ന് തോന്നുന്നു. എന്റെ സകല കാര്യങ്ങളും ചോദിച്ചറിഞ്ഞു. അവസാനം 'നീ പൊന്നമ്മേടെ മോനല്ലേ? മുട്ടത്തുകാരൻ? നീ തന്നെയാവട്ടെ ക്ലാസിൽ മോണിറ്റർ'. ചോക്ക് കൊണ്ടുവരാനും മറ്റും എന്നെ ഏൽപ്പിച്ചു.

ലീഡർഷിപ്പ് രസമല്ലതായി തോന്നി. എല്ലാറ്റിനും മുൻഗണന. പക്ഷേ ഒരു കുഴപ്പം മാത്രം. ക്ലാസിൽ ഏറ്റവും പൊക്കം കുറവ് എനിക്കാണ് .തോറ്റും തോൽക്കാതെയുമൊക്കെയുള്ള വമ്പൻമാരുണ്ട് ക്ലാസ്സിൽ! അവർക്കമർഷമുള്ളതായിത്തോന്നി. അവർ അതു പുറത്താരോടും പറഞ്ഞില്ല. ബോർഡ് തുടയ്ക്കാൻ ഉയരമില്ല എന്നു പറഞ്ഞൊഴിയാൻ നോക്കി. പക്ഷെ ചെല്ലപ്പൻ നായർ സാർ എന്നെ എടുത്തു പൊക്കി ബോർഡ് തുടപ്പിച്ചു. ആ ലീഡർഷിപ് തുടർന്നു.

## മണ്ണാറശാല നാഗരാജക്ഷേത്രം




കേരളത്തിലെ അതിപുരാതനവും അന്താരാഷ്ട്ര പ്രശസ്തവുമായ ശ്രീ നാഗരാജ ക്ഷേത്രമാണ് ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് സ്ഥിതിചെയുന്ന ഈ ക്ഷേത്രം. ശിവസർപ്പവും മഹാദേവന്റെ കണ്ഠാഭരണവുമായ 'വാസുകിയും' നാഗാമാതാവായ 'സർപ്പയക്ഷിയുമാണ്' മുഖ്യ പ്രതിഷ്ഠകൾ. നാഗരാജാവിന്റെ മറ്റൊരു രാജ്ഞിയായ 'നാഗയക്ഷിയും' സഹോദരി 'നാഗചാമുണ്ഡിയുമാണ്' മറ്റു പ്രതിഷ്ഠകൾ.

ഞാൻ ഏറ്റവുമധികം സ്നേഹിച്ചിരുന്ന ദിവംഗതരായ ഇളയമ്മ ചെമ്പകക്കുട്ടിയമ്മയും അവരുടെ ഭർത്താവു സുകുമാരൻ

നായരും മണ്ണാറശാല സ്കൂളിലെ അധ്യാപകരായിരുന്നു. താമസം അമ്പലത്തിനടുത്തും. ഒറ്റ മകൻ പ്രശസ്ത കവി സുരേഷ് മണ്ണാറശാല.

ക്ഷേത്രത്തിന്റെ വടക്കുവശത്തായുള്ള ഇല്ലത്തിന്റെ നിലവറയിൽ മഹാവിഷ്ണുനാഗവും മഹാവിഷ്ണുവിന്റെ ശയനവുമായ നാഗരാജാവായ 'അനന്തൻ (ആദിശേഷൻ)' കുടികൊള്ളുന്നെന്നും അനന്തന്റെ പുറത്ത് സാക്ഷാൽ ആദിനാരായണനായ മഹാവിഷ്ണു ശയിക്കുന്നു എന്നുമാണ് വിശ്വാസം.

ഈ ക്ഷേത്രത്തിൽ മഹാഗണപതി, ദുർഗ്ഗ, ഭദ്രകാളി, പരമശിവൻ, ധർമ്മശാസ്താവ് എന്നീ ഉപദേവതകളുണ്ട്. നാഗദേവതകളുടെ വിശ്വാസികൾക്ക് ഒരു പ്രധാന തീർത്ഥാടന കേന്ദ്രമാണ് ഇവിടം. ക്ഷേത്രത്തിലെ പ്രധാന പൂജകൾ ചെയ്യുന്നത് മണ്ണാറശാല ഇല്ലത്തെ തല മുതിർന്ന സ്ത്രീ ആണ്. 'വലിയമ്മ' എന്ന പേരിലാണ് ഈ പുരോഹിതയായ അന്തർജ്ജനം അറിയപ്പെടുന്നത്.

നാഗരാജാവിന്റെ 'അമ്മയുടെ' സ്ഥാനമാണ് വലിയമ്മക്ക് സങ്കല്പിച്ചിരിക്കുന്നത്. മക്കളില്ലാതെ വിഷമിച്ച ഇല്ലത്തിലെ തികഞ്ഞ ഭക്തയായ അമ്മക്ക് മകനായി നാഗരാജാവായ അനന്തൻ അവതരിച്ചുവെന്നാണ് കഥ. ഈ ക്ഷേത്രത്തിൽ 'ഉരുളി കമഴ്ത്തൽ' വഴിപാട് നടത്തി പ്രാർത്ഥിച്ചാൽ അനേകകാലം ചികിത്സ ചെയ്തിട്ടും കുട്ടികളുണ്ടാകാത്ത ദമ്പതിമാർക്ക് സന്താനഭാഗ്യം ഉണ്ടാകും എന്നും പരക്കെ വിശ്വാസമുണ്ട്.. കൂടാതെ കുടുംബത്തിന്റെ അഭിവൃദ്ധിക്കും, മക്കളുടെ അഭിവൃദ്ധിക്കും, സർപ്പദോഷം അകലുമെന്നുള്ള വിശ്വാസവും ഭക്തരെ ഇവിടേയ്ക്ക് ആകർഷിക്കുന്നു.

സന്താനങ്ങളില്ലാത്തതിന്റെ ദുഖവുമായി കഴിഞ്ഞിരുന്ന ബ്രാഹ്മണ ദമ്പതികളായ വസുദേവനും ശ്രീദേവിയും സന്താനലബ്ധിക്കായി സർപ്പരാജാവിനെ പൂജിച്ചു വരികയായിരുന്നു. ഈ സമയത്ത് നാഗരാജവിന്റെ അധിവാസസ്ഥലത്ത് കാട്ടുതീയുണ്ടായി. തീയിലകപ്പെട്ട സർപ്പങ്ങളെ ദമ്പതികൾ രക്ഷിച്ചു. ദമ്പതികളുടെ പരിചരണത്തിൽ സർപ്പദൈവങ്ങൾ സന്തുഷ്ടരായി.

## ‘മണ്ണാറിയശാല’ മണ്ണാറശ്ശാലയായി

കാട്ടുതീ അണഞ്ഞ് ‘മണ്ണാറിയശാല’ മണ്ണാറശ്ശാലയായി എന്നും ഐതീഹ്യം. മന്ദാരച്ചെടികൾ നിറഞ്ഞ ശാല മണ്ണാറശ്ശാലയായെന്ന് മറ്റൊരു വിശ്വാസവുമുണ്ട്. ശ്രീദേവി അന്തർജനം അഞ്ചുതലയുള്ള സർപ്പശിശുവിനും മനുഷ്യശിശുവിനും ജൻമം നൽകിയെന്നും, മനുഷ്യശിശു ഗൃഹസ്ഥാശ്രമത്തിലേക്ക് കടന്നപ്പോൾ സർപ്പ രൂപത്തിൽ ഇല്ലത്ത് സഞ്ചരിക്കുവാൻ കഴിയില്ലെന്ന് പറഞ്ഞ് നാഗരാജാവ് ശാന്തമായ ഏകാന്ത സങ്കേതത്തിലേയ്ക്ക് നീങ്ങിയെന്നും ഐതീഹ്യം.

ഈ പ്രശസ്തമായ നാഗരാജ ക്ഷേത്രം മരങ്ങൾ ഇടതിങ്ങി വളർന്ന കാവിന്റെ നടുവിലാണ് സ്ഥിതിചെയ്യുന്നത്. മണ്ണാറശ്ശാല ക്ഷേത്രത്തിലേക്കുള്ള നടപ്പാതയിൽ വഴിക്ക് ഇരുവശവും മരങ്ങളുടെ ചുവട്ടിലുമായി 30,000–ത്തോളം നാഗ പ്രതിമകളുണ്ട്. ഇത്രയും നാഗപ്രതിമകളുള്ള കേരളത്തിലെ ഒരേയൊരു ക്ഷേത്രമാണ് മണ്ണാറശ്ശാല ശ്രീ നാഗരാജ ക്ഷേത്രം. ക്ഷേത്രത്തിൽ നിന്നു ലഭിക്കുന്ന പ്രത്യേകമായി നിർമ്മിച്ച മഞ്ഞൾ കുഴമ്പ് രോഗസംഹാരിയാണെന്നാണ് വിശ്വാസം.

## ഉരുളി കമഴ്ത്തൽ

ഈ ക്ഷേത്രത്തിലെ പ്രധാന വഴിപാടുകളിൽ ഒന്നാണ് ഉരുളി കമഴ്ത്തൽ. സന്താന സൗഭാഗ്യത്തിനായി ധാരാളം ഭക്തജനങ്ങൾ ക്ഷേത്രത്തിൽ എത്തി ‘ഉരുളി കമഴ്ത്തൽ’ വഴിപാടു കഴിക്കുന്നു. ദമ്പതികൾ താളമേളങ്ങളോടെ ക്ഷേത്രത്തിനു ചുറ്റും മൂന്നു പ്രദക്ഷിണം വെച്ച് ഉരുളി നാഗരാജാവിന്റെ നടയ്ക്കു മുന്നിൽ വെയ്ക്കും. മേൽശാന്തി പറഞ്ഞുകൊടുക്കുന്ന പ്രാർത്ഥന ഇവർ ഏറ്റു ചൊല്ലി ദമ്പതികൾ ഇല്ലത്തു ചെന്ന് അമ്മയെ ദർശിച്ച് പ്രസാദം വാങ്ങും. ഇവർ നടയ്ക്കു വെച്ച ഉരുളി പിന്നീട് അമ്മ നിലവറയിൽ അനന്തന് മുൻപിൽ കമഴ്ത്തിവെയ്ക്കുന്നു. കുഞ്ഞുങ്ങൾ ഉണ്ടായിക്കഴിയുമ്പോൾ ദമ്പതിമാർ കുഞ്ഞുമായി എത്തുമ്പോഴാണ് ഉരുളി നിവർത്തി ഉപകാരസ്മരണയായി പായസം വച്ചു നാഗരാജാവായ വാസുകിക്കും, അനന്തനും

സമർപ്പിക്കുന്നു. മക്കളില്ലാതെ വിഷമിച്ച ഇല്ലത്തെ ഭക്തയായ അന്തർജ്ജനത്തിന് മകനായി നാഗരാജാവായ അനന്തൻ ജനിച്ചു എന്നാണ് ഐതിഹ്യം. ജാതി – മത ഭേദമെന്യേ നിരവധി കുട്ടികളില്ലാത്ത ഭക്തർ ഈ വഴിപാടു ഇവിടെ നടത്താറുണ്ട്. ഹൈന്ദവവിശ്വാസ പ്രകാരം സന്താനങ്ങളുടെ ശ്രേയസിന് വേണ്ടി ദമ്പതിമാർ നാഗപ്രീതിയാണ് ആദ്യം വരുത്തേണ്ടത്. കൂടാതെ സന്താനങ്ങളുടെ ഐശ്വര്യത്തിനു വേണ്ടിയും സർപ്പദോഷ ശാന്തിക്കായും ഭക്തർ ഇവിടെ ദർശനം നടത്താറുണ്ട്.



അന്ധമായ ഒരു വിശ്വാസമാണെങ്കിലും ഇവിടെ ബാംഗ്ലൂരിൽ എന്റെ ഒരു സുഹൃത്ത് പ്രഭാകരൻ വിവാഹം കഴിഞ്ഞു പന്ത്രണ്ടു വർഷമായിട്ടും കുട്ടികളുണ്ടായില്ല. ആരോ പറഞ്ഞതുകേട്ട് മണ്ണാറശ്ശാലയിൽ പോയി ഉരുളി കമഴ്ത്തിയാണുപോലും ഒരു മകളുണ്ടായത്. ഇന്നും അവർ മകളോടൊപ്പം എല്ലാ വർഷവും ഈ ക്ഷേത്രം സന്ദർശനം നടത്തുന്നുണ്ട്.

## നെഹ്റു ട്രോഫി വള്ളംകളി– ചരിത്രം

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ കേരള സന്ദർശനത്തോടനുബന്ധിച്ച് കേരള സർക്കാർ പ്രത്യേകമൊരുക്കിയ ചുണ്ടൻവള്ളം കളി മത്സരത്തോടെയാണ് നെഹ്റു ട്രോഫിയുടെ ചരിത്രം ആരംഭിക്കുന്നത്. പുന്നമടക്കായലിൽ 1952–ൽ ആരംഭിച്ച നെഹൃട്രോഫി, ലോകമൊട്ടുക്കുമറിയപ്പെടുന്ന ഒരു ജലോത്സവമാണ്. ചെറുതന, കാവാലം, കാരിച്ചാൽ, കൈനകരി, എടത്വ, കുട്ടനാട് എന്നീ പ്രദേശങ്ങളിൽനിന്നുള്ള ഒട്ടനവധി ചുണ്ടൻ വള്ളങ്ങൾ കൂടാതെ

കേരളത്തിന്റെ പല സ്ഥലങ്ങളിൽ നിന്നും പല ടീമുകളും നെഹ്റു ട്രോഫി വള്ളം കളി മത്സരത്തിൽ പങ്കെടുക്കാറുണ്ട്. മത്സരത്തിന് മുമ്പുള്ള ഒരു മാസക്കാലത്തോളം ചെറുതനയാറ്റിൽ നടക്കുന്ന പരിശീലനം ഒന്നു കാണേണ്ടതുതന്നെയാണ്. 1952 ഡിസംബർ 27 ആലപ്പുഴ ജില്ലയിലെ പുന്നമടക്കായലിലാണ് മത്സരം അരങ്ങേറിയത്. ചുണ്ടൻവള്ളങ്ങളുടെ തുഴയെറിഞ്ഞുള്ള പോരാട്ടം ആവേശത്തോടെ വീക്ഷിച്ച നെഹ്റു മത്സരാന്ത്യത്തിൽ സകല സുരക്ഷാ ക്രമീകരണങ്ങളും കാറ്റിൽപ്പറത്തി വള്ളംകളിയിൽ ഒന്നാമതെത്തിയ നടുഭാഗം ചുണ്ടനിൽ ചാടിക്കയറി. നെഹ്റുവിന്റെ ഈ ആഹ്ളാദപ്രകടനം അംഗീകാരമായിക്കരുതിയ വള്ളംകളി പ്രേമികൾ അദ്ദേഹത്തെ ചുണ്ടൻവള്ളങ്ങളുടെ അകമ്പടി യോടെ കൊച്ചിവരെയെത്തിച്ചു യാത്രയാക്കി. പിൽക്കാലത്തു ഇന്ത്യയുടെ പ്രധാനമന്ത്രിമാരായിത്തീർന്ന ഇന്ദിരാ ഗാന്ധിയും, രാജീവ് ഗാന്ധിയും ഈ വള്ളംകളിക്കാഴ്ചയിൽ നെഹ്റുവിനൊപ്പം അന്നുണ്ടായിരുന്നു.

ഡൽഹിയിലെത്തിയ ശേഷം സ്വന്തം കയ്യൊപ്പോടുകൂടി വെള്ളിയിൽ തീർത്ത ചുണ്ടൻ വള്ളത്തിന്റെ മാതൃക നെഹ്റു അയച്ചുകൊടുത്തു. ഈ മാതൃകയാണ് വിജയികൾക്കു നൽകുന്ന നെഹ്റൂ ട്രോഫി. തുടക്കത്തിൽ പ്രൈംമിനിസ്റ്റേഴ്സ് ട്രോഫി എന്നായിരുന്നു വള്ളംകളി അറിയപ്പെട്ടിരുന്നത്. 1969 ജൂൺ ഒന്നിനു കൂടിയ വള്ളംകളി സമിതി നെഹ്റുവിനോടുള്ള ആദരവ് കുറിക്കുവാനായി മത്സരത്തിന്റെയും കപ്പിന്റെയും പേര് നെഹ്റു ട്രോഫി എന്നാക്കിമാറ്റി.

## ചെറുതനയുടെ മുഖം മാറി

ഈ അടുത്ത കാലത്ത് ആ ഗ്രാമത്തിലേക്കൊന്നുപോകാൻ ആഗ്രഹം തോന്നി. നാൽപ്പത്തിയഞ്ച് വർഷത്തോളമായിക്കാണും അമ്മൂമ്മ അവിടെനിന്നും ഹരിപ്പാട്ടേക്കു താമസം മാറിയിട്ട്. അവിടെ ആരുമില്ലെങ്കിലും ആ പ്രദേശം ഒന്നുകൂടി കാണുവാനുള്ള അതിയായ ആഗ്രഹം!. ഞാനും, അക്കയും കൂടി ഒരു ട്രിപ്പടിച്ചു. ഏകദേശം ആറു ദശാബ്ദങ്ങൾക്കുശേഷമുള്ള ഒരു പര്യടനം. ഓണക്കാലത്തെ വള്ളംകളി, ആർപ്പുവിളികൾ, കെട്ടുവള്ളത്തിലൂടെ ഹോൺ മുഴക്കി സഞ്ചരിക്കുന്ന പലചരക്കു കട, തോട്ടിലിറങ്ങി

നീന്തിയുള്ള കുളി, തത്തച്ചുണ്ടനടക്കം വിവിധ സ്വാദുള്ള പഴുത്ത മാങ്ങാ, പഴുത്ത ചക്ക, പിടക്കുന്ന മീൻ പീര പറ്റിച്ചത്, എല്ലാറ്റിനുമുപരി സ്നേഹ സമ്പന്നരായ നാട്ടുകാർ. ചെറുതന യുടെ മധുരിക്കുന്നോർമകളോടെ അവിടെത്തിയ ഞങ്ങൾക്കു പലതും തിരിച്ചറിയുവാൻ കഴിഞ്ഞില്ല. കണ്ടൽക്കാടുകളും, നെൽപാടങ്ങളുമെല്ലാം നികത്തി കെട്ടിടങ്ങൾ വച്ചിരുന്നു. കടത്തുവള്ളങ്ങളുടെ സഹായത്തോടെ കടത്തു കടന്നിരുന്നതു മാറി മേൽപാലം, ടാറിട്ട റോഡുകൾ, അങ്ങിനെ പലതും. പക്ഷെ അന്നാസ്വദിച്ചിരുന്ന കാറ്റിന്റെ സുഗന്ധം അങ്ങിനെത്തന്നെയുണ്ട്.. അന്നുണ്ടായിരുന്ന നാട്ടുകാരുടെ സ്നേഹം വർധിച്ചതായിട്ടാണ് തോന്നിയത്. രാജ്യത്തിന്റെ പുരോഗതിയോടൊപ്പം ചെറുതനയും വളർന്നുവെന്ന സന്തോഷവുമായി ഞങ്ങൾ യാത്ര തിരിച്ചു.!

## തിരിച്ചുവരാത്ത ബാല്യകാലം!

വീണ്ടും കണിച്ചനല്ലൂർ ഗവണ്മെന്റ് എൽ പി സ്കൂളിലേക്കുമാറ്റി. കാരണം ഒന്നുമറിയില്ല. ഇത്താമ്പള്ളിലെ അനിയൻ (ബാലചന്ദ്രൻ), കൊക്കാട്ട് തുളസി, തട്ടാരുതെക്കെതിലെ മംഗളം, മഠത്തിൽ വടക്കതിലെ പ്രസന്ന, കരിപ്പുഴ രാജു, കൃഷ്ണൻ മൂപ്പരുടെ മകൻ രാഘവൻ, കുഞ്ഞുമോൻ, അങ്ങനെ വളരെ ചുരുക്കം പേരെ മാത്രം ഓർമ്മയുള്ളു. എല്ലാവരും ഉച്ചയൂണ് വീട്ടിൽ പോയാണ് കഴിക്കുന്നത്. എന്നോടൊപ്പം വല്യച്ഛന്റെ മകൾ തുളസിയും ഉണ്ടാവും. പെണ്ണുങ്ങളുടെ കൂട്ട് എനിക്ക് തീരെ ഇഷ്ടമല്ലായിരുന്നു. എങ്ങിനെ ഒഴിവാക്കിയാലും തുളസി വിടില്ല. അവൾ എന്നെക്കാൾ പഠിക്കാൻ മിടുക്കിയാണ്. ക്ലാസ്സിൽ മിക്കവാറും ഒന്നാമത് അവളാണ്. അല്ലെങ്കിൽ പ്രസന്ന, അതുമല്ലെങ്കിൽ മംഗളം. ഏതായാലും എനിക്ക് തുളസിയുടെ കൂടെ സ്കൂളിൽപ്പോകുന്നത് ഇഷ്ടമല്ല! ഒരു ദിവസം അവൾ ഊണ് കഴിഞ്ഞ് വന്ന് എന്നെ കാത്തു നിൽക്കുകയായിരുന്നു. എന്റെ വീടിന്റെ മുൻവശത്ത്. അവൾ കാണാതെ വീടിന്റെ പിൻവശത്തുകൂടി ഞാൻ സ്കൂളിലേക്ക് പോയി. കാത്തു കാത്തു നിന്ന അവൾ കുറേ കഴിഞ്ഞാണ് ഞാൻ പോയ വിവരം മനസ്സിലാക്കുന്നത്. പാവം അവൾ അന്ന് ക്ലാസ്സിൽ വൈകിയാണ് എത്തിയത്. ഞാൻ ഉള്ളിൽ ചിരി അമർത്തി അവളെ

നോക്കി. അന്നുമുതൽ അവൾ എന്നെ കാത്തു നിൽക്കാറില്ല. ആ സംഭവം അനേകം ബാല്യകാല കുസൃതികളുടെ ഓർമ്മകളിക്കിടയിൽ ഇന്നും ജ്വലിക്കുന്ന സ്മരണയായി നില നിൽക്കുന്നു.

## ശിവൻ കുട്ടിയെ കാണുന്നില്ല

അച്ഛന്റെ അമ്മയെ അമ്മേച്ചി എന്നാണ് വിളിച്ചിരുന്നത്. അമ്മച്ചിക്ക് കൊച്ചു മക്കളിൽ ഏറ്റവും സ്നേഹം എന്നോടായിരുന്നു. എന്ത് കിട്ടിയാലും എനിക്കുള്ളത് പ്രത്യേകം എടുത്തു വെക്കും. അച്ഛൻ എന്നെ അടിക്കാൻ സമ്മതിക്കില്ല. അമ്മ വഴക്ക് പറയുന്നത് പോലും ഇഷ്ടമല്ല. പക്ഷേ അമ്മച്ചിയെ ഞങ്ങൾ കുട്ടികളെല്ലാം ചേർന്ന് കളിപ്പിച്ചിട്ടുണ്ട്. അമ്മച്ചിയുടെ അലമാരയുടെ താക്കോൽ മാറ്റിവെക്കും. അമ്മച്ചി സൂക്ഷിച്ചുവച്ചിരിക്കുന്ന ഉപ്പേരിയും (ചിപ്സ്) മറ്റും കട്ടെടുത്തു തിന്നും! പക്ഷേ എന്നാലും അമ്മച്ചിക്ക് എന്നെ വലിയ ഇഷ്ടമായിരുന്നു. ഒരു ദിവസം വൈകീട്ട് നാലുമണിക്ക് വീടിന്റെ മുന്നിൽക്കൂടി ഒരു കാളവണ്ടി വടക്കോട്ടു കടന്നു പോകുന്നതു കണ്ടു. ഓടി! അതിന്റെ പിന്നാലെ പോയി. വീടിന്റെ വടക്കു ഭാഗത്തു രണ്ടാമത്തെ വീട്ടിൽനിന്നു പൊതിച്ച തേങ്ങയുടെ തൊണ്ട് കൊണ്ടു പോകുവാൻ വന്നതാണ് കാളവണ്ടി. നല്ല വെളുത്ത കാളകളെ കണ്ടു. കൂടെ മൂന്നുനാലു ചങ്ങാതിമാരുമുണ്ടായിരുന്നു. നല്ല രസം തോന്നി. കാളകളെ ചുറ്റിനടന്നു നോക്കി രസിച്ചു. പാവം കാളകളുടെ കഴുത്തിലൊക്കെ തഴമ്പ് മുഴച്ചു കട്ടിയായിരിക്കന്നു. കാളകളെയും കാളവണ്ടിയെയും മറ്റും നോക്കി രസിച്ചു നിൽക്കുമ്പോഴേക്കും തൊണ്ട് കയറ്റി വണ്ടി യാത്രയായി.

അതിന്റെ കൂടെ നടന്നു പുറകിൽ പിടിച്ച് തൂങ്ങി ഞാൻ കുറച്ചു മുന്നോട്ടു പോയി. അപ്പോഴാണ് ഓർമ വന്നത് അച്ഛൻ അറിഞ്ഞാൽ നല്ല ചുട്ട അടി കിട്ടും. ഇപ്പത്തന്നെ അച്ഛൻ കണ്ടെന്നു തോന്നുന്നു. മെല്ലെ വടക്കേ വീടിന്റെ പുറകിൽ കൂടി ഓടി ചുറ്റിക്കറങ്ങി എന്റെ വീടിന്റെ പടിത്താറെ ഭാഗത്തകൂടി അമ്മച്ചിയുടെ മുറിയിൽ കയറി. ആരും കണ്ടില്ല ഭാഗ്യം. മെല്ലെ അമ്മച്ചിയുടെ കട്ടിലിൻറെ അടിയിലേക്ക് കയറി. പിന്നെ ഒന്നും ഓർമ്മയില്ല ഉറങ്ങിപ്പോയി!

സന്ധ്യ ഏഴു മണിയായി. 'ശിവൻ കുട്ടിയെ കാണുന്നില്ല' അമ്മക്കു വെപ്രാളം! അടുത്ത വീടുകളിൽ എല്ലാം തിരഞ്ഞു. അമ്പലത്തിന്റെ പറമ്പിലൊക്കെ പോയി നോക്കി. അമ്പലക്കുളത്തിൽ നോക്കി. 'എവിടെ പോയി' എല്ലാവരും പരസ്പരം ചോദിച്ചു.

അച്ഛൻ അൽപം അസ്വസ്ഥനായി. നേരമിരുട്ടി. തിരച്ചിൽ കുളത്തിലും; കിണറ്റിലുമായി. കാളവണ്ടിയുടെ കൂടെ കായംകുളത്ത് കണ്ടെന്ന് ആരോ തട്ടിവിട്ടു! കായംകുളം എകദേശം എട്ട് മൈൽ അകലെയാണ്. അച്ഛൻ വിശ്വസിച്ചില്ല. അയൽവാസികൾ ചേർന്നു. 'ജ്യോൽസ്യൻ കുഞ്ഞുപിള്ളയുടെ അടുത്തു പോയിഒന്നു പ്രശ്നം വെക്കണം'. അഭിപ്രായങ്ങൾ പലതായി. അപ്പോഴാണ് വലിയച്ഛൻ എത്തുന്നത്. സ്ഥിതിഗതികൾ എല്ലാം വിലയിരുത്തി. 'വീട്ടിനുള്ളി ലെല്ലാം തിരഞ്ഞോ?' അൽപം ഒച്ചയുയർത്തി വലിയച്ഛൻ ചോദിച്ചു. 'അതിനു വീട്ടിലേക്കു വന്നില്ലല്ലോ? അമ്മ പറഞ്ഞു.

'ശരി എല്ലാ മുറികളും നോക്ക്. ആ ടോർച്ചിങ്ങു കൊട്' വലിയച്ഛൻ തന്നെ എല്ലാമുറികളിലും കയറിയിറങ്ങി നോക്കി. അവസാനമായി അമ്മച്ചിയുടെ മുറിയിലെത്തി. ആ മുറിയിൽ കട്ടിലിനടിയിൽ കിടന്നുറങ്ങുന്ന എന്നെ കണ്ട് വലിയച്ഛൻ, എല്ലാവരോടുമായിപ്പറഞ്ഞു.' അവനിവിടെയുണ്ട്. ആരും വഴക്കു പറയണ്ട. അതു കേട്ടാണ് ഞാൻ ഉണരുന്നത്. ആരും ഒന്നും പറഞ്ഞില്ല അടിച്ചില്ല. പക്ഷെ ഒരു പന്തികേട് മണത്തു! കുളിപ്പിച്ച് ഭക്ഷണവും തന്ന ശേഷം നടന്ന കഥകൾ അമ്മ വിശദമായി പറഞ്ഞു. ചമ്മിപ്പോയി. അതൊരോർമ്മ!

## കപ്പലണ്ടിക്കാരൻ കളിപ്പിച്ചു

ആയിടയ്ക്കാണ് അമ്മയുടെ ചേച്ചി വീട്ടിൽ വരുന്നത്. സാറമ്മ എന്നു ഞങ്ങൾ വിളിക്കുന്ന പത്മാക്ഷിയമ്മ സാർ. വള്ളം കുളങ്ങര സ്കൂളിലെ ടീച്ചറാണ്. എനിക്ക് രണ്ട് അണ തന്നു. ഞാൻ ആരും കാണാതെ പോക്കറ്റിൽ സൂക്ഷിച്ചു. പിറ്റേ ദിവസം സ്കൂളിൽ പോയിട്ട് വരുന്ന വഴി കപ്പലണ്ടി കണ്ടു! വാങ്ങിച്ചു!. ആ രണ്ടണ കൊടുത്തു. അവൻ കുറേ കപ്പലണ്ടി തന്നു. രണ്ടു പോക്കറ്റിലായിട്ടു. ബാക്കി ഒന്നും തന്നില്ല. ഞാൻ ചോദിച്ചിതുമില്ല! വൈകിട്ട് അമ്മ

ചോദിച്ചു. 'സാറമ്മ എന്താ മോനെ തന്നത്?' 'രണ്ടണ' ഞാൻ പറഞ്ഞു. അമ്മ അറിഞ്ഞു എന്നു തോന്നുന്നു. എന്തായാലും കള്ളം പറഞ്ഞില്ല. കപ്പലണ്ടി വാങ്ങിയതും കുട്ടുകാർക്കൊക്കെ കൊടുത്തതും മറ്റും ഞാൻ പറഞ്ഞു. ബാക്കി തന്നില്ലേ? എന്ന് ചോദിച്ചു. ഇല്ല എന്ന് മറുപടിയും പറഞ്ഞു. കപ്പലണ്ടികാരൻ എന്നെ കളിപ്പിച്ചത് അമ്മക്ക് ബോധ്യമായി. കാരണം അയാൾ ഒരു ദിവസം ചെയ്യുന്ന മൊത്തം കച്ചവടം രണ്ട് അണയുടെ കപ്പലണ്ടിയുണ്ടാവില്ല രണ്ടണയ്ക്ക് (12 പൈസ) അന്ന് അത്ര വില ഉണ്ടായിരുന്നു!. പിന്നെ എന്നും വഴിയരുകിൽ കാണാറുള്ള ആ ചതിയൻ കപ്പലണ്ടിക്കാരനെ ഞാൻ വെറുപ്പോടെയാണ് നോക്കിയിരുന്നത്!

## നങ്ങ്യാർകുളങ്ങര ഗവൺമെന്റ് യു പി സ്കൂളിലേക്ക്

അഞ്ചാം ക്ലാസ് കഴിഞ്ഞതോടെ നങ്ങ്യാർകളങ്ങര ഗവൺമെന്റ് യു പി സ്കൂളിലേക്കു മാറ്റി. അക്ക പഠിക്കുന്നത് നങ്ങ്യാർകുളങ്ങരയിലുള്ള ബഥനി ഗേൾസ് ഹൈ സ്കൂളിലായിരുന്നു. അക്കയോടൊപ്പം ഒന്നിച്ചു പോകാനുള്ള സൗകര്യമായിരിക്കണം അച്ഛൻ ഈ സ്കൂൾ തിരഞ്ഞെടുക്കുവാനുള്ള കാരണം. ചെല്ലപ്പൻ നായർ സാർ, തോമസ്സ് സാർ, നാറാപിള്ള സാർ, കോയ സാർ, ജഗദമ്മ സാർ, ദേവകിയമ്മ സാർ, ജാനകിയമ്മ സാർ എന്നിവരും ഹെഡ്മാസ്റ്ററായ രാജൻ സാറും മോഹനൻപിള്ള, ശശിധരൻ, വിശ്വനാഥൻ എന്നീ സഹപാഠികളും ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്നു.

ജഗദമ്മ സാർ പണ്ട് കണിച്ചനല്ലൂർ സ്കൂളിലും ഉണ്ടായിരുന്നു എന്നതാണ് മറ്റൊരു വശം. ഇവർ (അമ്മയുടെ വകയിലൊരനുജത്തി) കുഞ്ഞമ്മ ആണെന്ന്കരുതി ഒരിളവുമില്ല മാത്രമല്ല ശിക്ഷ അൽപം കൂടുതലുമാണ്! 'അറിയുന്ന പോലീസാണെങ്കിൽ അടിയൊന്ന് കൂടുതൽ കിട്ടുമെന്നപോലെ..!' ഒരിക്കൽ ഒരു വെള്ളിയാഴ്ച ഉച്ചയ്ക്ക് സ്കൂളിനടുത്തുള്ള ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ പോയി. വെള്ളിയാഴ്ച രണ്ടു മണിക്കൂറാണ് ഊണ് സമയം. അമ്പലക്കുളത്തിൽ നീന്തി കളിച്ചു. അതിനടുത്തുള്ള ബദാം

മരത്തിൽ കയറി കളിച്ചു രസിച്ചു! രണ്ടുമണിക്കൂർ കഴിഞ്ഞത് അറിഞ്ഞില്ല. ഓടിപ്പിടിച്ച് സ്കൂളിൽ തിരിച്ചു എത്തിയപ്പോഴേക്കും ക്ലാസ് തുടങ്ങി. ക്ലാസ്സ് എടുക്കുന്നത് ജഗദമ്മ സാർ! കേമമായി. എല്ലാവർക്കും മൂന്ന് അടി വീതം. എനിക്ക് അഞ്ചടി. മോനല്ലേ രണ്ടു കൂടുതൽ ഇരിക്കട്ടെ!.

നങ്ങ്യാർകുളങ്ങര സ്കൂളിൽ കൂടെയുണ്ടായിരുന്ന മോഹനൻ പിള്ള ശശിധരൻപിള്ള എന്നിവരെ ഓർമ്മയുണ്ട് ഇവർ രണ്ടുപേരും എന്നോടൊപ്പം പലപ്രാവശ്യം എൻറെ വീട്ടിൽ വന്നിട്ടുണ്ട്. പ്രൊഫസർ മോഹനൻപിള്ള പമ്പാക്കോളേജ് പ്രിൻസിപ്പാളായി റിട്ടയർ ചെയ്തു. ശശിധരൻപിള്ള പ്രദേശത്തെ ഒരു അറിയപ്പെടുന്ന ഇലക്ട്രിക്കൽ കോൺട്രാക്ടറുമാണ്. അവർ രണ്ടുപേരുമായുള്ള ആ സൗഹൃദം ഇന്നും തുടരുന്നു.

## കുട്ടി മൂപ്പത്തി ഒരോർമ്മ.

കിഴക്കേ മുട്ടത്തുള്ളവർക്കെല്ലാം കുട്ടി മുപ്പത്തി സുപരിചിതയാണ്. സ്വതസിദ്ധമായ തന്റേടവും, ആത്മാഭിമാനവും, ആരെയും വകവെക്കാത്ത സ്വഭാവവും ആരുടെയും ആശ്രയമില്ലാതെ ഒറ്റക്കുള്ള ജീവിതവും ഈ കുട്ടി മൂപ്പത്തിയുടെ സവിശേഷത കളാണ്. കറുത്തിരുണ്ട നിറം. ഉറച്ച ശരീരഘടന. പാടത്തും പറമ്പിലും ജോലിചെയ്തുള്ള ജീവിതം. ജനിച്ചത് ഒരു നല്ല തെങ്ങുകയറ്റ തൊഴിലാളി കുടുംബത്തിലാണെങ്കിലും പ്രായ പൂർത്തിയായതോടെ ജീവിതം തനിയെയാക്കി. വിവാഹ ബന്ധങ്ങളെപ്പറ്റി കേട്ട് കേഴ്വികളൊന്നുമില്ല. പക്ഷെ അവിഹിത ബന്ധങ്ങളെപ്പറ്റി നാട്ടുകാരിൽ പലരും പറയാറുണ്ട്. ഇതൊക്കെയാണെങ്കിലും ഒരു കാര്യം ഉറപ്പാണ് ആർക്കും അവരുടെ മേൽ ഒരധികാരവും സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. ഏകദേശം ഒന്നര ഏക്കർ വരുന്ന ഒരു പറമ്പിൽ ഒരു മൂലയ്ക്ക് ഒരു കുടിൽ കെട്ടി ഒറ്റക്കായിരുന്നു താമസം. ഒരു കുടികിടപ്പുകാരി. മിക്ക ദിവസവും ആരുമായെങ്കിലും വഴക്കോ വാക്കുതർക്കമോ ഉണ്ടാവുക പതിവാണ്. അന്ന് അവരെ വഴി നീളെ ചീത്തപ റഞ്ഞുകൊണ്ടായിരിക്കും വീട്ടിൽ പോകുന്നത്. അങ്ങിനെ കുട്ടി മൂപ്പത്തി അകലെ വരുമ്പോഴേക്കും ഒരു കോലാഹലമായിരിക്കും.

നാട്ടുകരാരും ചോദിക്കില്ല. എല്ലാവരും ഒഴിഞ്ഞു മാറിപ്പോകും

നാട്ടിലുള്ള പല മാന്യന്മാരും രഹസ്യമായി കയറിയിറങ്ങാറുണ്ടെന്നാണ് പറയപ്പെടുന്നത്. പക്ഷെ ആരുമായും സ്ഥിരമായി ഒരു തരത്തിലുള്ള ബാധ്യതകളുമില്ലാത്തതായാണ് കണ്ടുവന്നത്. നന്നേ പണിയെടുക്കുന്നവളെന്ന കാരണത്താൽ ജോലിക്കു ഒരു കുറവുമുണ്ടായിരുന്നില്ല. തന്റേതായ സമ്പാദ്യമൊന്നുമില്ലെകിലും ജീവിതം വളരെ ആസ്വദിച്ചാണ് കഴിഞ്ഞിരുന്നത്. പക്ഷെ അന്ത്യം ദയനീയമായിരുന്നു. മാരകമായ ഏതോ രോഗം പിടിപെട്ടതിനെ തുടർന്ന് നടക്കാൻ പോലും കഴിയാതെ മുട്ടത്തുള്ള അമ്പലത്തിന്റെ തിണ്ണയിൽ ദിനരാത്രങ്ങൾ കഴിച്ചു കൂട്ടി. ദയ തോന്നിയ സമീപവാസികൾ കൊടുത്ത ഭക്ഷണവും കഴിച്ചു മാസങ്ങളോളം കഷ്ടപ്പെട്ടു. അങ്ങിനെ കുട്ടി മൂപ്പത്തി ഈ ലോകത്തോട് വിടപറഞ്ഞു.

## കലാരംഗത്തേക്കുള്ള കാൽവെപ്പ്

ആറാം ക്ലാസിൽ പഠിച്ചിരുന്ന കാലം. നങ്ങ്യാർകുളങ്ങര ഗവൺമെന്റ് യുപി സ്കൂളിൽ 'സ്കൂൾ ആനിവേഴ്സറി' ആണ്. പലരും പല കലാപരിപാടികളും അവതരിപ്പിക്കുന്നുണ്ട്. എന്റെ ക്ലാസിലെ കുട്ടികൾ മുൻകയ്യെടുത്ത് അവതരിപ്പിക്കുവാൻ തീരുമാനിച്ചത് 'വില്ലുപാട്ട്' ആണ്. റിട്ടയർ ആയ കുമാരൻ മാഷ് എഴുതിയ വില്ലുപാട്ട്, പരിശീലനം തുടങ്ങി. എൻറെ ക്ലാസിൽ പഠിക്കുന്ന വിശ്വൻ ആണ് വില്ല് അടിക്കുന്നത്. കഥ പറയുന്നത് എന്റെ സുഹൃത്ത് പീതാംബരൻ. 'വില്ലുപാട്ടിന് എനിക്ക് കിട്ടിയത് കുടമടിയാണ്. ഒരു പരിചയമില്ലെങ്കിലും അൽപം ഹാസ്യരൂപേണ താളത്തിനൊപ്പം കുടമടിച്ചു. അധ്യാപകർ പ്രോത്സാഹിപ്പിച്ചു.

മറ്റു കലാപരിപാടികൾക്കൊപ്പം വിൽപാട്ടും അരങ്ങേറി. കലാകാരന്മാരെ എല്ലാം പ്രേക്ഷകരായ സഹപാഠികൾ കയ്യടിച്ചു പ്രോത്സാഹിപ്പിച്ചു. അടുത്ത ദിവസം ക്ലാസ്സിൽ എല്ലാ ടീച്ചർമാരും ഓരോരുത്തരെയായി അനുമോദിച്ചു. അങ്ങനെ ഈ സംരംഭം കലാരംഗത്തെക്കുള്ള ആദ്യത്തെ കാൽവെപ്പ് ആയിരുന്നു.

## മറ്റം സെന്റ് ജോൺസ് ഹൈ സ്കൂളിലേക്ക്

മാവേലിക്കര മുൻസിപ്പാലിറ്റി പരിധിയിൽ വരുന്ന പത്തിച്ചിറ സെന്റ്ജോൺസ് ഹൈസ്കൂളിൽ എട്ടാം ക്ലാസിൽ ചേർത്തു. ഇംഗ്ലീഷ് മീഡിയത്തിലാണ് ചേർത്തത്. ഹരിപ്പാട്ടും, പള്ളിപ്പാട്ടും, ചേപ്പാട്ടുമൊന്നും ഇംഗ്ലീഷ് മീഡിയം ഇല്ലാത്തതിനാലാവണം 6 കിലോമീറ്റർ ദൂരം വരുന്ന പത്തിച്ചിറ സ്കൂളിൽ ചേർത്തത്. ഞാൻ എട്ടിലും അനുജൻ അഞ്ചാം ക്ലാസിലുമായിട്ടാണ് ചേർന്നത്. ഇംഗ്ലീഷ് മീഡിയം എനിക്ക് തീരെ യോജിക്കാൻ കഴിഞ്ഞില്ല. കണക്കും, സയൻസും സോഷ്യൽ സ്റ്റഡീസും, എല്ലാം ഇംഗ്ലീഷിൽ തന്നെ. ഒന്നും മനസ്സിലായിരുന്നില്ല വർഷാവസാന പരീക്ഷ അടുത്തു. പരീക്ഷ എഴുതുന്നതിനുമുമ്പ് തന്നെ ജയിക്കില്ലായെന്നു അറിയാമായിരുന്നു!. തോറ്റു! അടുത്ത വർഷവും അതേ ക്ലാസിൽ പഠിച്ചു. ആ വർഷം ജയിച്ചു. അടുത്ത മൂന്നു വർഷം കൊണ്ട് എസ്സ്.എസ്സ്.എൽ.സി പാസ്സായി.

## മോഹൻദാസിന്റെ ചേട്ടൻ!

അന്നൊരു ദിവസം 'മോഹൻദാസിന്റെ ചേട്ടനാരാ?' എന്ന് ചോദിച്ചുകൊണ്ട് പ്യൂൺ മത്തായി ക്ലാസ്സിലേക്കുവന്നു. മിക്കവാറും അടിയുണ്ടാക്കുന്ന അനുജൻ അന്നും എന്തെങ്കിലും പറ്റിച്ചിട്ടുണ്ടാവുമെന്നു തോന്നി. കുറ്റബോധത്തോടെ ഞാൻ മെല്ലെ എഴുന്നേറ്റു. പുറത്തേക്കിറങ്ങി. 'എന്താ കാര്യം?' ഞാൻ സൗമ്യമായി ചോദിച്ചു. 'ഒന്നുമില്ല. കടക്കാരൻ കുഞ്ഞുഞ്ഞു വിളിക്കുന്നു'. കടക്കാരൻ കുഞ്ഞുഞ്ഞുമായി അവനെന്തു കാര്യം ഓടി അവിടെയെത്തി. 'എന്താ അച്ചായാ?' കുഞ്ഞൂഞ്ഞു അവിടെ എല്ലാവരുടെയും അച്ചായനാണ്. അപ്പോഴാണ് കണ്ടത് എന്റെ അനുജൻ മോഹൻ ദാസ് ഉടുതുണിയില്ലാതെ കടയുടെ മുൻപിൽ നിൽക്കുന്നു. കാര്യം തിരക്കി. അച്ചായൻ വിശദീകരിച്ചു.

'കപ്പലണ്ടിമുട്ടയിവേണം' അനുജൻ മോഹൻദാസ് പറഞ്ഞു പോലും! അയാൾ കൊടുത്തു. ഒന്നുകൂടിവേണമെന്നു പറഞ്ഞു. അതും കൊടുത്തു. പൈസകൊടുക്കാതെ മോഹൻദാസ് സ്കൂളിലേക്ക് നടന്നു. 'എടാ ഇവിടെ വാടാ' കുഞ്ഞുഞ്ഞു വിളിച്ചു.

മോഹൻദാസ് വന്നു. 'മിട്ടായിടെ പൈസ തന്നിട്ട് പോടാ' ഒരു കൂസലുമില്ലാതെ മോഹൻദാസ് പറഞ്ഞു. 'എന്റെ കയ്യിൽ കാശില്ല'. 'പിന്നെന്തിനാ മിട്ടായി വാങ്ങിയത്' കുഞ്ഞുകുഞ്ഞു ചോദിച്ചു. 'എനിക്ക് തിന്നണമെന്നു തോന്നി' കുഞ്ഞുഞ്ഞിനരിശം വന്നു. 'ഉടുപ്പഴിച്ചു വെച്ചിട്ടു പോടാ' മോഹൻദാസ് കുലുങ്ങിയില്ല. 'ഉടുപ്പ് മാത്രമെന്തിനാ, ദാ നിക്കറും തരാം' അത്രമാത്രമേ നടന്നുള്ളു!.

'ശരി തുണി കൊട്, പൈസ ഞാൻ നാളെ തരാം'. കുഞ്ഞുഞ്ഞിനു സമാധാനമായി. ഉടുപ്പും നിക്കറും കൊടുത്തു. അയാൾ നന്ദി പൂർവം എന്നെയൊന്നു നോക്കി...

എന്തായാലും പൊതുവെ സ്കൂളിൽ എന്നെ അറിയപ്പെട്ടിരുന്നത് മോഹൻദാസിന്റെ ചേട്ടൻ എന്നായിരുന്നു..! കാലങ്ങൾക്കു ശേഷം ബാംഗളൂരിൽ വച്ചുണ്ടായ ഒരു വാഹനാപകടത്തിൽ അനുജൻ മോഹൻദാസ് ഞങ്ങളോട് യാത്രപറഞ്ഞു.

## ജോർജ്ജുകുട്ടി സാറിന്റെ കുരുമുളക്.

ക്ലാസ്സുനടക്കുന്നതിനിടയിലുള്ള ഇന്റർവെൽ സമയത്ത് പള്ളിയുടെ വലതുവശത്തായുള്ള വീട്ടിൽ വെള്ളം കുടിക്കാൻ പോകും. ഞങ്ങൾ പത്തുപേരോളമുണ്ടായിരിക്കും. ജോർജ്ജുകുട്ടി സാറിന്റെ വീടാണ്. ഭാര്യയും ടീച്ചറായിരുന്നതിനാൽ വീട്ടിൽ ആരും ഉണ്ടാവില്ല. കളിയും ചിരിയുമെല്ലാം കഴിയുന്നതോടെ കിണറ്റിൽ നിന്നും വെള്ളം കോരി കുടിയ്ക്കും. മിക്കവാറും ഉയരം കൂടുതലുള്ള രാജൻ കെ ജോണാണ് വെള്ളം കോരുന്നത്. പൊക്കി ഒഴിച്ചുതരും. രണ്ട് കയ്യും കുമ്പിൾ പോലെ ചേർത്ത് പിടിച്ചു കുടിക്കും. എല്ലാവരും മാറിമാറി കുടിക്കും. അവസാനം രാജനും.

വെള്ളം കുടി നടന്നുകൊണ്ടിരിക്കുമ്പത്തന്നെ വേറെ കളി തുടങ്ങിയിട്ടുണ്ടാവും. അടുത്ത മാവിൽ തിങ്ങിത്തിങ്ങി പടർന്നു കിടക്കുന്ന കുരുമുളകുവള്ളികളിൽ നിറഞ്ഞു നിൽക്കുന്ന കുരുമുളക് കുലകൾ! എല്ലാവരും ഓരോന്ന് പറിച്ചു. പേപ്പർ ചുരുട്ടി ഉതിർത്ത കുരുമുളക് അതിലൂടെ മേലേക്ക് ഊതും!. ഒരു രസമാണ്. താഴെ വീഴുന്നതൊന്നുമെടുക്കില്ല. വേറെ പറിക്കും!

ഇതല്ലാതെ തന്നെ കുരുമുളക് കൊണ്ട് മറ്റു പല കളികളുമുണ്ട്. എന്തായാലും ഒന്ന് രണ്ടു ദിവസത്തിനുള്ളിൽ ജോർജ്ജ് കുട്ടി സാറ് വിവരമറിഞ്ഞു. കുരുമുളകുപറിച്ചത് അദ്ദേഹത്തിന് പിടിച്ചില്ല അന്നുച്ചക്ക് ഒരു കനത്ത ചൂരലുമായിട്ടാണ് ക്ളാസിൽ വന്നത്. കൃത്യമായി അന്നവിടെയുണ്ടായിരുന്നവരുടെയെല്ലാം പേര് വിളിച്ച് തിരിച്ചു നിർത്തി ചന്തിക്കാണടി! ചിലർക്ക് രണ്ടു മറ്റുചിലർക്ക് മൂന്ന്!

## നാടകത്തിനോടുള്ള പ്രതിപത്തി ആരംഭിക്കുന്നു.

ഈ രണ്ടുമൂന്നു വർഷങ്ങളായി രസം തോന്നിയ ഒന്നായിരുന്നു നാടകം. ഒമ്പതാം ക്ലാസിൽ ആദ്യത്തെ വർഷം സ്കൂൾ ആനിവേഴ്സറി. സഹദേവൻ ചേട്ടനും സുഹൃത്തുക്കളും നാടകം പരിശീലിക്കുന്നത് കണ്ടു. റിഹേഴ്സൽ സ്കൂളിലെ നെയ്ത്തു മുറിയിലാണ്. ഒരു വലിയ 'ഹാൻഡ് വീവിങ് മെഷീൻ'. അതിനു വേണ്ട ഉപകരണങ്ങളുമുള്ള ഒരു വലിയ ഷെഡ്ഡാണ് ക്രാഫ്റ്റ് മുറി. ഓണാട്ടുകരയുടെ പ്രത്യേകതയായിരുന്ന തുണിനെയ്ത്ത്..! ആ മുറിയിലായിരുന്നു റിഹേഴ്സൽ. നാടകത്തിനുള്ള കമ്പം കാരണം മുറിയുടെ താക്കോൽ ദ്വാരത്തിലൂടെ റിഹേഴ്സൽ കണ്ടു. ഉള്ളിലേക്ക് നോക്കുന്നതിനിടയിൽ അകത്തു നിന്ന് ആരോ ഒരീർക്കിൽ കൊണ്ട് പുറത്തേക്ക് കുത്തി. ഭാഗ്യവശാൽ കണ്ണിൽ കൊണ്ടില്ല. പക്ഷേ ഹൃദയത്തിൽ കൊണ്ടു!.

അന്ന് തന്നെ മറ്റൊരു നാടകസംഘം ഉണ്ടാക്കി. അഭിലാഷ്, ജോൺ, മഞ്ജു, കലാധരൻ തുടങ്ങിയ ചിലരെ സംഘടിപ്പിച്ചു. ഒരു ചെറിയ നാടകം എഴുതി, റിഹേഴ്സൽ തുടങ്ങി. ഹെഡ് മാസ്റ്റർ ഫിലിപ് സാറിനെ പോയി കണ്ടു. ഞങ്ങളുടെ നാടകവും എടുക്കണമെന്ന് അഭ്യർത്ഥിച്ചു. സാർ സമ്മതിച്ചു. അങ്ങനെ ആദ്യ മായി സ്റ്റേജിൽ വന്നു. ഒരു കോമഡി റോളിൽ!. അടുത്തവർഷം ഞങ്ങളുടെ ടീമിനു മുൻഗണന കിട്ടി. അതും എനിക്ക് കോമഡി വേഷമായിരുന്നു. അതും വിജയിച്ചു. എസ്..അഭിലാഷ് ഇന്ന് മാവേലിക്കരയിൽ ചെട്ടികുളങ്ങരയാണ് താമസം. കേരളത്തിലെ ഒരറിയപ്പെടുന്ന യുക്തിവാദി. ഭാര്യ ലീല അഭിലാഷ്. മാവേലിക്കര

മുൻസിപ്പാലിറ്റിയുടെ മുൻ ചെയർപേഴ്സൺ. ജോൺ ഒരു വ്യവസായി മാവേലിക്കരയിൽ തന്നെ, മഞ്ജു ഇൻഡസ്ട്രിയൽ കിച്ചൻ മെഷീൻ കൺസൾട്ടന്റായി ബാംഗ്ലൂരിൽ. കലാധരനെ സ്കൂൾ ജീവിതത്തിനുശേഷം കാണാൻ സാധിച്ചിട്ടില്ല.

## രണ്ടണുഗുണ്ട്!

എന്റെ പത്താം ക്ലാസ് സഹപാഠിയായ രാജൻ കെ ജോൺ ഞങ്ങൾ സ്കൂൾ വിട്ടു 50 വർഷം തികയുന്ന അവസരത്തിൽ നടത്തിയ പൂർവ വിദ്യാർത്ഥി സംഗമത്തിൽ വച്ച് പറഞ്ഞ ഒരു നർമ്മം!

കൊച്ചുവർഗ്ഗീസ്സ് സാർ ക്ലാസ്സു തുടങ്ങുന്നത്, കഴിഞ്ഞ ക്ലാസ്സിൽ പഠിപ്പിച്ച ഒറ്റ വാക്കിൽ പറയാവുന്ന ഉത്തരത്തിനുള്ള ചോദ്യ വുമായാണ്! സ്ഥിരം! അന്നും അതു പോലെ തന്നെ! ഒന്നാം ബഞ്ചിലിരിക്കുന്ന ഒന്നാമനിൽ തുടങ്ങി ഏറ്റവും പിന്നിൽ: മൂലക്കിരികുന്ന ഞാൻവരെ ആരെയും വിടാതെ ചോദിക്കും!

ആരും ശരിയുത്തരം പറയുന്നില്ല!

പക്ഷെ സാർ ഒട്ടും നിരാശനല്ല!. എല്ലാവർക്കും തുല്യമായി കൈവെള്ളയിൽത്തന്നെ ചൂരൽക്കഷായം ചൂടോടെ വിളമ്പി! എന്റെ ഊഴം എത്തുന്നതെയുള്ളു. ഇനി രണ്ട് ബഞ്ചുകൂടിയുണ്ട്.

'എനിക്കുത്തരമറിയാം.' എന്റെ ഇടത് വശത്ത് മൂന്നാമതായിരിക്കുന്ന കരുണാകരൻ മെല്ലെ എന്നോടു ചോദിച്ചു. ഞാൻ പറഞ്ഞില്ല!

കരുണാകരൻ കെഞ്ചി' എന്നിട്ടും ഞാൻ പറഞ്ഞില്ല! അവൻ വാഗ്ദാനങ്ങളുമായി വന്നു. 'ഒരണു ഗുണ്ടു വാങ്ങിത്തരാം' വേണ്ട! പറഞ്ഞില്ല! ഓഫ്ഫർ കൂട്ടി. രണ്ട്; മൂന്ന്, നാല്: അഞ്ച് അണു ഗുണ്ടു വരെയെത്തി, ഇല്ല ഞാൻ തീർത്തു പറഞ്ഞു. പറയില്ല. (അണുഗുണ്ട് – ശർക്കര പാവുകാച്ചി ഉണ്ടാക്കുന്ന അന്നത്തെ ഒരു ഉണ്ടമിട്ടായി).

അപ്പോഴേക്കും കരുണാകരന്റെ ഊഴമെത്തി; ചൂരലുമായി സാറും!

കരുണാകരൻ കൈ നീട്ടിയില്ല! സാർ കോപത്തോടെ അവന്റെ മുഖത്തു നോക്കി: 'ഉത്തരം പറ: അല്ലങ്കിൽ കൈ നീട്ട്'. കരുണാകരൻ ഉത്തരം പറഞ്ഞു! സാറിന് സന്തോഷമായി. ഉത്തരം ശരിയാണ്! സാർ യജ്ഞം നിർത്തി' ഒരാളെങ്കിലും ഉത്തരം പറഞ്ഞ സന്തോഷത്തോടെ സാർ കസേരയിൽ പോയിരുന്ന് വിശ്രമിച്ചു. അന്നുച്ചക്ക് ഞാൻ രണ്ട് അണു ഗുണ്ടു വാങ്ങി കരുണാകരന് കൊടുത്തു. കരുണാകരൻ മിഴിച്ചു നിന്നു! ഞാനൊന്നും പറഞ്ഞില്ല!


പക്ഷെ ഇവിടെപ്പറയാം!

ഞാൻ ശരിയെന്ന് കരുതി പറയാൻ വച്ചിരുന്ന ഉത്തരം തെറ്റായിരുന്നു ഞാനത് കരുണാകരന് പറഞ്ഞു കൊടുത്തിരുന്നെങ്കിൽ: അവനും കിട്ടും, എനിക്കും കിട്ടുമായിരുന്നു.

കരുണാകരന്റെ സ്വഭാവഗുണത്താൽ പിന്നെ അവനെന്നെ ശരിക്ക് പെരുമാറിയേനെ!

അതു കൊണ്ട് രണ്ടണുഗുണ്ട്!

## പച്ചക്കുരുമുളകുകൊണ്ടൊരു മാജിക്ക്!



എവിടെനിന്നോ കിട്ടിയതാണ്. സ്കൂളിൽ ആരെയൊക്കെയോ കാട്ടി. ചിലർക്ക് മനസ്സിലായി. മനസ്സിലായവർ രഹസ്യമായി സംവദിച്ചു. മറ്റുള്ളവർ അതിശയിച്ചു.. അവർ അതേപ്പറ്റി പിന്നീട് ചിന്തിച്ചിട്ടേയുണ്ടാവില്ല.

മാജിക്ക് തുടങ്ങാം.

എന്റെകയ്യിൽ അഞ്ചു പച്ചക്കുരുമുളകുണ്ട്. ആർക്കു വേണമെങ്കിലും പരിശോധിക്കാം. (എല്ലാവരും എണ്ണി നോക്കുന്നു) ഇനി ഞാൻ ഓരോന്നായി ഊതി എന്റെ ചുരുട്ടിപ്പിടിച്ച ഇടതുകൈപ്പത്തിയിൽ വയ്ക്കും.. (ഒന്നെന്നു പറഞ്ഞ് രണ്ടു കുരുമുളക് എടുത്തിട്ടു ബാക്കിയെല്ലാം ഒന്നിച്ചു ഇടതു കൈവെള്ളയിൽവച്ച് വീണ്ടും ചുരുട്ടിപ്പിടിക്കുന്നു. എടുത്ത കുരുമുളക് ഊതിയ ശേഷം ചുരുട്ടിയ കൈപ്പത്തിയുടെ മുകളിൽ തള്ളവിരലിന്റെ ഭാഗത്തായി വയ്ക്കുന്നു. ഊതുമ്പോൾ കയ്യടക്കത്തോടെ ഒരെണ്ണം വായിലേക്ക് തിരുകുന്നു. അത് നാക്കിനടിയിലായി ഒളിപ്പിക്കുന്നു). ഇത് ഞാൻ എന്റെ ചെവിയിലേക്ക് തിരുകിക്കയറ്റുകയാണ്. (ആ ഒരു കുരുമുളക് എടുത്ത് ഒരു ചെവിയിലേക്ക് തിരുകിക്കയറ്റിയതായി അഭിനയക്കുന്നു. പക്ഷെ തിരുകുന്നത് കൈയ്യടക്കത്തോടെ കൈക്കുള്ളിലേക്കുതന്നെ. അങ്ങിനെ നാലു പ്രാവശ്യമായി നാലു കുരുമുളകും രണ്ടു ചെവിയിലും രണ്ടു മൂക്കുകളിലുമായി തിരുകിക്കയറ്റുന്നു. (കൈ മലർത്തി കാണിക്കുന്നു) നോക്കിൻ ഒന്നുമാത്രം ബാക്കി. നാലു കുരുമുളകുകളും മൂക്കിലും ചെവി യിലുമായി കയറ്റിക്കഴിഞ്ഞിരിക്കുന്നു.

എന്നാൽ മാജിക്കിതാണ്. ആ നാലുകുരുമുളകും എന്റെ വായിൽ വന്നിരിക്കുന്നു. ഇതാ നോക്കിൻ (വായിലുള്ള നാലു കുരു മുളകുകൾ വലതുകൈവെള്ളയിലേക്കു തുപ്പിക്കാണിക്കുന്നു. എല്ലാവർക്കും അതിശയം.

കുരുമുളക് കയ്യിൽ നിന്നും എടുക്കുമ്പോൾ ഒന്നല്ല രണ്ടാണ് എടുക്കുന്നത്. കയ്യടക്കത്തോടെ. അത് ഊതുമ്പോൾ ഒന്ന് വായി ലാകും. ശ്രദ്ധയോടെ ആരും മനസ്സിലാക്കാതെ! മറ്റൊന്നാണ് ചുരുട്ടിയ കൈമുകളിൽ വക്കുന്നത്. അവിടെനിന്നും എടുക്കുന്നു –എടുക്കുന്നില്ല അത് തിരുകി കയ്യിലേക്ക് കയറ്റി. എടുത്തു ചെവിക്കുള്ളിലേക്കു തിരുകുന്നതായി അഭിനയിക്കുകയാണ്!.

അങ്ങിനെ എല്ലാം അവസാനം ഒന്നധികം വരും

പലയിടത്തും വിജയിച്ചു. ചിലസ്ഥലങ്ങളിൽ പിടിക്കപ്പെട്ടു.

അപകടം അവിടെയല്ല. എന്റെ ഇളയ അനുജത്തി വസന്തകുമാരി ഈ മാജിക്ക് ഒന്ന് പരീക്ഷിച്ചു. രണ്ടു ചെവിയിലും തിരുകിക്കയറ്റി. കരച്ചിലും തുടങ്ങി. 'അമ്മ എത്ര ശ്രമിച്ചിട്ടും അത് പുറത്തെടുക്കാൻ സാധിച്ചില്ല. അച്ഛൻ വീട്ടിലില്ലതാനും. ആരെയോ വിട്ട് അച്ഛന്റെ ജ്യേഷ്ഠനെ വിളിപ്പിച്ചു. അദ്ദേഹം ഞൊടിയിടയിലെത്തി! ഒരു ചെവിത്തോണ്ടിയാൽ സംഗതി പുറത്തെടുത്തു. അച്ഛൻ വന്നപ്പോൾ അടികിട്ടിയതു എനിക്കാണ്.

ആ മാജിക്ക് അന്ന് നിർത്തി.

## എസ്.എസ് എൽ സി – കഷ്ഠിച്ചു പാസ്സായി!

ഒരു തിങ്കളാഴ്ചയായിരുന്നു പരീക്ഷയുടെ ഫലം വന്നത്. അന്നൊക്കെ എസ്എസ്എൽസി പരീക്ഷയുടെ ഫലം ന്യൂസ് പേപ്പർ വഴിയായിരുന്നു അറിയിച്ചിരുന്നത്. ഒട്ടും പ്രതീക്ഷയോടെയായിരുന്നില്ല എൻറെ രജിസ്ട്രേഷൻ നമ്പർ മനോരമ പേപ്പറിൽ തിരഞ്ഞത്! പക്ഷേ വിശ്വസിക്കാൻ കഴിഞ്ഞില്ല. പാസ്സായി. രണ്ടാഴ്ചയ്ക്ക് ശേഷം മാർക്ക്സ്കാർഡ് കിട്ടി. കണക്കിന് മുപ്പത്തിയഞ്ച്! അതും അടുത്തിരുന്ന സൈമൺ ജോർജിന്റെ സഹായത്താൽ തന്നെ! അന്നുവരെ യാതൊരു വിവേചന ബുദ്ധിയുമില്ലാതെ സസ്സന്തോഷം ജീവിച്ചിരുന്ന ഞങ്ങൾ പ്രായോഗിക ജീവിതാനുഭവങ്ങളുടെ ലോകത്തേക്ക് ചിന്നിച്ചിതറി. ഇന്നത്തെപ്പോലെയുള്ള ഒരു സാമൂഹ്യ മാധ്യമങ്ങളും ഞങ്ങളുടെ സൗഹൃദം നിലനിർത്താൻ അന്നില്ലായിരുന്നു. സൈമൺ ജോർജ് മാംഗ്ളൂരിൽ മണിപ്പാലിൽ TMA PAI എം.ബി.എ. കോളേജിൽ സീനിയർ ഡീൻ ആയി കുടുംബത്തോടെ മണിപ്പാലിൽ താമസം (പിന്നീടു തിരുവനന്തപുരത്തേക്ക് താമസം മാറിയെന്നാണ് അറിയുന്നത്.), അലക്സ് ന്യൂയോർക്കിലും, മൂസ്സത് ISRO യിലും, വിനോദ് ഇന്ത്യൻ ബാങ്കിലും, പ്രദീപ് FACT കളമ ശേരിയിലും, നൈനാൻ മഹാത്മാ ഗാന്ധി സർവകലാശാല യിലും, സോമൻ സ്കൂൾ ആർട്ട് മാസ്റ്ററായും, രാജൻ കെ ജോൺ

ഫിസിക്സ് പ്രൊഫസ്സർ ആയും, വർക്കി പുക പരിശോധന ബിസിനസ്സുകാരനായി, ജോജി ജോൺ ഡെന്റിസ്റ്റായും, ജോർജ് കേരള ഹാൻഡിക്രഫ്റ്സ് ഡിപ്പാർട്മെന്റിലും, രാധാകൃഷ്ണൻ ലണ്ടനിലും, ജോയ് സി, സുരേഷ് , എം വർഗീസ് , ജോസഫ്, ഉമ്മൻ എന്നിവർ UAE യിലും മറ്റുമായി നല്ല നിലയിൽ ജോലി ചെയ്തു ജീവിച്ചിരുന്നു.

## അമ്പതു വർഷങ്ങൾക്കു ശേഷം നടത്തിയ റീയൂണിയൻ



പക്ഷെ അഞ്ചു പതിറ്റാണ്ടുകൾക്കു ശേഷം പഴയ കൂട്ടുകാരെയെല്ലാം തിരഞ്ഞു പിടിച്ച് റീയൂണിയൻ സംഘടിപ്പിച്ചു. അവസരം കിട്ടിയപ്പോഴൊക്കെ ബാല്യകാല സ്മരണകൾ ആസ്വദിച്ചു.! വിനോദിന്റെ കഠിനാധ്വാനത്തിന്റെ ഫലമായി ആ ബാച്ചിലുള്ള എല്ലാ കൂട്ടുകാരുടെയും 50 വർഷത്തിന് ശേഷമുള്ള കുടുംബ ചിത്രവും പ്രൊഫൈലുമടങ്ങുന്ന ഒരു സ്മരണിക അച്ചടിച്ച് വിതരണം ചെയ്യുവാൻ സാധിച്ചു. എം.വർഗീസ്, വിനോദ്, സൈമൺ ജോർജ്, സുരേഷ് ബാബു, സോമൻ, പ്രദീപ്, ജോർജ്, ജോസഫ്, മൂസ്സത്, ഐപ്പ്, നൈനാൻ, ജോയ്സി തോമസ്സ്, ജോൺ, ലില്ലി, മേരി, മോളി, അലക്സ്, ജോസഫൈൻ, ഉമ്മൻ, മറിയാമ്മ, ജോജി. എന്നിവരാണ് പെട്ടെന്ന് ഓർമ്മയിൽ വരുന്നത്.

ഇക്കൂട്ടത്തിൽ ഞങ്ങളുടെ പ്രിയങ്കരനായിരുന്ന നൈനാൻ (മോനി) 2020 സെപ്തംബർ 8നു രാത്രി 11 മണിക്ക് ഞങ്ങളെ

വിട്ടുപിരിഞ്ഞു. ഹൃദയാഘാതമായിരുന്നു!. ലോകത്തിന്റെ പല ഭാഗങ്ങളിലായിട്ടുള്ള ഞങ്ങളെല്ലാവരും നൈനാന്റെ ആത്മാവിന് നിത്യശാന്തിക്കുവേണ്ടി പ്രാത്ഥിച്ചു. ഭാര്യ മോളിയുടെയും മറ്റു കുടുംബാംഗങ്ങളുടെയും ദുഃഖത്തിൽ പങ്കുകൊണ്ടു.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനിടയിൽ മൂന്നുവർഷം എൻ.സി. സി.യിലുണ്ടായിരുന്നു. രണ്ട് സമ്മർ ട്രെയിനിങ് ക്യാമ്പുകളിൽ പങ്കെടുത്തു. ഒന്ന് പുനലൂർ ഗവണ്മെന്റ് ഹൈസ്കൂളിലും, മറ്റൊന്ന് മാവേലിക്കര ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും. പത്തു ദിവസം നീണ്ടു നിന്ന മാവേലിക്കരയിലെ ക്യാമ്പ് കഴിഞ്ഞു വരുന്ന ദിവസം അമ്മച്ചി (അച്ഛന്റെ അമ്മ) മരണവുമായി മല്ലടിക്കുകയായിരുന്നു. പലതവണ എന്നെ കാണണം എന്ന് പറഞ്ഞിരുന്നു പോലും. അവസാനം കണ്ടു. കൂടുതൽ കിടന്നില്ല. ഈ ലോകത്തോട് യാത്ര പറഞ്ഞു. അമ്മച്ചിയുടെ മരണാനന്തര കർമ്മങ്ങളെല്ലാം ഞാൻ തന്നെയാണ് ചെയ്തത്. രണ്ടാൺമക്കളും, പതിനൊന്ന് കൊച്ചുമക്കളുമുണ്ടായിരുന്നെങ്കിലും എനിക്കാണ് ആ ഭാഗ്യം ലഭിച്ചത്.

## ഹൈസ്കൂൾ വിദ്യാഭ്യാസം അവസാനിക്കുന്നു.

പത്താം ക്ലാസ്സിൽ എത്തി ആ വർഷം നാടകം അവതരിപ്പിക്കാൻ ഞങ്ങളെ ക്ഷണിച്ചില്ല. അൽപം പരിഭവമുണ്ടായിരുന്നെങ്കിലും, പ്രേക്ഷകരായി ഞങ്ങൾ കലാപരിപാടികളിൽ പങ്കെടുത്തു. പക്ഷേ ചില കുട്ടികൾ കൂവി ബഹളമുണ്ടാക്കി. ഞങ്ങളാരും അതിലില്ലായിരുന്നെങ്കിലും അന്നത്തെ ഹെഡ്മാസ്റ്റർ ജോൺ വി തോമസ് സാർ ഞങ്ങളെ സംശയിച്ചു. അടുത്ത ദിവസം എന്നെയും എന്റെ സുഹൃത്തുക്കളായ മറ്റ് ആറുപേരെയും ഓഫീസിൽ വിളിപ്പിച്ചു കുറെ അധികം സംസാരിച്ചു. ശാസിച്ചു. അടുത്ത ടൗണിൽ താമസിക്കുന്ന ഒരു പെൺകുട്ടി ഞങ്ങളുടെ ക്ലാസ്സിൽ ഉണ്ടായിരുന്നു. അവളെ കളിയാക്കിയതാണെന്നാണ് കുറ്റം. 'എടാ ആവശ്യത്തിലധികം മുലപ്പാൽ കുടിച്ചിട്ട് ആ സ്ഥാനത്ത് നോക്കി പല്ലിളിച്ച നിങ്ങൾ എങ്ങനെയാണ് നന്നാവുക' എന്ന് ഹെഡ് മാസ്റ്റർ ജോൺ.വി.തോമസ് സാർ ആക്രോശിച്ചു. ഞങ്ങളുടെ നിരപരാധിത്വം തെളിയിക്കാൻ ശ്രമിച്ചു. അദ്ദേഹത്തിൻറെ

മനസ്സ് മാറ്റിയെടുക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. അങ്ങനെ സ്കൂൾ ഫൈനൽ പരീക്ഷ എഴുതി ഹൈസ്കൂൾ വിദ്യാഭ്യാസം അവസാനിക്കുമ്പോൾ ഒരു ഗുരുശാപവുമായി ആ സരസ്വതി ക്ഷേത്രത്തിൻറെ പടിയിറങ്ങി!

## കൊച്ചു കളീക്കൽ ഭാർഗ്ഗവിയമ്മ.

അച്ഛന്റെ അമ്മക്ക് രണ്ടാണ്മക്കളായിരുന്നു. പെണ്മക്കളില്ലാത്തതിൽ മനസുവിഷമിച്ച അച്ചമ്മ സഹോദരങ്ങളാരുമില്ലാത്ത അയൽവാസി യായ ഭാർഗ്ഗവിയമ്മയെ മകളായി കണക്കാക്കി ഓമനിച്ചു വളർത്തി. ഞങ്ങൾ അപ്പച്ചിയെന്നു വിളിച്ചു. കുടുംബത്തിലുണ്ടായിരുന്ന ഉൾപ്പോരുകളും ദാരിദ്ര്യവും മറ്റും നിലനിൽക്കുന്നതിനാൽ ഭാർഗ്ഗവിയമ്മ അച്ഛമ്മയോടടുത്തു. വളരെയധികം ദൈവഭക്തി യുണ്ടായിരുന്ന അപ്പച്ചി ആ പ്രദേശത്തുള്ള എല്ലാ ക്ഷേത്രങ്ങളിലും കാൽനടയായി പോയി ദർശനം നടത്തുക പതിവായിരുന്നു. ദൈവഭക്തിമാത്രമല്ല ആയമ്മ ഒരു വലിയ മനുഷ്യ സ്നേഹിയുമായിരുന്നു. ആരോടും ഒരു പരിഭവവുമില്ലാതെ എല്ലാവരെയും സ്നേഹിച്ചിരുന്നു.

അച്ഛൻ ഞങ്ങളെ അടിക്കുവാൻ പിടിക്കുമ്പോൾ അപ്പച്ചിയുടെ സഹായം വലിയ നേട്ടമായിരുന്നു. അപ്പച്ചിയുടെ മകൻ സദാശിവൻ പിള്ള എന്റെ ബാല്യകാലം തൊട്ടുള്ള സുഹൃത്താണ്.

അപ്പച്ചിയുടെ സഹജീവി സ്നേഹവും എടുത്തുപറയേണ്ടതാണ്. പറമ്പിൽ പലയിടത്തും 'മൂർക്കറ്റം' എന്ന് പറയുന്ന ഒരു മരമുണ്ട്. ഈ മരത്തിൽ നിന്നുമുള്ള ചെറിയ കായ പണം തന്നു പറിച്ചുകൊണ്ടു പോകാൻ ആളുകൾ വരും. ഈ കായ കൊണ്ട് നമുക്ക് ഒരു പ്രയോജനവുമില്ല. അതിനാൽ അച്ഛൻ ഇതെല്ലാം അവർക്കു കൊടുത്തു കാശുവാങ്ങിക്കും. അപ്പച്ചിയുടെ പറമ്പിലുള്ളവ വിൽക്കില്ല. കാരണം അപ്പച്ചി തന്നെ പറയാറുണ്ട്.' അതവിടെ നിന്ന് പഴുത്താൽ ഒത്തിരി കിളികൾക്കുള്ള ഭക്ഷണമായി. ആ കിളികൾക്കു ദൈവം കൊടുത്ത ഭക്ഷണമാണ്. അതുവിറ്റിട്ടുള്ള കാശെനിക്കു വേണ്ട'. തികച്ചും അർത്ഥവത്തായ ഒരു തീരുമാനം! ആ മനസുകാണാൻ മറ്റെന്താണ് വേണ്ടത്?

## മധുരം കൗമാരം

എട്ടാം ക്ലാസിൽ പഠിക്കുന്ന അവസരത്തിലാണെന്നു തോന്നുന്നു അതു വരെ ഞങ്ങൾക്ക് യാതൊരു പരിചയമില്ലാതിരുന്ന ഒരു ബന്ധു വീട്ടിൽ അച്ഛൻ ഞങ്ങളെ കൊണ്ടു പോയി. അച്ഛന്റെ അകന്ന ഒരു ബന്ധുവാണ്. അച്ഛന് വകയിലൊരു കുഞ്ഞമ്മയുടെ മക്കൾ. അന്നവിടെ കുത്തിയോട്ടമായിരുന്നു. രാത്രി ഏകദേശം ഒരുമണിവരെ കുത്തിയോട്ട പാട്ടും ചുവടുകളുമായിരുന്നു. അതുകഴിഞ്ഞപ്പോൾ ഉറക്കം വന്നു. ആരോ കൊണ്ടുപോയി കിടത്തി. കൂടെ മറ്റു കുറേ കുട്ടികളുമുണ്ട്. രാവിലെ ഉണർന്നു നോക്കുമ്പോൾ സമപ്രായക്കാരായ കുറേ കുട്ടികൾ! ആ അപ്പച്ചിക്ക് ഒരു മകളുണ്ട്. ഞങ്ങൾ എല്ലാവരും ചേർന്ന് കളി തുടങ്ങി. അച്ഛനും അമ്മയും കുത്തിയോട്ടത്തിന്റെ കൂടെ ചെട്ടികുളങ്ങര അമ്പലത്തിലേക്ക് പോയി. തകർപ്പൻ കളി. പുതിയ അന്തരീക്ഷം പുതിയ സുഹൃത്തുക്കൾ. പോരെങ്കിൽ സുന്ദരിക്കുട്ടിയായ ഒരു മണിയക്ക! തന്നെക്കാൾ മൂത്തത് ആണെന്ന് തോന്നി മണിയക്കയെന്നാണ് വിളിച്ചിരുന്നത്. അച്ഛനും അമ്മയും വന്നു. അവരോട് ഞങ്ങൾ കെഞ്ചി. നാളെ പോകാം. അമ്മ സമ്മതിച്ചു. അച്ഛൻ ഒന്നും മിണ്ടിയില്ല. അവർ അന്നു പോയി. ഞങ്ങൾ കളി തുടർന്നു. അടുത്ത ദിവസം അച്ഛൻ വന്നു. ഞങ്ങളെ കൂട്ടി വീട്ടിലേക്ക് പോന്നു. മണിയക്കയെ ഞങ്ങടെ വീട്ടിലേക്ക് ക്ഷണിച്ചു. അന്ന് വന്നില്ല.

കുറെ മാസങ്ങൾക്ക് ശേഷം മണിയക്കയും അവരുടെ അമ്മയും ഒക്കെ ആയി വീട്ടിൽ വന്നു. അന്ന് വീട്ടിൽ ഉത്സവമായിരുന്നു!. പക്ഷേ അതിനകം മനസ്സിലായി; അവൾ തന്നെക്കാൾ ഇളയതാണെന്നും, മാത്രമല്ല അവൾ തന്റെ മുറപ്പെണ്ണാണെന്നും!

മനസ്സിൽ ഒരു കുളിർമ്മ അനുഭവപ്പെട്ടു മറ്റു ചിന്തകളെല്ലാം പോയി. ഒരു നല്ല കൂട്ടുകാരിയെ കിട്ടിയ സന്തോഷം. താൻ പതിവിലുപരി ഉന്മേഷവാനായി കണ്ട് അമ്മയ്ക്ക് കാര്യം മനസ്സിലായി. അത് രാത്രിയിൽ ഭക്ഷണം കഴിക്കുമ്പോൾ അവളുടെ അടുത്താണ് ഇരുന്നത്. മുട്ടിയിരുന്ന് ഭക്ഷണം കഴിച്ചു. അന്ന് ഉറക്കത്തിൽ കുറെ സ്വപ്നം കണ്ടു.

രാവിലെ ഉണർന്നു മൂത്രമൊഴിക്കാൻ പോയി. പേടിച്ചു

പോയി മൂത്രമൊഴിക്കുന്ന അവയവത്തിൽ കുറെ പഴുപ്പുപോലെ കാണുന്നു. കഴുകിക്കളഞ്ഞെങ്കിലും മനസ്സനുവദിച്ചില്ല. എന്തോ രോഗമാണെന്ന് കരുതി. ഓടിപ്പോയി അമ്മയോട് രഹസ്യമായി പറഞ്ഞു.'അമ്മ സമാധാനിപ്പിച്ചു. 'സാരമില്ല മോനെ. അച്ഛനും ചെറുപ്പത്തിൽ ഇങ്ങിനെ വന്നിരുന്നു. പേടിക്കാനൊന്നുമില്ല. മാറിക്കോളും'.

അതിനു ശേഷം അമ്മ എന്നെ വിളിച്ച് വീടിന്റെ പിൻവശത്തേക്കു കൊണ്ടു പോയി. ഒരു താക്കീതു നൽകി. ഒരുപദേശം!. 'മോനെ അവൾ വേണ്ട; അവൾ നിന്റെ അനുജത്തിയാണ്. നമുക്കു വേറെ നല്ല പെണ്ണിനെ നോക്കി കല്യാണം കഴിക്കാം'. സ്തംഭിച്ചു പോയി! അമ്മ തന്നെ മനസ്സിലാക്കിയിരിക്കുന്നു. 'എനിക്കങ്ങനൊന്നു മില്ലമ്മേ' എന്നും പറഞ്ഞു തടിതപ്പി. എന്തായാലും അവളോടു തോന്നിയ അനുരാഗം അവിടെവച്ച് നശിച്ചു. അത് എന്റെ മനസ്സി നുള്ളിൽ ഒരിക്കലും മുളയ്ക്കാത്ത വിത്തായിത്തന്നെ പിൽക്കാലം നിലനിന്നു.. ആ ബാല്യകാല സഖി ഇതിനോടകം കാല യവനികയ്ക്കുള്ളിൽ മറഞ്ഞു!

## മദ്ധ്യവേനലവുധി തിമിർത്തിരുന്നു

എട്ടാം ക്ലാസിൽ പഠിക്കുന്ന വർഷം. ഒരു മദ്ധ്യവേനലവധി കാലം. തകർപ്പൻ കളിയാണ്. കളിയിൽ അടുപ്പുണ്ട്; അരി വെപ്പുണ്ട്, വിളമ്പൊണ്ട്, പോസ്റ്റുമാനുണ്ട്!. കത്തുണ്ട്! കളി രാവിലെ മുതൽ സന്ധ്യ വരെ! എന്റെ നാലു സഹോദരങ്ങളും പിന്നെ വലിയച്ഛന്റെ ആറു മക്കളും. ചിലപ്പോൾ മണിയും! ഒരു നല്ല ബറ്റാലിയൻ.!

കളി പലപ്പോഴും അവസാനിക്കുന്നത് തമ്മിലടിയിലായിരിക്കും. വലിയച്ഛന്റെ മകൻ രാജേന്ദ്രൻ ചേട്ടൻ നല്ല ഇടിക്കാരനാണ്! മൂകനും, ബധിരനുമായ അദ്ദേഹം പെട്ടെന്നാണ് ക്ഷോഭിക്കുന്നത്. അപ്പച്ചിയുടെ മകൾ മണി മിക്കവാറും ടീമിലുണ്ടാകും. വഴക്കിനെല്ലാം തീരുമാനമുണ്ടാക്കുന്നതു രാധയക്കയാണ്.

അക്കാലത്തുള്ള മദ്ധ്യവേനലവുധിക്കാലമെല്ലാം ഞങ്ങൾ തിമിർത്തിരുന്നു

## ഒരു തേങ്ങാ മോഷണം

ഒരു ദിവസം ഞാനും അനുജൻ മണിയനും (മോഹൻദാസ്സ്) ചേർന്ന് ഒരു മോഷണം നടത്തി. അതൊരു തരത്തിൽ ഒരു പ്രതികാരം തീർക്കുകയായിരുന്നു.! ഞങ്ങളുടെ പറമ്പിൽ തന്നെ (തേങ്ങാ) കൊപ്ര കച്ചവടം നടത്തുന്ന അലിയാര് മുതലാളി ഒരു മുശടനാണ് 'തേങ്ങയ്ക്ക് സാധാരണ രണ്ട് രൂപ വില വരുന്ന സമയത്ത് പോലും ഞങ്ങൾക്കു തരുന്നത് അമ്പതു പൈസയാണ്! അയാൾക്കറിയാം ഞങ്ങളിത് അച്ഛനറിയാതെ ചെയ്യുന്ന ഒരു ബിസിനസാണെന്ന്. അതിന് ഒരു പ്രതികാരം ചെയ്യാൻ തീരുമാനിച്ചു. പ്ലാൻ തയ്യാറാക്കി. ഞാൻ മണിയനോട് വിവരിച്ചു പറഞ്ഞു. കടയുടെ പിന്നിൽ അയാളുടെ കുറെയധികം തേങ്ങകൾ കൂട്ടിയിട്ടിരിക്കുന്ന സ്ഥലത്തുനിന്ന് രണ്ടു തേങ്ങ എടുത്തു മുന്നിൽ അയാൾ ഇരിക്കുന്ന സ്ഥലത്ത് കൊണ്ടിടുക. എന്നിട്ടു അയാളോട് പൈസ ചോദിക്കണം. തീരുമാനിച്ചു.

രണ്ടുപേരും രണ്ടു തേങ്ങ വീതം എടുത്തു ശബ്ദമുണ്ടാക്കാതെ തന്നെ മുൻവശത്ത് കൊണ്ടുപോയി മുതലാളിക്ക് കൊടുത്തു. അയാൾ അതെടുത്തൊന്ന് കുലുക്കി നോക്കി. പതിവുപോലെ ഒന്നിന് അമ്പതു പൈസ വെച്ചിട്ടു രണ്ട് രൂപ തന്നു. ഞങ്ങൾ അത് വീതിച്ചെടുത്തു. ഈ പരിപാടി പലതവണ നടത്തി. പക്ഷെ ഒരിക്കൽ എന്റെ അറിവില്ലാതെ അവൻ (മണിയൻ) തനിച്ച് ഈ വിദ്യ പ്രയോഗിച്ചു. അവൻ പിന്നിൽനിന്ന് രണ്ടു തേങ്ങ എടുത്തു മുന്നിൽ കൊണ്ട് കൊടുത്തിട്ട് തിരിഞ്ഞു നോക്കുമ്പോൾ കഷ്ടകാലത്തിന് മുതലാളി പിന്നിൽ നിൽക്കുന്നു! അയാൾ ഒരു കൂസലും കൂടാതെ മണിയനോട് പറഞ്ഞു.

'കുഞ്ഞവിടട്ടിട്ടുപോ, അച്ഛനിതുവഴി വരുമ്പോൾ ഞാൻ കാശ് കൊടുത്ത് അയച്ചേക്കാം'

മണിയന് അബദ്ധം മനസ്സിലായി!. മണിക്കൂറുകൾക്ക് ശേഷം അച്ഛൻ അതുവഴി വരുമ്പോൾ അയാൾ അച്ഛനോട് നടന്നതെല്ലാം പറഞ്ഞു. 'മോൻ എന്നെ പറ്റിച്ചു സാറെ'! എല്ലാം വിവരിച്ചു. അച്ഛൻ ഒന്നും മിണ്ടിയില്ല. നേരെ വീട്ടിലേക്ക് വന്നു വലിയൊരു വടി വെട്ടി റെഡിയാക്കി. മണിയനെ പൊതിരെ തല്ലി. അവൻ കുറ്റം സമ്മതിച്ചു. ഞാൻ വളരെ ഭയത്തോടെ ദൂരെ കാത്തു

നിൽക്കുകയായിരുന്നു. എന്റെ പേരെങ്ങാനും പറയുമോന്ന് ഭയന്ന്. പക്ഷേ അവൻ പറഞ്ഞില്ല.

## ഏവൂർ ആറാട്ട് – ഒരു ഗ്രാമോത്സവം.

ഇന്നും വളരെ ആർഭാടമായി ആഘോഷിക്കുന്ന ഒരു ഗ്രാമോത്സവമാണ് ഏവൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ ആറാട്ടുത്സവം. പത്തു ദിവസം കൊടിയേറി ഉത്സവ ക്രമങ്ങൾക്കു ശേഷം പത്താം ദിവസം കൊടിയിറക്കുന്നത് ഭഗവാനെ ആനപ്പുറത്തെഴുന്നള്ളിച്ചു മുട്ടത്തു ആറാട്ടുകൊട്ടാരത്തിലുള്ള കുളത്തിൽ വന്നു കുളിച്ചു തിരിച്ചുപോയശേഷമാണ്. പൂജാരി ഭഗവാന്റെ വിഗ്രഹം നെഞ്ചോട് ചേർത്ത് കുളത്തിൽ മന്ത്രോച്ചാരണങ്ങളോടെ മുങ്ങിക്കുളിച്ചാലുടൻ കുളത്തിന്റെ നാലുഭാഗങ്ങളിലായി തയ്യാറായി നിൽക്കുന്ന ഭക്തർ കുളത്തിലേക്ക് ചാടുകയായി. പൂജാരി വിഗ്രഹവുമായി ക്ഷേത്രത്തിനുള്ളിലേക്കു ഓടിക്കയറുന്നതിനിടയിൽ ഭക്തർ മുങ്ങിക്കുളിച്ചു നനഞ്ഞ വസ്ത്രത്തോടു ക്ഷേത്രത്തിനു ചുറ്റും ശയന പ്രദക്ഷിണമായി. ആർപ്പുവിളിയും ശരണ മന്ത്രങ്ങളുമായുള്ള ആറാട്ടു ചടങ്ങുകളും, മേൽപറഞ്ഞ ആറാട്ടു കൊട്ടാരത്തിന്റെ സമീപത്തുമുള്ള ഇരിപ്പൂ നിലങ്ങൾ ഉത്സവപ്പറമ്പായി മാറുന്നതും കണ്ടിരിക്കേണ്ട ഒരു ഗ്രാമോത്സവം തന്നെ..

ഏവൂർ ആറാട്ടിന്റെ അന്ന് രാത്രി എല്ലാ വീടുകളിലും സമൃദ്ധമായ ഭക്ഷണമാണ്. അത്താഴസദ്യ. ആറാട്ടു കഴിഞ്ഞു ഭഗവാൻ തിരിച്ചു ഏവൂർ ക്ഷേത്രത്തിൽ എത്തിയാൽ വെടിക്കെട്ടുണ്ടാവും അതിനു ശേഷമാണു അത്താഴം വിളമ്പുക. വീട്ടിലെ എല്ലാ ജോലിക്കാർക്കും, സദ്യയുണ്ടാവും. രാത്രിയായതിനാൽ അവ രുടെ കുട്ടികൾക്ക് വരാൻ പറ്റിയില്ലെങ്കിൽ അവർക്കുള്ള ഭക്ഷണ പൊതിയുമായിട്ടാണ് ജോലിക്കാർ മടങ്ങുന്നത്.

## മറ്റൊരു ഗ്രാമോത്സവം. സംക്രാന്തിയും, വള്ളം കളിയും

ഏവൂർ ആറാട്ടും, ഓണാഘോഷങ്ങളും മറ്റും നടക്കുമ്പോൾ താഴ്ന്ന ജാതിയിൽ പെട്ടവരെന്നു മുദ്രകുത്തിയ പുലയർ

സമുദായത്തിൽപ്പെട്ട ചുറുചുറുക്കാർന്ന സഹോദരങ്ങളുടെ ഉത്സവം സംക്രാന്തിയാണ്. അതിൽ പ്രധാനം വള്ളംകളിയാണ്. ഏവൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിനു അടുത്തുവരെ വള്ളം കൊണ്ടിട്ടിട്ടു വള്ളപ്പാട്ടും പാടി തുഴയും ഉയർത്തി പിടിച്ചു ക്ഷേത്ര നടയിൽ വന്നു ആശിർവാദവും വാങ്ങി കരിപ്പുഴ ആറ്റിലേക്ക് തുഴയുകയാണ്. മൂന്നും നാലും കൂട്ടങ്ങളായുള്ള ചെറു ചുരുളൻ വഞ്ചികളുടെ കുതിപ്പ് ആറിന് ഇരുവശവും നിൽക്കുന്ന കാണികളെ അമ്പരപ്പിക്കുന്നതാണ്.

## കുസൃതിനിറഞ്ഞ ചെറുപ്പം!

എന്നും എന്തെങ്കിലും ഒരു പുതിയ സംഭവമുണ്ടാകും. ഇല്ലങ്കിൽ ഉണ്ടാക്കും! ഇതിനെല്ലാം സഹായി അനുജൻ മണിയെന്നെ മോഹൻദാസാണ്. ചുമ്മാ ഐഡിയ കൊടുത്താൽ മതി അവൻ ചെയ്തോളും ബാക്കി!

അച്ഛൻ കായങ്കുളത്തുനിന്ന് വാങ്ങിവന്ന എന്തോ പൊതിക്കെട്ട് റബ്ബർ ബാൻഡുപയോഗിച്ചാണ് പായ്ക്ക് ചെയ്തിരുന്നത്. ആ റബ്ബർ ബാൻഡ് കണ്ടപ്പോൾ ഐഡിയ തോന്നി. ഞാനതും എടുത്ത് തെക്കേ മുറിയിലേക്ക് പോയി. മണിയൻ കൂടെ വന്നു. സാമാന്യം കട്ടിയുള്ള ഒരീർക്കിൽ എടുത്തുവരാൻ പറഞ്ഞു. ഉടനെ അവൻ അത് കൊണ്ടുവന്നു. ഈ ഈർക്കിലും റബ്ബർബാൻഡുമുപ യോഗിച്ച് ഒരു വില്ലുപെലെയുണ്ടാക്കി. ഈർക്കിലിന്റെ ഒരു ചെറിയ കഷണം റബർ ബാൻഡിൽ ഇട്ടുനന്നായി തിരിച്ചു ചുറ്റി. കൈ വിട്ടാൽ ആ ഈർക്കിലിന്റെ ചെറിയ തുണ്ടു ശക്തിയായി. കറങ്ങും ചിലപ്പോൾ തെറിച്ചുപോകും. ഈ യന്ത്രം ഒരു കടലാസ്സിൽ പൊതിഞ്ഞ് ഭദ്രമായി മെയിൻ റോഡിന്റെ സൈഡിയിലായി അതുവഴി നടന്നു പോകുന്നവർ കാണുന്നപോലെയിട്ടു. പൊതികണ്ടാൽ ഒരു ചെറിയ പണപ്പൊതിപോലെ തോന്നും ഞങ്ങൾ അടുത്തുള്ള മാവിൽക്കയറി കാത്തിരുന്നു. അതാ ഒരു മാന്യൻ വരുന്നു. അയാൾ അതൊന്നു നോക്കി കാലുകൊണ്ടൊന്നു തട്ടി. മുന്നോട്ടു നടന്നു. പെട്ടന്ന് നിന്ന് ചുറ്റുമൊന്നു നോക്കി. ആരുമില്ല. മെല്ലെ രണ്ടടി പിന്നോട്ട് വന്നു. പൊതിയെടുത്തു. വീണ്ടും പരിസരമൊക്കെ നോക്കി. ആരുമില്ലെന്ന്

ബോദ്ധ്യം വന്നു. പൊതിയഴിച്ചു. ടർ ർ ർ '– അയാൾ ഞെട്ടി! പൊതിയെറിഞ്ഞു പുറകോട്ടു ചാടി. വീണ്ടും പരിസരമൊക്കെ നോക്കി. മെല്ലെ കാലുകൊണ്ട് ആ അഴിഞ്ഞപ്പൊതി ഒന്നുകൂടി തട്ടി. പിന്നെ കയ്യിലെടുത്തു. സാധനം കണ്ടശേഷം ഒറ്റ ഏറ്!. എന്തൊക്കെയോ പിറുപിറുത്തുകൊണ്ട് വേഗത്തിൽ നടന്നു.

ഞങ്ങൾ അടുത്തുള്ള ഒരുമരത്തിന്റെ മുകളിരിന്നു ഇത് കണ്ടു രസിച്ചു..!

## ഭഗവാൻ തങ്കപ്പൻ

പത്തൊൻപതു വയസുവരെയാണ് ഞാൻ മുട്ടത്തു ജീവിച്ചിരുന്നത്. ഈ കാലത്തുള്ള ഓർമയിൽ പൊന്തിവരുന്ന മറ്റൊരു മഹാ മനസ്കനാണ് ഭഗവാൻ തങ്കപ്പൻ. മുട്ടത്തെ മഹാദേവർ ക്ഷേത്രത്തിന്റെ പ്രവർത്തനങ്ങൾക്കായി ജീവിതം പോലും ഉഴിഞ്ഞുവച്ച തങ്കപ്പനെ നാട്ടുകാർ ഭഗവാൻ തങ്കപ്പനെന്ന ഓമന പ്പേരിട്ടാണ് വിളിച്ചിരുന്നത്. തങ്കപ്പനോടൊപ്പം ക്ഷേത്രത്തിനുവേണ്ടി പ്രവർത്തിക്കുവാൻ എനിക്കും അവസരമുണ്ടായിട്ടുണ്ട്. ചിറപ്പുകൾക്കും, ഉത്സവ പരിപാടികൾക്കും മറ്റുമുള്ള പിരിവിനായി രാവിലെ മുതൽ രാത്രിവരെ വീടുവീടാന്തരം കയറിയിറങ്ങിയിട്ടുണ്ട്. ക്ഷേത്രത്തിനു മുന്നിലുള്ള ഓലകെട്ടിയ പന്തൽ മാറ്റി സിമന്റ് കെട്ടിടം സ്ഥാപിക്കുവാനും. തൊട്ടടുത്തു കിടന്നിരുന്ന സ്ഥലം ക്ഷേത്രത്തിനായി വാങ്ങി ക്ഷേത്രവാതിലിലൂടെയുള്ള പൊതുവഴി മാറ്റി ചുറ്റുമതിൽ കെട്ടുവാനും മറ്റും കഴിഞ്ഞത് തങ്കപ്പന്റെ വിശ്രമില്ലാതെയുള്ള പരിശ്രമത്തിന്റെ ഫലമായിട്ടാണ്. പിൽക്കാലത്തു സ്ഥലം വാങ്ങുന്നതിനായി ഒരു സെന്റിന്റെ പണം നൽകണമെന്ന തങ്കപ്പന്റെ അഭ്യർത്ഥനയോട് ഞാൻ സഹകരിച്ചിരുന്നു.

## ടി.കെ.മാധവ മെമ്മോറിയൽ കോളിജിൽ

1971–ൽ എസ്.എസ്.എൽ.സി പാസായതും നങ്ങ്യാർകുളങ്ങര ടി.കെ.മാധവ മെമ്മോറിയൽ കോളേജിൽ പ്രീ ഡിഗ്രിക്കു അഡ്മിഷൻ കിട്ടാനുള്ള ശ്രമവുമായി അച്ഛൻ കോളേജിലെത്തി. അക്കാലത്തു ഒരു സാധാരണക്കാരനായ കർഷകനു താങ്ങാൻ

പറ്റുന്നതിലുമധികം സംഭാവനയും അതുപോലെയുള്ള ഫീസും ആയിരുന്നതിനാൽ അന്നുതന്നെ അഡ്മിഷൻ എടുക്കാൻ അച്ഛനു പറ്റിയില്ല. അച്ഛൻറെ സുഹൃത്തായ ഭാസ്കരൻ ചാന്നാരെ പോയി കണ്ടു. അദ്ദേഹം കോളേജിൻറെ ഭരണസമിതിയിലെ അംഗമായിരുന്നു. ചില വ്യവസ്ഥകളോടെ തുകയ്ക്കു കുറച്ചു ഇളവ് അനുവദിച്ചു. അഡ്മിഷൻ എടുത്തു പ്രീഡിഗ്രി ഫസ്റ്റ് ഗ്രൂപ്പ്; ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, മലയാളം ഫസ്റ്റ് ലാംഗ്വേജ്.

ഒരു കോളേജ് ജീവിതത്തിന്റെ ആരംഭമായിരുന്നു. ആസ്വദിച്ചു പഠിച്ചിരുന്നത് മലയാളം തന്നെ. മറ്റുള്ളവയെല്ലാം ഒരു തലവിധിയെന്ന പോലെ മനസ്സിൽ കരുതി സഹിച്ചു. മലയാളം പഠിപ്പിച്ചിരുന്നത് ബഹുമാന്യനും ആദരണീയനുമായ വാസു സാറാണ്. രസകരമായ വിവരണങ്ങൾ. അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ വിഷയം കൈകാര്യം ചെയ്യുമ്പോൾ മലയാളത്തിന്റെ മധുരിമ ആവോളം ആസ്വദിക്കാൻ സാധിച്ചു. മാത്രമല്ല; അതോടെ മലയാളത്തിനോടുള്ള മമതയും മാധുര്യവും കൂടുതലായി രക്തത്തിലലിഞ്ഞു ചേർന്നു. അദ്ദേഹം ക്ലാസുകൾ എടുക്കുമ്പോൾ അങ്ങേയറ്റം ആസ്വദിച്ചിരുന്ന വാമനൻ നമ്പൂതിരിയെപോലുള്ള ചില സുഹൃത്തുക്കൾ മാത്രം ഇന്നും മനസ്സിലുണ്ട്. വാമനൻ നമ്പൂതിരി പിൽക്കാലത്തു ഇംഗ്ലീഷ് ഭാഷാസാഹിത്യത്തിൽ ഡോക്ടറേറ്റ് എടുത്തു ടൈംസ് പോലുള്ള ലോകപ്രശസ്തമായ പ്രസിദ്ധീകരണങ്ങളിൽ സ്ഥിരം കോളമിസ്റ്റ് ആയിത്തീർന്നു.

## കാളകൂടം കയ്യെഴുത്തു മാസിക

കാളകൂടം എന്ന ആക്ഷേപ ഹാസ്യ കയ്യെഴുത്തു മാസികയാണ് എന്റെ ആദ്യ പ്രസിദ്ധീകരണം. ഇതിനൊരു നിമിത്തവുമുണ്ടായിരുന്നു. എന്റെ സഹപാഠി വാമനൻ നമ്പൂതിരി ഒരു കയ്യെഴുത്തു മാസിക തുടങ്ങി. അതിലേക്കു എന്നോടും എഴുതാൻ പറഞ്ഞു. ഞാൻ എഴുതി. പക്ഷെ അത് പ്രസിദ്ധീകരിച്ചില്ല. കാരണം തിരക്കിയപ്പോൾ 'അത് പ്രസിദ്ധീകരണ യോഗ്യമല്ല' എന്നായിരുന്നു വാമനന്റെ മറുപടി. അതെന്നെ

വിഷമിപ്പിച്ചു. ഒട്ടും താമസിച്ചില്ല ഞാൻ എന്റേതായ കയ്യെഴുത്തു മാസിക തുടങ്ങി 'കാളകൂടം'. ക്യാമ്പസിലെയും ചുറ്റുമുള്ള പ്രദേശങ്ങളിലെയെയും വാർത്തയടക്കമുള്ള A3 വലിപ്പത്തിൽ എട്ടു പേജുകളുള്ള കാളകൂടം കയ്യെഴുത്തു മാസിക കാമ്പസിൽ പ്രസിദ്ധമായി. എന്നെപ്പോലെ എടുത്തുചാട്ടക്കാരായ മറ്റു ചിലരും എന്നോടൊപ്പം കൂടി. പ്രസിദ്ധീകരണം വർഷാവസാനം വരെ നിലനിന്നു.

## വാസു സാറിന്റെ കണ്ണട പൊട്ടിച്ചു!

ആയിടയ്ക്കാണ് മറക്കാൻ സാധിക്കാത്ത മറ്റൊരു സംഭവം. വാസു സാറിന്റെ കണ്ണട പൊട്ടിച്ചു! ക്യാമ്പസിൽ അതൊരു വാർത്തയായിരുന്നു! ഖദർ ജുബ്ബയും വേഷ്ടിയും മാത്രം ധരിക്കുന്ന വാസുസാർ കോൺഗ്രസ് ആണെന്നും, എസ.എഫ്.ഐ.ക്കാർ കരുതിക്കൂട്ടി ചെയ്തതാണെന്നും പരക്കെ പാട്ടായി. കോളേജ് യൂണിയൻ ചെയർമാൻ എം.കെ.വിജയന്റെ നേതൃത്വത്തിലുള്ള കെ.എസ്.യു.ക്കാരെല്ലാം ഒരങ്കത്തിനുള്ള പുറപ്പാടായി! എന്റെ ക്ലാസ്സിൽ പഠിക്കുന്ന മൂന്നോ നാലോ പേർക്കും പിന്നെ അപ്പോൾ ക്ലാസ്സിലുണ്ടായിരുന്ന രണ്ടു മൂന്ന് പെണ്കുട്ടികൾക്കുമറിയാം കണ്ണടയുടെ കഥ! പക്ഷെ ആരോടുപറയാൻ? എങ്ങിനെ പറയാൻ? കോളേജു യൂണിയൻ ഭരിക്കുന്നത് കെ.എസ്.യു ആണ്. അപ്പോൾ അവർക്കതിന്റെ ഹുങ്കുമുണ്ട്. എം കെ .വിജയന്റെ നേതൃത്വത്തിലുള്ള ഒരു സംഘം കെ എസ യു ക്കാർ എന്റെ ക്ലാസ്സിന്റെ അടുത്തുള്ള I-B യിലേക്ക് വരുന്നു. 1–A യും 1–B യും ക്യാമ്പസിന്റെ കിഴക്കേ ഭാഗത്തായുള്ള ഓല കെട്ടിയ ഷെഡിലായിരുന്നു. ഞാനും എന്റെ രണ്ടു സുഹൃത്തുക്കളും അവിടേക്കു ചെന്നു. അപ്പോഴേക്കും എം കെ വിജയനും സംഘവും ആ ക്ലാസ്സിൽ പഠിക്കുന്ന സാജനെ പുറത്തേക്കു വിളിച്ചു. സാജൻ പുറത്തു വന്നു. ഞാൻ ശ്രദ്ധിച്ചു നിന്നു. എന്താണ് പ്രശ്നം?

'നീ എസ.എഫ്.ഐ ആണോടാ? നീയല്ലേ വാസുസാറിന്റെ കണ്ണട പൊട്ടിച്ചത്?' വിജയൻ അലറി. 'ഞാൻ മാർക്സിസ്റ്റു സിദ്ധാന്തത്തിൽ വിശ്വസിക്കുന്നു. പക്ഷെ വാസുസാറിന്റെ കണ്ണട പൊട്ടിച്ചത് ഞാനല്ല' സാജൻ വിനയ പൂർവം പറഞ്ഞു.

‘നിന്റമ്മേടെ സിദ്ധാന്തം’ എന്ന് പറയുകയും ആറര അടി പൊക്കമുള്ള വിജയൻറെ വലതുകാൽ സാജന്റെ അടിവയറ്റിൽ പതിയുകയും ഒരുമിച്ചായിരുന്നു. ഞാനും എന്നോടൊപ്പം വർഗീസ്, മുരുകൻ, പ്രസാദ് എന്നിവരും ചാടി ഇടയിൽ വീണു. ഞങ്ങൾ കെ.എസ.യുക്കാരായതിനാൽ വിജയൻ പിടി വിട്ടു. അങ്ങിനെ തുടർന്നുള്ള ഒരു സംഘർഷം ഒഴിവാക്കി.

പിന്നീടൊരിക്കൽ വളരെ രഹസ്യമായി വിജയനോട് ഞാൻ കണ്ണടയുടെ കഥ പറഞ്ഞു. വാസുസാർ ക്ലാസ്സിനുപുറത്തു പോയ നേരം. അദ്ദേഹത്തെ അനുകരിക്കുവാനായി, മേശപ്പുറത്തു വച്ചിട്ടുപോയ കണ്ണട ഞാൻ എടുത്തതും കുമാരനാശാന്റെ കവിതാശകലം വിവരിച്ചതും, ക്ലാസ്സിലിരുന്ന പെണ്കുട്ടികളടക്കം കൈകൊട്ടി ചിരിച്ചതും, വർഗീസുവന്നു പിടിച്ചതും കണ്ണട തെറിച്ചു താഴെപോയതും; കണ്ണട പൊട്ടിയതും, ഒന്നും അറിയാത്തതു പോലെ മേശപ്പുറത്തു തിരിച്ചു വച്ചതും, എല്ലാംപറഞ്ഞു!. വിജയ നൊരുഭാവവ്യത്യാസവുമില്ല! ‘ഇതെല്ലാംഎനിക്കറിയാമയിരുന്നെടാ. അവനൊന്നുകൊടുക്കണമായിരുന്നു. അതിനൊരു കാരണം വേണ്ടായോ ?’

ഞാൻ മിഴിച്ചുപോയി.!

## എൻ.സി.സി യും നാടകവും.

മധുര മലയാള ക്ലാസുകളും ക്യാംപസ് ജീവിതവും അങ്ങനെ രസകരമായി കടന്നുപോയി. മറ്റു വിഷയങ്ങൾക്കെല്ലാം തട്ടിമുട്ടി മുപ്പത്തിയഞ്ചു മാർക്ക് വാങ്ങുന്നുണ്ടായിരുന്നു. എൻ.സി.സി-യിലായിരുന്നു കൂടുതൽ ശ്രദ്ധ. സ്കൂളിൽ എൻ.സി.സി യുടെ രണ്ടുമൂന്ന് പ്രാഥമിക പരീക്ഷകൾ പാസായിരുന്നതിനാൽ ബി-സർട്ടിഫിക്കറ്റ് ആദ്യം തന്നെ പാസ്സായി. ലീഡർഷിപ്പിനുള്ള പരിഗണന ലഭിച്ചു. ആദ്യവർഷം തന്നെ സർജന്റായി സെലക്ഷൻ കിട്ടി. പിന്നീട് അണ്ടർ ഓഫീസറുമായി. കോളേജിൽ നടത്തിയ ലീഡർഷിപ് സെലക്ഷനിൽ രണ്ടാമനായി, ഒന്നാമൻ മണികണ്ഠൻ. ചുരുക്കത്തിൽ കോളേജ് ജീവിതം കൂടുതൽ ആസ്വദിച്ചത് മലയാള പഠനത്തിലും എൻ.സി.സി.യിലും മാത്രമായിരുന്നു.

## നാടകീയമായിക്കിട്ടിയ ഒരടി!

വർഷാവസാനം മറക്കാൻ പറ്റാത്ത മറ്റൊരു സംഭവമുണ്ടായി. കോളേജ് ആനിവേഴ്സറി. കലാപരിപാടികളിൽ എന്റെ നാടകം ഉണ്ടായിരുന്നു. നാടകത്തിൽ എനിക്ക് കിട്ടിയ വേഷം അതിലുള്ള കഥാപാത്രങ്ങളിലേറ്റവും പ്രായംകുറഞ്ഞ ഒരു അന്ധനായ ബാല നായിരുന്നു. സി എൽ ജോസിന്റെ വേദനയുടെ താഴ്‌വരയിൽ എന്ന നാടകം. കുറെ ദിവസങ്ങളായുള്ള നിരന്തരമായ റിഹേഴ്സലിനു ശേഷമാണ് നാടകം അവതരിപ്പിക്കുന്നത്. നാടകത്തിൽ മാത്രമല്ല ജീവിതത്തിലും ഏറ്റവും ചെറിയവനായ എനിക്കു കുസൃതി അൽപം കൂടുതലായിരുന്നു!

നാടക റിഹേഴ്സൽ നടക്കുന്ന സമയം. മൂക്കറ്റം കുടിച്ചു വഴക്കിട്ടു വരുന്ന എന്റെ ജ്യേഷ്ഠനെ നയത്തിൽ പറഞ്ഞു സമാധാനിപ്പിക്കുന്നതാണ് രംഗം. വളരെ കഷ്ടപ്പെട്ട് സമാധാനിപ്പിച്ചു കസേരയിലിരിക്കാൻ പറഞ്ഞു. കസേര നീക്കിയിട്ട് കൊടുത്തു. പെട്ടന്ന് ഒരു കുസൃതി തോന്നി. ചേട്ടന് ഇരിക്കാൻ കാട്ടിയ കസേര ഞാൻ പുറകോട്ടു വലിച്ചു. ചേട്ടൻ നടുവടിച്ചു താഴെ വീണു. കണ്ടുനിന്നവരെല്ലാം ചിരിച്ചു രസിച്ചു ഞാൻ ഭയന്ന് പോയി. വിദ്യാത്ഥി നേതാവായിരുന്ന രാജനായിരുന്നു എന്റെ ജ്യേഷ്ഠൻ ആയി അഭിനയിച്ചിരുന്നത്. അവൻ തീർച്ചയായും എന്നോട് പ്രതി കാരം കാട്ടും. ഉടൻ തന്നെ. പക്ഷേ ഒന്നുമുണ്ടായില്ല. ഒരു ചിരി യോടെ അവൻ അതിനെ തമാശയായിത്തന്നെ എടുത്തു. എനിക്ക് സംശയം തോന്നിയെങ്കിലും ക്രമേണ ഞാൻ അത് മറന്നു. കോളേജ് ആനിവേഴ്സറി ദിവസം നേരത്തെ തന്നെ കോളേജിലെത്തി. എൻ.സി.സി യുടെ ലീഡർ എന്ന നിലയിലും മറ്റു കലാ പരിപാടികളിൽ മുഖ്യധാരാ പ്രവർത്തകൻ എന്ന നിലയിലും ചില ഉത്തരവാദിത്തങ്ങൾ ഉണ്ടായിരുന്നു. അതെല്ലാം ചെയ്തുതീർത്തു. കേരളാ യൂണിവേഴ്സിറ്റിയുടെ അന്നത്തെ യൂണിയൻ ചെയർമാൻ എം.എം.ഹസ്സനായിരുന്നു ഒരു മുഖ്യാതിഥി. സമ്മേളനത്തിന് ശേഷം അടുത്ത പരിപാടി ആരംഭിക്കുന്ന സമയമായി. നാടകം ആരംഭിച്ചു. ആദ്യ സീനിൽ ഒരു അഞ്ചു മിനിറ്റ് കഴിഞ്ഞപ്പോൾ കറണ്ട് പോയി. അന്ന് കോളേജിൽ അങ്ങനെ പ്രത്യേക ജനറേറ്റർ സൗകര്യങ്ങളൊന്നും ഇല്ലാതിരുന്നതിനാൽ കോളേജ് ക്യാമ്പസ് മുഴുവൻ അന്ധകാരത്തിലായി. ആരോ

ചിലർ ഓടുന്നത് കണ്ടു. പിന്നാലെ മറ്റു ചിലരും. ഞാൻ സ്റ്റേജിലായിരുന്നതുകൊണ്ട് ഒന്നും മനസ്സിലായില്ല. കുറെ കഴിഞ്ഞപ്പോൾ കറണ്ട് വന്നു. പിന്നീടാണ് മനസിലായത് സി പി രാധാകൃഷ്ണന്റെ നേതൃത്വത്തിലുള്ള എസ.എഫ്.ഐ ക്കാർ ഫീസ് ഊരിയതാണ് പോലും!

നാടകം വീണ്ടും തുടങ്ങി. രസകരമായ നാടകം കാണികൾ ആസ്വദിച്ചു. അവസാന രംഗത്ത് ചേട്ടൻ എന്നെ അടിക്കുന്ന ഒരു സീനുണ്ടായിരുന്നു. മദ്യപാനിയായ ജ്യേഷ്ഠൻ ആടിക്കുഴഞ്ഞു കടന്നു വന്നു. സ്നേഹപൂർവ്വമുള്ള അധികാരത്തോടെ ചേട്ടനെ ശാസിച്ചു!. ഇരിക്കാൻ കസേര നീക്കി ഇട്ടുകൊടുത്തു. ചേട്ടൻ അതിലിരുന്നു. ഞാൻ ഉപദേശം തുടർന്നു. പെട്ടെന്നെഴുനേറ്റു. 'ഠോ' ഒറ്റയടി. എന്റെ ഇടത്തെ കരണത്തു തന്നെ. കണ്ണിൽ നിന്നും പൊന്നീച്ച പറന്നു!. കണ്ണ് നിറഞ്ഞു പോയി!. പൊട്ടിക്കരഞ്ഞു!. ഞാൻ ഏകദേശം സ്റ്റേജിന്റെ മധ്യ ഭാഗത്തായിട്ടാണ് നിന്നിരുന്നത്. കണ്ണിലേക്കടിക്കുന്ന ഫോക്കസ് ലൈറ്റുകൾ  കാരണം ഒന്നും കാണുന്നില്ല. എന്റെ കണ്ണുനീർ തുള്ളികൾ കാണികൾ കണ്ടു മനസ്സലിഞ്ഞു!. ഒരു അന്ധനായ ബാലനെ മദ്യപാനിയായ ജ്യേഷ്ഠൻ  തല്ലുന്നത് വളരെ യാഥാർഥ്യ മായി! ഭാവാഭിനയം കലക്കി! കാണികൾ പ്രശംസിച്ചു. നീണ്ടു നിൽക്കുന്ന കരഘോഷങ്ങൾ തുടർന്നു. സീൻ കഴിഞ്ഞു. കർട്ടൻ വീണു. എന്റെ കരച്ചിൽ നിന്നില്ല. മേക്കപ്പ് റൂമിൽ പോയിരുന്നു ഞാൻ കരഞ്ഞു. ചിലർ വിചാരിച്ചു നാടകത്തിലെ കഥാപാത്രത്തെ ഉൾക്കൊണ്ടുകൊണ്ടുള്ള കരച്ചിലാണെന്ന്. പക്ഷേ രാജന് മനസ്സിലായി. അവൻ എന്നെ വന്നു കെട്ടിപ്പിടിച്ചു. എന്തെങ്കിലും ആശ്വാസവാക്കു പറഞ്ഞു രക്ഷപ്പെടാൻ ആയിരിക്കണം എന്ന് വിചാരിച്ചു. അവൻ ചെവിയിൽ പറഞ്ഞു 'ഇതിലും വേദന യുണ്ടായിരുന്നെടാ അന്ന് ഞാൻ വീണപ്പോ! പക്ഷെ നീ ഇവിടെ എന്നെ കടത്തിവെട്ടി! ഇവിടെ നീ ബെസ്ററ് ആക്ടർ ആയി..!' 'സോറി ഡാ' അവൻ കെഞ്ചി.

തുടർന്ന് എൻ.സി.സി.യിൽ എന്നോടൊപ്പം ഉണ്ടായിരുന്ന മറ്റൊരു ലീഡറായ മണികണ്ഠൻ എൻറെ ചെവിയിൽ വന്ന് രഹസ്യ മായി പറഞ്ഞു. 'നങ്ങ്യാർകുളങ്ങര നാടക സമിതി നിന്റെ മികച്ച അഭിനയത്തിന് ഒരു മെഡൽ തരുന്നുണ്ട്. പക്ഷേ ഒരു കണ്ടീഷൻ

നീ അതെനിക്കു പിന്നീട് തിരിച്ചു തരണം. അത് എന്റെയൊരു സുഹൃത്തിന്റെയാണ് തിരിച്ചുകൊടുക്കണം'.

'തരാം' ഞാൻ സമ്മതിച്ചു.


മണികണ്ഠൻ പ്രിൻസിപ്പലിന്റെ അടുത്തേക്ക് പോയി. അൽപനേരത്തിനുശേഷം അതാ ഒരനൗൺസ്മെന്റ്. ശബ്ദം പ്രിൻസിപ്പലിന്റേതാണ്. 'ഈ നാടകത്തിൽ അഭിനയിച്ച എല്ലാവർക്കും ആശംസകൾ. നാടകം നന്നായിരുന്നു. ഇതിൽ ഏറ്റവും നന്നായി അഭിനയിച്ച ശിവൻകുട്ടിക്ക് നങ്ങ്യാർകുളങ്ങര നാടക സമിതി ഒരു മെഡൽ നൽകി അഭിനന്ദിക്കുന്നു. മെഡൽ നൽകുവാനായി നാടക സമിതിയുടെ അധ്യക്ഷൻ ശ്രീ സുകുമാരപ്പണിക്കരെ വേദിയിലേക്ക് ക്ഷണിക്കുന്നു.' എന്നെ സ്റ്റേജിലേക്ക് വിളിച്ചുകൊണ്ടുപോയി. ആരോ ഒരാൾ എന്റെ ഷിർട്ടിൽ മെഡൽ കുത്തി. കാണികൾക്കിടയിൽ കരഘോഷങ്ങൾ. ഞാൻ സന്തോഷത്തോടെ മേക്കപ്പ് മുറിയിലേക്കു മടങ്ങി. അതാ മണികണ്ഠൻ അവിടെ. 'അതിങ്ങു തന്നേരു മോനെ.' കൊടുത്തു.

അങ്ങിനെ ബെസ്റ്റ് ആക്ടർ മെഡൽ വന്നതും പോയതും ഒരു പോലെയായിരുന്നു!.

## തലപ്പന്തുകളി

ചെറിയ കുട്ടികൾ തെങ്ങോലകൊണ്ടുണ്ടാക്കിയ പന്തുപയോഗിച്ചു കളിക്കുന്ന ഒരു കളിയാണു തലപ്പന്തുകളി. പക്ഷെ മുതിർന്നവർ കുറച്ചുകൂടി വലുപ്പത്തിലുള്ള തോൽപ്പന്തകൊണ്ടാണ് ഈ കളി കളിക്കുന്നത്. ഓണക്കാലത്താണ് പൊതുവെ തലപ്പന്തുകളി കൂടുതൽ കണ്ടുവന്നിരുന്നത്. പല സ്ഥലങ്ങളിലും വ്യത്യസ്തമായ കളിനിയമങ്ങളാണ്.

ഞങ്ങൾ കളിമ്പോൾ അധികം നിയമമൊന്നും നോക്കാറില്ല. ഞാൻ, എന്റെ അനുജൻ മണിയൻ, കളീക്കലെ സദാശിവൻ, അയ്യാരാപ്പള്ളിലെ മോഹനനും മധുവും, വെളുത്താടത്തെ വിശ്വംഭരൻ, മണിയൻ, പൊടിയൻ പിന്നെ ആരെങ്കിലും ഒന്നോ രണ്ടോ പേരും കൂടിക്കാണും. ഒറ്റക്കൊറ്റക്ക് കളിക്കുന്നതായതു



കൊണ്ട് ആളുകളുടെ എണ്ണം പ്രശ്നമില്ല. കളി മിക്കവാറും എന്റെ പറമ്പിൽത്തന്നെയായിരിക്കും

ഒരാൾ കളിക്കുമ്പോൾ മറ്റുള്ളവർ മറുവശത്തു നിൽക്കും. ആദ്യം ഇടതു കയ്യിൽ പന്ത് പിടിച്ചു വലതു കൈകൊണ്ടടിക്കണം. പിന്നീട് പലതരത്തിൽ അടിക്കണം. മേലോട്ടിട്ട്, പൊക്കിയ വലതുകാലിന്റെ അടിയിലൂടെയിട്ടു, അങ്ങിനെ പലവിധം. പന്ത് നിലം തൊടാതെ വരുമ്പോൾ മറു ഭാഗക്കാർ പിടിച്ചെടുക്കുകയാണെങ്കിൽ കളിക്കാരന് കളി നഷ്ടപ്പെടും. പന്ത് നിലം കുത്തി വരുമ്പോൾ കാലുകൊണ്ട് തിരച്ചടിക്കണം. അപ്പോൾ അടിച്ചയാൾ തന്നെ തിരിച്ചുമടിക്കണം. ഈത്തരത്തിൽ പന്ത് പാസ്സുചെയ്യുന്ന അസരത്തിൽ മറു പുറത്തു നിൽക്കുന്നവർക്ക് തെറ്റിപ്പോയാൽ പന്തടിച്ചയാൾ അടുത്ത പോയിന്റിലേക്കു കടക്കും. കളിച്ചുകൊണ്ടിരിക്കുന്ന ആളിന്റേതാണെങ്കിൽ അയാളുടെ കളി നഷ്ടപ്പെടും!

കാലക്രമേണ നാടുനീങ്ങിക്കൊണ്ടിരിക്കുന്ന തലപ്പന്തുകളി അപൂർവ്വമായെങ്കിലും ഇപ്പോഴും നാട്ടിൻ പുറങ്ങളിൽ കളിക്കാറുണ്ട്. പല സ്ഥലങ്ങളിൽ പല രീതിയിലാണെങ്കിലും ഞങ്ങളുടെ കളിയിൽ പന്തടിച്ചിരുന്നത് തലമ, ഒറ്റ, ഇരട്ട, ഊര, താളം, ചക്കര എന്നീ, മുറപ്രകാരം അടിക്കുന്നയാൾക്കു എട്ടു ചാൻസ് കൊടുത്തുകൊണ്ടാണ്. ക്രിക്കറ്റ് പോലെ നവീന രീതിയിലുള്ള

കളികളുടെ പ്രചാരം പല നാടൻ കളികളും അപ്രത്യക്ഷമാകാൻ കാരണമായിട്ടുണ്ട്.

## വിദ്യാർത്ഥി ജീവിതത്തിൽ അൽപം രാഷ്ട്രീയം

സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് സഹദേവൻ പിള്ളയുടെ സമ്മർദ്ദത്തിൽ കെ.എസ.യു എന്ന വിദ്യാർത്ഥി സംഘടനയിൽ ചേർന്നിരുന്നു. അന്നാണ് ഉമ്മൻചാണ്ടിയെന്ന വിദ്യാർത്ഥിനേതാവിനെ പരിചയപ്പെടുന്നത്. മീശമുളക്കാത്ത ഒരു ചെറിയ പയ്യൻ! കെ.എസ.യു വിന്റെ സ്കൂൾയൂണിറ്റ് ഉണ്ടാക്കുന്നതിനെപ്പറ്റിയുള്ള ഒരു രഹസ്യ യോഗമായിരുന്നു അത്. കൂടിവന്നാൽ എട്ടു പേരുകാണും. ഒരു തണുപ്പൻ യോഗം. പള്ളിമുറ്റത്തുള്ള പ്ലാവിന്റെ കീഴിലാണ് സംഭവം. പക്ഷെ ഒരു തകർപ്പൻ പ്രസംഗം!. ആ പ്രസംഗമായിരിക്കണം തനിക്കു കോൺഗ്രസ്സിനോടുള്ള വിശ്വാസത്തിനു തുടക്കമിട്ടത്.

ടി.കെ.എം.എം. കോളേജിൽ പ്രീ-ഡിഗ്രി രണ്ടാം വർഷം കൂടുതൽ സംഭവബഹുലമായിരുന്നു. മാവേലിക്കര ബിഷപ്പ് മൂർ കോളേജിൽ തുടങ്ങിയ സമരം. മോഹനക്കുറുപ്പെന്ന വിദ്യാർത്ഥിക്ക് അഡ്മിഷൻ നിരസിച്ച കോളേജുമാനേജുമെന്റിനെതിരെയായി കെ.സ്.യു. നടത്തുന്ന സമരം കേരളത്തിലെ മറ്റു കോളേജിലേക്ക് കൂടി പടരുകയായിരുന്നു. കേരള സംസ്ഥാനത്തെ എല്ലാ കോളേജിലെയുമെന്നപോലെ ഞങ്ങളുടെ കോളേജിലും സമരം ഏറ്റെടുത്തു. രണ്ടാം ദിവസമാണെന്ന് തോന്നുന്നു. എസ്.എഫ്.ഐ ക്കാരെല്ലാം. ക്ലാസിൽ കയറി സമരം പൊളിക്കുവാനുള്ള ശ്രമമായി.

കെ.എസ.യു.വിന്റെ നേതാക്കളായ എം.കെ.വിജയൻ, എ.കെ. രാജൻ, ആശാൻ, ഐ.രാജൻ, തുടങ്ങി ഒരു സംഘം, മറുപക്ഷത്തുള്ള എസ്.എഫ്.ഐ.ക്കാരെ അക്ഷരാർത്ഥത്തിൽ വേട്ടയാടാൻ തുടങ്ങി. ഒരു പത്തു മിനിട്ടിനകം ക്യാമ്പസിൽ ഒറ്റ എസ്.എഫ്.ഐ.ക്കാരില്ല. രംഗം ശാന്തമായി. നേതാക്കളെല്ലാം പലസ്ഥലത്തേക്കും പോയി. അപ്പോഴതാ കുട്ടീശ്വരൻ!.

കുട്ടീശ്വരൻ എന്റെ അടുത്ത സുഹൃത്താണ്. എൻ.സി.സി.യിൽ എന്നോടൊപ്പമുള്ള മറ്റൊരു ലീഡർ. കുട്ടീശ്വരൻ എസ.എഫ്.

ഐ നേതാവുമാണ്. ക്യാമ്പസിലുണ്ടായിരുന്ന കെ.എസ്.യുക്കാരെല്ലാം അടുത്തുകൂടി. ചിലർ നേതാക്കളെ വിളിച്ചുകൊണ്ടു വരാനായി പോയി. സ്ഥിതി അൽപം വഷളാവുന്നു. വാക്കേറ്റം മൂത്തു. കുട്ടീശ്വരൻ വിട്ടില്ല. കയ്യേറ്റത്തിലേക്കു കടന്നു. കുട്ടീശ്വരൻ കയ്യിലൊളിപ്പിച്ചിരുന്നചെറിയഒരുകത്തിയെടുത്തുകാട്ടി.എല്ലാവരും പുറകോട്ടു മാറി. പക്ഷെ ചിലർ കല്ലെടുത്തെറിയാൻ തുടങ്ങി. കുട്ടീശ്വരൻ ഉടുത്തിരുന്ന മുണ്ടുരിഞ്ഞു കല്ലേറിനെ തടുത്തു.

എങ്ങിനെയോ കിട്ടിയ ധൈര്യത്തിൽ ഞാൻ കുട്ടീശ്വരന്റെ അടുത്തെത്തി. 'കുട്ടീശ്വരാ കത്തി താഴെയിട്' ഞാൻ പറഞ്ഞു. 'നീ ഇതിൽ ഇടപെടരുത്' കുട്ടീശ്വരൻ കയർത്തു. 'കത്തിയിട്ടാൽ അവരെന്നെ തല്ലും. നീ പോ' 'ഇല്ല ആരും തല്ലില്ല. ഞാൻ വീണ്ടും അടുത്തു' അവൻ കത്തി എന്റെ കയ്യിൽ തന്നു. അപ്പോഴേക്കും വിജയൻ വന്നു. കുട്ടീശ്വരനെ മറ്റൊരുത്തന്റെ സൈക്കിളിൽ കയറ്റി പറഞ്ഞുവിട്ടു.

കോളേജിൽ അന്നുണ്ടായിരുന്ന എസ.എഫ്.ഐ.ക്കാരുടെ കൂട്ടത്തിൽ സി.പി. രാധാകൃഷ്ണനായിരുന്നു നേതാവ്. പൊക്കം കുറഞ്ഞു തടിച്ച ഉറച്ച ശരീരം. അയാളുടെ കയ്യിൽ എപ്പോഴും ഒരു കത്തിയുണ്ടന്നാണ് പരക്കെ സംസാരം. അയാളുടെ സുഹൃത്തുക്കളിൽ ചിലർ ചെത്തുകാരുണ്ട്! അവർ അയാളെ കാണാൻ അതെ വേഷത്തിൽ കോളേജിൽ വരാറുണ്ടു പോലും! ഒരു ഫുട്ബാൾ കളിക്കാരെനെന്ന പേരിലും അയാൾ അറിയപ്പെട്ടിരുന്നു. എസ.എഫ്.ഐ ആണെങ്കിലും തന്നോട് നല്ല സുഹൃദ്ബന്ധമായിരുന്നു സഖാവിന്! വർഷങ്ങൾക്ക് ശേഷം അയാളെ ബാംഗ്ലൂരിൽ വച്ച് കണ്ടുമുട്ടി. ഒരു ചെറിയ മുതലാളിയായിത്തന്നെ! വീണ്ടുമടുത്തപ്പോൾ മനസിലായി മാർക്സിസ്റ്റു സിദ്ധാന്തങ്ങളൊന്നും അയാൾ മാറ്റിവച്ചിട്ടില്ല. മാത്രമല്ല താനുമായുള്ള സുഹൃദ്ബന്ധത്തിനിടയിൽ അദ്ദേഹം ബാംഗ്ലൂർ കേരള സമാജത്തിന്റെ സെക്രട്ടറിയും, പിന്നീട് അധ്യക്ഷനുമായി.

ബാംഗ്ലൂരിൽ പൊതുവെ CPR എന്ന് അറിയപ്പെട്ടിരുന്നു.

## ഓൾ ഇന്ത്യ സമ്മർ ട്രെയിനിങ് ക്യാമ്പിലെ നേതൃത്വ പരിശീലനം



ആ വർഷം എൻ.സി.സി സമ്മർ ക്യാമ്പ് പുനലൂർ ഗവണ്മെന്റ് ഹൈ സ്കൂളിലായിരുന്നു. ആ സ്കൂളിൽ രണ്ടാമത്തെ പ്രാവശ്യ മാണ് ക്യാമ്പിന് പോകുന്നത്. ലീഡർഷിപ്പിന്റെ സുഖങ്ങളെല്ലാം നന്നായി അനുഭവിച്ചു. ക്യാമ്പിൽ എന്റെ കൂടെയുള്ള സുഹൃത്ത് തങ്കപ്പായിയുടെ കുസൃതികൾ കൂടുതലായിരുന്നു. കോളേജിലും മറ്റും ഉറ്റ സുഹൃത്തായ ഞാൻ ഓർഡറുകൾ പാസാക്കുന്നത് അവനു അസഹ്യമായിരുന്നു!. ആ അമർഷം അവൻ രസകരമായി പലപ്പോഴും പ്രകടിപ്പിച്ചു.

പുനലൂർ ക്യാമ്പിൽ നിന്നും ഒരു കിലോമീറ്റർ അകലെ കല്ലട ആറ്റിലാണ് കുളിക്കാൻ കൊണ്ടുപോകുന്നത്. അതിനു സമയമുണ്ട്. അതിനുള്ളിൽ കുളിക്കണം വരിവരിയായി നടക്കണം. ആർക്കും ഒരു പ്രശ്നവുമില്ല. പക്ഷെ ഇവൻ സമയത്തിന് കേറില്ല. കുളികഴിഞ്ഞു തിരിച്ചുവരുമ്പോൾ വഴിയരികിൽ ഉള്ള ഒരു ജമാത്തുപള്ളിയിൽ കയറും. അവൻ മുസൽമാനാണ്. പക്ഷെ എനിക്കതിനുള്ളിൽ കയറാൻ പറ്റുമോയെന്നറിയാതെ, അവൻ വരുന്നതു വരെ വെളിയിൽ മറ്റു കേഡറ്റുകളെയും നിർത്തി കാത്തു നിൽക്കേണ്ടി വന്നു!

രണ്ടാം വർഷം എനിക്ക് സെലെക്ഷൻ കിട്ടിയത് ഓൾ ഇന്ത്യ സമ്മർ ട്രെയിനിങ് ക്യാമ്പിനായിരുന്നു. ഇരുപതു ദിവസം ബോംബെ, മലാഡ് ഹെവി ബ്രിഡ്ജിങ് മിലിറ്ററി ട്രെയിനിങ് ക്യാമ്പിൽ. കേരളത്തിൽ നിന്നും മൊത്തം ഇരുപതു പേരെയാണ് തിരഞ്ഞെടുത്തിരുന്നത്.

ജീവിതത്തിലെ നല്ല ഒരനുഭവമായിരുന്നു. ഇന്ത്യയിലെ വിവിധ

സംസ്ഥാനങ്ങളിൽനിന്നുമായി ഏകേദശം അഞ്ഞൂറുപേരാണ് ക്യാമ്പിൽ പങ്കെടുത്തിരുന്നത്. രസകരവും, വിജ്ഞാന പ്രദവുമായ ഒട്ടനേകം വിഷയങ്ങളുമായി ഇരുപതു ദിവസം കടന്നുപോയി.

ക്യാമ്പിൽ എല്ലാം മുതിർന്ന വിദ്യാർത്ഥികൾ തന്നെയായിരുന്നു. അവിടെയും ഞാൻ ജൂനിയർ ഗ്രൂപ്പിൽ തന്നെ.

തിരുവനന്തപുരത്തു നിന്നുള്ള കിഷോറും, രമേശും സിഗരറ്റു വലിക്കും. വളരെ രഹസ്യമായാണ് വലിക്കുന്നത്!. നാലുനില കെട്ടിടത്തിന്റെ മുകളിലാണ് രഹസ്യ സങ്കേതം. കൂട്ടിനു ഞാനും പോകും. ആദ്യദിവസം കണ്ടു നിന്നു. പിന്നെ ഒരു ട്രയൽ നോക്കി!. അടുത്ത ദിവസം ഞാൻ ഒരു സിഗരറ്റു ചോദിച്ചു. തന്നു. അതിനടുത്ത ദിവസവും ചോദിച്ചു. തന്നില്ല!. 'ഞങ്ങളോ നശിച്ചു. നീ നശിക്കേണ്ട' എന്നൊരു താക്കീതും!

വാശിക്കുവേണ്ടി പിറ്റേന്ന് ഞാൻ തന്നെ ഒരു പാക്കറ്റ് സ്വന്തമായങ്ങു വാങ്ങി! അവിടെ തുടങ്ങി അറിഞ്ഞു കൊണ്ടൊരു ദുസ്വഭാവം! ഏകദേശം മുപ്പതു വർഷത്തോളം തുടർന്നു.

പിന്നീടതു പാടെയങ്ങു പേക്ഷിച്ചു.

## ജോസഫ് സാറിന്റെ ശാപം!

പ്രീഡിഗ്രി രണ്ടാം വർഷ ക്ലാസ്സുകൾ തുടങ്ങി. ഒന്നാം വർഷം സോഷ്യൽ സ്റ്റഡീസ് (ഒരു ജനറൽ എഡ്യൂക്കേഷൻ) പഠിപ്പിച്ചിരുന്നത് ജോസഫ് സാറാണ്. വളരെ നന്നായി ഫ്രഞ്ച് വിപ്ലവവും മറ്റും പഠിപ്പിച്ചു. രണ്ടാം വർഷം അദ്ദേഹത്തെ മാറ്റി. ഒരു പുതിയതായി ചേർന്ന ഒരു കൊച്ചു പെണ്ണാണ് ടീച്ചർ. സഹിക്കാൻ കഴിഞ്ഞില്ല. ക്ലാസ് ഒന്നടക്കം പ്രിൻസിപ്പലിന്റെ മുറിയിൽ ചെന്നു. പ്രിൻസിപ്പൽ തീർത്തു പറഞ്ഞു.'പറ്റില്ല. ടീച്ചർമാരുടെ ടൈം ടേബിൾ എല്ലാം തീരുമാനിച്ചു. ഇനി മാറ്റാൻ പറ്റില്ല'. എല്ലാവർക്കും വാശി കൂടി. ആരും ക്ലാസിൽ കയറിയില്ല. പിറ്റേ ദിവസം തീരുമാനം മാറ്റി യതായി അറിഞ്ഞു. സോഷ്യൽ സ്റ്റഡീസ് ക്ലാസ്സാണ് അടുത്തത്. എല്ലാവരും ആകാംക്ഷയോടെ കാത്തിരുന്നു. അതാ വരുന്നു ജോസഫ് സർ!. എല്ലാവരും ആർത്തുവിളിച്ചു. ആരൊക്കെയോ കൂകിവിളിച്ചു ഞാനിത്തിരി കൂടുതലും.!. ജോസഫ് സർ ക്ലാസ്സിൽ എത്തി.

'ആരാടാ കൂവിയത്?'. ആരും അനങ്ങിയില്ല. എന്റെ നേരെയായി. 'ശിവൻകുട്ടി നീയാണോ കൂവിയത്?' സന്തോഷം കൊണ്ട് കൂവിയാൽ അതൊരു തെറ്റല്ലല്ലോ എന്ന് കരുതി മൗനം അവലംബിച്ചു. ഞങ്ങൾ അദ്ദേഹത്തിനെ കളിയാക്കിയതാണെന്നാണ് അദ്ദേഹം കരുതിയത്. അദ്ദേഹത്തിന് വളരെ വിഷമം ഉണ്ടായെന്നു തോന്നി. 'എടാ നീ ഈ സോഷ്യൽ സ്റ്റഡീസ് ഒറ്റ നടയ്ക്കു പാസ്സാവില്ല! കേട്ടോ?' വെറും 130 പേജുള്ള ആ പുസ്തവുമുയർത്തി ജോസഫ് സർ -- അനുഗ്രഹിച്ചു'!

അതുപോലെതന്നെ സംഭവിച്ചു!

## കോളേജിൽ 'സോഷ്യലും' ഫോട്ടോയും

പലപ്പോഴും നിർമല ടീച്ചർ മാത്തമാറ്റിക്സ് സ്പെഷ്യൽ ക്ലാസ്സെടുക്കാറുണ്ട്.. ചില ഞായറാഴ്ച്ചകളും ക്ലാസ്സുണ്ടായിരുന്നു. ആൾജിബ്ര ടെക്സ്റ്റ് ബുക്ക് നിർമല ടീച്ചറിന്റെ കൈയിൽ നിന്നു തന്നെ വാങ്ങണം. ടീച്ചർ എഴുതി പബ്ലിഷ് ചെയ്ത ബുക്ക് ആണ്. പ്രിന്റുചെയ്തു കിട്ടാൻ താമസിച്ചു. അന്നൊരു ഞായറാഴ്ച സ്പെഷ്യൽ ക്ളാസ്സിനു ടീച്ചർ താമസിച്ചാണ് വന്നത്. അറ്റൻഡർ ടീച്ചേഴ്സ് റൂം തുറന്നു. ഞങ്ങളെല്ലാം ക്ലാസ്സിൽ ടീച്ചറെ കാത്തിരിക്കുന്നു. നിർമല ടീച്ചർ ടീച്ചേഴ്സ് റൂമിലുണ്ടന്നു ആരോ പറഞ്ഞു. പക്ഷെ ക്ലാസ്സിലോട്ടു വന്നതുമില്ല. എന്നാലൊന്നു നോക്കിക്കളയാമെന്നു കരുതി ഞാനും, പ്രസാദും, വർഗീസും കൂടി ടീച്ചേഴ്സ് റൂമിലേക്ക് പോയി. അവിടെ ആരും ഇല്ല. റൂമിന കത്തു പുതിയ പുസ്തകക്കെട്ടുകൾ കണ്ടു. ഒന്നെടുത്തു നോക്കി. ഞങ്ങൾ കാത്തിരുന്ന മാത്തമാറ്റിക്സ് ടെക്സ്റ്റ് ബുക്ക്. നിർമല ടീച്ചർ എഴുതി പ്രസിദ്ധീകരിച്ച പുസ്തകം. ഒന്നിന് പതിനഞ്ചു രൂപ! ഒരു ബുദ്ധി തോന്നി. ഒരു പൊട്ട ബുദ്ധി! കയ്യിലെടുക്കാവുന്നത്ര ബുക്കുമെടുത്തു മൂന്ന് പേരും ജനാല വഴി പുറത്തു ചാടി ക്ലാസിലെത്തി. ക്ലാസിലുള്ള എല്ലാവർക്കും ഓരോ ബുക്ക് കൊടുത്തു. ആരും ടീച്ചറോട് പറയരുതെന്നും പറഞ്ഞു. നിർമല ടീച്ചർ വന്നു. മുഖം ഒരു കൊട്ടയുണ്ട്!. മനസിലായി. ടീച്ചേഴ്സ് റൂമിൽ പോയി ബുക്കിന്റെ കെട്ടു പൊട്ടിച്ചത് കണ്ടുകാണും. ഒന്നും മിണ്ടിയില്ല. ക്ലാസ്സു കഴിഞ്ഞു പുറത്തു പോയി. ഞങ്ങൾ വിളി

പ്രതീക്ഷിച്ചു!. അതുണ്ടായില്ല!. സന്തോഷമായി.

പക്ഷെ വർഷാവസാനത്തിൽ മൂന്നു പേരുടെ ഹാൾ ടിക്കറ്റ് തടഞ്ഞുവച്ചു. കാരണം തിരക്കിയപ്പോൾ നിർമലടീച്ചറിന്റെ അനുവാദമില്ലാതെ ഹാൾടിക്കറ്റ് തരില്ല! അതാണ് മാനേജുമെന്റിന്റെ തീരുമാനം!

കോളേജടച്ചിരിക്കുകയാണ്. സ്റ്റഡി ലീവ്! ടീച്ചറിനെ കാണാൻ കല്ലുമല ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ അടുത്ത് പോകണം. അഡ്രസ്സ് തേടിപ്പിടിച്ചു ഞങ്ങൾ അവിടെ എത്തി. ടീച്ചറെ കണ്ടു. എല്ലാം പറഞ്ഞു. ടീച്ചർ ഒന്നും മിണ്ടിയില്ല. കരഞ്ഞു നോക്കി. അവസാനം തീരുമാനമായി. ഒരു ബൻഡിലിൽ നൂറുബുക്കുണ്ട്. ആ നൂറു ബുക്കിന്റെ പണം തരണം. ആയിരത്തി അഞ്ഞൂറു രൂപ. കരഞ്ഞു പറഞ്ഞു നോക്കി. പുറത്തു പോകാൻ പറഞ്ഞില്ല. അതിനു മുമ്പേ ഞങ്ങൾ പടിയിറങ്ങി.

ആയിരത്തി അഞ്ഞുറു രൂപ എങ്ങിനെ ഉണ്ടാക്കും? പ്രസാദ് ഒരു വഴി പറഞ്ഞു. നമുക്ക് ഗ്രൂപ് ഫോട്ടോ പിടിക്കണം. ഫോട്ടോയും സോഷ്യലും കൂടി നൂറു രൂപ വീതം പിരിച്ചെടുക്കാം. മൂവായിരം രൂപകിട്ടും. ആദ്യം ആയിരത്തി അഞ്ഞൂറ് നിർമലടീച്ചറിന് കൊടുക്കാം. ബാക്കി പിന്നെ നോക്കാം. അങ്ങിനെ ടീച്ചറിന്റെ രൂപ കൊടുത്തു. സോഷ്യലും ഫോട്ടോയും ഒക്കെ ഒപ്പിച്ചു.

പക്ഷെ ഫോട്ടോ കോപ്പി കിട്ടിയില്ല! ആർക്കും. കൊടുത്തുമില്ല.

## കടം വാങ്ങിയ ബ്രേസിയർ!

രണ്ടാം വർഷത്തെ മറ്റൊരു രസകരമായ അനുഭവമാണ് മനസ്സിൽ വരുന്നത്. നാടകത്തിനുവേണ്ടി എന്റെ ക്ലാസിൽ പഠിക്കുന്ന വിജയത്തിന്റെ ബ്രേസിയർ കടം വാങ്ങിയത്! കോളേജ് ആനിവേഴ്സറിയിൽ ഞങ്ങളുടെ നാടകമുണ്ടായിരുന്നു. സി.എൽ. ജോസിന്റെ 'പാപികളുടെ പറുദീസ'. പെൺവേഷമായിരുന്നു എനിക്ക്!. റിഹേഴ്സലുകളെല്ലാം ഒരുവിധത്തിൽ വീട്ടിലറിയാതെ നടത്തി. ആനിവേഴ്സറിയുടെ ക്ഷണക്കത്തു അച്ഛനെ കാണിച്ചില്ല. കണ്ടാൽ കുഴപ്പമാണെന്നറിയാം. തീർച്ചയാണ്; നാടകത്തിനൊന്നും

സമ്മതിക്കില്ല. എന്തായാലും എല്ലാം ഒരു വിധത്തിൽ ഒപ്പിച്ചു. ആനിവേഴ്സറിക്കു രാവിലെ തന്നെ ഇറങ്ങണം. തലേ ദിവസം തന്നെ ചേച്ചിയുടെ സാരിയും ബ്ലൗസും പാവാടയും എന്റെ കൂട്ടുകാരനുവേണ്ടിയാണെന്ന് പറഞ്ഞു വാങ്ങിച്ചു. അച്ഛനും അമ്മയും അറിയാതെ കടത്തി!. ബ്രേസിയർ ചോദിച്ചിട്ടു തന്നില്ല. നിർബന്ധിച്ചുമില്ല. കാരണം എന്റെ അടുത്ത കൂട്ടുകാരിയായിരുന്നു വിജയ. അവളോട് നേരത്തെ പറഞ്ഞു വച്ചിരുന്നു. ആരോടും പറയില്ല എന്ന കണ്ടിഷനിൽ തരാമെന്നേറ്റു.

ആഘോഷപരിപാടികളും നാടകവും മറ്റും ഭംഗിയായി. നാടകത്തിനു ശേഷം ഗ്രീൻ റൂമിൽ മേക്കപ്പ് തുടച്ചുകളയുകയായിരുന്നു. വെളിച്ചെണ്ണ തേച്ചുവേണം മേക്കപ്പ് കളയാൻ. സ്വൽപം സമയമെടുത്തു. എല്ലാം കഴിഞ്ഞു വെളിയിൽ വന്നപ്പോഴേക്കും വിജയ വീട്ടിൽ പോയിരുന്നു. അവളുടെ അച്ഛനും അമ്മയുമുണ്ടായിരുന്നു കൂടെ. കാത്ത് നിൽക്കാൻ കഴിഞ്ഞില്ല.. എന്തായാലും സാധനം എന്റെ കയ്യിലകപ്പെട്ടു!. എങ്ങിനെ തിരിച്ചു കൊടുക്കും. ഒരു വഴിയും കണ്ടില്ല. മറ്റു തുണികളോടൊപ്പം അതു വീട്ടിൽ കൊണ്ടുപോയി. തുണിക്കെട്ടെല്ലാം വീടിനു പുറത്തു ഒരു മരച്ചുവട്ടിൽ വച്ചിട്ടാണ് വീടിനുള്ളിലേക്ക് കടന്നത്. കുളികഴിഞ്ഞു മെല്ലെ വെളിയിൽ പോയി തുണിക്കെട്ടെടുത്തു എന്റെ റൂമിൽ വച്ചു. അച്ഛനും അമ്മയുമറിയാതെ, ചേച്ചിയുടെ സാരിയും മറ്റും കൊടുത്തു. ബ്രേസിയർ ഒരു കടലാസ്സിൽ പൊതിഞ്ഞു എന്റെ ടേബിൾ ഡ്രോയറിൽ രഹസ്യമായി വച്ചു. സമാധാനമായി. പിറ്റേന്ന് കോളേജിന് അവധിയായിരുന്നു. അതിന്റെ പിറ്റേ ദിവസം രാവിലെ തന്നെ പുസ്തകങ്ങളുമായി കോളേജിലേക്കിറങ്ങി. മുറ്റത്തേക്കിറങ്ങി ആരും തന്നെ ശ്രദ്ധിക്കുന്നില്ലന്നു ഉറപ്പുവരുത്തി വീണ്ടും തിരിച്ചുള്ളിലേക്കുപോയി. പേനയെടുത്തില്ലയെന്നും പറഞ്ഞു. 'സാധനം' എടുത്തു ബനിയനുള്ളിലിട്ടു. നേരെ റോഡിലേക്കുവിട്ടു. സമാധാനം. നെഞ്ചുന്തി നിൽകുന്നോന്നൊരു സംശയം. കയ്യിലുള്ള പുസ്തകം കൊണ്ടമർത്തി പിടിച്ചു. ബസ്സുവന്നു. ഓടിയതിൽ കയറി. പത്തു പൈസ ടിക്കറ്റെടുത്ത് തിരക്കിനുള്ളിലേക്കു നുഴഞ്ഞു കയറി. ബനിയനുള്ളിൽ ഒരു വിപ്ലവം തുടങ്ങിയപോലെ! എന്തൊക്കയോ ഇഴയുന്നു. പുസ്തകം കൊണ്ടമർത്തി. പക്ഷെ അത് കൂടിക്കൂടി വരുന്നു. എങ്ങിനെ യൊക്കെയോ സഹിച്ചു. കോളേജിന്റെ ബസ് സ്റ്റോപ്പെത്തി.

ഇറങ്ങി കോളേജിലേക്കോടി. നെഞ്ചിൽ ബുക്കും അടുക്കിപ്പിടിച്ചു കൊണ്ടുതന്നെ! പുസ്തകങ്ങളും ചോറുപാത്രവും ക്ലാസ്സുമുറി യിൽ വച്ചിട്ട് മൂത്രപ്പുരയിലേക്കോടി. ഉള്ളിൽ കയറി കുറ്റിയിട്ടു. സാധനം പുറത്തെടുത്തു. അമ്മെ!. പൊതി മുഴുവൻ ഉറുമ്പുകൾ. ബനിയൻ ഊരിക്കുടഞ്ഞു.. നെഞ്ചു കണ്ടിട്ട് സഹിച്ചില്ല!. തുടുത്തു ചുവന്നിരിക്കുന്നു. പൊതിയെല്ലാം ക്ലീൻ ചെയ്തു. സമാധാന മായി. വീണ്ടും ബനിയനുള്ളിൽ തന്നെ വച്ചു വൈകുന്നതുവരെ. കോളേജുവിട്ടതും അത് വിജയയുടെ കയ്യിൽ ഏൽപ്പിച്ചു. നന്ദിയും പറഞ്ഞു.

അവൾ പുഞ്ചിരിയോടെ അതേറ്റുവാങ്ങി.

## പുഞ്ചകൃഷിയിൽ അച്ഛന് സഹായവുമായി

പ്രീഡിഗ്രി കഴിഞ്ഞു നിൽക്കുന്ന കാലം. റിസൾട്ടിനായി കാത്തിരിക്കുകയായിരുന്നു. വെറുതെയിരിക്കുന്ന സമയം കുട്ടികൾക്ക് ട്യൂഷൻ എടുത്താലെന്താണെന്നു തോന്നി. അങ്ങിനെ ഒരു ട്യൂഷൻ മാഷ് ആയി. പടിഞ്ഞാറേ മുട്ടത്തുള്ള കോഗ്നാട്ടെ വിജയമ്മച്ചേച്ചിയുടെ മക്കൾക്കാണ് ആദ്യമായി ട്യൂഷൻ തുടങ്ങിയത്. അതിനു ശേഷം അതിനടുത്തുള്ള മൂന്നു വീടുകളിലും ട്യൂഷൻ കിട്ടി. ചെറിയ ഒരു വരുമാന മാർഗം. അത്രതന്നെ.

ഒഴിവുള്ള മറ്റു സമയങ്ങളിൽ അച്ഛനെ സഹായിക്കാൻ പുഞ്ചയിൽ പോകാറുണ്ട്. എനിക്ക് ഒരു പരിചയം വരട്ടെയെന്നു വിചാരിച്ചാകണം അച്ഛൻ പുഞ്ചയിലെ പല പണിയും എന്നെ ഏൽപ്പിച്ചു. ആ വർഷം ആദ്യത്തെ പണി ആഫ്രിക്കൻ പായൽ വാരുന്നതായിരുന്നു. ആ ചുമതല അച്ഛൻ എന്നെ പൂർണമായി ഏൽപ്പിച്ചു. ഇതിനകം ഞാനൊരു കോൺഗ്രസ്സു കാരനായിത്തീർന്നിരുന്നു. നാട്ടിലുടനീളം കോൺഗ്രസ് കമ്യുണിസ്റ്റ് സംഘർഷങ്ങൾ നിലവിലുള്ള കാലം. ആയിടക്കാണ് 'രണ്ടാൾ കുമാരൻ' കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്ന് മാറി ഞങ്ങളുടെ കൂടെ ചേർന്നത്. കമ്മ്യൂണിസ്റ്റുകാർ കുമാരനെ പാടത്തു പണിചെയ്യുന്നതിൽനിന്ന് വിലക്കിയിരുന്നു. ഈ

പശ്ചാത്തലത്തിലാണ് എന്റെ പുഞ്ചനിലത്തിൽ പായൽ വാരുവാൻ തയ്യാറാവുന്നത്. കുമാരൻ എന്നെ സമീപിച്ചു പണിനൽകുവാൻ കെഞ്ചി. ഞാൻ സമ്മതിച്ചു.

കുമാരൻ പാടത്തിറങ്ങുന്ന വാർത്ത കാട്ടുതീപോലെ പ്രചരിച്ചു. സഖാക്കളെല്ലാം ഒത്തു കൂടി. ആകെ അമ്പതു പേർക്ക് ചെയ്യാനുള്ള പണിയാണുള്ളത്. സഖാക്കൾ നൂറിലധികം പേരെ കൊണ്ടുവന്നു. ഞങ്ങളുടെ കൃഷി നിലത്തിന്റെ കാവൽക്കാരൻ കൊച്ചു കേശവനാണ്. അയാളുടെ അച്ഛൻ ചോതിപ്പുലയനു ആരോഗ്യമില്ലാതെ വന്നതോടെയാണ് കൊച്ചുകേശവന് സ്ഥാനമേറ്റത്. കൊച്ചുകേശവൻ ഒരു കുട്ടി സഖാവുമാണ്. പാർട്ടിക്കാർക്കും എനിക്കുമിടയിൽ സമാധാനമുണ്ടാക്കാൻ അയാൾ ശ്രമിച്ചു.

എന്റെ തീരുമാനം ഞാൻ അറിയിച്ചു. 'ഞാൻ ഒരാളെ ഇറക്കും. ബാക്കി എത്ര പേരെവേണമെങ്കിലും പാർട്ടിക്കാർക്കിറക്കാം' വാക്ക് തർക്കങ്ങൾക്ക് ശേഷം ജോലിക്കു വന്ന തൊഴിലാളികൾക്ക് ഒരു ദിവസം നഷ്ടപ്പെടുമെന്ന കാരണത്താൽ അവർ സമ്മതിച്ചു. അങ്ങിനെ ഞാൻ 'രണ്ടാൾ' കുമാരനെ പാടത്തിറക്കി!. പക്ഷെ ആളുകൾ കൂടിയതിനാൽ പണി ഉച്ചവരെമാത്രമെന്നും തീരുമാനിച്ചു. ഉച്ചക്ക് നൂറ്റി പത്തു പേർക്കുള്ള കൂലിയും കൊടുത്തു തിരിച്ചു വീട്ടിലെത്തുമ്പോൾ അച്ഛൻ വിവരമെല്ലാം അറിഞ്ഞു കോപിച്ചിരിക്കുകയായിരുന്നു. വേറൊന്നും പറഞ്ഞില്ല 'നീ ഇനി പുഞ്ചയിൽ പോകണ്ട' അത്രതന്നെ. ഒരാഴ്ചക്കുള്ളിൽ ഹരിപ്പാട്ടുള്ള സോമൻ ചേട്ടനെ കണ്ടു എന്നെ ബാംഗ്ലൂരിലേക്ക് കൊണ്ടു പോകാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തു.

## മുട്ടത്തുകാരുടെ 'പാനേത്തമ്മ'

മുട്ടത്തെ പാനേത്ത് ദേവി ക്ഷേത്രവും ഉത്സവപരിപാടികളും വളരെ പ്രസിദ്ധമാണ്. പാനേത്തമ്മയുടെ കൈനീട്ടപ്പറയോടുതുടങ്ങുന്ന പറയെടുപ്പും, കൊടിയേറ്റവും, തിരുമുടിയെഴുന്നെള്ളിപ്പും, ഉത്സവപരിപാടികളും, കാലമാടസ്വാമികളുടെ കരിംകോഴി കടിച്ചുമുറിക്കലും, അൻപൊലിയും, ആയില്യപൂജയും, നൂറും

പാലും, കലാപരിപാടികളും എല്ലാം തന്നെ മുട്ടത്തുകാരുടെ സ്വകാര്യ അഭിമാനമാണ്.

ക്ഷേത്രഭരണം ഒരു ഈഴവ കുടുംബത്തിന്റെയാണെങ്കിലും ആ അന്തരീക്ഷം പൊതുജനങ്ങൾക്ക് തുല്യത പകർന്നുള്ളതാണ്. ജാതി മത ചിന്തകൾക്കെല്ലാം അതീതമായ ഒരു ആത്മീയ ചൈതന്യമാണവിടെ കുടികൊള്ളുന്നത്. പണ്ട് പുരാതന കാലത്ത് സമൂഹത്തിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥകളുടെ സങ്കീർണതയിൽ ഒരൽപം വ്യത്യസ്തമായ ഒരു നിലപാടിലൂടെ അന്നത്തെ സവർണ്ണരെയും അധഃകൃത വർഗ്ഗത്തെയും ഒരുമിപ്പിക്കുന്ന ഒരു നയമായിരുന്നു പാനേത്ത് ഭഗവതി ക്ഷേത്രത്തിന്റെ ഭാരവാഹികൾ കൈക്കൊണ്ടിരുന്നത്.

## മുട്ടത്തെ ക്ഷേത്രോത്സവവും നാടകങ്ങളും



മുട്ടം മഹാദേവർക്ഷേത്രവും തനതായ കലാ സാംസ്കാരിക പ്രവർത്തനങ്ങളുടെ വിളനിലമായിരുന്നു. ജാതിമത വർഗ വ്യത്യാസമില്ലാതെ യുവാക്കൾ ഒന്നിച്ചുകൂടി ഉത്സവപരിപാടികളും മറ്റു

കൂട്ടായ്മകളും കാലാകാലങ്ങളിൽ നടത്തിവന്നിരുന്നു.

വൃശ്ചിക ചിറപ്പിനോടനുബന്ധിച്ചു നടത്തിയ നാടകങ്ങളാണ് ഓർമ്മവരുന്നത്. കലയും ചങ്ങലയുമെന്ന മറുപേരിൽ അന്നത്തെ പ്രമുഖമായ ഒരു നാടകം അരങ്ങേറിയത് ഇന്നും മറക്കാൻ കഴിയുന്നില്ല. അയ്യരാപ്പള്ളിൽ ഗോവിന്ദപ്പിള്ള, തറയിൽ പ്രഭു, കൊച്ചുകളീക്കൽ സഹദേവൻ, ഗണനാഥൻ എന്നിവരെയും അക്കാലത്തെ ആഢ്യബ്രഹ്മണ വേഷമിട്ട ഒണിയപ്പുറത്തെ മൂത്ത മുതലാളിയേയും മറക്കാൻ കഴയുന്നില്ല.

ഇത്താംപള്ളിൽ വിശ്വൻ ചാന്നാർ, പഞ്ചായത്തു മെമ്പർ ജനാർദ്ദനൻ നായർ, ചക്കാലിൽ രാമകൃഷ്ണപിള്ള, വിശ്വൻ നായർ എന്നിങ്ങനെ എന്റെ അച്ഛന്റെ സുഹൃത്തുക്കളെയും, അച്ഛന്റെ ജ്യേഷ്ഠ സഹോദരനായ കോക്കാട്ട് ദാമോദരൻ നായർ, ഭാഗവത പാരായണത്തിലൂടെ പരക്കെ അറിയപ്പെടുന്ന കുഞ്ഞു ചെറുക്കൻ സ്വാമി, ഭഗവാൻ തങ്കപ്പൻ, പോച്ചക്കണ്ടത്തിൽ കരുണാകരൻ എന്നിങ്ങനെ പലരെയും ഇത്തരുണത്തിൽ ഓർമ്മിക്കുന്നു.

## ബാംഗ്ലൂർ – ഉദ്യാന നഗരത്തിലേക്ക്

പ്രീ ഡിഗ്രി രണ്ടാം വർഷ പരീക്ഷ കഴിഞ്ഞു. റിസൾട്ടു വന്നു. ജോസഫ് സാറു മൊഴിഞ്ഞതുപോലെതന്നെ! സോഷ്യൽ സ്റ്റഡീസിന് തോറ്റു.! മുപ്പത്തി രണ്ടു മാർക്ക്. ബാക്കി മുന്ന് മാർക്കിനുവേണ്ടി അടുത്ത ആറു മാസം പഠിക്കണം. പഠിത്തം തുടങ്ങി. അതിനോടൊപ്പം കുട്ടികൾക്ക് ട്യൂഷനുമാരംഭിച്ചു. മൂന്ന് വീടുകളിൽ പോയി ട്യൂഷൻ എടുക്കണം. ഏകദേശം രണ്ടു കിലോമീറ്റർ നടക്കണം. ചില്ലറ കാശുകിട്ടും. വട്ടചിലവിനുള്ളത്. ആറുമാസത്തിനുള്ളിൽ പ്രീ ഡിഗ്രി പാസ്സായി.

ഈ കാലയളവിലാണ് രാഷ്ട്രീയ പ്രവർത്തനത്തിൽ കൂടുതൽ ഇടപെടുന്നത്.. പാർട്ടി പ്രവർത്തനങ്ങളിലൂടെ അച്ഛന്റെ കസിനും സമപ്രായക്കാരനുമായ മാടയിൽ പരമേശ്വരൻ ചേട്ടനുമായുള്ള ലോഹ്യബന്ധം ഏറെനാൾ നീണ്ടുനിന്നു. യൂത്ത് കോൺഗ്രസിന്റെ പഞ്ചായത്തു – ബ്ലോക്ക് തല പ്രവർത്തനങ്ങളിൽ കൂടുതലായി ശ്രദ്ധിച്ചു. പരമേശ്വരൻ ചേട്ടൻ, ജോത്സ്യർ കുഞ്ഞുപിള്ള,

ഇത്താംപള്ളിൽ അനിയൻ, മുഴങ്ങോടി രാജു, പോച്ചകണ്ടത്തിൽ കരുണാകരൻ, ഭദ്രൻ, രണ്ടാൾ കുമാരൻ ഇങ്ങിനെ കുറേയധികം സുഹൃത്തുക്കളുമായി ഇടപെടാൻ സ്വധിച്ചു. എറണാകുളത്തു നടന്ന യൂത്തുകോൺഗ്രെസ്സിന്റെ സംസ്ഥാനസമ്മേളനത്തിനു പോയതിന്റെ പേരിൽ അച്ഛന്റെ അടികിട്ടിയതും ആയിടയ്ക്കു തന്നെ! ആയിരത്തി തൊള്ളായിരത്തി എഴുപത്തിനാലിലാണ് ആദ്യ മായി ബാംഗ്ലൂരിലേക്കു വണ്ടി കയറിയത്. പുഞ്ചക്കൃഷിയിലുണ്ടായ നഷ്ടം കാരണം അച്ഛൻ സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന സമയം. എനിക്ക് വണ്ടിക്കൂലി തരുവാൻ പോലും പണമില്ല.. അമ്മയുടെ മാല പണയം വെച്ചിട്ടാണ് അച്ഛൻ കുറച്ചു പണം സ്വരൂപിച്ചത്. ട്രെയിൻ ടിക്കറ്റിനു ഇരുപത്തിരണ്ടു രൂപ. വേറെ നൂറു രൂപ കയ്യിലും തന്നു.

ഐലൻഡ് എക്സ്പ്രസിലെ ആദ്യയാത്ര!

## ബാംഗ്ലൂരിലെത്തി.

രാവിലെ ഏഴര മണിക്ക് ബാംഗ്ലൂർ കൺടോൺമെന്റ് റെയിൽവേ സ്റ്റേഷനിൽ എത്തി. നഗരത്തിന്റെ പകിട്ടൊന്നും റെയിൽവേ സ്റ്റേഷനിൽ ഉണ്ടായിരുന്നില്ല. പ്ലാറ്റുഫോമിൽ ഒരാൾ കാത്തു നിന്നിരുന്നു. ഒരിക്കൽ കണ്ടതാണ്. പക്ഷെ മുഖപരിചയം ഇല്ല. തീരെ ഓർക്കുന്നില്ല. ഹരിപ്പാട്ട് വച്ച് അച്ഛൻ കൊണ്ടുപോയി പരിചയപ്പെടുത്തിയതാണ്. 'സോമൻ ചേട്ടൻ'. എന്റെ അടുത്തേക്ക് വന്നു. 'പെട്ടിയിങ്ങു താ'. 'വേണ്ട ഞാനെടുത്തോളാം'. അദ്ദേഹം മുൻപേ നടന്നു. മഞ്ഞു പെയ്യുന്ന പ്രതീതി. ബാംഗ്ലൂരിലെ സുഖമുള്ള തണുപ്പിനെപ്പറ്റി കേട്ടിട്ടുണ്ട്. എങ്കിലും ഈ വസന്തകാലത്തിന്റെ ആരംഭം ഇത്ര മാത്രം സുഖകരമാണെന്നു കരുതിയിരുന്നില്ല എന്റെ വെളുത്ത ഖദർ ഉടുപ്പും മുണ്ടും നോക്കി ചേട്ടൻ ചോദിച്ചു 'പാന്റൊക്കെ കൊണ്ടുവന്നിട്ടുണ്ടോ?' ഞാൻ പറഞ്ഞു' ഇല്ല ഇവിടെ തയ്പ്പിക്കാമെന്ന് വിചാരിച്ചാ'. 'ശരി നമുക്ക് നോക്കാം'

മുനിറെഡ്ഡിപാളയത്തിനടുത്തു സുൽത്താൻപാളയത്തിൽ വിശാലമായികിടക്കുന്ന മുന്തിരി തോട്ടങ്ങളുടെ നാട്ടിലാണ് എത്തിച്ചേർന്നിരിക്കുന്നത്. മുന്തിരി വള്ളികളെപ്പറ്റി കേട്ടിട്ടുണ്ട്.

പക്ഷെ ഇത്ര മാത്രം മനോഹരമാണെന്നു കരുതിയില്ല. ഏക്കറുകണക്കോളം മുന്തിരി തോട്ടങ്ങൾ. എല്ലാം കറുത്ത് തുടുത്ത മുന്തിരിക്കുലകളോടുള്ളത്!. ഡിന്നൂർ - സുൽത്താൻ പാളയം. ആർ ടി നഗറിന്റെ അതിർത്തി. ഒരു ഇരുനില കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലാണ് സോമൻ ചേട്ടന്റെ താമസം. അടുത്തെങ്ങും വീടുകളില്ല. ചേച്ചിയും, അവരുടെ അനുജത്തി ലീലയക്കയും, അനിയൻ ശ്രീകുമാർ എന്നിവരും. എല്ലാവർക്കും എന്നെ ഇഷ്ടമായി. കൂടെ കൊണ്ടുവന്ന ട്രങ്ക് സുരക്ഷിതമായൊരിടത്തു വച്ചു. അതിൽ നിന്നുമെടുത്ത ലുങ്കിയും തോർത്തുമായി കുളിമുറിയിലേക്കു നടന്നു.

## മലമുകളിലെ ക്ഷേത്രം

പിറ്റേന്ന് രാവിലെ ലീലയ്ക്ക (ഓമനചേച്ചിയുടെ അനുജത്തി) ഒരു പ്ലാനിട്ടു. 'നമുക്കു അക്കാണുന്ന മലയുടെ മുകളിൽ പോകാം'. ശ്രീകുമാർ റെഡിയായി. ഞാൻ ചേച്ചിയെ ഒന്ന് നോക്കി. അനുവാദം വേണമല്ലോ. 'പോയിട്ട് വാ, വെറുതെ ഇവിടിരിക്കുവല്ലിയോ' ഞാനും തയ്യാറെടുത്തു. കാണാൻ അടുത്ത് തോന്നിയെങ്കിലും മൂന്ന് കിലോമീറ്ററോളം നടന്നു. അവിടെനിന്നും മലയുടെ മുകളിലേക്കു നടപ്പാതയിൽക്കൂടി കയറി. മുകളിൽ ഒരമ്പലം കാണാം. മുകളിലെത്തിയപ്പോൾ നന്നേ ക്ഷീണിച്ചുപോയി. അമ്പലത്തിൽ ഒരു പൂജാരി മാത്രം.

നമ്മുടെ നാട്ടിൽ ക്ഷേത്രത്തിൽ പൂജ സമയത്തു പോയാലെ പൂജകണ്ടു തൊഴാൻ പറ്റൂ!. ഇവിടങ്ങളിലങ്ങനെയല്ല. ആരു തൊഴാൻ ചെല്ലുമ്പോഴും നമ്മുടെ പേരും, നാളും ഗോത്രവുമൊക്കെ ചോദിക്കും. എന്നിട്ടു പൂജാരി വിസ്തരിച്ചൊന്നു പൂജിക്കും! മന്ത്രങ്ങളുടെ കൂട്ടത്തിൽ നമ്മുടെ പേരും, നാളും ഗോത്രവുമൊക്കെ വിളിച്ചു കൂവും! അക്കയിതെല്ലാം പൂജാരിക്ക് കൈമാറിയെന്ന് തോന്നുന്നു. ശിവൻകുട്ടി പൂയം നക്ഷത്രമെന്നൊക്കെ കേട്ടപ്പോളാണ് വിവരമൊക്കെ അറിഞ്ഞത്!.

പൂജാരിക്ക് ദക്ഷിണ കൊടുക്കണം. അക്ക പത്തു പൈസ നാണയം എന്റെകയ്യിൽ തന്നിട്ട് പൂജാരിക്ക് കൊടുക്കാൻ പറഞ്ഞു. എനിക്ക്

പതിവില്ലാത്തതാണെങ്കിലും കൊടുത്തു. അപ്പോഴാണ് പൂജാരി പറയുന്നത്. 'ക്ഷേത്രത്തിനു താഴെയായി ഒരു ഗുഹയുണ്ട്. അതിനുള്ളിൽ ഒരു പ്രതിഷ്ഠയുമുണ്ട്. അവിടെ തൊഴണം. അത് പ്രധാനമാണ്'. തമിഴും കന്നടയുമൊക്കെ കലർത്തി പൂജാരി വിശദീകരിച്ചു. ഇത് രണ്ടിനെപ്പറ്റിയും ഒരു ചുക്കും അറിയില്ലെങ്കിലും സംഗതി പിടികിട്ടി!

ഞങ്ങൾ താഴേക്കുനടന്നു. ആ മലയുടെ താഴെത്തട്ട്. വിസ്താരമായ ഒരു സ്ഥലം. മുന്ന് നാലു മരങ്ങളുണ്ട്. വലിയ മരങ്ങളാണ്. അതിന്റെ അരികിലായി മലയുടെ അടിത്തട്ടിലേക്കുള്ള ഒരു ഗുഹ. ഒരാൾക്ക് കഷ്ടിച്ച് കുനിഞ്ഞു നടക്കാം. ചെറിയൊരു ഭയം തോന്നി. പക്ഷെ അക്കയുടെ ധൈര്യത്തിന്റെ ബലത്തിൽ ഞാൻ പിന്നിലായി നടന്നു. ഏകദേശം അറുപതടിയോളം നടന്നു. നനവുള്ള മണ്ണിന്റെ ഗന്ധം. കൂട്ടത്തിൽ ചന്ദനത്തിരി കത്തിയതിന്റെയും. കുറച്ചു സ്ഥലത്തു മുട്ടിലിഴയണം. അതിനപ്പുറത്തു അൽപം വിശാലമാണ്. ഹൃദയമിടിപ്പ് കൂടുന്നു.

എവിടെനിന്നാണെന്നറിയില്ല ചെറിയ വെളിച്ചം. അതാ മറ്റൊരു ഗുഹ അവിടെ തുടങ്ങുന്നു. അതിലേക്കു കയറാൻ പറ്റില്ല അത്ര ചെറുതാണ്. ഉള്ളിൽ ഒരു പ്രതിഷ്ഠ കാണാം പൂജാരി അവിടെ പോയിട്ടുണ്ടങ്കിൽ ഇഴഞ്ഞുതന്നെയാവണം!.

ശ്വാസം മുട്ടുന്നോന്നൊരു സംശയം! അക്കയോട് തിരിച്ചു പോകാമെന്നു പറഞ്ഞു. ശ്രീകുമാറിനും സന്തോഷമായി. അവൻ എന്നെക്കാളും പേടിച്ചിരിക്കുകയായിരുന്നു.

ഞങ്ങൾ പുറത്തിറങ്ങി വീട്ടിലേക്കു നടന്നു.

## മുന്തിരി വള്ളികളുടെയിടയിലൂടെ നടക്കുമ്പോൾ

കറുത്തു തുടുത്തു തൂങ്ങിനിൽക്കുന്ന കുലകളിരൊണ്ണം പറിച്ചെടുത്താലെന്തെന്നു തോന്നി. പക്ഷെ അക്ക മുൻപേ തന്നെ പറഞ്ഞിരുന്നു. അതിന്റെ ഓണർ നല്ലവനായ ഒരു മുനിയപ്പയാണ്. എന്നും തോട്ടത്തിലുണ്ടാകും. പകൽ മുഴുവനും

ജോലിക്കാരെക്കൊണ്ട് പക്ഷികളെ ഓടിക്കാൻ പടക്കം പൊട്ടിക്കാറുണ്ട്. മുന്തിരി കുലകൾ പറിക്കുന്ന സമയത്തു ഒരു കൂടനിറയെ മുന്തിരിങ്ങ അയാൾ വീട്ടിലെത്തിക്കാറുണ്ട് പോലും!

രാജ്യത്തിന്റെ ഉദ്യാന നഗരമെന്നും സിലിക്കൺവാലിയെന്നു മൊക്കെ അറിയപ്പെടുന്ന ബാംഗ്ലൂർ നഗരം ആദ്യ കാഴ്ചയിൽ തന്നെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടി. പ്രശാന്തസുന്ദരമായ. നഗരാനുഭവങ്ങൾ കൊതിക്കുന്നവർ ഒരിക്കലെങ്കിലും ഇവിടം സന്ദർശിച്ചിട്ടില്ലങ്കിൽ അത് വല്ലാത്തൊരു നഷ്ടമായിരിക്കും.

കർണ്ണാടകയുടെ തെക്ക്-കിഴക്ക് ഭാഗത്തായിട്ടാണ് ബാംഗ്ലൂർ നഗരംസ്ഥിതിചെയ്യുന്നത്.മൈസൂർപീഠഭൂമിയുടെഹൃദയഭാഗമാണ് കർണ്ണാടകയുടെ ഈ തലസ്ഥാന നഗരി. 800 ചതുരശ്ര കിലോമീറ്ററിൽ പരന്നു കിടക്കുന്ന നഗരത്തിൽ ഒരുകോടി മുപ്പത്തിയാറുലക്ഷത്തിലധികം പേർ ഇന്ന് വസിക്കുന്നുണ്ട്. രാജ്യത്തെ ജനനിബിഡമായ വൻനഗരങ്ങളിൽ മൂന്നാമതുള്ള ബാംഗ്ലൂരിന് ഒട്ടേറെ സവിശേഷതകളുമുണ്ട്. ഏതൊരുത്തനെയും തൃപ്തിപ്പെടുത്തുന്ന ആധുനിക ബാംഗ്ലൂരിനെ സൃഷ്ടിച്ചെടുത്തത് വിജയനഗര സാമ്രാജ്യത്തിലെ കെംപേഗൗഡയാണെന്നാണ് ചരിത്രം. കാലത്തിന്റെ വളർച്ചക്കൊപ്പം അതിവേഗം വളരാൻ ഈ നഗരം നൂറ്റാണ്ടുകൾക്ക് മുമ്പെ ശീലിച്ചിരുന്നു. വ്യാവസായിക, വാണിജ്യ, ടൂറിസം രംഗത്ത് ലോകം ഉറ്റുനോക്കുന്ന തലയെടുപ്പോടെയാണ് ഇന്നീ നഗരം നിലകൊള്ളുന്നത്.

## എയർഫോഴ്സ് റിക്രൂട്ട്മെന്റ്

ഒന്നര മാസക്കാലമായി ഇവിടെ വന്നിട്ട്. ഇതിനോടകം പലവട്ടം ചേട്ടനോട് ജോലിയെപ്പറ്റി ഓർമ്മിപ്പിച്ചു. അങ്ങിനെ ഒരു ദിവസം വൈകിട്ട് ചേട്ടൻ പറഞ്ഞു. 'നാളെ എയർ ഫോഴ്സിലേക്കു ഒരു റിക്രൂട്ട്മെന്റ് ഉണ്ട്.. രാവിലെ റെഡിയാവണം'. സന്തോഷമായി. തീർച്ചയായും കിട്ടും. തൂക്കത്തിന്റെ കാര്യത്തിലേയുള്ളു സംശയം. ചേട്ടനാരോടോ പറഞ്ഞിട്ടുണ്ടന്നാണ് തോന്നുന്നത്. പിറ്റേന്ന് രാവിലെ തന്നെ റെഡിയായി. ചേട്ടന്റെ കൂടെയിറങ്ങി.

അരമണിക്കൂറിനുള്ളിൽ ശിവാജി നഗറിലുള്ള എയർഫോഴ്സ്

റിക്രൂട്ട്മെന്റ് ഓഫീസിൽ എത്തി. നൂറിലധികം സമപ്രായക്കാരായവരുടെ ക്യൂവിൽ ഞാനും നിന്നു. ഒരു പട്ടാളക്കാരൻ സർദാർജി ഉയരം അളന്നു. ജട്ടിയൊഴികെ എല്ലാമഴിച്ചു ഒരിടത്തുവച്ചിട്ടു സർട്ടിഫിക്കറ്റുമായി വരാൻ പറഞ്ഞു. നാണം തോന്നി! എങ്കിലും ജോലികിട്ടേണ്ടേ?. എല്ലാം അഴിച്ചുവച്ചു. നെഞ്ചും, വയറും ഒക്കെ അളന്നു. ശരീരമാകെ തപ്പി നോക്കി. ഇക്കിളിയായി. ഓടിക്കുകയും ചാടിക്കുകയുമൊക്കെ ചെയ്തു. പിന്നൊരിടത്തു തൂക്കം നോക്കി. ആ പട്ടാളക്കാരൻ പുച്ഛത്തോട് എന്നെ ഒന്ന് നോക്കി. അങ്ങ് ദൂരെ ഒരു ടേബിളിട്ടിരിക്കുന്ന ഓഫീസറുടെ അടുത്തേക്കുചെല്ലാൻ പറഞ്ഞു. അവിടെ ചെന്നു. അയാൾ എന്റെ വിവരങ്ങളെല്ലാം കുറിച്ച പേപ്പറിൽ നോക്കി മുഖം ചുളിച്ചു. എന്റെ കയ്യിലുണ്ടായിരുന്ന സർട്ടിഫിക്കറ്റ് വാങ്ങി അതിന്റെ അവസാന പേജിൽ ഒരു വലിയ സീൽ അടിച്ചു! ചുവപ്പു മഷിയിലടിച്ച സീലിൽ ഞാൻ നോക്കി. ഇംഗ്ലീഷിലാണ്.

അടുത്ത ആറുമാസത്തിനുള്ളിൽ എയർഫോർസിന്റെ ഒരു റിക്രൂട്ടിട്മെന്റിനും പങ്കെടുക്കാൻ പാടില്ല!

ആ ഓഫീസറെ ദയനീയമായി ഒന്ന് നോക്കി. 'പ്ളീസ് സർ' എന്ന് പറഞ്ഞു. 'ചലോ ബേട്ടാ' അയാൾ അടുത്തയാൾക്കു വേണ്ടി കൈ കാണിച്ചിട്ട് എന്നോട് പുറത്തു പോകാനും ആംഗ്യം കാണിച്ചു. ഞാൻ അവശനായി വീട്ടിലേക്കു മടങ്ങി. ഇനി ആ പ്രതീക്ഷ വേണ്ട. മാത്രമല്ല അടുത്ത ആറുമാസത്തിനുള്ളിൽത്തന്നെ എനിക്ക് 19 വയസുകഴിയും. എയർ ഫോഴ്സിൽ ചേരാമെന്നുള്ള എന്റെ പ്രതീക്ഷകളെല്ലാം ഇവിടം കൊണ്ടവസാനിച്ചു.

ചേട്ടന്റെ പ്ലാൻ പ്രകാരം അടുത്ത റിക്രൂട്ട്മെന്റിന് വീണ്ടും പോകണം. വീട്ടിൽ വെറുതെയിരുന്ന് മടുത്തു. നാലു പേരുണ്ട് ചീട്ടുകളിക്കും–28. ചീട്ടുകളിയിൽ വലിയ പരിചയമൊന്നുമില്ലാത്തതിനാൽ പലപ്പോഴും തോറ്റു പോകും. തോറ്റാൽപ്പിന്നെ കുണുക്കിടണം– ബോറടിക്കും. അത് കാരണം ചീട്ടുകളി കഴിയുന്നതും ഒഴിവാക്കും. അടുത്തൊരു കടയുണ്ട്. നാണുവിന്റെ പലചരക്കു കട. അവിടെ പോയി കുറച്ചു സമയം ചിലവഴിക്കും. ഒരു സിഗരറ്റും വലിക്കും – നേവിബ്ലൂ.

## ഒരു പത്രപ്രവർത്തനം


അങ്ങിനെയിരിക്കെ ഡെക്കാൻ ഹെറാൾഡ് ദിനപ്പത്രത്തിന്റെ ബില്ല് പിരിവുമായി ഒരു സുമുഖൻ വീട്ടിൽ വന്നു. മാവേലിക്കരക്കാരൻ ഇ.ടി.വർഗീസ്. ചേച്ചി പൈസ കൊടുത്തു. പൈസ കൊടുത്തിട്ടും അയാൾ പോകുന്നില്ല. അയാൾ കഥയും പറഞ്ഞിരിക്കുകയാണ്. പക്ഷെ കേൾക്കാൻ രസമുണ്ട്. ഞാൻ അയാളോടൽപം അടുത്തു. ആ അടുപ്പം ഒരു വലിയ സുഹൃത്ബന്ധമായി. ചേച്ചിയുടെ അനുമതിയോടെ വർഗീസിന്റെ കൂടെ പേപ്പർ ബിൽ പിരിവിനായി ഞാനും കൂടി. അതുപിന്നെ ഒരു ദിനചര്യയായി. എന്തോ ജോലിക്കു പോകുന്നത് പോലെ. പിന്നീട് ഒരു ജോലിപോലെ തന്നെ തുടർന്നു. ശമ്പളവും കിട്ടി – ഒരു ചെറിയതുക.

കാലക്രമേണ പത്രത്തിന്റെ ബില്ല് പിരിവു ഞാൻ തനിയെയായി. ഹെബ്ബാൾ, ആർ.ടി നഗർ മുനീറെഡ്ഡി പാളയ, ഡിന്നൂർ തുടങ്ങി വസന്തനഗർ വരെ എല്ലാ ഇടവഴികളും നല്ല പരിചയമായി. വർഗീസിന്റെ മാതാപിതാക്കൾ അദ്ദേഹത്തിൻറെ വിവാഹം തീരുമാനിച്ചു. ഒരു മാസക്കാലം നാട്ടിൽ പോകണം. ആ സമയത്തേക്ക് വെളുപ്പിന് നാലു മണിക്ക് വസന്തനഗറിൽ പോയി ഏകദേശം പത്തായിരത്തോളം വരുന്ന ന്യൂസ് പേപ്പറുകൾ എണ്ണി ഒരോത്തർക്കായി കൊടുക്കണം. മുപ്പത്തി  അഞ്ചോളം പേപ്പർ ബോയികളുണ്ട്. ഈ പണി എന്നെ ഏൽപ്പിച്ചു. ഞാനതു ക്രൃത്യ മായി ചെയ്തുതുടങ്ങി. വർഗീസ് കല്യാണത്തിന് നാട്ടിൽ പോയി. ഞാൻ തന്നെ എല്ലാം നോക്കി നടത്തണം. ആരെങ്കിലും ഒരാൾ വന്നില്ലെങ്കിൽ ആ പേപ്പർ കെട്ടുമായി ഞാൻ പോകും. എല്ലാം നന്നായി നടന്നു. കല്യാണത്തിനുശേഷം വർഗീസും ഭാര്യയും എത്തി. എന്റെ ജോലി അത് പോലെ തന്നെ തുടർന്നു. അതിരാവിലെ പേപ്പർ എണ്ണി കൊടുക്കാൻ വർഗീസിനെ ബുദ്ധിമുട്ടിച്ചിട്ടില്ല. ഞാൻ ഒരു പഴയ സൈക്കിളുമായി വെളുപ്പിന് നാലുമണിക്കുതന്നെ ഇറങ്ങും. എണ്ണിക്കൊടുക്കലും വരാത്തവരുടെ പേപ്പർ കൊണ്ട് പോയി കൊടുക്കലും എല്ലാം സന്തോഷത്തോടെ തന്നെ ചെയ്തു.

## ചെരുപ്പ് മോഷ്ടിച്ചില്ല

അന്ന് ഒരു ഞായറാഴ്ചദിവസം രാവിലെ പേപ്പറുമായി ഗംഗന ഹള്ളിയിലുള്ള ഒരു വീടിന്റെ ഗേറ്റുതുറന്നുള്ളിലേക്ക് കടന്നു. സാധാരണ റോഡിൽനിന്ന് തന്നെ വരാന്തയിലേക്കാണ് വലിച്ചെറിയാറുള്ളത്. മഴയുള്ളതിനാൽ ഉള്ളിലേക്ക് നടന്നു. നനയാതെ സൂക്ഷിച്ചു വരാന്തയിൽ ഒരു കസേരയിലേക്ക് പേപ്പറിട്ടു. അപ്പോഴാണ് അവിടെയൊരു ഷൂ റാക്ക് കണ്ടത്. പലതരത്തിലുള്ള പുതിയ ചെരുപ്പുകൾ. നല്ലയിനം ഷൂ ഒന്നിലധികം! എല്ലാം അലക്ഷ്യമായിട്ടിരിക്കുന്നു. എന്റെ കാലിലുള്ള റബ്ബർ ചെരുപ്പിന്റെ വള്ളി പൊട്ടിയിട്ട് തയിച്ചുചേർത്തതാണ്. ഉപ്പൂറ്റിയുടെ ഭാഗം തേഞ്ഞു തുളവീണിരിക്കുന്നു. അടുത്തെങ്ങും പുതിയ ചെരുപ്പ് വാങ്ങാനുള്ള മാർഗമില്ല. പിന്നെയല്ലെങ്കിൽ അച്ഛനോട് പണം ചോദിക്കണം. എന്റെ കാലിന്റെ സൈസ് എട്ടാണ്. അവിടിരിക്കുന്നതെല്ലാം എട്ടാണ്ന്നു തോന്നുന്നു. ഒന്നെടുത്തു കാലിനോടൊപ്പം വച്ച് നോക്കി. അതെ പാകമാണ്. എടുത്താലോ? പേപ്പറിന്റെ ബാഗുമുണ്ട്. അതിൽ വച്ചുകൊണ്ടുപോകാം. വീട്ടിലെന്തു പറയും?, എന്തെങ്കിലും പറയാം. അങ്ങിനെ പോയി ചിന്തകൾ. എല്ലാം നിമിഷങ്ങൾക്കുള്ളിൽ. പക്ഷെ പെട്ടെന്നൊരു തീരുമാനമെടുത്തു. വേണ്ട. കാലിൽ ചെരുപ്പില്ലാതെ നടന്നാലും മോഷണം വേണ്ട!. എടുത്ത ചെരുപ്പവിടെയിട്ടു പുറത്തേക്കുവന്നു. ജീവിതത്തിലെടുത്ത പല നല്ല തീരുമാനങ്ങളിൽ ഇന്നും ഓർക്കുന്നതായ ഒന്നായിരുന്നു അത്..

പീന്നീട് പലവട്ടം അഭിമാനത്തോടുകൂടി അതോർത്തിട്ടുണ്ട്.!



## ബാംഗ്ലൂർ എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ.

മാസങ്ങൾ പലതു കഴിഞ്ഞു. എയർ ഫോഴ്സിന്റെ കണക്കു പ്രകാരം അടുത്ത ആറു മാസമാവുമ്പോഴേക്കും എനിക്കു പത്തൊൻപതു വയസു കഴിഞ്ഞിരിക്കും. ഒരു ദിവസം ചേട്ടന്റെ രണ്ടു സുഹൃത്തുക്കൾ വൈകുന്നേരം വീട്ടിൽ വന്നു. ചേട്ടനുമുണ്ട്. എന്നെ കൂട്ടി ടെറസിന് മുകളിൽ പോയി. കുറെ കാര്യങ്ങൾ എല്ലാം സംസാരിച്ചു. അവസാനം സംഗതി അവതരിപ്പിച്ചു. സർട്ടിഫിക്കറ്റിലുള്ള ജനനത്തീയതി ഒന്ന് തിരുത്തണം. അതുകൊണ്ടൊന്നും സംഭവിക്കത്തില്ല'. അവരുറപ്പുതന്നു. 'എഴുതിയത് മായ്കാനും, അതെ കൈപ്പടയിൽ എഴുതുവാനുമുള്ള എല്ലാ സംവിധാനവുമുണ്ട്. നീ സമ്മതിച്ചാൽ എല്ലാം ഏർപ്പാടാക്കാം'

'നാളെ പറയാം'. തൽകാലം രക്ഷപെട്ടു. രാത്രി ഉറക്കം വന്നില്ല. വളരെയധികം ആലോചിച്ചു. ജനനത്തീയതി സ്ഥിതീകരണം ഹൈസ്കൂളിൽ നിന്നാണ്. അവിടേക്കയക്കാതെ കാര്യങ്ങൾ കൈ കാര്യം ചെയ്യാമെന്നാണ് ആ ഉദ്യോഗസ്ഥൻ ഉറപ്പുതന്നത്. പക്ഷെ എന്തിന്? ഒരു പക്ഷെ പിടിക്കപ്പെട്ടാൽ? എന്തായാലും അത് വേണ്ട. ഉറച്ച ഒരു തീരുമാനമെടുത്തു. രാവിലെ ചേട്ടനോട് പറഞ്ഞു. 'പേടിയാണെങ്കിൽ വേണ്ട' ചേട്ടൻ കൂടുതൽ നിർബന്ധിച്ചില്ല. പിന്നെയും കടന്നുപോയി ദിവസങ്ങളും മാസങ്ങളും.

മറ്റൊരു ദിവസം. ചേട്ടൻ ഒരു പുതിയ വിവരവുമായാണ് വൈകിട്ട് വീട്ടിലെത്തിയത്. ഐ.ടി.ഐ-യിൽ ട്രെയിനിങിന് ആളെ എടുക്കുന്നുണ്ട്. ഇന്ത്യൻ ടെലിഫോൺ ഇൻഡസ്ട്രീസ്. കേന്ദ്ര ഗവർമെന്റിന്റെയാണ്. ട്രെയിനിങ് കഴിഞ്ഞാൽ ഉടനെ ജോലി കിട്ടും. പക്ഷെ ബാംഗ്ലൂർ എംപ്ലോയിന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യണം. മണ്ണിന്റെ മക്കൾ വാദം ഗെവെർന്മെന്റ് തന്നെ ഏറ്റെടുത്തിരിക്കുന്ന കാലം. ഒരു അന്യ സംസ്ഥാനക്കാരനായ എനിക്ക് പേര് രജിസ്റ്റർ ചെയ്യാൻ സാധിക്കില്ല. പക്ഷെ ആശ കൈവിട്ടില്ല. അടുത്ത ദിവസം രാവിലെ തന്നെ തന്റെ പഴയ സൈക്കിളിൽ ബ്രിഗേഡു റോഡിനടുത്തുള്ള എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ ചെന്നു. ഒരു വലിയ ബംഗ്ളാവുപോലുള്ള ഒരു കെട്ടിടമാണ്. പുറത്തു വാഹനങ്ങൾ പാർക്കുചെയ്യുവാനും മറ്റും

കുറെ സ്ഥലമുണ്ട്. സൈക്കിൾ ഒരോരത്തു വച്ച് അകത്തു കയറി. കയ്യിൽ സെർട്ടിഫിക്കറ്റുകൾ എല്ലാം അടക്കി പിടിച്ചിട്ടുണ്ട്. ആരോട് ചോദിക്കാൻ? തൊഴിൽ രഹിതരായ ഉദ്യോഗാർഥികളാണ് എല്ലാവരും. അത് അവിടെ വന്നിരിക്കുന്നവരെ കണ്ടാലും അറിയാം. ആഫീസിലുള്ള ജോലിക്കാർ മുഖത്തേക്ക് നോക്കില്ല. ഒരറ്റൻഡറെ കണ്ടു. അയാളുടെ മുഖം അലപം സൗമ്യമാണ്. അയാളോട് അറിയുന്ന ഇംഗ്ലീഷിൽ ചോദിച്ചു. പേര് രജിസ്റ്റർ ചെയ്യുന്നതെവിടെയാണ്. അയാൾക്ക് കാര്യം മനസിലായി. അകലെയുള്ള ഒരു ടേബിൾ ചൂണ്ടിക്കാണിച്ചു. ഞാൻ അവിടേക്കു പോയി. അയാൾ മുഖമുയർത്തുന്നതുവരെ കാത്തു. തല മെല്ലെയുയർത്തിയപ്പോൾ ചുറ്റും നിന്നവർക്കെല്ലാം അവരുടേതായ കാര്യങ്ങൾ ചോദിക്കുവാൻ തുടങ്ങി. എനിക്കവസരം കിട്ടുന്നില്ല. എന്റെ മുഖം അയാൾ ശ്രദ്ധിച്ചു. 'യേനപ്പാ?' എന്നോടാണെന്നു മനസ്സിലായി. ഞാൻ വീണ്ടും ഇംഗ്ലീഷിൽ തന്നെ പറഞ്ഞു. 'പേര് രജിസ്റ്റർ ചെയ്യണം'. അയാൾ എന്റെ സർട്ടിഫിക്കറ്റ് വാങ്ങി എന്നെ ഒന്നുകൂടി നോക്കി. 'ആകല്ല'. സർട്ടിഫിക്കറ്റുകൾ തിരിച്ചുതന്നു. അയാൾ പിന്നെയും ഫയിലേക്കു തന്നെ മുഖം കുനിച്ചു.

ഇനിയെന്ത്? തിരിച്ചു പോകുന്നതെങ്ങനെ? ആദ്യം കണ്ട അറ്റൻഡറോടു തന്നെ ചോദിച്ചു. അയാൾ ഒരു മുറിക്കുള്ളിൽ ഒറ്റയ്ക്ക് സുഖമായിരിക്കുന്ന ഒരാളെ കാട്ടി. കന്നടയിൽ പറഞ്ഞു. അർഥം മനസിലായി. 'അയാൾ വിചാരിച്ചാൽ സാധിക്കും'. ഞാൻ നേരെ ആ മുറിയിലേക്ക് കയറി. മറ്റാരുമില്ല ആ മുറിയിൽ. ഞാൻ ഇംഗ്ലീഷിൽ തന്നെ പറഞ്ഞു. അയാൾ സർട്ടിഫിക്കറ്റ് വാങ്ങി നോക്കിയിട്ടു ഇത് പറ്റില്ല എന്ന് ഒട്ടും ആലോചിക്കാതെ തന്നെ കന്നടയിൽ പറഞ്ഞു. ഞാൻ അതെന്തുകൊണ്ടാണെന്നു ചോദിച്ചു. അയാളെന്തൊക്കെയോ പറഞ്ഞു. ഒന്നും മനസിലായില്ല. 'സർ പ്ളീസ്' ഞാൻ വീണ്ടും കെഞ്ചി. കരഞ്ഞു; ആ മനുഷ്യൻ ദേഷ്യം പിടിച്ചു. ഇറങ്ങി പോകാൻ പറഞ്ഞു. കന്നടയിലാണ്. പക്ഷെ അർഥം ഞാൻ മനസിലാക്കി. ഞാൻ യാചനാസ്വരത്തിൽ 'രജിസ്റ്റർ ചെയ്തില്ലെങ്കിൽ ഞാൻ പോവില്ല എന്ന് പറഞ്ഞു' അയാൾ ഒരു ബെല്ലടിച്ചു. ഒരു തടിയൻ കടന്നു വന്നു. എന്നെ പിടിച്ചു പുറത്താക്കുവാൻ പറഞ്ഞു. തടിയൻ എന്നെ പിടിച്ചു പുറത്തു കൊണ്ടുവന്നാക്കി!.

ആരും കണ്ടില്ല. കണ്ടാൽത്തന്നെ സാരമില്ല. തന്നെ ആരുമറിയില്ലല്ലോ. സ്വയം സമാധാനിച്ചു. മെല്ലെ സൈക്കിളുമെടുത്തു വീട്ടിലേക്കു പോകാൻ തുടങ്ങുമ്പോൾ ഓഫീസിനുള്ളിൽ നിന്നൊരാൾ എന്നെ നോക്കി ചിരിക്കുന്നു. ഞാൻ ഓർത്തു നോക്കി പരിചയമില്ലല്ലോ? ആരായിരിക്കും? എന്തായാലും. സൈക്കിൾ അവിടെത്തന്നെ വച്ചിട്ട് ആ ജനലിനടുത്തേക്കു പോയി. 'എന്താ പേര് രജിസ്റ്റർ ചെയ്യാനാണോ?' അയാൾ ചോദിച്ചു. കന്നടയിൽ തന്നെ മനസിലായി. അപ്പോളയാൾ എന്നെ ശ്രദ്ധിക്കുന്നുണ്ടായിരിക്കും. 'അതെ' ഞാൻ പറഞ്ഞു. 'അവിടെ ആ ഷെഡിന്റെ പുറകിൽ പോയി നിൽക്കു. ഞാൻ വരാം ' കന്നഡയിൽ തന്നെയെങ്കിലും കഥകളിയുടെ നാട്ടിൽ നിന്ന് വന്ന എനിക്ക് കാര്യം മനസിലായി. ഞാനവിടെപ്പോയി കാത്തു നിന്നു.

അധികം താമസിച്ചില്ല. അയാൾ വന്നു. എന്റെ സർട്ടിഫിക്കേറ്റും, ആലപ്പുഴ എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത കാർഡും എല്ലാം കാണിച്ചു. അയാൾ ഒന്നാലോചിച്ചു. 'ഇത് പറ്റില്ല; നിങ്ങൾ ആലപ്പുഴ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പോയി ബാംഗ്ലൂരിലേക്ക് ട്രാൻസ്ഫർ ചെയ്യണമെന്നു ഒരപേക്ഷ കൊടുക്കണം. അവർ നിങ്ങടെ രജിസ്ട്രേഷൻ ഫലുകളെല്ലാം ഇവിടെക്കയക്കും. അത് വന്നാൽ ഞാൻ ശെരിയാക്കാം. പക്ഷെ എനിക്ക് അമ്പത് രൂപ തരണം' വളരെ കഷ്ടപ്പെട്ടാണെങ്കിലും ഞാൻ ഇത്രയും മനസിലാക്കി. തല കുലുക്കി സമ്മതിച്ചു. വീട്ടിലേക്കു തിരിച്ചു. ഒരു ലോട്ടറി അടിച്ച സന്തോഷത്തോടെ!

അന്നുതന്നെ ഞാൻ അച്ഛന് കത്തെഴുതി. അച്ഛൻ ആലപ്പുഴ പോയി എനിക്കുവേണ്ടി അപേക്ഷ കൊടുത്തു. അവർ അതെല്ലാം ബാംഗ്ലൂരിലേക്കു അയക്കാമെന്നും പറഞ്ഞു. അന്ന് ഒരു കത്തിലൂടെ മറുപടി കിട്ടണമെങ്കിൽ ചുരുങ്ങിയത് ഇരുപത്തിയഞ്ചു ദിവസങ്ങൾ വേണ്ടി വരും. ഒരു മാസം കഴിഞ്ഞു. എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ പോയി നോക്കി. 'ഇനിയും വന്നിട്ടില്ല' അയാൾ പറഞ്ഞു. വീണ്ടും ഒരാഴ്ചക്കുശേഷം ചെന്നു. അയാളെ കണ്ടു. അയാളെല്ലാം ശെരിയാക്കിയിരുന്നു. അയാൾ ഒരു പിങ്ക് നിറമുള്ള ഒരു കാർഡും തന്നു. അയാൾക്ക് അമ്പതു രൂപയും കൊടുത്തു. നിറഞ്ഞ സന്തോഷത്തോടെ എന്റെ സൈക്കിളിൽ വീട്ടിലേക്കു വിട്ടു!. എം ജി റോഡും, ശിവാജിനഗർ ബസ് സ്റ്റാൻഡും,

കൺടോൺമെന്റ് റെയിൽവേ സ്റ്റേഷനും, ജയമഹൽ റോഡും, മുനീറെഡ്ഡി പാളയവും, എല്ലാം കടന്നു ഉദ്യാന നഗരത്തിന്റെ എല്ലാ സൗന്ദര്യവും ആസ്വദിച്ചുകൊണ്ടു തന്നെ! സുൽത്താൻ പാളയത്തെ മുന്തിരി തോട്ടവും ചുറ്റി; ഡിന്നുരിലുള്ള വീട്ടിലെത്തി.

## ഐ.ടി.ഐ.യുടെ നീലനിറത്തിലുള്ള ബസ്സുകൾ

ജോലി തേടിയും വിനോദ സഞ്ചാരത്തിനായും ലോകത്തിന്റെ നാനാഭാഗത്ത് നിന്നുള്ളവർ എത്തുന്നതിനാൽ ചെലവ് കുറഞ്ഞ റെസ്റ്റോറന്റുകൾ മുതൽ പഞ്ചനക്ഷത്ര ഹോട്ടലുകൾവരെ ഈ ഉദ്യാന നഗരത്തിൽ പ്രവർത്തിക്കുന്നുണ്ട്. പ്രാദേശിക, തനത് രുചി വിഭവങ്ങളുമായി കേരളം, ആന്ധ്രാപ്രദേശ്, തമിഴ്നാട് സ്വദേശികളുടെ നിയന്ത്രണത്തിലുള്ള റെസ്റ്റോറന്റുകളും ഒട്ടനവധിയുണ്ട്

അന്നും നഗരത്തിൽ പലയിടത്തും മലയാളികൾ നടത്തുന്ന ഹോട്ടലുകളുണ്ടായിരുന്നു. ഒരു ചായകുടിക്കാമെന്നു കരുതി മുനിറെഡ്ഡി പാളയത്തുള്ള ഒരു ഹോട്ടലിൽ കയറി. ഒഴിഞ്ഞു കിടന്നിരുന്ന ഒരു ടേബിളിന്റെ മുന്നിലുള്ള കസേരയിലിരുന്നു. ഒട്ടും താമസിച്ചില്ല ഒരു പ്ലെയ്റ്റിനുള്ളിൽ ആറു വിവിധ പലഹാരങ്ങൾ കൊണ്ട് വച്ചു ഞെട്ടിപ്പോയി. കൊണ്ടുവച്ചയാൾ അപ്പോഴേ സ്ഥലം വിട്ടു. അടുത്തിരിക്കുന്നവരെല്ലാം തീറ്റിയുടെ തിരക്കിലാണ്. മെല്ലെ പോക്കറ്റിൽ നോക്കി. പതിനാലു രൂപ യുണ്ട്. അതിൽ കൂടുതൽ ഒന്നും ആവത്തില്ലായിരിക്കും. നല്ല വിശപ്പുമുണ്ട്. ഓരോന്നായി തിന്നാൻ തുടങ്ങി. രണ്ടെണ്ണം തിന്നു. വയറു നിറഞ്ഞു. മൂന്നാമത്തേതെടുക്കാൻ തുടങ്ങുമ്പോൾ അൽപം പ്രായമുള്ള ഒരു ബെയറർ വന്നു. ഒരു ഗ്ലാസ്സ് വെള്ളം കൊണ്ടുവച്ചു. 'ചായയാണോ കാപ്പിയാണോ?' ഞാനൊന്നും പറഞ്ഞില്ല. എന്റെ വിഷമം അയാൾ മനസിലാക്കിയ മട്ടുണ്ട്. 'ഇതെല്ലാം തിന്നണമെന്നില്ല. വേണ്ടത് തിന്നാമതി. ബാക്കി ഞങ്ങൾ തിരിച്ചെടുത്തോളാം. ഓ സമാധാനമായി. തിന്നിട്ടു ബാക്കിവച്ചാൽ എച്ചിലല്ലേ? പക്ഷെ ഇവിടിങ്ങനെ ആയിരിക്കും. ചായ പറഞ്ഞു. അതും കുടിച്ചു വീട്ടിലേക്കു തിരിച്ചു.

പത്രവിതരണവും പണപ്പിരിവും മറ്റും മുടക്കമില്ലാതെ നടന്നുകൊണ്ടേയിരുന്നു. വർഗീസുമായി കൂടുതൽ അടുത്തു. അദ്ദേഹത്തിന് എന്നോടുള്ള വിശ്വാസം കൂടി. രണ്ടുമാസത്തോളം കഴിഞ്ഞു. അന്ന് ചേട്ടൻ വീട്ടിൽ വന്നത് മറ്റൊരു സന്തോഷ വാർത്തയുമായായിരുന്നു. 'ശിവന് ഐ.ടി.ഐ യിലേക്കുള്ള ട്രെയിനിങ് സെലെക്ഷൻ കിട്ടും'. ചേട്ടൻ ആരോടോ പറഞ്ഞു വച്ചിരിക്കുന്നു. രണ്ടു മൂന്ന് ദിവസങ്ങൾക്കുള്ളിൽ ഐ.ടി.ഐ യിൽ നിന്നും ഇന്റർവ്യൂ കാർഡ് വന്നു. അന്നുറക്കത്തിൽ ഐ.ടി.ഐ യുടെ നീല നിറമുള്ള ബസ്സുകളും അതിൽ യാത്ര ചെയ്യുന്നതും മറ്റുമുള്ള പല സ്വപ്നങ്ങൾ കടന്നു വന്നു..

## ഇന്ത്യൻ ടെലിഫോൺ ഇൻഡസ്ട്രീസ് ബാംഗ്ലൂർ - ഒരു പുതിയ ലോകം!

നാഷണൽ കൗൺസിൽ ഫോർ ട്രെയിനിങ് ഇൻ വൊക്കേഷണൽ ട്രേഡ്സ് (NCTVT) ട്രൈനിംഗിന്റെ ഭാഗമായ ഫുൾടൈം അപ്രെന്റിസ് കോഴ്സിനാണ് അവസരം ലഭിച്ചത്. അതിനെപ്പറ്റി ഐ.ടി.ഐ.യിലെ ഓഫീസർ ഗംഗപ്രസാദ് സാർ വിശദീകരിച്ച പ്പോൾ ഉള്ളൊന്നു പിടഞ്ഞു. 'ട്രെയിനിങ് കഴിഞ്ഞാൽ ജോലി ഉറപ്പില്ല. വേക്കൻസി ഉണ്ടെങ്കിൽ കിട്ടും'. സ്ഥിരമായ ജോലിയാണെന്നാണ് സോമൻ ചേട്ടൻ അതുവരെ ധരിപ്പിച്ചിരുന്നത്. എയർ ഫോഴ്സിലേക്കുള്ള സെലക്ഷനുവേണ്ടി കോഴ കൊടുത്ത മൂവായിരിത്തി അഞ്ഞൂറു രൂപ മുഴുവൻ ഇതിനു വേണ്ടി ചിലവായി എന്നാണ് ചേട്ടന്റെ കണക്ക്. ഇത് വേണ്ടാന്ന് വെച്ചാൽ ഒരു പൈ സയും തിരികെ കിട്ടില്ല എന്നുമറിയാം. ജീവിതത്തിൽ സ്വയം മറ്റൊരു തീരുമാനവുമെടുത്തു. ഇതിൽത്തന്നെ ഉറച്ചു നിൽക്കുക. അങ്ങിനെ ട്രെയിനിങ് തുടങ്ങി.

ട്രെയിനിങ് നടക്കുമ്പോഴും ന്യൂസ്പേപ്പർ വിതരണം ചെയ്തിരുന്നു. ഒരു മാസത്തോളമായി. സോമൻ ചേട്ടൻ ഒരു അഭിപ്രായമുന്നയിച്ചു. 'ജോലിയൊക്കെയായില്ലേ ഇനി എവിടെയെങ്കിലും വീടെടുത്തു താമസിക്കണം. അപ്പോഴേ ആളുകളുമായി ഇടപഴകുവാനും മറ്റും സാധിക്കു' ഈ വാക്കുകളുടെ പിന്നിലുള്ള അർഥം മനസ്സിലായി. ഞാൻ അവരുടെ വീട്ടിൽ നിന്നും മാറണം. ഞാനിതച്ഛനെ

അറിയിച്ചു. കത്തുകിട്ടിയതും അച്ഛൻ ബാംഗ്ലൂരിലെത്തി. 'ഒന്നും വേണ്ട തിരിച്ചു നാട്ടിൽ പോകാം. നീ ഡിഗ്രിക്ക് ചേരണം. അതാണ് നല്ലത്. പണം പോയാൽ സാരമില്ല' അച്ഛൻ നിർബന്ധിച്ചു. അതിനെതിരെ എനിക്ക് വാക്കുകളില്ലായിരുന്നു. പക്ഷെ തിരിച്ചു നാട്ടിൽ പോകാനും തീരെ താൽപര്യമില്ല.

എന്തായാലും അന്ന് ഞാൻ ഒറ്റയ്ക്കു വർഗീസിനെ വീട്ടിൽ പോയി കണ്ടു. സംഗതികൾ വിശദീകരിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായം ആരാഞ്ഞു. ഒന്നുമാലോചിച്ചില്ല. മറുപടി പറഞ്ഞു. 'നീ വാ, ഈ വീട്ടിന്റെ ഉള്ളിലേക്കു വാ. എത്ര മുറികളുണ്ട്?. ഒരു വിഷമവുമില്ല നിനക്കിവിടെ താമസിക്കാം. വേറെവിടെയും പോകണ്ട'. അദ്ദേഹത്തിന്റെ സന്മനസിന് നന്ദി പറഞ്ഞു. 'താമസത്തിന്റെ കാര്യം പിന്നെ നോക്കാം. പക്ഷെ ഞാനച്ഛനെ കൂട്ടി വരാം. അച്ഛനോടിങ്ങനെ പറയണം' സമ്മതിച്ചു.

അന്ന് വൈകിട്ട് അച്ഛനെകൂട്ടി അവിടെ ചെന്നു. അതു പോലൊക്കെത്തന്നെ പറഞ്ഞു. അച്ഛന് സന്തോഷമായി. അന്നുതന്നെ അച്ഛൻ നാട്ടിലേക്കു തിരിച്ചുപോയി. സന്തോഷത്തോടെ.

## ഒറ്റക്കുള്ള താമസം തുടങ്ങുന്നു

ഒട്ടും താമസിച്ചില്ല, സോമൻ ചേട്ടന്റെ കൂടെയുള്ള താമസം മാറി. എന്റെ അഭിപ്രായ മനുസരിച്ചു മുനീറെഡ്ഡി പാളയത്തുള്ള ഒരു മിലിറ്ററി ഹോട്ടലിൽ താമസമായി. വർഗീസിന്റെയാണ് ഹോട്ടൽ കെട്ടിടം. പക്ഷെ നടത്തുന്നത് അബുക്കയാണ്. വാടകക്കോ മറ്റോ കൊടുത്തിരിക്കുകയാണ്. ഞാൻ എന്റെ ഇരുമ്പു ട്രങ്കുമെടുത്തു ഹോട്ടലിലെത്തി. ഹോട്ടലിൽ താമസത്തിനുള്ള സൗകര്യങ്ങളൊന്നുമില്ല. സ്റ്റോർ റൂമിൽ കിടക്കാനൊരു സ്ഥലം. അത്രതന്നെ!. ഹോട്ടൽ നിശബ്ദമാവുന്നതു രാത്രി പന്ത്രണ്ടു മണിയോടെ. പതിവ് പരിപാടികൾ തുടങ്ങുന്നത് രാവിലെ നാലുമണിയോടെ. ഇതിനിടയിൽ കിട്ടുന്ന മൂന്ന് മണിക്കൂർ മാത്രമാണ് എനിക്ക് സ്വന്തം! പക്ഷെ അപ്പോഴാണ് അവിടുത്തെ അന്തേവാസികളായ മൂട്ട, പാറ്റ, ഏലി എന്നിവരുടെയൊക്കെ

വിഹാരം!. ഉറക്കമില്ല. ഒരാഴ്ചയോളം സഹിച്ചു. ഐ.ടി.ഐ ട്രെയിനിങ് സെക്കന്റ് ഷിഫ്റ്റ് ആയി മാറ്റി. ഹോട്ടലിൽ രാത്രി പതിനൊന്നു മണിയ്ക്കെത്തും. ഒന്ന് മയങ്ങും. അതു കഴിഞ്ഞു രാവിലെ പേപ്പർ വിതരണവും മറ്റും നടത്തി ഏഴുമണിക്കെത്തും. ഭക്ഷണത്തിനൊരു ക്ഷാമവുമില്ല. ഹോട്ടലിൽ ഇഷ്ടം പോലെ കഴിക്കാം. എന്തുവേണമെങ്കിലും കൊടുക്കണമെന്നാണ് വർഗീസിനെ ഓർഡർ. പക്ഷെ ഞാൻ രാവിലെ ഒരു കാലി ദോശയും ഒരുഗ്ലാസ്സു പച്ചവെള്ളവും! ഇരുപതു പൈസ മാത്രം. അത് പറ്റുബുക്കിലെഴുതും. അതുകഴിഞ്ഞാൽ അര മണിക്കൂറോളം അടുത്തുള്ള പാർക്കിൽ പോയി കിടന്നുറങ്ങും. എട്ടരമണിയോടെ കന്റോൺമെന്റ് റെയിൽവേ സ്റ്റേഷനിൽ എത്തും. ഐലൻഡ് എക്സ്പ്രസ്സിൽ വരുന്ന മലയാളം പേപ്പർ, മനോരമ ആഴ്ചപ്പതിപ്പും മറ്റും സൈക്കിളിൽ ജാലഹള്ളിവരെ എത്തിക്കണം. തിരിച്ചുവരുമ്പോഴേക്കും ഒരുമണിയാകും. ഉടനെ തന്നെ ഐ.ടി.ഐ. ബസ്സുവരും. അങ്ങിനെ തിരക്കേറിയ നാളുകൾ! ഒറ്റപ്പെടലിന്റെയും, കഷ്ടപ്പാടിന്റെയും നാളുകൾ. ദിവസങ്ങൾ തള്ളി നീക്കി.

## ഒരു പേപ്പർ കടയിൽ താമസം

ഉറക്കം ഒരു പ്രശ്നമായതോടെ താമസം ഹെബ്ബാളിലുള്ള ഒരു പേപ്പർ കടയിലേക്കുമാറ്റി. അതും വർഗീസ്സിന്റെ തന്നെ. നടത്തുന്നത് മറ്റൊരാളാണ്. അവിടെയും തീരെ പൊരുത്തപ്പെട്ടില്ല. രാത്രിയിൽ ഷട്ടർ ഇട്ടു കഴിഞ്ഞാൽ ഒരു ശ്വാസം മുട്ടാണ്. പത്രക്കടലാസുകളുടെയും, ചില്ലറ സാധനങ്ങളുടെയും മറ്റും കുമിഞ്ഞ വാസന. പിന്നെ ഷട്ടർ തുറന്നു വെളിയിലിറങ്ങി കട വെളിയിൽ നിന്ന് പൂട്ടി താക്കോൽ പോക്കറ്റിനുള്ളിലാക്കി കടവാതിക്കൽ തന്നെ കിടന്നു. പിന്നീടാണ് ഡിന്നുരിൽ ഒരു മുറിയെടുത്തു തന്നത്. ഇരുപതു രൂപ വാടക. കുളിമുറിയും കക്കൂസും പുറത്താണ്. അവിടെ മറ്റൊന്നാണ് പ്രശ്നം. സന്ധ്യയാ യാൽ അടുത്തുള്ള താമസക്കാരിൽ മിക്കവരും ചാരായം കുടിക്കും. വീട്ടിൽ എന്നും വഴക്കാണ്. പെണ്ണുങ്ങളെ വലിച്ചിട്ടടിക്കും ഒരിക്കൽ ഒരു സ്ത്രീ അടി പേടിച്ചു എന്റെ റൂമിലേക്ക് ഓടിക്കയറി. അയാൾ പിന്നാലെ വന്നു പിടിച്ചിറക്കികൊണ്ടു പോയി. അതോടെ അവിടം

വിടണമെന്ന് തോന്നി. കുറച്ചുകലെ മാറി മറ്റൊരു മുറിയെടുത്തു. അവിടെ ഒരു ഷീറ്റു ബിൽഡിങ്ങിൽ നാലു താമസക്കാരാണ് എല്ലാം മലയാളികൾ. ഒരാൾ താമസം മാറി. ആ ഒഴിവാണ് എനിക്ക് കിട്ടിയത്. എൻ.സി.സി. ഓഫീസിൽ ജോലിചെയ്യുന്ന അലോഷ്യസ്സ്, ഒരു ഇലെക്ട്രോപ്ലേറ്റിംഗ് കമ്പനിയിൽ ജോലി ചെയ്യുന്ന നാരായൺകുട്ടി, ഒരു ചിറ്റ് കമ്പനിയിൽ ജോലിചെയ്യുന്ന രവീന്ദ്രൻ എന്നിങ്ങനെ പുതിയ കൂട്ടുകാരുമായി പുതിയ ജീവിതം. ഒപ്പം പത്ര വിതരണവും ഐ.ടി.ഐ. ട്രെയിനിങ് എന്നിവയും.


ഇതിനോടകം എന്റെ താമസത്തെപ്പറ്റി ഞാൻ അച്ഛന് കത്തെഴുതിയിരുന്നു. ഞാൻ ഒറ്റയ്ക്ക് താമസിക്കുന്നതിനെപ്പറ്റി അമ്മയ്ക്കും, അച്ഛനും സങ്കൽപ്പിക്കാൻ പോലും കഴിഞ്ഞില്ല. എനിക്ക് കൂട്ടിനായി അനുജൻ മോഹൻദാസിനെ (മണിയൻ എന്നാണ് വീട്ടിൽ വിളിക്കുന്നത്) എന്റടുത്തേക്കയച്ചു. അവൻ ഭക്ഷണം പാകം ചെയ്യും. വർഗീസിന്റെ വീട്ടിൽ നിന്നും കൊണ്ടുവന്ന മണ്ണെണ്ണ സ്റ്റവ് ഉണ്ട്. നാരായണൻ കുട്ടി മണിയന് ഒരു ജോലിയാക്കികൊടുത്തു. ഒരു വർഷത്തോളം അങ്ങിനെ താമസിച്ചു. അതിനിടെ മണിയൻ കമ്പനിയിലെ സൂപ്പർവൈസറായി. പറഞ്ഞതനുസരിക്കാത്ത ഒരു ജോലിക്കാരനെ ശെരിക്കു തല്ലി. അതോടെ ജോലി പോയി. അവൻ നാട്ടിലേക്കും പോയി. ഞാൻ വീണ്ടും ഒറ്റയ്ക്കായി. പിന്നീട് താമസം ഐ.ടി.ഐ. ഹോസ്റ്റലിലേക്ക് മാറി. വർഗീസുമായുള്ള സുഹൃത്ബന്ധം അന്നുമുതൽ ക്രമേണ കുറഞ്ഞു. കാലക്രമേണ അത് തീരെ ഇല്ലാതായി.

## ഇന്ത്യൻ ടെലിഫോൺ ഇൻഡസ്ട്രീസിന്റെ ട്രെയിനിങ് സെന്ററിൽ

അപ്രന്റീസ് ട്രെയിനിങ് തുടങ്ങി ആറു മാസമായി. മുനീറെഡ്ഡി പാളയത്തുനിന്നു ബസ്സിലാണ് ഐ.ടി.ഐ യിലേക്കു പോയിരുന്നത്. ട്രെയിനിങ് ആയിരുന്നതിനാൽ ബസ് പാസ് കിട്ടിയില്ല. അമ്പത് പൈസയുടെ കൂപ്പൺ വാങ്ങി കൊടുത്താണ് ബസ് യാത്ര. അതും എല്ലാ സ്ഥിരമായുള്ള ഉദ്യോഗസ്ഥരും കയറിയതിനു ശേഷം മാത്രമേ ബസ്സിൽ കയറാവു. ഇതിനിടെ യൂണിയൻ കൗൺസിൽ മെമ്പറായിരുന്ന മുകുന്ദേട്ടനെ എന്റെ ട്രെയിനിങ് ഇൻസ്ട്രക്ടർ

കെ.എം.തോമസ് പരിചയപെടുത്തി.. അദ്ദേഹത്തിന്റെ ശുപാർശ യോടെ ഒരു മാസത്തെ പാസ്സ് കിട്ടി. തുടർന്ന് പാസ്സ് കിട്ടാനുള്ള വിഷമം, മണിയൻ നാട്ടിലേക്കു പോയപ്പോഴുണ്ടായ ഒറ്റപ്പെടൽ ഇതെല്ലാം കാരണം ഐ.ടി.ഐ ഹോസ്റ്റലിലേക്ക് മാറാൻ തീരുമാനിച്ചു. സ്വന്തമായിട്ടുള്ള ചുരുക്കം ചില ആസ്തികളായ ട്രങ്കും (ഇരുമ്പു പെട്ടി), മണ്ണെണ്ണ സ്റ്റവും, ഒരു പുല്ലുപായയും. ഇതെല്ലം കൂടി എങ്ങിനെ ഐ.ടി.ഐ ഹോസ്റ്റലിലേക്ക് എത്തിച്ചെന്നു ഒരോർമയുമില്ല! റൂം നമ്പർ 22. കെ പി രവീന്ദ്രൻ റൂം മേറ്റ്. പുതിയ അന്തരീക്ഷം. പുതിയ സുഹൃത്തുക്കൾ. ഇരുമ്പു കട്ടിലാണ്. മെത്തയില്ല. പിന്നീടൊരിക്കൽ ഐ.ടി.ഐ ട്രെയിനിങ് സെന്ററിലെ ഇൻസ്ട്രുക്ടറായ വർഗീസു സമ്മാ നിച്ചതാണ് ഒരു പഴയ പഞ്ഞി മെത്ത. അത് ട്രെയിനിങ് കഴിയുന്നതുവരെ ഉപയോഗിച്ചു. ഹോസ്റ്റൽ റൂം മേറ്റ് രവീന്ദ്രൻ, തൃശൂർകാരൻ ശ്രീനിവാസൻ, സിറ്റിയിൽ നിന്നുവരുന്ന പി.കെ.സുന്ദർരാജ്, എച്ച്.എ.എൽ ക്വാർട്ടേഴ്സിൽ നിന്ന് വരുന്ന പ്രഭാകരൻ, എന്നീ മലയാളികളും മാധവൻ സർ, തോമസ് സർ, വർഗീസു സർ, തങ്കപ്പൻ സർ, എന്നീ മലയാളികളായ അധ്യാപകരും അടുത്ത പരിചയക്കാരായി.

## പി.ദിവാകരനെ കണ്ടുമുട്ടുന്നു



പക്ഷെ ഇതിലൊക്കെ മുൻപേ തന്നെ ഒരു ദിവസം മുടി നീട്ടി വളർത്തിയിരുന്ന ഒരു താടിക്കാരൻ ചെറുപ്പക്കാരൻ എന്നെ തേടി ട്രെയിനിങ് സെന്ററിൽ വന്നു. തോമസ് സാറിന്റെ അടുത്തെത്തി. എന്നെപ്പറ്റി അന്വേഷിച്ചു.

തോമസ് സർ അദ്ദേഹത്തെയും കൂടി എന്റെ അടുത്തേക്ക് വന്നു. പരിചയപ്പെടുത്തി. ഇതാണ് ദിവാകരൻ. ഇവിടെ ട്രെനിംഗ് കഴിഞ്ഞതാണ്. ഇപ്പോൾ ടെലിഫോൺ അസ്സെംബ്ലയിൽ ജോലിചെയ്യുന്നു. പരിചയപ്പെടുത്തിയ ശേഷം. തോമസ് സർ തിരിച്ചുപോയി. ദിവാകരൻ കുറെ നേരം സംസാരിച്ചു. എന്റെ മുടിയുടെ സ്റ്റൈൽ അദ്ദേഹത്തിന് തീരെ പിടിച്ചില്ല. ഒരു ഉപദേശവുമൊക്കെ തന്ന ശേഷം വിളിക്കാനുള്ള ഫോൺ നമ്പറും തന്നു തിരിച്ചു പോയി. ആ സുഹൃദ്ബന്ധം ഇന്നും തുടരുന്നു. പിന്നീടൊരിക്കൽ അദ്ദേഹം മറ്റൊരാളുമായി എന്റെ അടുത്തെത്തി. ടി.രവീന്ദ്രൻ. മുടി കുറച്ചു നീട്ടി ഒരു കുടവയറുമായി സുസ്മേരവദനനായ ഒരു ചെറുപ്പക്കാരൻ. ചെറിയ കൊമ്പൻ മീശയും പിരിച്ചുള്ള ആ മനുഷ്യൻ തന്റെ ജീവിതത്തിൽ ഒരു താങ്ങും തണലുമാകുമെന്നു അന്ന് വിചാരിച്ചിരുന്നില്ല. രണ്ടുപേരും കുറെ നേരം സംസാരിച്ചു. വൈകിട്ട് ഹോസ്റ്റലിൽ കാണാമെന്നും പറഞ്ഞു പിരിഞ്ഞു.

## സഹപാഠികൾക്ക് ഞാൻ ഒരു കളിക്കോപ്പ് !

ട്രെയിനിങ് രസകരമായി തോന്നി. പക്ഷെ അതിന്റിടക്കും ചില ചെറിയ ബുദ്ധിമുട്ടലുകൾ അനുഭവപ്പെട്ടു. എനിക്ക് മലയാളമല്ലാതെ മറ്റൊരു ഭാഷയും അറിഞ്ഞുകൂടാ. ഇംഗ്ലീഷ് കേട്ടാലറിയാം. പറയാൻ പറ്റുന്നില്ല. ഈ സാഹചര്യം മുതലെടുത്തു എന്റെ കൂടെ യുള്ള തമിഴന്മാരായ ജഗനാഥനും, മഹീന്ദ്രനും കൂടി എന്നെ കളിപ്പിക്കാൻ നോക്കി. പല വിധത്തിൽ പറഞ്ഞു നോക്കി. അവർ നിർത്തിയില്ല. ഞാൻ വർക്ക് ടേബിളിൽ ജോലിചെയ്യുകയായിരുന്നു. ജഗൻ ഓയിൽ ക്യാനെടുത്തു ഞാൻ കാണാതെ എന്റെ നേരെ പമ്പ് ചെയ്തു. ഞാൻ ഇട്ടിരുന്ന ഷർട്ടിൽ മുഴുവൻ എണ്ണ വീണു. ആരാണ് ചെയ്തതെന്നറിയാതെ ഞാൻ വിഷമിച്ചു. ആകെയുള്ളത് ഒരു ഷർട്ട് ആണ്. ഇന്ന് രാത്രി കഴുകിയിട്ടുവേണം നാളെ വരാൻ. മനസാകെ അസ്വസ്ഥമായി. എന്തോ താഴെവീണതെടുക്കാൻ കുനിഞ്ഞപ്പോൾ അതാ അടുത്ത പമ്പിങ്. ഷർട്ടിന്റെ പിന്നിലുമായി. എന്റെ സമനില തെറ്റി.! ഞാൻ ആ ഓയിൽ ക്യാനെടുത്തു ജനൽ വഴി റോഡിലേക്കെറിഞ്ഞു. അത് വഴി വന്നിരുന്ന മറ്റൊരു

ഇൻസ്ട്രക്ടർ - അസീസ് സാർ അത് കണ്ടു. ആ കാനെ ടുത്തുകൊണ്ടു ഞങ്ങളുടെ ഓഫീസറുടെ കയ്യിൽ കൊടുത്തു വിവരം പറഞ്ഞു. ഓഫീസർ വെങ്കിടാചലം എന്നെ വിളിപ്പിച്ചു. എന്നെ കണ്ടതും എന്റെ നിസ്സഹായാവസ്ഥ മനസ്സിലായി.

ജഗനെയും, മഹീന്ദ്രനെയും വിളിപ്പിച്ചു. അവരെ രണ്ടു പേരെയും ഉടനെ പുറത്താക്കുന്ന മട്ടിലാണ് ഓഫീസർ പെരുമാറിയത്. എനിക്ക് കഷ്ടം തോന്നി. ഞാൻ ഓഫീസറോട് അത്രയും ശിക്ഷ വേണ്ടായെന്നു കെഞ്ചിപ്പറഞ്ഞു. ഓഫീസർ അറ്റൻഡൻസ് രജിസ്റ്ററെടുത്തു. അവരുടെ പേരിന്റടുത്തു ഒരു കറുത്ത പുള്ളിയിട്ടു! 'ഇനിയെന്തെങ്കിലും കണ്ടാൽ അന്ന് പറഞ്ഞു വിടും'. എന്തായാലും പരാതി ഗുണം കിട്ടി. അന്ന് മുതൽ ജഗനാഥനും, മഹീന്ദ്രനും കൂടെ നാഗരാജും അടുത്ത കൂട്ടുകാരായി. ആ സുഹൃദ്ബന്ധവും ഇന്നും തുടരുന്നു.

## ആദ്യത്തെ ഓണസദ്യ ഗംഭീരമായി!

ട്രെയിനിങ് രണ്ടു വർഷം കഴിഞ്ഞു മൂന്നാം വർഷത്തിലേക്കു കടന്നു. സുഹൃദ്ബന്ധങ്ങൾ കൂടി വന്നു. രണ്ടാം വർഷം ഓണത്തിന് സുഹൃത്തുക്കളാരുമില്ല. എല്ലാവരും നാട്ടിലും അവരുടെ ബന്ധു വീട്ടിലും മറ്റുമായി പോയി. ഞാൻ തനിയെ ഹോസ്റ്റലിൽ കഴിയാനാണ് പ്ലാൻ. അപ്പോഴതാ യൂണിയൻ കൗൺസിലർ മുകുന്ദേട്ടൻ ഹോസ്റ്റലിൽ വന്നു എന്നെ വിളിച്ചു. 'വാ വീട്ടിലേക്കു പോകാം' ഞാനമ്പരന്നു. 'എന്തിനാ?' ചിരിച്ചുകൊണ്ടദ്ദേഹം പറഞ്ഞു. 'എടോ ഇന്നോണമല്ലേ? എന്റെ വീട്ടിൽ ഊണുകഴിക്കാം' സമ്മതിച്ചു,. അദ്ദേഹത്തിന്റെ സൈക്കിളിന്റെ പിന്നിലിരുന്ന് കൂടെ പോയി. കഴിഞ്ഞ രണ്ടു വർഷങ്ങളായി മുടങ്ങിയിരുന്ന ഓണസദ്യ ഗംഭീരമായി!. മാത്രമല്ല ഒറ്റയ്ക്ക് താമസം തുടങ്ങിയശേഷം കിട്ടുന്ന ഒരു നല്ലഭക്ഷണം. ദൂരവാണിനഗറിൽ നിന്നും ആദ്യമായി കഴിക്കുന്ന ഒരു ഉച്ചയൂണ്. മുകുന്ദേട്ടനെയും ആ ചേച്ചിയെയും ജീവിതത്തിൽ മറക്കാൻപറ്റില്ല, മറക്കില്ല!.

പക്ഷെ ആ രണ്ടുപേരെയും കാലം ഇതിനകം തിരിച്ചു വിളിച്ചു.

## വർധിച്ചുവന്ന ദാരിദ്ര്യം

ഐ.ടി.ഐ ട്രെയിനിങ് കാലത്തു കിട്ടിയിരുന്നത് മാസം അറുപതു രൂപ സ്റ്റൈപ്പന്റ് മാത്രമായിരുന്നു. പണത്തിന്റെ കാര്യത്തിൽ ഏറ്റവും വിഷമിച്ചിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. സ്റ്റൈപ്പന്റ് കിട്ടിയാൽ ഐടിഐ സർക്കിളിലുള്ള ചന്ദ്രന്റെ കടയിലെ പറ്റു തീർക്കുമ്പോഴേക്കും കീശ കാലിയാകും. പിന്നെ ഐ.ടി.ഐ കാന്റീനിലെ കൂപ്പൺ വാങ്ങണം. സ്പെഷ്യൽ മീൽസിനു അറുപതു പൈസയാണ്. മിക്സഡ് റൈസ് ഇരുപതു പൈസ. ആദ്യകാലങ്ങളിൽ ഞാൻ അറുപതു പൈസയുടെ ഊണുകഴിച്ചിട്ടേയില്ല!. ആഗ്രഹമില്ലാഞ്ഞല്ല. കയ്യിൽ പണമില്ലാത്ത കാരണം!.

എല്ലാ മാസവും കടത്തിന്മേൽ കടം!. ഒരിക്കൽ ഞാൻ എന്റെ ഒരടുത്ത ബന്ധുവിനോട് കുറച്ചു രൂപ വേണമെന്ന് പറഞ്ഞു കത്തെഴുതി. ഉടൻ തന്നെ 100 രൂപ അയച്ചുതന്നു. എന്നിട്ടൊരു ഉപദേശവും കൂടി. 'കിട്ടുന്നതു കൊണ്ടൊക്കെ ജീവിക്കാൻ പഠിക്കണം'. ചോദിക്കണ്ടായിരുന്നെന്നു തോന്നി. പക്ഷെ ആരുടേതായാലും പണം നന്നെങ്കിൽ ഉപദേശവും നന്നെന്നു കരുതണം.! എങ്കിലും അക്ക കത്തെഴുതുന്ന കവറിലൂടെ പലപ്പോഴും പണമയച്ചുതന്നിരുന്നു. ചേട്ടനറിയാതെ!

## ഒരു പാർട്ടൈം ജോലി

പണത്തിനു മറ്റെന്താണൊരു മാർഗം. ഒരു പാർട്ടൈം ജോലി കിട്ടിയാൽ കൊള്ളാമായിരുന്നു. ഈ വിവരം അന്ന് പരിചയത്തിലുള്ളവരോടെല്ലാം പറഞ്ഞു നോക്കി. അതിൽ ആരോ ഒരാൾ പറഞ്ഞു 'കെ.ആർ.പുരത്തു ഒരു വർക്ക് ഷോപ്പുണ്ട്. മനോഹർ ഇൻഡസ്ട്രീസ്. .ഒരു മലയാളിയാണ്. അദ്ദേഹം ഒത്തിരി മലയാളി കളെ സഹായിച്ചിട്ടുണ്ട്. പേര് മാധവൻ എന്നാണ്. എല്ലാവർക്കും മാധവേട്ടനാണ്!' കേട്ടത് പാതി. മാധവേട്ടനെ പോയി കണ്ടു. ഒരു നല്ല മനുഷ്യൻ. ഒരു മെഷീനേയുള്ളൂ. അത് ലെയ്ത്താണ് (Lathe/Turning).. എന്റെ ട്രേഡ് 'ടർണർ' തന്നെ! (ലെയ്ത്തിൽ പണിയെടുക്കുന്നവൻ) ഞാൻ അതിൽ ജോലിചെയ്തു പരിചയ മുള്ളവനും.

മാധവേട്ടൻ പറഞ്ഞു 'കുഞ്ഞേ ഞാൻ ഇതുകൊണ്ടാണ് ജീവിക്കുന്നത്.. അഞ്ചു മക്കളുള്ള ഒരു കുടുംബം പുലർത്തുന്നതിതുകൊണ്ടാണ്. എനിക്ക് സഹായികൾ ആരുമില്ല. ഞാൻ തനിയെ ജോലിചെയ്താണ് കുടുംബം പുലർത്തുന്നത്. അതുകൊണ്ടു ഞാൻ വെറുതെയിരുന്നുകൊണ്ട് നിനക്ക് ജോലി തരാനുള്ള സ്ഥിതിയിലല്ല. ഈ മെഷീൻ രാത്രി വെറുതെ കിടക്കുകയാണ്. നിനക്കുവേണമെങ്കിൽ ഉപയോഗിക്കാം. അതിൽ കൂടുതൽ ഒന്നും എനിക്ക് ചെയ്യാൻ ഇപ്പൊ പറ്റില്ല'. ആ മഹാ മനസ്കതക്ക് നന്ദിപറഞ്ഞുകൊണ്ടു പിന്നീടുവരാമെന്നും പറഞ്ഞിറങ്ങി.

തിരച്ചിലിനിടയിൽ കെ.ആർ.പുരത്തു തന്നെയുള്ള കർണാടക പ്രസ് ടൂൾസിൽ ചെന്നു. .അവിടെ ഹെൽപ്പറിനെ ആവശ്യമുണ്ട്. ഐ.ടി.ഐ.യിലെ ടൂൾമേക്കർ ട്രെയിനിയെയാണ് വേണ്ടത്. ഞാനൊരു കള്ളം പറഞ്ഞു. ജീവതത്തിൽ വളരെ വിരളമായിത്തന്നെ ചെയ്തിട്ടുള്ള ഒരു കുറ്റം 'ഞാൻ ടൂൾമേക്കർ ട്രെയിനിയാണ്'. ജോലി തന്നു. എന്റെ സമയം പറഞ്ഞു. വൈകിട്ട് ആറു മുതൽ പത്തു മണി വരെ. ശമ്പളം നൂറ്റി അമ്പതു രൂപ. സമ്മതിച്ചു.

അങ്ങിനെ രാവിലെ 8.45 മുതൽ 5.30 വരെ ഐ.ടി.ഐ.യിലും, വൈകിട്ട് 6 മുതൽ പത്തു വരെ കർണാടക പ്രസ് ടൂൾസിലും ജോലി ചെയ്തു. കിട്ടുന്ന നൂറ്റി അമ്പതു രൂപയിൽ എഴുപത്തിയഞ്ച് രൂപ അച്ഛനയച്ചുകൊടുത്തു. പല തരത്തിലുള്ള വിഷമങ്ങളാൽ അത് പതിവായയ്ക്കാൻ കഴിഞ്ഞിട്ടില്ല.

ഒരു ദിവസം രാത്രി പത്തരമണിക്കു ജോലികഴിഞ്ഞു ഹോസ്റ്റലിലേക്ക് പോകുകയായിരുന്നു. തുറന്ന പ്രദേശം. ഇന്ന് കാണുന്ന വീടുകളൊന്നുമില്ല. കുറ്റിരുട്ടിൽ ഒന്നും കാണാൻ കഴിയുന്നില്ല. വഴി ഒരോർമ്മവെച്ചു നടന്നു. മുന്നിലെന്തോ കിടന്നതു തട്ടി അതിന്റെ മേലേക്കുതന്നെ വീണു. അതൊരു കഴുതയായിരുന്നു. വീണതും അതു പിടഞ്ഞെണീറ്റു. ആകെ പേടിച്ചരണ്ടു പോയി!. പിന്നെ സൂക്ഷിച്ചു നടന്നു ഹോസ്റ്റലിലെത്തി.

## താനക്കണ്ടി രവീന്ദ്രൻ – നന്മയുടെ പര്യായം

ഹോസ്റ്റലിൽ താനക്കണ്ടി രവീന്ദ്രനുമായി കൂടുതലെടുത്തു. അദ്ദേഹം ദൂരവാണിനഗർ കേരളസമാജത്തിന്റെ പ്രവർത്തകനാണ്. ഐ.ടി.ഐ.യിൽ ജോലിചെയ്തിരുന്നത് അക്കൗണ്ട്സ് ഡിപ്പാർട്മെന്റിലും. ഹോസ്റ്റലിൽ വൈകിട്ടത്തെ ഭക്ഷണം പാകം ചെയ്യുന്നതിൽ ഞങ്ങൾ മൂന്നു പേരും ചേർന്ന് ചില നിബന്ധന കളുണ്ടാക്കി. സാധനങ്ങൾ എല്ലാം ടി. രവീന്ദ്രൻ സ്വന്തം ചിലവിൽ വാങ്ങും. (ഗോതമ്പുമാവും എണ്ണയും തക്കാളി ഉള്ളി തുടങ്ങി ചില സാധനങ്ങളും). ഭക്ഷണമുണ്ടാക്കേണ്ടത് മീശ രവി. എല്ലാ പാത്രങ്ങളും കഴുകേണ്ടത് എന്റെ ജോലി. ആ സഖ്യം വിജയ കരമായി തുടർന്നു..

ഒരിക്കൽ ഒരു ഞായറാഴ്ച റൂമിൽ ഞാനും, കെ.പി.രവീന്ദ്രനും, ഭക്ഷണം തയ്യാറാക്കുകയായിരുന്നു. പാലക്കാടു യൂണിറ്റിൽ നിന്ന് വന്ന നാരായാണ റാവു റൂമിലേക്കുവന്നു. ഭക്ഷണത്തിനു കൂടുന്നതുപോലെ തോന്നി. വീണ്ടും രണ്ടുമൂന്നു ചപ്പാത്തികൂടി ഉണ്ടാക്കി. റാവു പോക്കറ്റിൽനിന്ന് ഒരു ചെറിയ കുപ്പിയെടുത്തു. മനസ്സിലായി. മദ്യമാണ്. അയാൾ കുടിച്ചു. എന്നെ നിർബന്ധിച്ചു. ഞാനും കുറച്ചു കുടിച്ചു. രവി കുടിച്ചില്ല. ഭക്ഷണം കഴിച്ചു.. റാവു ഒരു പാട്ടു പാടി. നല്ല രസം. അപ്പോഴാണ് ടി.രവീന്ദ്രൻ വരുന്നത്. ഞാൻ ലോഹ്യം ചോദിച്ചു 'ഭക്ഷണം കഴിച്ചോ?' . കഴിച്ചു. ചേട്ടന്റെ വീട്ടിൽ നിന്നും കഴിച്ചു. കുറെ തമാശയൊക്കെ പറഞ്ഞു. ഞങ്ങൾ കുടിച്ച കാര്യം രവിക്ക് മനസ്സിലായില്ല. 'വരുന്നോ എന്റെ കൂടെ?'. 'എവിടെ?' ഒരു നാടകത്തിന്റെ റിഹേഴ്സൽ നടക്കുന്നു. വിദ്യാമന്ദിർ സ്കൂളിൽ. സമാജത്തിന്റെ ഓണാഘോഷത്തിനുവേണ്ടിയാണ്. നാടകം. 'വേദനയുടെ താഴ്വരയിൽ'.

## കേരളസമാജത്തിന്റെ നാടകത്തിൽ

വേദനയുടെ താഴ്വരയിൽ? 'ഈ നാടകം കോളേജിൽ വച്ച് ഞാനഭിനയിച്ചതാണല്ലോ?'. ഞാൻ കൂടെപ്പോയി. റിഹേഴ്സൽ തകൃതിയായി നടക്കുന്നു. 'ഒരു ചെറിയ പയ്യന്റെ റോളുണ്ട്. ഒന്ന് നോക്കുന്നോ?' അതിലാരോ ചോദിച്ചു. നോക്കാം, 'ഞാനിതിൽ

ഈ റോൾ അഭിനയിച്ചിട്ടുണ്ട്' 'എന്നാൽ ശരി വരൂ' ക്ഷണം സ്വീകരിച്ച് അഭിനയം തുടങ്ങി. എല്ലാവരും. പ്രശംസിച്ചു. ഒരാൾ എന്നെ റൂമിനു വെളിയിലേക്കു വിളിച്ചു. എന്തോ സ്വകാര്യം പറയുവാൻ. അങ്ങോട്ട് ചെന്നു. അയാൾ വളരെ രഹസ്യമായി ചോദിച്ചു 'കുടിച്ചിട്ടുണ്ടോ' 'ങേ എന്താ?' സംശയം തോന്നി. ഇയാൾ എന്റെ അച്ഛനെ അറിയുമോ ആവോ?

ആകെ പ്രശ്നമായി തോന്നുന്നു. ഞാൻ ഇളിഭ്യതയോടെ ചോദിച്ചു. 'എന്താ കാര്യം?'. അദ്ദേഹവും വളരെ സൗമ്യമായി പറഞ്ഞു. 'ഇവിടാരും കുടിച്ചിട്ട് വരാറില്ല. അത് മോശമാണ്. അതു കൊണ്ടു ഇന്ന് റിഹേഴ്സൽ വേണ്ട. പോയിട്ട് നാളെ വന്നാൽ മതി. പേടിക്കണ്ട. ഞാനാരോടും പറയില്ല' ആകെ ചൂളിപ്പോയി!. ഒന്നും പറഞ്ഞില്ല. തെറ്റ് മനസ്സിലായി. മെല്ലെ ഹോസ്റ്റലിലേക്കു വിട്ടു. ആ മനുഷ്യനെ പിറ്റേദിവസമാണ് നന്നായി ഒന്ന് പരിചപ്പെട്ടത്. കേരളസമാജത്തിന്റെ ഒരു സജീവ പ്രവർത്തകൻ, വി.സദാനന്ദൻ. കായംകുളത്തുകാരനാണ്. പക്ഷെ അച്ഛനെയൊന്നും അറിയില്ല.

അയാളുടെ സമീപനത്തിൽ കുറച്ചു വെറുപ്പ് തോന്നിയെങ്കിലും അയാളെ മനസുകൊണ്ട് ഒന്ന് നമിച്ചു. നല്ലകാര്യങ്ങൾ മുഖം ചുളിച്ചുകൊണ്ടു പറഞ്ഞാലും നല്ലതിനുതന്നെയാണല്ലോ? അതിനു ശേഷം ഇന്നേ ദിവസം വരെ കേരളസമാജത്തിന്റെ പ്രവർത്തനങ്ങൾക്കിടയിൽ ഒരു ബിയറു പോലും കുടിച്ചിട്ട് പോയിട്ടില്ല. ഒരു പൊതു പ്രവർത്തകന് സാമൂഹ്യ പ്രതിബദ്ധത അനിവാര്യമാണെന്ന് അന്നു പഠിച്ചു. അങ്ങിനെതന്നെ തുടർന്നും ജീവിച്ചു.



## കേരളസമാജത്തിലെ ലൈബ്രേറിയാനായി

കർണാടക പ്രസ് ടൂൾസിൽ പാർട്ട് ടൈം ജോലിക്കു ചേരുന്നതിനു മുമ്പ് എന്നും വൈകിട്ട് ടി.രവീന്ദ്രന്റെ കൂടെ സമാജത്തിൽ പോകാൻ തുടങ്ങി. മാത്രമല്ല ചുരുങ്ങിയ കാലത്തിനുള്ളിൽ സമാജത്തിലെ ലൈബ്രേറിയുടെ സഹായിയുമായി. അംഗത്വമില്ല. പക്ഷെ ഒരു അര–ലൈബ്രേറിയൻ! കേരള സമാജത്തിലൂടെ കൂടുതൽ മലയാളികളെ പരിചയപ്പെട്ടു. ടി. രവീന്ദ്രൻ അദ്ദേഹത്തിന്റെ കയ്യിൽ നിന്നും പണം കൊടുത്തു ഒരു മെമ്പർഷിപ്പും എടുത്ത് തന്നു. അങ്ങിനെ ഔദ്യോഗിക അംഗീകാരത്തോടുതന്നെ ശമ്പളമില്ലാത്ത ലൈബ്രേറിയനായി.

സമാജത്തിന്റെ നാടകത്തിനുശേഷം ഞാൻ വീണ്ടും കൂടുതലാളു കളുമായി പരിചയപ്പെട്ടു. അടുത്ത വർഷം കെ. എം. രാമചന്ദ്രൻ അധ്യക്ഷനും എം.എസ് ചന്ദ്രശേഖരൻ സെക്രട്ടറിയായുമുള്ള കമ്മിറ്റിയിൽ ഞാനും ഒരു കമ്മറ്റി കമ്മറ്റിയംഗമായി. ആ വർഷമാണ് 'ജ്വലനം' എന്ന നാടകം അവതരിപ്പിക്കാൻ തീരുമാനിച്ചത്. ഓണാഘോഷത്തിന്റെ അന്ന് അപ്രതീക്ഷിതമായി കറണ്ടു പോയതിനാൽ നാടകം നടന്നില്ല. മറ്റൊരുദിവസം വീണ്ടും അരങ്ങേറാമെന്നുള്ള അറിയിപ്പോടെ പരിപാടികൾ അവസാനിപ്പിച്ചു.



## എൻ.സി.ടി.വി.ടി ദക്ഷിണമേഖലാ പരീക്ഷയിൽ മൂന്നാം സ്ഥാനം

ട്രെയിനിങ് പൂർത്തിയായി. എന്റെ ട്രേഡിൽ ഞാൻ തന്നെ ഒന്നാമൻ. NCTVT യുടെ കർണാടകം, കേരളം, തമിഴ് നാട്, ഗോവ, ആന്ധ്ര പ്രദേശ് എന്നീ സംസ്ഥാനങ്ങളടങ്ങുന്ന സൗത്ത് റീജിയണിൽ സെന്റർ നടത്തിയ മത്സരത്തിൽ മൂന്നാം സ്ഥാനത്തെത്തി. ദേശീയ തലത്തിൽ ബ്രോൺസ് മെഡൽ! അക്കാരണത്താലും, എന്റെ ഗോഡ് ഫാദർ ആയിരുന്ന എം വേണുഗോപാലക്കുറുപ്പിന്റെ നിരന്തരമായ ശുപാർശകൾകൊണ്ടും 1978ൽ ഐ.ടി.ഐ യിൽ ജോലി കിട്ടി.

ഇതിനിടിയിൽ ഒൻപതു മാസത്തോളം പലയിടങ്ങളിലായി ജോലി ചെയ്തു. കർണാടക പ്രസ് ടൂൾസ്, ലക്ഷ്മി ഇൻഡസ്ട്രീസ് ഐ.ടി.ഐ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, സർജിമെന്റ്സ് ഇന്ത്യ, എന്നിവിടങ്ങളിലും അവസാനമായി പീനിയ ഇൻഡസ്ട്രിയൽ ഏരിയയിലുള്ള വിപ്രോ ഫ്ളൂയിഡ് ടെക്നോളജി എന്ന കമ്പനിയിലും ജോലിചെയ്തു. പീനിയയിൽ ഒരു മുറിയിലുള്ള താമസം ഏകദേശം ആറുമാസത്തോളം തുടർന്നു.

## അനവധി സുഹൃദ്ബന്ധങ്ങൾക്കു തുടക്കം.

ഐ.ടി.ഐ ഹോസ്റ്റലിൽ താമസിച്ചിരുന്ന കാലത്താണ് വിജയ രാഘവനുമായി പരിചയപ്പെടുന്നത്. പാലക്കാടു സ്വദേശം. വിജയന് എന്നും ഓവർടൈം ഉണ്ടാകും. ഹോസ്റ്റലിൽ 111-ന്നാം നമ്പർ മുറിയിലാണ്. തുണികഴുകുവാൻ താഴെ പറമ്പിന്റെ സൈഡിൽ നീളത്തിൽ കെട്ടിയിട്ടിരിക്കുന്ന ഷെഡിലാണ് അലക്കുകല്ലുകൾ. വലിയ വർത്തമാനമൊന്നുമില്ല. തുണികഴുകും. തിരിച്ചുപോകും. വിജയന് കോളനിയിൽ ഒത്തിരി സുഹൃത്തുക്കളുണ്ടായിരുന്നു. വിജയന്റെ മൂത്ത സഹോദരി പ്രേമ ചേച്ചി കുടുംബത്തോടെ കോളനിയിലാണ് താമസം. പിൽക്കാലത്തു വളരെയധികം ഇടപഴകിയിട്ടുള്ള ഒരു കുടുംബം. നാരായണേട്ടനും പ്രേമചേച്ചിയും. അവരുടെ സഹായങ്ങൾ മറക്കാൻ പറ്റുന്നതല്ല.

കേരളസമാജത്തിന്റെ അതിനടുത്തവർഷത്തെ കമ്മിറ്റി

വി. ദേവദാസൻ അധ്യക്ഷനും എം. ഗംഗാധരക്കുറുപ്പ് സെക്രട്ടറിയുമായിരുന്നു. ഞാൻ ഫുൾ ടൈം സമാജത്തിനുവേണ്ടി പ്രവർത്തിക്കാൻ തുടങ്ങിയ ആദ്യവർഷമായിരുന്നു. ജൂബിലി സ്കൂളിന്റെ പ്രവർത്തനത്തിനുവേണ്ടി ഒരു ഉപസമിതിയുണ്ടാക്കിയ വർഷം. സമാജത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു ഫയൽ നമ്പറിട്ടതു എം. ഗംഗാധരക്കുറുപ്പാണ്. അദ്ദേഹം അന്ന് ജനറൽ സെക്രട്ടറി ആയിരുന്നു. ഞാനാണ് ആ ഫയൽ തയ്യാറാക്കിയത്.

'KSD-1, 'ഇനിയങ്ങോട്ട് സ്കൂളുകളൊക്കെ വരുന്നതല്ലേ? ഫയലിനെല്ലാം നമ്പറുണ്ടായിരിക്കണം' ഗംഗേട്ടന്റെ ഈ വാക്കുകൾ ഇന്നും ഓർക്കുന്നു. അത് പിൽക്കാലത്തു വടവൃക്ഷ സമാനമായ ഒരു സ്ഥാപനത്തിന്റെ അടിക്കല്ലുകളിൽ ഒന്നായിരുന്നുവെന്നതിൽ സംതൃപ്തിയുണ്ട്.

## സുഹൃത്ത് വിജയ രാഘവന്റെ സ്റ്റൈൽ

പീനിയയിലെ വിപ്രോയിൽ ജോലിചെയ്യുന്ന അവസരത്തിൽ, ഒരു ദിവസം ഫസ്റ്റ് ഷിഫ്റ്റ് കഴിഞ്ഞു രണ്ടുമണിക്ക് റൂമിലേക്കു പോകാൻ തുടങ്ങുമ്പോൾ ഓഫീസിൽ നിന്നുമൊരു വിളി. ഞാനോടിച്ചെന്നു. ഒരു ഫോൺ കാൾ ആണ്. പേർസണൽ ഓഫീസറുടെ ടേബിളിലുള്ള ഫോണാണ്. അദ്ദേഹം സീറ്റിലിരിക്കുന്നുണ്ട്. എല്ലാ ബഹുമാനത്തോടും ഫോൺ എടുത്തു. 'ഡാ; നീ വൈകിട്ടിവിടെയെത്തണം. ഒരത്യാവശ്യമുണ്ട്. ആറുമണിക്കിവിടെയുണ്ടാവണം. ഐ.ടി.ഐ സർക്കിളിൽ'. ഒന്നും ചോദിക്കാനുള്ള ഒരവസരവും തന്നില്ല. ഫോൺ കട്ട് ചെയ്തു. അതാണ് എന്റെ സുഹൃത്ത് വിജയ രാഘവന്റെ സ്റ്റൈൽ

രണ്ടുബസുപിടിച്ചു അഞ്ചരയായപ്പോഴേക്കും ഐ.ടി.ഐ യിലെത്തി. കോളനിയിലുള്ള സർക്കിളിൽ കാത്തുനിന്നു. അതാ എത്തി!. വിജയരാഘവൻ ഒരു സൈക്കിളിൽ. 'ഡാ ഒരത്യാവശ്യം. നീ ഇവിടെ നിക്ക്. ഞാൻ അഞ്ചുമിനിട്ടിൽ തിരിച്ചുവരാം' 'എന്താ കാര്യം' എന്റെ ആകാംക്ഷയിൽ ചോദിച്ചുപോയി. എന്തൊക്കെയോ തെറിയാണ് അതിനു സമാധാനമായി പറഞ്ഞത്! അതുതന്നെയാണ് വിജയന്റെ മറ്റൊരു സ്റ്റൈൽ !

നട്ടെല്ലിന് ഓപ്പറേഷൺ ആയിട്ടു ഐടിഐ ഹോസ്പിറ്റലിൽ കിടക്കുമ്പോൾ രവിയും ഞാനും സഹായിക്കാനെത്തിയിരുന്നു. ഏകദേശം മൂന്നുമാസക്കാലം ഹോസ്പിറ്റലിൽക്കഴിഞ്ഞു. അത്രയും തന്നെ ദിവസം ആ കട്ടിലിന്റെ താഴെയായി പുല്ലു പായ വിരിച്ചുകിടന്നാണ് അവനെ ഞാൻ ശുശ്രുഷിച്ചത്. അവിടെയും എനിക്ക് ചീത്തവിളിക്കു കുറവൊന്നും ഇല്ലായിരുന്നു. കട്ടിലിൽ മലർന്നുമാത്രം കിടന്നിരുന്ന വിജയന് എന്തിനും ദേഷ്യമായിരുന്നു. അവന്റെ സന്തോഷത്തിനായി എല്ലാം കേട്ട് സഹിച്ചു. പിന്നീട് അത് കേൾക്കാൻ ഒരു സുഖമായിട്ടുതോന്നി!

## പാലക്കാട്ടേക്ക് ഒരു മുന്നറിയിപ്പില്ലാത്ത യാത്ര !

വിജയനെ കോളനിയിലുള്ള സർക്കിളിൽ കാത്ത് നിന്നു. അധികം താമസിച്ചില്ല. വിജയൻ വന്നു. സൈക്കിളിന്റെ പിൻസീറ്റിൽ ഒരു കറുത്ത തമിഴൻ പയ്യനുമുണ്ട്! 'കേറടാ' എന്നെ മുന്നിൽ ക്രോസ്സ് ബാറിൽ ഇരുത്തി. സൈക്കിൾ വിട്ടു. എങ്ങോട്ടാണെന്നോ, എന്തിനാണെന്നോ ഒന്നും പറഞ്ഞില്ല. നേരെ കൃഷ്ണരാജപുരം റെയിൽവേ സ്റ്റേഷനിലെത്തി. സൈക്കിൾ പുറകിലുണ്ടായിരുന്ന പയ്യനെ ഏൽപിച്ചു. 'നീ വീട്ടിലേക്കു പോടാ'. വിജയൻ നേരെ പോയി ടിക്കറ്റെടുത്തു. 6.30 നു വണ്ടി വന്നു. ഐലൻഡ് എക്സ്പ്രസ്സ്! ജനറൽ കംപാർട്മെന്റിൽ കയറി. കൂടെ ഞാനും. സൂചികുത്താനിടമില്ല!

നിന്നും നിലത്തിരുന്നുമൊക്കെ പാലക്കാടെത്തി. അവിടെനിന്നു ഒരു ബസ്സിൽ കയറി പുതുശേരിയിലെത്തി. അതു വരെ ഒന്നും പറഞ്ഞില്ല. ഞാൻ ചോദിച്ചതുമില്ല. പുതുശേരി ബസ് സ്റ്റോപ്പിലിറങ്ങി വീട്ടിലേക്കു നടക്കുമ്പോഴാണ് വായ തുറക്കുന്നത്. 'എടാ എനിക്ക് തങ്കത്തിനെ കല്യാണം കഴിക്കണം. നീ പറഞ്ഞാൽ മാത്രമേ അമ്മ സമ്മതിക്കു! നീ പറയണം'.

## വിജയന്റെ അമ്മയെകൊണ്ടു സമ്മതിപ്പിക്കണം.

ഞാനാകെ കുടുങ്ങിയെന്നുതോന്നി. 'പ്രേമിച്ചതു എന്നോടു

ചോദിച്ചിട്ടാണോ?' അറിയാതെ വായിൽ നിന്ന് വീണുപോയി. 'ഇത് നടന്നില്ലായെങ്കിൽ...! ഓർത്തോ.. നീ.. ഒറ്റക്കാണ് തിരിച്ചു പോകുന്നത്'. ഞാനിവിടംകൊണ്ടെല്ലാം അവസാനിപ്പിക്കും. 'ഓ ഭീഷണിയാണോ?' വലതുകൈയിലെ ചൂണ്ടുവിരൽ വേണം വിജയന് സംസാരിക്കണമെങ്കിൽ! അന്നാ വിരൽ കൂടുതൽ ചലിക്കുന്നത് കണ്ടു. 'ശിവാ തമാശയല്ല'

എന്നെ വീട്ടിലാക്കി വിജയൻ പുറത്തേക്കെവിടെയോ പോയി. അമ്മക്ക് സംശയം തുടങ്ങി. ഒരു കാവി മുണ്ടെടുത്തുതന്നു. 'ശിവാ പോയി കുളിക്കു' ഞാൻ കുളികഴിഞ്ഞെത്തി. ഡൈനിങ്ങ് ടേബിളിൽ അമ്മ ദോശയെടുത്തു വച്ചു. ഞാൻ കഴിക്കാൻ തുടങ്ങി. 'അമ്മ ഒരുഗ്ലാസ് വെള്ളവുമായി അടുത്ത് വന്നിരുന്നു. 'പറ മോനെ ഏതാ പെണ്ണ്?' അതിശയം തോന്നി. ഒരു ഹെഡ്മിസ്ട്രസ് ആയി റിട്ടയർ ചെയ്ത ആ അമ്മയുടെ ചിന്തകൾ ജീവിതാനുഭവങ്ങളിൽ നിന്ന് ലഭിച്ച പരിചയ സമ്പന്നതയല്ലേ? അവരൂഹിച്ചതാണ്. ഇവർ വന്നത് ഇതിനുതന്നെ! ഞാൻ അതിശയത്തോടെ അമ്മയെ നോക്കി !

എല്ലാം പറഞ്ഞു. അമ്മ സമ്മതിച്ചു. അല്ല സമ്മതിപ്പിച്ചു. വൈകുന്നേരമുള്ള അതേ ഐലൻഡ് എക്സ്പ്രസ്സിൽ വീണ്ടും നിന്നും, നിലത്തിരുന്നും, ഉറങ്ങിയും, ഉറങ്ങാതെയും ബാംഗ്ലൂരിലെത്തി!

## തലസ്ഥാന നഗരിയിലേക്ക് ഒരു വിനോദയാത്ര.

ഒരിക്കിൽ എന്റെ ഏറ്റവും അടുത്ത സുഹൃത്തായ പി.കെ. സുന്ദർരാജുമൊത്ത് തിരുവനതപുരം കാണാൻ പോയി. ആ നഗരത്തിൽ അന്നാകെയുണ്ടായിരുന്ന പരിചയക്കാരൻ എന്റെ ഒരു ബന്ധുവായ ഡോക്ടർ ശ്രീകുമാറാണ്. തിരുവനന്തപുരത്തെത്തി റൂമെടുത്തു കുളിയും കഴിഞ്ഞാണ് ശ്രീകുമാറിനെ വിളിക്കുന്നത്. അയാൾ ഉടനെ തന്നെ വന്നു. അപ്പോഴേക്കും സന്ധ്യയായി. നാളത്തെ പരിപാടികളെല്ലാം തീരുമാനിച്ചു. ശ്രീകുമാർ പിറ്റേദിവസം രാവിലെതന്നെ വന്ന് ഞങ്ങളെ കൂട്ടി സ്ഥല മെല്ലാം കാണിക്കാമെന്നു പറഞ്ഞു തിരിച്ചുപോയി. രാവിലെ

തന്നെ യാത്രയാരംഭിച്ചു. കുറെയധികം സ്ഥലങ്ങൾ കണ്ടു. ഉച്ചയൂണിനു ശേഷം പിന്നെയും യാത്ര തുടർന്നു. ഏകദേശം മൂന്നുമണിക്ക് കോവളം ബീച്ചിലെത്തി. മനോഹരമായ ബീച്ചിൽ പരദേശികളാണധികവും. ബീച്ചിലെങ്ങിനെ നടക്കുന്നതിനിടെ സുന്ദരിയായ ഒരു വിദേശി മധ്യവയസ്ക അടുത്തുള്ള പാറപ്പുറത്തിരിക്കുന്നു. അവരുടെ ഒപ്പമുള്ളവർ കടലിലിറങ്ങി കുളിക്കുകയാണ്. എന്റെ സുഹൃത്ത് സുന്ദർ മെല്ലെയടുത്തുകൂടി. അവൻ തലശ്ശേരിക്കാരനായതിനാൽ ലോഹ്യത്തിനു കുറവൊന്നുമില്ല. ഞാനും ശ്രീകുമാറും തെല്ലകലെനിന്നു കാഴ്ചകൾ കണ്ടുകൊണ്ടിരുന്നു. ക്യാമറ ശ്രീകുമാറിന്റെ കയ്യിലായതിനാൽ സുന്ദർ വിളിച്ചു. ‘എടാ ഞങ്ങടെ ഒരു ഫോട്ടോ എടുക്കെടാ’ ശ്രീകുമാർ അടുത്തെത്തി രണ്ടുപേരുടെയും ഫോട്ടോ എടുത്തു. അപ്പോഴേക്കും അവർ വലിയ ചങ്ങാതിമാരായിരിക്കുന്നു! ഒരു സൗജന്യമെന്നപോലെ സുന്ദർ എന്നെ വിളിച്ചു അവരോടൊപ്പം നിർത്തി ഒരു ഫോട്ടോകൂടി എടുത്തു.


P K SUNDER RAJ


DR. SREEKUMAR

## പ്രസിദ്ധിയാർജ്ജിച്ച കോവളം ബീച്ച്.

ഈ പ്രധാന തീരം കൂടാതെ മറ്റ് മൂന്ന് തീരങ്ങൾ കൂടിയുണ്ട്. ഈ ഭാഗത്ത് കടലിന് ആഴം കുറവാണ്. നീന്തലും, വെയിൽ കായലും, ആയുർവേദ സൗന്ദര്യ സംരക്ഷണം, തിരുമ്മൽ, കട്ടമരത്തിൽ കടൽയാത്ര തുടങ്ങി ഒട്ടേറെ സാധ്യതകളുണ്ട് സഞ്ചാരികൾക്കു മുന്നിൽ. സൂര്യൻ ജ്വലിച്ചു നിൽക്കുന്ന സായാഹ്നങ്ങളിൽ നിമിഷങ്ങൾ കൊണ്ട് ചെമ്പുനിറത്തിന്റെ സൗമ്യരാഗം നമ്മുടെ ഉടലിനു

മാറ്റ്കൂട്ടും!. സായാഹ്നത്തോടെ തിരക്കേറുന്ന കടൽത്തീരത്തെ ജീവിതം അർദ്ധരാത്രിയോളം നീളുമായിരിക്കും. ചെലവു കുറഞ്ഞ കോട്ടേജുകൾ, ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ, സമ്മേളന സൗകര്യങ്ങൾ, നീന്തൽക്കുളങ്ങൾ, യോഗ, ആയുർവ്വേദ തിരുമ്മൽ കേന്ദ്രങ്ങൾ, റിസോർട്ടുകൾ എന്നിങ്ങനെ കോവളത്ത് വിനോദ സഞ്ചാരികൾക്ക് വിവിധനിരക്കിലുള്ള സൗകര്യങ്ങളുണ്ട്. കോവളത്തു നിന്ന് പതിനാറു കിലോമീറ്റർ അകലെയാണ് തിരുവനന്തപുരം.

## ഇത് നാടനാടാ...!

ആ വിദേശി സുന്ദരിയുമായി വിടപറഞ്ഞു. ഞങ്ങൾ കടലിലിറങ്ങി കുളിക്കാൻ തീരുമാനിച്ചു. കുറെ നേരം വെള്ളത്തിൽ കിടന്നു. തിരാമലകൾ തിരികെപ്പോകുമ്പോൾ കാലിനടിയിലെ മണലു മായാണ് പോകുന്നത്! കുളി കഴിഞ്ഞ് കരയിൽ കയറി. കരയിൽ വച്ചിരുന്ന പാന്റും ഷർട്ടും ബനിയനുമെല്ലാം കയ്യിലെടുത്തു. പക്ഷെ ധരിച്ചില്ല. അതേ അടിവസ്ത്രത്തോടെ ബീച്ചിലൂടെ നടന്നു. അടിവസ്ത്രം അൽപം ഉണങ്ങിയ ശേഷമിടാമെന്നു കരുതി. തിരക്കേറിയ ബീച്ചിൽ ഞങ്ങൾക്കെതിരെ ഒരുകൂട്ടം പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾ നടന്നടുക്കുന്നു. അവരോടൊപ്പം ചെറുപ്പക്കാരികളായ ടീച്ചർമാരുമുണ്ട്. കടലുകാണിക്കാൻ കൊണ്ടുവന്നതായിരിക്കും.

അതിലുള്ള ചെറിയ കുട്ടികളെല്ലാം എന്നെത്തന്നെയാണ് നോക്കി ആർത്തട്ടഹസിക്കുന്നത്.. എനിക്ക് കാര്യം മനസിലായി ഞാൻ ധരിച്ചിരുന്നത് ജട്ടിയല്ല. കെട്ടുകോണകമായിരുന്നു. അവരെല്ലാം പൊട്ടിച്ചിരിക്കുകയും അവരുടെ കൂട്ടുകാരെ വിളിച്ചു കാണിക്കുകയുമാണ്. കൂട്ടത്തിലൊരു കമെന്റും. ‘ഇത് നാടനാടാ.’ വസ്ത്രം ധരിച്ചും ധരിക്കാതെയെമുള്ള ഒട്ടനവധി വിദേശീയരുടെ യിടയിൽ ഞാനൊരു തനി നാടനായി...

## ടൂൾ മേക്കർ അല്ല; ടർണർ ആണല്ലേ?

ഐ ടി ഐ യിൽ ട്രെനിംഗിന്റെ മൂന്നാമത്തെ വർഷം. കർണാടക പ്രസ് ടൂൾസിൽ പാർട്ട് ടൈം ജോലി ചെയ്തിരുന്ന കാലം. അഞ്ചര മണിയോടെ ജോലിക്കു പോകും. കൃഷ്ണരാജപുരത്താണ് ഈ ടൂൾ റൂം. ജോലി കിട്ടാൻ വേണ്ടി ഞാൻ ടൂൾ മേക്കർ ആണെന്ന് കള്ളം പറഞ്ഞു. എന്തായാലും ജോലിതന്നു. ഒരു വർഷത്തോളം തന്നെ അവിടെ ജോലി ചെയ്തു. അതിനിടക്ക് അത്യാവശ്യമായി ലെയ്ത്തിൽ (ടർണിങ് മെഷീൻ) ഒരു പണി വന്നു. അതിന്റെ ഓപ്പറേറ്റർ ഇല്ല. പെട്ടെന്ന് വേണ്ടതാണ്താനും.

ഞാൻ ചെയ്യാമെന്ന് പറഞ്ഞപ്പോൾ ആരും വിശ്വസിച്ചില്ല. പക്ഷേ പെട്ടന്ന് പണി ചെയ്തുകൊടുത്തപ്പോൾ എല്ലാവർക്കും സന്തോഷമായി. വലിയ മുതലാളിക്കു വലിയ സന്തോഷമായി. എന്നെ വിളിച്ചു രഹസ്യമായി ചോദിച്ചു 'ടൂൾ മേക്കർ അല്ല; ടർണർ ആണല്ലേ?' ഞാൻ മൗനം പാലിച്ചു. കള്ളം പറഞ്ഞതിൽ ക്ഷമ ചോദിച്ചു. അദ്ദേഹം ആശിർവദിച്ചു.

## വികൃതികളും വിക്രിയകളും!

എല്ലാവർക്കുമെന്നപോലെ കൗമാരകാലത്തുണ്ടാകാവുന്ന എല്ലാ വികൃതികളും എനിക്കുമുണ്ടായിരുന്നു. ഐ.ടി.ഐ. ട്രെയിനിങ്ങിനിടയിൽ ഉച്ച ഭക്ഷണ വേളയിൽ സുഹൃത്തുക്കൾ തമ്മിൽ പറഞ്ഞു കേട്ട രസകരമായ അറിവുകൾ കണ്ടറിയുവാനുള്ള മോഹം വളരെ രഹസ്യമായി ഒരു സുഹൃത്തിനോടുപറഞ്ഞു. ബാംഗ്ലൂർ നഗരത്തിലുള്ള അൾസൂറിൽ ഒരു 'ഹമാം' ഉണ്ടെന്നും അവിടെ ചെന്നാൽ ഇളം പ്രായത്തിലുള്ള നപുംസകങ്ങൾ കുളിപ്പിക്കുമെന്നും മറ്റും പറഞ്ഞുകേട്ടത് ഒന്ന് കാണണമെന്ന് തോന്നി. അവിടെ പോയി പരിചയമുള്ള ഒരു സുഹൃത്ത് ഞങ്ങളെ കൊണ്ടുപോകാമെന്നു സമ്മതിച്ചു. ഒരു വ്യാഴാഴ്ച ഉച്ചക്ക് ശേഷം ഞങ്ങൾ അവിടെ എത്തി. സുഹൃത്ത് ആവശ്യങ്ങളെല്ലാം അവരുമായി സംസാരിച്ചുറപ്പിച്ചു. ഞങ്ങളെ ഉള്ളിലേക്കാനയിച്ചു. അവരുടെ ലീഡർ ഒരു വിളി. 'എടീ 'വാസന്തീ..'..!' അവരുടെ ശബ്ദം ആണുങ്ങളെക്കാൾ പരുപരുത്തതായിരുന്നു. ഒരു തരുണീ

മണി ഇപ്പൊ വരുമെന്ന് കരുതിയിരിക്കവേ മറുപടി വന്നു. 'എന്നതാ അക്കാ ..!' ആയ്യോ .. ആ ശബ്ദം അതിലും ഭയാനകം. പക്ഷെ വന്നത് ഒരു പെൺവേഷം കെട്ടിയ ഒരു ഇരുപതുകാരൻ. ആകെ ഒരു പന്തികേട് തോന്നി. വല്ല വിധേനയും പുറത്തുകടന്നു. അങ്ങിനെ അതൊരനുഭവമായിരുന്നു.

## എൻ.വി. നാഗരാജ് കരുത്തനായ മേലുദ്യോഗസ്ഥൻ - വഴികാട്ടി.

ട്രെയിനിങ് കാലയളവിൽ കണ്ടുമുട്ടിയ ഒരു പ്രതിഭാസമാണ് എൻ.വി.നാഗരാജ്. ഐ.ടി.ഐ.യിലെ ഒരു സീനിയർ ഓഫീസർ. വളരെ പ്രാപ്തിയുള്ള ഓഫീസറാണെന്നു കേട്ടിട്ടുണ്ട്. എന്റെ ഫൈനൽ പരീക്ഷക്കു എക്സാമിനർ ആയി വന്നത് അദ്ദേഹമാണ്. മുൻപുള്ള പരീക്ഷകളിൽ എല്ലാ വിഷയങ്ങളിലും തൊണ്ണൂറു ശതമാനത്തിലധികം മാർക്കുണ്ടായിരുന്നു. പ്രാക്ടിക്കലാണങ്കിൽ ഞാനായിരുന്നു ഒന്നാമൻ.

പ്രാക്ടിക്കൽ പരീക്ഷ നടന്നുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം വന്നു. ഞാൻ ലെയ്ത്തു മിഷിനിൽ വളരെ ശ്രദ്ധാപൂർവം ജോലിയിൽ മുഴുകിയിരിക്കുകയായിരുന്നു. ജോലിചെയ്യുന്നതും ചില സർക്കസ് ചെയ്യുന്നപോലെ കാണികളെ ആകർഷിക്കുന്ന തരത്തിൽ. മുന്നിൽ പലരും എന്റെ ജോലി കണ്ടു രസിച്ചുനിൽക്കുന്നു. അപ്പൊ സ്വതവേ അൽപം ഉണർവ് കൂടുമല്ലോ? ധൃതഗതിയിൽ ചെയ്യുന്ന ജോലിക്കിടയിൽ മുന്നിൽ നിൽക്കുന്നയാൾ എന്റെ പിറകിൽ നിൽക്കുന്ന ആരോടോ ചിരിക്കുന്നു. തിരിഞ്ഞുനോക്കിയപ്പോൾ അതാ നാഗരാജ് സർ.

ഒന്ന് പകച്ചു. അദ്ദേഹം ഒരു മുൻകോപിയാണെന്നും കേട്ടിട്ടുണ്ട്. പക്ഷെ അദ്ദേഹത്തെ ഞാൻ കണ്ടുവെന്നുറപ്പുവരുത്തിയ നിമിഷം അദ്ദേഹം സ്ഥലം വിട്ടു. ജോലികഴിഞ്ഞു കടഞ്ഞെടുത്ത സാധനം അവിടെയുള്ള ഇൻസ്ട്രക്ടറെ ഏൽപ്പിച്ചു. നേരെ ഓറൽ ടെസ്റ്റിനായി പോയി. അതെ നാഗരാജ് സാർ തന്നെ! ചോദിച്ചതിനെല്ലാം മറുപടി പറഞ്ഞു. അദ്ദേഹത്തിനു സന്തോഷമായെന്നു തോന്നി. പക്ഷെ ഒരു കുത്തുവാക്ക് പറഞ്ഞു. 'പഠിപ്പിന്റെ കൂടെ ഇത്തിരി

അഹങ്കാരവുമുണ്ടല്ലേ?'

ആകെ വിഷമിച്ചു. കുഴപ്പമാവുമോ? പക്ഷെ റിസൾട്ട് വന്നപ്പോൾ സന്തോഷമായി. ഞാൻ ഒന്നാമൻ. മാത്രമല്ല ഓൾ ഇന്ത്യ സ്കിൽ ടെസ്റ്റിന് സിലക്ഷനും കിട്ടി. മദ്രാസിലാണ് ടെസ്റ്റ്. കേരളം, കർണാടകം, തമിഴ് നാട്, ആന്ധ്രപ്രദേശ്, ഗോവ എന്നെ നാലു സംസ്ഥാനങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവർ. ഭാഗ്യത്താൽ അവിടെയും വിജയിച്ചു. പക്ഷെ മൂന്നാമനായി. ബ്രോൺസ് മെഡലാണ് കിട്ടിയത്.. പാസായെങ്കിലും ഐ.ടി.ഐ.യിൽ ജോലികിട്ടിയില്ല. വേക്കൻസി വരുന്നവരെ കാത്ത് നിൽക്കണം.

## ഐ. ടി. ഐ യിൽ നിന്ന് ഇന്റർവ്യൂ ലെറ്റർ വന്നു

അധികം താമസിയാതെ ഐ.ടി.ഐ.യിൽ നിന്ന് ഇന്റർവ്യൂ ലെറ്റർ വന്നു. എൻ വി നാഗരാജാണ് ഇന്റർവ്യൂ ഓഫീസർ എന്നും അറിഞ്ഞു. വേണുവേട്ടനെ വിവരം അറിയിച്ചു.. 'നീ വിഷമിക്കണ്ട വേണ്ടത് ചെയ്യാം' വേണുവേട്ടൻ ഉറപ്പു നൽകി. ഇന്റർവ്യൂവിന്റെ വിവരം വിജയരാഘവൻ അറിഞ്ഞു. 'എന്നെ എന്തെ അറിയിക്കാഞ്ഞെ'തെന്നു ചോദിച്ചു കണ്ടമാനം കോപിച്ചു. വിജയൻ നേരെ എൻ.വി. നാഗരജിനെ പോയി കണ്ടു. 'കിട്ടിയ മറുപടി ഇങ്ങിനെ. 'എനിക്കവനെ അറിയാം. പക്ഷെ നീ വന്നു പറഞ്ഞതുകൊണ്ട് അവനെ എന്തായാലും എടുക്കില്ല. തീർച്ച'. വിജയൻ സങ്കടത്തോടെ എന്നോട് പറഞ്ഞു. വിഷമം തോന്നി. ഇതേ അവസരത്തിൽ ഐ.ടി.ഐ.യിലെ ഒരു ഓഫീസർ ചന്ദ്രൻ എനിക്കുവേണ്ടി സ്വമേധയാ നാഗരാജ് സാറിന്റെ അടുത്തു ശുപാർശയുമായി പോയി. അദ്ദേഹത്തിനോടുള്ള മറുപടി ഇങ്ങിനെ 'എനിക്കവനെ അറിയാം. വിപ്രോയിലാണ് അവൻ ജോലി ചെയ്യുന്നത്. നല്ല ജോലിയാണ്. ഐ.ടി.ഐ-യെക്കാൾ വിപ്രോയാണ് അവനു നല്ല ഭാവി' ചന്ദ്രനും സഹതാപ പൂർവം എന്നെ വിവരമറിയിച്ചു. ഇങ്ങിനെയൊക്കെയാണെങ്കിലും ഇന്റർവ്യൂവിനു നല്ല പ്രോത്സാഹനത്തോടുകൂടി നാഗരാജ് സാർ പെരുമാറി. എന്നെ തിരഞ്ഞെടുക്കുകയും ചെയ്തു.

വിപ്രോയിൽ പണിചെയ്തിരുന്ന അവസരത്തിലാണ് ഐ.ടി.ഐ യിൽ നിന്ന് ഇന്റർവ്യൂ ലെറ്റർ വന്ന വിവരം സുന്ദരനും, ഉമേഷും കൂടി പീനിയയിലുള്ള എന്റെ റൂമിൽ വന്ന് എന്നെ അറിയിക്കുന്നത്. ജീവിതത്തിന്റെ മറ്റൊരു നാൾവഴിയായിരുന്നു അത്!

## ഐ.ടി.ഐ ഹോസ്റ്റലിൽനിന്ന് പഞ്ചവടിയിലേക്ക്

ഐ.ടി.ഐ.യിൽ ജോലി കിട്ടിയതോടെ വീണ്ടും ഐ.ടി.ഐ ഹോസ്റ്റലിൽ താമസം തുടങ്ങി. ഏകദേശം ഒരു വർഷമായിക്കാണും. ഹോസ്റ്റലിലുണ്ടായിരുന്ന വിജയരാഘവൻ, ടി.രവീന്ദ്രൻ, ശ്രീനിവാസൻ, കെ.പി.രവീന്ദ്രൻ, നാരായണൻ, എന്നിവരോടൊപ്പം ബെന്നിംഗ്നഹള്ളിയിൽ ഒരു വീട് വാടകക്കെടുത്തു. താമസം അവിടേക്കു മാറി. അഞ്ചു പേരുള്ളതിനാൽ ആ വീടിന് 'പഞ്ചവടി' എന്ന് പേരുമിട്ടു. പഞ്ചവടി ഇവിടെയുള്ള മലയാളികൾക്കിടയിൽ പ്രസിദ്ധമായി!.

ജീവിതത്തിൽ ഏറ്റവും കൂടുതൽ മനസികോല്ലാസമനുഭവിച്ച ഒരു കാലഘട്ടമായിരുന്നു അത്. എല്ലാവരും കൂടി ഭക്ഷണം പാകം ചെയ്യും, പാത്രങ്ങൾ കഴുകും. രസകരമായ അനുഭവങ്ങൾ പങ്കിടും. മാസങ്ങൾ കടന്നു. ആ വില്ലേജിൽ തന്നെ ഞങ്ങൾക്കെല്ലാം ഒരു നല്ല പേരുണ്ടായി. ആരെങ്കിലും അന്വേഷിച്ചു ആ പ്രദേശത്തെങ്ങാൻ വന്നാൽ അവിടെയുള്ളവർ വീട് കാണിച്ചുകൊടുക്കും. കുടിക്കാനും, കുളിക്കാനും വെള്ളം കുറച്ചുദൂരെനിന്നും കൊണ്ടുവരണം. അന്ന് അതൊരു ബുദ്ധിമുട്ടായിത്തോന്നിയില്ല.

കാലക്രമേണ അയൽവാസികൾ നൽകിയ സ്വാതന്ത്ര്യം ഞങ്ങളിലൊരു സുഹൃത്ത് ദുരുപയോഗപ്പെടുത്തി. അടുത്ത വീട്ടിലെ ഒരു സർദാർജി ഡ്രൈവറുടെ ഭാര്യയുമായി അവിഹിത ബന്ധം തുടങ്ങി. താമസിയാതെ നാട്ടുകാർ അത് കണ്ടുപിടിച്ചു. അവർക്ക് വലിയ വിഷമമുണ്ടാക്കി. അവരിൽ ഒരു പ്രധാനി ഞങ്ങളോടെല്ലാം വീടുമാറാൻ ആവശ്യപ്പെട്ടു. ആരും അവിടെ അന്തിയുറങ്ങരുതെന്ന നാട്ടുകാരുടെ തീരുമാനപ്രകാരം അന്ന് രാത്രി വിജയന്റെ വീട്ടിൽ കിടന്നുറങ്ങി. പിറ്റേന്ന് തത്കാലം ഒരു വീട് കൊത്തൂരിൽ വാടകക്കെടുത്തു. താമസമവിടേക്കു മാറി.

## ചങ്ങാതിമാർ പല വഴിക്കായി

കൂടെയുണ്ടായിരുന്നവരെല്ലാം പല വഴിക്കായി പോയിത്തുടങ്ങി. ഇതിനോടകം ടി.രവീന്ദ്രൻ വിവാഹം കഴിച്ചു താമസം ടിൻ ഫാക്ടറി യുടെ പിന്നിലേക്കായി. വിജയാരാഘവന്റെ കല്യാണം കഴിഞ്ഞു. താമസം അടുത്ത തന്നെയായിരുന്നു.. ശ്രീനിവാസൻ അവന്റെ അച്ഛന്റെ കൂടെ കോട്ടൺപേട്ടിൽ താമസമാക്കി. സൗകര്യപൂർവം കെ പി രവീന്ദ്രൻ കമ്മനഹള്ളിയിലേക്കും,

ഞാൻ വീണ്ടും ഐ.ടി.ഐ ഹോസ്റ്റലിലേക്കും തിരിച്ചെത്തി!.

## ഡിപ്ലോമ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ്

ബാംഗ്ലൂർ എം.ഇ.ഐ പോളിടെക്നിക്ക് കോളേജിൽ - ഡിപ്ലോമ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഈവനിംഗ് ക്ലാസിനു ചേരണം. ക്ലാസുകൾ കോർപറേഷൻ സർക്കിളിനടുത്ത മിഷൻ ഹൈസ്കൂളിലുള്ള മോഡേൺ ടെക്നിക്കൽ ട്രെയിനിങ് ഇന്സ്ടിട്യൂട്ടിലായിരുന്നു. ഡിപ്ലോമ ഇൻ മെക്കാനിക്കൽ എഞ്ചി നീയറിംഗ് (ഡി.എം.ഇ) കോഴ്സ് മൂന്നു വർഷമാണ്. കോഴ്സിന്റെ വിവരമെല്ലാം അന്വേഷിച്ചു. വളരെ നല്ലതാണ്. പാസ്സായിക്കഴിഞ്ഞാൽ ഓപ്പറേറ്റർ എന്ന നിലയിൽ നിന്ന് ഓഫീസറായി പ്രൊമോഷൻ കിട്ടും. എന്നും ഇങ്ങനെ ഓപ്പറേറ്ററായി കഴിയാൻ പറ്റുമോ? പക്ഷെ ഒരു വലിയ പ്രശ്നം! കയ്യിൽ പണമില്ല. അഡ്മിഷൻ ഫീസും ആദ്യ ഗഡുവായ ട്യൂഷൻ ഫീസുമൊക്കെയായി ഒരു വലിയ സംഖ്യ വേണം. അച്ഛനോട് ചോദിക്കാൻ മനസ്സുവന്നില്ല. ആ വർഷവും കൃഷിയെല്ലാം പിഴച്ച സമയമായിരുന്നു. അടുത്തവർഷം നോക്കാമെന്നുകരുതി, തൽക്കാലം ആ ആഗ്രഹമുപേക്ഷിച്ചു.

## 'അതെന്താ ഈ വർഷത്തിനു കുഴപ്പം?'

ആയിടക്ക് ഒരുദിവസം പതിവുപോലെ കോളനിയിൽ താമസിക്കുന്ന പ്രേമചേച്ചിയുടെ വീട്ടിൽ പോയി. വിശേഷങ്ങളൊക്കെ പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ 'നിന്റെ ക്ലാസ്സെന്നാ

തുടങ്ങുന്നത്' ചേച്ചി ചോദിച്ചു. ഒന്ന് ചമ്മി. ഒന്നും പറഞ്ഞില്ല. നിർബന്ധിച്ചപ്പോൾ ഞാൻ സത്യം മറച്ചു പിടിച്ചു കൊണ്ടു പറഞ്ഞു. 'ഓ ഈ വർഷം വേണ്ട. അടുത്തവർഷമാകാമെന്നു വിചാരിച്ചു'. 'അതെന്താ ഈ വർഷത്തിനു കുഴപ്പം?' പ്രേമചേച്ചി വിടുന്നില്ല സത്യം എന്നെക്കൊണ്ട് പറയിച്ചു. 'രണ്ടായിത്തഞ്ഞുറു രൂപവേണം. ഫീസുകൊടുക്കാൻ. പണമില്ല.. അതുകൊണ്ട് അടുത്ത വർഷമാകാമെന്നു കരുതി'

'ഓ അതാണോ കാര്യം' പ്രേമച്ചേച്ചി വളരെ നിസ്സാരമായിട്ടാണ് പ്രതികരിച്ചത്. 'എടാ ഒരു വർഷം പോകില്ലേ? ഡിപ്ലോമ പാസായാൽ നീ പെട്ടെന്ന് ഓഫീസറാകും. രൂപേടെ  കാര്യം നീ നോക്കണ്ട' ചേച്ചി സമാധാനിപ്പിച്ചു. 'മല്ലീ, നിനക്കു ഫീസുകൊടുക്കാൻ തന്ന പൈസയിങ്ങെടുത്തോണ്ടുവാ.' മകൾ മല്ലി പൈസയെടുത്തുവന്നു.. ചേച്ചി മുറിക്കുള്ളിൽ പോയി ബാക്കി കുറച്ചു കൂടിയെടുത്തുവന്നു. രണ്ടായിരത്തി അഞ്ഞൂറ് രൂപ എന്റെ കയ്യിൽ തന്നു. ആദ്യമായിട്ടാണ് ബാംഗ്ലൂരിൽ വന്ന ശേഷം അത്രയും രൂപ ഒന്നിച്ചു കയ്യിൽ കിട്ടുന്നത്. അന്നത്തെ എന്റെ മാസശമ്പളം 600 രൂപയാണ്. 'നീയെന്താടാ പന്തം കണ്ട പോലെനിക്കുന്നതു', മല്ലിയുടെ ഫീസ് ഞാൻ നാരാണേട്ടനോട് വാങ്ങി കൊടുത്തോളം'. നന്ദി പൂർവം ചേച്ചിയെ നോക്കി പിറ്റേന്ന് തന്നെ ഡിപ്ലോമയ്ക്ക് ചേർന്നു. മോഡേൺ ടെക്നിക്കൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് – MTTI യുടെ പ്രിൻസിപ്പൽ ശിവശങ്കറാണ്.. മുഴു കഷണ്ടിക്കാരനായ അദ്ദേഹത്തിനു സാധാരണ നല്ല ചിരിയും കളിയുമൊക്കെയാണ്. ഫീസ് പിരിക്കാൻ വേണ്ടി മാത്രം. ഈ മാസം പണമില്ല എന്ന് കേട്ടാൽ പിന്നെ ഫീസുകൊടുക്കന്നതുവരെ ചിരിയില്ല. പക്ഷെ ഇത്ര നന്നായി ക്ളാസെടുക്കുന്ന ഒരദ്ധ്യാപകനെ കാണാൻ പ്രയാസമായിരിക്കും. തെർമോ ഡയനാമിക്സ്, ഹീറ്റ് എൻജിൻസ്, എന്നിവ രസകരമായ ആംഗ്യ ഭാഷയിലൂടെ പഠിപ്പിച്ചിരുന്നത് ഇന്നും ഓർമയിലുണ്ട്.

## ഹോസ്റ്റലിൽ കിട്ടിയ മറ്റൊരു സുഹൃത്ത്

ഒരു ഞായറാഴ്ച ദിവസം രാവിലെ തുണി അലക്കിയിടാമെന്നുവച്ച് ഹോസ്റ്റലിലെ തുണി അലക്കുന്ന സ്ഥലത്തേക്ക് ഒരു ബക്കറ്റുമായി

പടിയിറങ്ങിവരുമ്പോൾ ഒരു പുതു മുഖം. ചെറിയ സ്യൂട് കെയ്സും, മറുകയ്യിൽ ഒരു ബാഗുമായി ഹോസ്റ്റലിലേക്ക് വരുന്നു. മുഖം കണ്ടാൽ മലയാളിയാണെന്ന് തീർച്ച പറയാം. ഞാനൊന്നു ചിരിച്ചു. അയാളത് പ്രതീക്ഷിച്ചിരുന്നപോലെ ചിരിച്ചുകൊണ്ട്, ബാഗുകളെല്ലാം തറയിൽ വെച്ച് എന്റെ അടുത്തേക്കെത്തി. എന്തോ ഒരു വലിയ സഹായം ആവശ്യപ്പെടുന്ന കണ്ണുകളുമായി എന്നെ നോക്കി എന്തോ പറയാൻതുടങ്ങി. ചിരിച്ചതബദ്ധമായോ എന്ന് മനസ്സിൽ കരുതിയെങ്കിലും ചിരിച്ചുകൊണ്ടുതന്നെ ചോദിച്ചു. 'എന്താണ് ഹോസ്റ്റലിൽ വന്നതാണോ?'

പാട്ടു പാടുന്നത് പോലെയാണ് തൃശൂർക്കാർ സംസാരിക്കുന്നതെന്നു കേട്ടിട്ടുണ്ട്. പക്ഷെ ഇതാദ്യമാണ്. പാട്ടുതന്നെ. നല്ല രാഗത്തിൽ. 'എന്റിഷ്ടാ എനിക്കൊരബദ്ധം പറ്റി; എന്നോട് വന്നു ചേരാൻ പറഞ്ഞൂന്നേ! കേട്ടപ്പോ തന്നെ ഞാനിങ്ങോട്ടേക്കു പോരുന്നു.. നേരെ ഐ.ടി.ഐ.മെയിൻ ഗേറ്റിൽ ചെന്നപ്പോ അവര് പറേണ് ഇന്ന് ഓഫീസില്ലാന്ന്!. ഹോസ്റ്റലൊക്കെ തരാന്നു പറഞ്ഞതാന്നെ! ഇപ്പാണ് മനസിലായെ ഓഫീസി ചെല്ലണം പോലും ഹോസ്റ്റലിൽ മുറി അലോട്ടുചെയ്യാനെ.'

വിവരം ഒരു മാതിരി പിടികിട്ടി. പക്ഷെ ഒരു സംശയം 'ആരാ പറഞ്ഞെ?' ഞാൻ ചോദിച്ചു. അടുത്ത പാട്ടിനായി കാത്തു. 'ഇഷ്ട ഞാനൊരു ഫുട് ബോൾ കളിക്കാരനാണന്നേ. ഇ.എം.ഇ ക്കുവേണ്ടി എറണാകുളത്തു കളിച്ചോണ്ടിരിക്കുമ്പം നിങ്ങടെ ഡയറക്ടർ ബ്രിഗേഡിയർ ബാലസുബ്രമണ്യം സാർ എന്നെ കണ്ടു സംസാരിച്ചു. ഇവിടെ കളിക്കാരെ ആവശ്യമുണ്ടെന്നും പറഞ്ഞു. ബ്രിഗേറിയർ സാറും കോച്ച് രാമിയും അവിടുന്നുതന്നെ ഇന്റർവ്യൂ ചെയ്തു. സെലക്ടായന്നേ. പക്ഷെ ഇപ്പൊ.. നാളെ അവരെ കാണാൻ പറ്റു... ധാണ് സങ്കടം' 'സോറി കേട്ടോ ന്റെ പേര് പറഞ്ഞില്ലല്ലോ. തോമസ്'

'അതിനെന്താ വഴിയുണ്ടാക്കാം. അഡ്ജസ്റ്റുചെയ്യാമെങ്കിൽ എന്റെ റൂമിൽ ഇന്ന് രാത്രി കിടന്നിട്ടു നാളെ ഓഫീസിൽ പോയി അവരെകാണു.'

'നന്ദിയുണ്ട് കേട്ടോ, വിഷമമില്ലല്ലോ?'. 'സാരമില്ലന്നെ, വരൂ'.

ബക്കറ്റുമായിത്തന്നെ തിരിച്ചു മുറിയിൽ ചെന്ന് അയാൾക്ക് വേണ്ട സൗകര്യങ്ങൾ എല്ലാം ചെയ്തു. കുളി കഴിഞ്ഞുവന്നപ്പോളേക്കും ഞാൻ തുണി അലക്കിയിട്ടു. ആദ്യം ഒരു പേടിതോന്നി. അറിയാത്ത ഒരാളെ എങ്ങിനെ വിശ്വസിക്കും? പിന്നൊരു ധൈര്യം. എന്റെ മുറിയിൽ നിന്നൊന്നും എടുത്തുകൊണ്ടുപോകില്ല. കാരണം വിലപിടിപ്പുള്ളതു ഞാൻ മാത്രമേയുള്ളല്ലോ?.

ആ സുഹൃദ്ബന്ധം അന്ന് തുടങ്ങിയത് ഇന്നും തുടരുന്നു.

## എം.എ.തോമസിന്റെ പ്രണയം

കാലക്രമേണ തോമസ് കോളനിയിൽ ഒരു പെണ്ണുമായി സ്നേഹത്തിലായി. തൃശൂർക്കാരായ ആ കുടുംബത്തിൽ തോമസ് മിക്കവാറും അതിഥിയായിരുന്നു. തോമസിന്റെ ജോലി, കല്യാണം, പുതിയ വീടുപണി എന്നിവയിലെല്ലാം ഒരു സുഹൃത്തെന്ന നിലയിൽ ഞാനും ഒപ്പമുണ്ടായിരുന്നു. വളരെ അധ്വാന ശീലനും കാര്യ പ്രാപ്തിയുമുള്ള തോമസ് സ്വന്തമായുള്ള അധ്വാനത്തിന്റെയും സാമ്പത്തിക അച്ചടക്കത്തിന്റെയും മറ്റും ഫലമായി കോടികൾ വിലമതിയ്ക്കുന്ന സ്വത്തുക്കളുടെ ഉടമയും, വാടകയിനത്തിൽ ലക്ഷക്കണക്കിന് മാസ വരുമാനവുമുള്ള ഒരു വ്യക്തിയുമാണിന്ന്.. കുടുംബസമേതം കമ്മനഹള്ളിയിലാണ് താമസം.

## ഹോസ്റ്റൽ ജീവിതത്തിൽ കിട്ടിയ മറ്റു സുഹൃത്തുക്കൾ.

ദിവാകരൻ, മധുസൂദനൻ, അബ്ദുൾ കരീം, നൗഷാദ്, വിജയ രാഘവൻ, കെ.പി.രവീന്ദ്രൻ, ടി.രവീന്ദ്രൻ, ടി.വി.ചന്ദ്രമോഹൻ ജയറാംമാർലാ, ബസവരാജപ്പ, രാമു, തുടങ്ങിയവരായിരുന്നു ഹോസ്റ്റലിലെ സുഹൃത്തുക്കൾ. ശ്രീ.പി.ദിവാകരന്റെ വിവാഹത്തിൽ എന്റെ ഒരു ചെറിയ ഒരു റോളുണ്ടായിരുന്നു. പോളിയോ ബാധിച്ച് രണ്ടുകാലിനും അൽപം സ്വാധീനക്കുറവുള്ള ഒരു പെണ്ണിനെ കല്യാണം കഴിക്കാൻ തീരുമാനിച്ചെങ്കിലും വീട്ടുകാർ സമ്മതിച്ചില്ല. രണ്ടിലൊന്ന് തീർത്തറിയാൻ ബാംഗ്ളൂരിലെത്തിയെ

അനുജൻ സുകുമാരനുമായി സംസാരിച്ചു. പലവട്ടമായി നടത്തിയ ചർച്ചകൾക്ക് ശേഷം ദിവാകരന്റെ അടിയുറച്ച ത്യാഗ മനോഭത്തിനൊപ്പം ചേരുകയായിരുന്നു അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടൊപ്പം ഞാനും.. വടകരയിൽ നടന്ന വിവാഹത്തിനും എനിക്ക് സംബന്ധിക്കുവാൻ സാധിച്ചു. മാത്രമല്ല രാഷ്ട്രീയവും, കേരള സമാജവും മറ്റു സാമൂഹ്യ സേവന വുമായി നടന്നിരുന്ന ശ്രീ.പി.ദിവാകരന്റെ എഴുപതാം പിറന്നാൾ ആഘോഷപൂർവം ഐ.ടി.ഐ.വിദ്യാമന്ദിറിൽ വച്ച് നടത്തിയതിന്റെ പൂർണ ചുമതല വഹിക്കുവാനും എനിക്കവസരം കിട്ടി.

## ഐ ടി ഐ യുടെ ലോകഡൗൺ–ഒരോർമ്മ

1980–81–ൽ നടന്ന ചരിത്രപ്രധാനമായ ഒരു തൊഴിൽ സമരമായിരുന്നു 'ബാംഗ്ലൂർ പബ്ലിക് സെക്ടർ സ്ട്രൈക്ക്'. ഐ.ടി.ഐ, എച്ച്.എ.എൽ, ബി.ഇ.ൽ, എച്ച്.എം.ടി. എന്നീ പബ്ലിക് സെക്ടർ അണ്ടർടേക്കിങ് സ്ഥാപനങ്ങളിലെ 125000 ത്തോളം വരുന്ന തൊഴിലാ ളികൾ നടത്തിയ 77 ദിവസം നീണ്ടുനിന്ന അത്യുജ്ജ്വലമായ പോരാട്ടം അധികാരികളുടെയും, സർക്കാരിന്റെയും നിർദ്ദയമായ സമീപനത്താൽ അമ്പേ പരാജയപ്പെട്ടു കീഴടങ്ങിയ ഒരു ചരിത്രമായിരുന്നു അത്. ചരിത്രത്തിലാദ്യമായി ലോക് ഡൌൺ പ്രഖ്യാപിച്ച് കമ്പനികൾ പൂട്ടി സമരത്തെ നേരിടുമ്പോൾ രണ്ടു മാസക്കാലം ശമ്പളമില്ലാതെ കുടുംബം പുലർത്താൻ കഴിയാതെ തൊഴിലാളികൾ വലഞ്ഞു. ഭക്ഷണത്തിനുപോലും വകയില്ലാതെ ഞാനും ഹോസ്റ്റലിൽ കഴിച്ചു കൂട്ടി. സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ പോലീസിന്റെ ലാത്തിചാർജ്ജും സഹിക്കേണ്ടിവന്നു.

ഐ.ടി.ഐ യുടെ ചരിത്രം കുറിക്കുന്ന ലോക്ഡൌൺ കാല യളവിൽ ഹോസ്റ്റലിൽ താമസിച്ചിരുന്ന എനിക്ക് ഭക്ഷണം ഒരു വലിയ പ്രശ്നമായിരുന്നു. ശമ്പളമില്ല. കയ്യിൽ കാശുമില്ല. ഒരു ദിവസം സുഹൃത്ത് രവിയുടെ കൂടെ അയാളുടെ ജ്യേഷ്ഠൻ വേണുഗോപാലക്കുറുപ്പിന്റെ വീട്ടിൽപ്പോയി. കുറെ നാളുകൾക്കു ശേഷം നന്നായി ഒന്ന് ഭക്ഷണം കഴിച്ചു. മാത്രമല്ല. തിരിച്ചു ഇറങ്ങാൻ നേരത്തു ഒരു ഓർഡർ. 'നാളെ വൈകിട്ട് നീ ഇവിടെ വരണം'. സമ്മതിച്ചിറങ്ങി. പിറ്റേന്ന് ചെന്നപ്പോഴാണ് പറഞ്ഞത് ഭക്ഷണത്തിനാണെന്ന്! പിന്നെയുള്ള എല്ലാ ദിവസവും

അവിടെയായിരുന്നു രാത്രി ഭക്ഷണം.! ആ ഭക്ഷണം ഇന്നും രുചിയോടും നന്ദിയോടുമോർക്കുന്നു. അത് വിളമ്പിത്തന്ന സുമതിച്ചേച്ചിയേയും ഒപ്പമുണ്ടായിരുന്ന ആനന്ദിനെയും അനിമോളെയും.

ഐ.ടി.ഐ.യിൽ ജോലികിട്ടിയത് ടെലിഫോൺ ടൂൾറൂമിലാണ്. ഒരു വർഷം പ്രോബേഷൻ കാലമാണ്. അക്കാലത്തു 600 രൂപ 'കൺസോളിഡേറ്റഡ് സാലറി'. പിന്നെ ടെസ്റ്റ് ഉണ്ടാവും. അതിനു ശേഷം സ്ഥിര നിയമനം. ഐ.ടി.ഐ.യിലെ ജീവിതം ഏറ്റവുമധികം ആസ്വദിച്ചിരുന്നതും ഈ കാലഘട്ടത്തിലാണ്. ജീവിതത്തിൽ തന്നെ കുസൃതിക്കും കുട്ടിക്കളികൾക്കും പേരെടുത്തതും ഈ കാലത്തു തന്നെ.

## കുസൃതിയും കുട്ടിക്കളികളും

ടെലിഫോൺ ടൂൾറൂമിൽ ഞങ്ങൾ ചെറുപ്പക്കാരായി ഏകദേശം പതിനഞ്ചു പേരുകാണും. മധ്യവയസ്കരായ ഒരു നൂറു പേരെങ്കിലുമുണ്ടാവും, ബാക്കി വരുന്ന എഴുപത്തിയഞ്ചുപേരോളം സീനിയേഴ്സ് ആയിരുന്നു. അങ്ങിനെ ഇരുനൂറുപേരോളം ഉള്ളതാണ് ടെലിഫോൺ ടൂൾറൂം. എല്ലാ കൂട്ടായ്മയിലും കണ്ടുവരാറുള്ള ചില വിഡ്ഢി വേഷങ്ങൾ ഇവിടെയുമുണ്ട്. അവരെ ഇട്ടു വട്ടു കളിപ്പിക്കുന്നതു അവർക്കു തന്നെ ഇഷ്ടമാണ്.

എനിക്ക് ഒരു വിനോദവും, മറ്റുള്ളവർക്ക് ഒരു വലിയ കലാപരി പാടിയും!

മുനിസ്വാമി, രംഗയ്യ, സതീഷ്, എന്നിവരാണ് കഥയിലെ 'ഇരകൾ'!

മുനിസ്വാമിയെപ്പറ്റി പറഞ്ഞാൽ ശുണ്ഠി മൂക്കിന്റെ അറ്റത്താണ്. അടുപ്പുമുനിസ്വാമി എന്നാണ് അസൂയക്കാർ വിളിക്കുന്നത്.. വയസു അറുപതെങ്കിലും കാണും!. പക്ഷെ റിക്കാർഡിൽ അത്രയില്ലാത്തതുകൊണ്ടു തന്നെ ജോലിക്കുവരുന്നു. അദ്ദേഹത്തിന്റെ കഥകൾ കുറേയധികമുണ്ട്. ചിലതു മാത്രം ഇവിടെ പറയാം.

ഷിഫ്റ്റ് കഴിയുന്നതിനു അര മണിക്കൂർ മുൻപുതന്നെ വീട്ടിൽ പോകാനുള്ള തയ്യാറെടുപ്പാണ്. വിസ്തരിച്ചു കൈ കഴുകും. ഒന്ന് കുളിക്കാനുള്ള വെള്ളം തന്നെ തീരും. അത് കഴിഞ്ഞാൽ ഫാക്ടറിയിൽ കൊടുക്കുന്ന ഒരു ടവൽ ഉണ്ട്. അതുകൊണ്ടു ഒരു ഉരപ്പാണ്. എന്നിട്ടും മതിവരാതെ മെഷീൻ ക്ലീൻ ചെയ്യാനായി എല്ലാ സെക്ഷനിലും സജ്ജീകരിച്ചിട്ടുള്ള കമ്പ്രസ്സഡ് എയർ കൊണ്ടാണ് 'ഫ്രെഷ് അപ്പ്' ആവുന്നത്. അതാണ് അവസാനത്തെ തയ്യാറെടുപ്പ്.. അത് കഴിഞ്ഞാൽ 'പഞ്ച് ഔട്ട്'. പിന്നെ ബസ് സ്റ്റാൻഡിലേക്കു ഒരോട്ടമാണ്. ഇത് ദിനചര്യ.

ഇരയാകുന്ന പ്രത്യേക ദിവസം കൈ കഴുകാനായി വാഷ് റൂമിലേക്കുപോകുമ്പോൾ തന്നെ ഞാൻ കംപ്രസ്ഡ് എയറിന്റെ പൈപ്പിനുള്ളിൽ അരഗ്ലാസുവെള്ളം നിറച്ചു അറ്റത്തു കോട്ടൺ വെയ്സ്റ്റ് തിരുകി അടയ്ക്കും. ഇതു ആ വർക്ക്ഷോപ്പിലുള്ള ഒട്ടു മിക്ക ജോലിക്കാരും കണ്ടിരിക്കും. എല്ലാവരും മുനിസ്വാമിയുടെ വരവും കാത്തിരിക്കും. അതാ മുൻസ്വാമി വന്നു. നേരെ പോയി പൈപ്പ് എടുക്കുന്നു. അതിന്റെ അറ്റം കഴുത്തിന് താഴോട്ടുള്ള ഭാഗത്തേക്ക് പിടിച്ചുകൊണ്ടു പൈപ്പിന്റെ വാൽവ് തുറക്കുന്നു. 'ട്ടീഷ് ഷെ' പൈപ്പിൽ നിന്നും കോട്ടൺ വെയ്സ്റ്റ് ആദ്യവും ഒപ്പം വെള്ളവും. മുനിസ്വാമി ആകെ കുളിച്ച പോലെയായി. കാണികൾ കൈകൊട്ടി ചിരിക്കുന്നു. എന്റെ പൊടിപോലുമില്ല ആ പ്രദേശത്തൊന്നും! മുനിസ്വാമിയുടെ വായിൽ ഡിക്ഷ്ണറിയിൽ പോലുമില്ലാത്ത വാക്കുകളുടെ തോരാത്ത മഴ. അതെ എന്റെ പേരുചേർത്തുതന്നെ! ഇതൊരിക്കലല്ല! പല പ്രാവശ്യം!

## ഫാദർ എന്നറിയപ്പെടുന്ന രംഗയ്യ..!

ഐ.ടി.ഐ.തുടങ്ങിയ കാലത്തു മെയിൻ ഗേറ്റ് വഴി ഹൊസക്കോട്ടെ കാലിച്ചന്തയിലേക്കു നടന്നു പോയിരുന്ന ഒരു പറ്റമാളുകളെ ഉപ്പുമാവും പാലും കൊടുത്തു പ്രേരിപ്പിച്ചു ജോലിക്കെടുത്തെന്നാണ് പഴയ കഥ!. അതും അസൂയക്കാർ പരത്തുന്ന കഥ. അതിലൊന്നായിരുന്നു പോലും രംഗയ്യ. കണ്ടാൽ എഴുപത്തിയഞ്ച് വയസെങ്കിലും തോന്നിക്കും. അല്ല അതാണ് ശരി. സെന്റ് ജോസഫ് സ്കൂളിൽ ഏഴാം ക്ളാസിൽ പഠിച്ച ചരിത്രവും,

ഗാന്ധിജി മരിച്ചപ്പോൾ എവിടെയെന്നുമുള്ള കഥയെല്ലാം കോർത്തിണക്കി കണക്കുകൂട്ടിയാൽ എഴുപത്തിയഞ്ച്. വയസു തീർച്ച. പണ്ട് ഒരു ആംഗ്ലോ ഇന്ത്യൻ ഓഫീസറെ മണിയടിച്ചു കിട്ടിയതാണ് പ്രൊമോഷനും ടൂൾ റൂമിൽ പണിയും. സാധാരണ ഹൈസ്കിൽഡ് ജോലിക്കാരാണ് ടൂൾറൂമിൽ. പക്ഷെ ജോലിയുടെ സ്കിൽ – കാര്യത്തിൽ വട്ട പൂജ്യം.

## രംഗയ്യ എന്നും ചാരായം കുടിക്കും.

രാവിലെ ആറേകാലിനു തുടങ്ങുന്ന ഷിഫ്റ്റിന് വരുമ്പോൾത്തന്നെ 'മുല്ലപ്പൂ വാസന'യുമായാണ് വരവ്. പക്ഷെ സമ്മതിക്കില്ല. ഒരിക്കൽ അയാൾ കേൾക്കുന്നപോലെ ഞങ്ങൾ പരസ്പരം ഒരു രഹസ്യം പറഞ്ഞു. 'പേരക്കയില തിന്നാൽ ഡ്രിങ്ക്സിന്റെ മണമടിക്കില്ല'. അത് കേട്ടു. പിറ്റേ ദിവസം രാവിലെ തന്നെ വർക്ഷോപ്പിന്റെ പിന്നിലുള്ള പേരമരം പിടിച്ച് ചായിക്കുന്നു!. ഇല പറിക്കാൻ!.

പിന്നൊരു ദിവസം 'മെറ്റൽ സർഫേസ്' മാച്ചു ചെയ്യിയ്ക്കുന്ന തിനായി ഉപയോഗിക്കുന്ന ഒരു ബ്ലൂ പെയിസ്റ്റ് ഞാൻ അദേഹത്തിന്റെ മെഷീനിൽ അൽപം തേച്ചു വച്ചു. ഓഫിസർ വരുമ്പോൾ മാത്രം ജോലിചെയ്യുന്ന അയാൾ ഓഫീസറെ കണ്ടുകൊണ്ടു ഓടിപ്പോയി മെഷീൻ ഓൺ ചെയ്തു പണി തുടങ്ങി. കയ്യിൽ പറ്റിയ ബ്ലൂ വച്ച് തന്നെ മൊട്ടത്തലയിലെ വിയർപ്പു തുടച്ചു. ആ കൈകൊണ്ടുതന്നെ മുഖം തുടച്ചു. ഓഫിസർ അടുത്തുവന്നപ്പോൾ കണ്ട രംഗം വികൃതമായിരുന്നു. ഒപ്പം മറ്റു ജോലിക്കാരും അടുത്ത് കൂടി. ഇവിടെ എന്നെ മാത്രമല്ല മറ്റു രണ്ടുപേരെയും സംശയമുള്ളതിനാൽ തെറി വിളി ബഹുവചനത്തോടെയായിരിക്കും. തമിഴും കന്നടയും കലർത്തി സംസാരിക്കുന്ന തിഗളർ സമുദായക്കാരന്റെ മനോ ഹരമായ പൂരപ്പാട്ട് എല്ലാവരും ആസ്വദിക്കും.

കാന്റീനിൽ ഊണുകഴിക്കുവാൻ എല്ലാവരും ഒരുമിച്ചാണിരി ക്കുന്നത്. സ്പെഷ്യൽ മീൽസ് അറുപതു പൈസ മാത്രം. ഇഷ്ടം പോലെ കഴിക്കാം ലിമിറ്റില്ല. പക്ഷെ രംഗയ്യ വളരെ കുറച്ചേ കഴിക്കൂ. കാരണം പറയില്ല. ഒരുദിവസം സ്നേഹം കൂടിയപ്പോ അറിയാതെ പറഞ്ഞു പോയി. കൂടുതൽ കഴിച്ചാൽ വൈകിട്ട്

കൂടുതൽ കുടിക്കേണ്ടിവരും തലയ്ക്കു പിടിക്കാൻ. വിശക്കുന്ന വയറാണെങ്കിൽ കുറച്ചു കുടിക്കുമ്പോഴേക്കും തലയ്ക്കു പിടിക്കും!

ഊണുകഴിക്കുമ്പോൾ വെള്ളം കുടിക്കുവാൻ ടേബിളിൽ തന്നെ പ്ലാസ്റ്റിക് ജഗ്ഗുണ്ട്. രംഗയ്യ ഇടക്കിടെ വെള്ളം കുടിക്കും. പെട്ടെന്ന് വയറു നിറയാൻ! ടേബിളിന് മേൽ ഉപ്പും വച്ചിട്ടുണ്ടാകും. ജഗ്ഗ് എടുക്കുന്നതിനു മുൻപുതു തന്നെ അയാൾ അറിയാതെ ഉപ്പിന്റെ ഒരു ചെറിയ ഉണ്ട എടുത്തു ജഗ്ഗിന്റെ വായിൽ വയ്ക്കും. ഒന്നും നോക്കാതെ അയാൾ ജഗ്ഗ്ജ എടുത്തു വായിലേക്ക് വെള്ളമൊഴിക്കും. എല്ലാം പെട്ടന്നാണ്! വായിൽ ഉപ്പു വീണ അയാൾ ഓടി വെളി യിൽ പോയി തുപ്പും. തിരിച്ചുവന്നു തുപ്പുന്നതെന്നെയാണ്.! നല്ല ഭാഷയിൽ എന്ത് രസമാണെന്നോ അത് കേൾക്കാൻ..

ഞാൻ സിഗരറ്റു വലിക്കുമായിരുന്നു. പക്ഷെ തീപ്പട്ടി വാങ്ങില്ല. അദ്ദേഹം ബീഡിയാണ്. ഹരിഭായി പച്ച ബീഡി. ഞാൻ സിഗററ്റെടുത്തിട്ട് തീപ്പെട്ടി ചോദിക്കും. തരില്ല. 'കാശുകൊടുത്തു സിഗരറ്റു വാങ്ങാം തീപ്പെട്ടി വാങ്ങിക്കൂടെ?' അവസാനം കോമ്പ്രമൈസ് ആവും. തീപ്പെട്ടി ഉരച്ചു കത്തിച്ചു രണ്ടുകയ്യും ചേർത്തുപിടിച്ചു കത്തിച്ചോളാൻ പറയും. എന്നാലും തീപ്പെട്ടി തരില്ല. അത് വാശിയാണ്!. ഞാൻ സിഗരറ്റു കത്തിച്ചശേഷം അതേ രണ്ടുകയ്യും കൂട്ടി ചേർത്തു പിടിച്ചു അമക്കും. ആദ്യം ഓർക്കില്ല. കത്തിയ തീപ്പെട്ടിക്കോൽ കയ്യിലിരുന്ന് പൊള്ളുമ്പോഴാണ് തെറി തുടങ്ങുന്നത്. അതാണ് ഞങ്ങളെല്ലാരും ഫാദർ എന്ന് വിളിക്കുന്ന രംഗയ്യ. ഐ.ടി.ഐ.യിൽ നിന്ന് വിരമിച്ച് രണ്ടുമൂന്നു വർഷങ്ങൾക്കുള്ളിൽ അന്തരിച്ചു.

## കലാരംഗ. ബാംഗ്ലൂർ

ആയിരത്തി തൊള്ളായിരത്തി എൺപതുകളുടെ ആരംഭത്തിൽ ദൂരവാണിനഗർ കേരള സമാജത്തിന്റെ മുഖ്യധാരാപ്ര വർത്തനങ്ങളിൽ എന്നെയും എന്റെ അടുത്ത ചില സുഹൃത്തുക്കളെയും ഒട്ടും അടുപ്പിക്കാതെയായി. ഒരു പ്രത്യേക കക്ഷി രാഷ്ട്രീയത്തിന്റെ അതിപ്രസരം നിലനിന്നിരുന്നു. ഈ അവസരത്തിലാണ് സമാന ചിന്താഗതിക്കാരായ ഇരുപതു പേരോളം ചേർന്ന് ഒരു കലാ സംഘടനയുണ്ടാക്കിയത്. കലാരംഗ. ബാംഗ്ലൂർ.



പുട്ടണ്ണ ചെട്ടി ടൗൺഹാളിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങോടെയും, കലാമണ്ഡലം രാധികയുടെ നൃത്ത നൃത്യങ്ങളോടെയും, കലാരംഗയുടെ പ്രവർത്തങ്ങൾക്കു തുടക്കമിട്ടു.. മൂന്നു വർഷക്കാലത്തോളം ആ സംഘടന വിവിധ കലാപരിപാടികളുമായി സജീവമായിരുന്നു. പലതവണ നഗരത്തിൽ നടന്ന നാടക മത്സരങ്ങളിൽ ഒന്നാം സമ്മാനം കരസ്ഥമാക്കി.

കെ.കെ.സോമശേഖരൻ നമ്പ്യാർ, കെ.ഡി.ഇടിച്ചെറിയ, ദേവരാജ്, വി.ആർ.സുധാകരൻ, കെ.ശ്രീനിവാസൻ നായർ, പി.കെ.തോമസ്, പി.ദിവാകരൻ, കെ എം ദാമോദരൻ, സി.കെ പ്രഭാകരൻ, ജോസഫ് വർഗീസ്, ശിവശങ്കരൻ, എ.പി.ഹരികൃഷ്ണൻ, സുരേഷ്, പ്രകാശ് ബാബു എന്നിവർ നാടക രംഗത്തും, എം.വേണുഗോപാലക്കുറുപ്, വി.ദേവദാസൻ, എം എസ ചന്ദ്രശേഖർ, എ വിശ്വംഭരൻ, ശരത് ചന്ദ്രൻ, ശ്രീധരൻ, പീറ്റർ ജോർജ്, നൗഷാദ്, എം. എ. തോമസ്, പി.കെ.സുന്ദർരാജ്, സഹദേവൻ, സുകുമാരൻ, വിജയകുമാർ, ആർ.പൊന്നപ്പൻ, ഡേവിസ്,, എന്നിവരോടൊപ്പം ഞാനും മറ്റു പലരും പരിപാടികൾ ആസൂത്രണം ചെയ്യുന്നതിലും മുന്നിട്ടു നിന്നു.

**കെഡി.ഇടിച്ചെറിയ എന്ന ഹാസ്യനടൻ**



നാടകങ്ങളിൽ ഹാസ്യ വേഷമണിഞ്ഞു ബെംഗളൂരുവിലെ മലയാളി പ്രേക്ഷകരെ കുടുകുടെ ചിരിപ്പിച്ച കെഡി.ഇടിച്ചെറിയ ജീവിതത്തിൽ തുടർച്ചയായി താങ്ങാൻ പറ്റാത്ത വേദനയുമായി, സാദാ ചിരിക്കുന്ന മുഖവുമായി, ഞങ്ങളോടൊപ്പം ജീവിച്ച ഒരു സാധു മനുഷ്യനായിരുന്നു. വേദനകളും വേവലാതികളുമൊക്കെ എവിടൊളിപ്പിച്ചിട്ടാണാവോ, നാടക കളരികളിലും, തട്ടകങ്ങളിലും മറ്റൊരു മുഖവുമായി പ്രേക്ഷകരെ ചിരിപ്പിക്കുന്നതും ചിന്തിപ്പിക്കുന്നതുമായ വേഷമിട്ടു, വിലസിയിരുന്നത്?.

ഒരിക്കൽ ഒരു നാടകത്തിന്റെ റിഹേഴ്സൽ കഴിഞ്ഞത് അൽപം വൈകിയാണ്. ഞാൻ അദ്ദേഹത്തെ മോട്ടോർ സൈക്കിളിൽ കൊണ്ടുവിട്ടു. വീടൊന്നു കാണുവാൻ ഞാനും ഒപ്പമിറങ്ങി. ചെറിയാൻ പോക്കറ്റിൽ നിന്ന് താക്കോലെടുത്തു മുറി തുറക്കുമ്പോൾ മുറിക്കുള്ളിൽ നിലത്തിരുന്നു വാവിട്ടു കരയുന്ന ഭാര്യ റോസിയെയാണ് കാണുന്നത്!. അവരുടെ വായിൽ നിന്ന് വാർന്നൊലിക്കുന്ന നുര നിൽക്കുന്നില്ല. 'തനിക്കിതാദ്യം. ഞാൻ എന്നുമിതാണ് കാണുന്നത്' ചില മനസികാസ്വസ്ഥ കളുണ്ടായിരുന്ന ഭാര്യ. ചിറകുമുളക്കാത്ത രണ്ടു പെൺ മക്കൾ. എല്ലാം തന്റെ വിധിയെന്നുറച്ചു ധൈര്യമായി ജീവിതം നയിച്ചു. നാടക കലയോടുള്ള ആത്മാർത്ഥത പുലർത്തിക്കൊണ്ടുതന്നെ.

ഐ.ടി.ഐ.യിൽ നിന്നും റിട്ടയറായ ശേഷം കുടുംബസമേതം നാട്ടിലേക്കു മടങ്ങി. രണ്ടുവർഷം കഴിഞ്ഞതോടെ കുടുംബ വഴക്കും, ഒരു മകളുടെ ആത്മഹത്യയും മറ്റും ചെറിയാനെ നന്നേ വിഷമിപ്പിച്ചു. വളരെ വേദനയോടെ എനിക്കൊരു കത്തെഴുതി. 'ശിവാ എനിക്കിവിടെ പറ്റുന്നില്ല. അവിടെ എന്തെങ്കിലും ഒരേർപ്പാടാക്കിത്തരാമോ?' ഒട്ടും ചിന്തിച്ചില്ല. വണ്ടിക്കൂലിക്കുള്ള പണമയച്ചുകൊടുത്തു. ഭാര്യയുമൊത്തു തിരിച്ചുവന്നു. രാമമൂർത്തു നഗറിൽ കൽക്കരെക്കടുത്തു ചെറിയ താമസസൗകര്യവും ജൂബിലി കോളേജിൽ ഒരു കെയർ ടേക്കർ ജോലിയും ശരിയാക്കിക്കൊടുത്തു. കാലക്രമേണ ജൂബിലി കോളേജിന്റെ കോമ്പൗണ്ടിലുണ്ടായിരുന്ന ചെറിയ കെട്ടിടത്തിന്റെ ഒരു മുറിയിലേക്ക് താമസമായി. ഭർത്താവു നഷ്ടപ്പെട്ട മകൾ ഒരു കുട്ടിയോടൊപ്പം കൂടെ കൂടി.

മകൾക്കു ഞാൻ ഗാർഡൻ സിറ്റി കോളേജിൽ ജോലിയാക്കി.

ഒരുവിധം ജീവിതം രക്ഷപെട്ടപ്പോൾ മറ്റു ഗുഹപ്പിഴകൾ തുടങ്ങി. സോറിയാസിസ് രോഗം പിടിപെട്ടു. ഭാര്യയുടെ മനോരോഗം മൂർച്ഛിച്ചു. മകൾ വേറെ താമസമായി. ജൂബിലി കോളേജിന്റെ പുതിയ ഭാരവാഹികൾ താമസം മാറുവാൻ നിർബന്ധിച്ചു.

അങ്ങിനെയിരിക്കെ ആരുമറിയാതെ, ആരെയും മുഷിപ്പിക്കാതെ, ഒരു കയ്യിൽ ഒരു സഞ്ചിയും, മറുകയ്യിൽ സദാസമയവും കരയുന്ന റോസിയുമായി യാത്രയായി. അനന്തതയിലേക്ക്.

കുറച്ചു ദിവസങ്ങൾക്കു ശേഷം യെലഹങ്കയിലുള്ള ഒരു വൃദ്ധാശ്രമത്തിലെ സിസ്റ്റർ സിൽവി വിളിച്ചു. 'വിശ്വസിക്കാമോ?' എന്ന് ചോദിച്ചു. നൂറിൽ നൂറു ശതമാനം എന്നുറപ്പും കൊടുത്തു.

കാലചക്രം പിന്നെയും തിരിഞ്ഞു. ചെറിയാന്റെ ഒരു ഫോൺകാൾ വന്നു. 'ശിവാ റോസി പോയി. എന്റെ ആഗ്രഹം പോലെ തന്നെ..! എനിക്കവളെ ഒറ്റയ്ക്ക് വിട്ടു പോകേണ്ടിവന്നില്ലല്ലോ..! ചെറിയാൻ കരഞ്ഞില്ല..!. പക്ഷെ ഞാൻ കരഞ്ഞുപോയി. റോസിമരിച്ചതിനല്ല.. ചെറിയാന്റെ ആ മനസ്ഥിതിയോർത്ത്..!

അധികം താമസിച്ചില്ല. ആറുമാസങ്ങൾക്കു ശേഷം സിസ്റ്റർ സിൽവി വീണ്ടും വിളിച്ചു. 'എസ.കെ.സാറെ ചെറിയാൻ മരിച്ചു. ഒരാഴ്ചയായി. ആരെയും അറിയിക്കേണ്ടയെന്നാണ് പറഞ്ഞിരുന്നത്. പക്ഷെ ഒരാഴ്ചയിൽ കൂടുതൽ പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. സാററിയണമല്ലോ' മറുപടിയൊന്നും പറഞ്ഞില്ല.. ആ നാടകാന്ത്യം അങ്ങിനെയായിരുന്നു!. കോമഡിയായിരുന്നില്ല തികഞ്ഞ ട്രാജഡിയായിത്തന്നെ..!

## ഞാൻ വിവാഹിതനാവുന്നു

1984 ഡിസംബർ 14 നു ഹരിപ്പാട് സുബ്രമണ്യ സ്വാമി ക്ഷേത്രത്തിൽ വച്ച് ഞാൻ വിവാഹിതനായി. എന്റെ അച്ഛന്റെ അകന്ന ബന്ധുവായ രാഘവൻപിള്ളയുയുടെയും സുമതിയമ്മയുടെയും മകൾ ചന്ദ്രികയാണ് വധു. കൊട്ടാരക്കരക്കടുത്തുള്ള പട്ടാഴിയിലെ ഓലിക്കൽ കുടുംബം. വിവാഹത്തിന് ബെംഗളൂരുവിൽനിന്ന് എന്റെ സുഹൃത്തുക്കളായ വേണുവേട്ടൻ, ഓ.കെ.രാമകൃഷ്ണേട്ടൻ,



സുന്ദർരാജ്, ദിവാകരൻ, ടി.രവീന്ദ്രൻ, ജയറാം മാർല, റാസോറിയാ, എം.എ.തോമസ്സ് ഭാര്യ ജോൺസി ടീച്ചർ തുടങ്ങിയവരുടെ സാന്നിദ്ധ്യം നന്ദിപൂർവം സ്മരിക്കുന്നു.

അച്ഛന്റെ ഒരു ബന്ധുവും ഹരിപ്പാട് ഹൈ സ്കൂൾ ഹെഡ്മാസ്റ്ററും ആയിരുന്ന പി.രാമചന്ദ്രൻ നായർ (ഓണമ്പള്ളിൽ) എന്നെയും കൂട്ടി പെണ്ണുകാണാൻ പോയി. രണ്ടുമണിക്കൂറോളം ബസ്സിലിരിക്കണം. അപ്പോൾത്തന്നെ ക്ഷീണിച്ചു. പിന്നെ ബസ്സിറങ്ങി ഒരു ചെറുപാടത്തിന്റെ നടുവിലൂടെ നടന്നു. പാടം കഴിഞ്ഞ് പിന്നെ മേലോട്ട് കുത്തനെയുള്ള നടത്തമാണ്. അങ്ങിനെ വീട്ടിൽ എത്തി. എല്ലാവരും എന്നെ ഒരു വിചിത്രജീവിയെന്നപോലെ നോക്കി. ആരൊക്കെയോ എന്തൊക്കയോ ചോദിക്കുന്നുണ്ടായിരുന്നു. എല്ലാറ്റിനും എന്തൊക്കയോ മറുപടി പറഞ്ഞു.

അതാ അഞ്ചു വയസോളമുള്ള ഒരു കുസൃതിക്കുട്ടൻ എന്നെ പുറത്തേയ്ക്കു വിളിക്കുന്നു. അവൻ നിക്കറിട്ടിട്ടില്ല. ഞാൻ അവന്റെ പുറകെ പോയി. അവൻ എത്തിയത് കിഴക്കുവശത്തുള്ള കിണറിന്റെ അരികത്താണ്. 'ഒരിച്ചിരിവെള്ളമൊഴിക്കുമോ?'. അപ്പോളാണ് മനസ്സിലായത് അവൻ മലമൂത്രവിസർജനം കഴിഞ്ഞ് കഴുകാനുള്ള വെള്ളമൊഴിച്ചുകൊടുക്കണം. കിണറ്റിന്കരയിലുള്ള തൊട്ടിയിൽ

വെള്ളമില്ല. ഞാൻ അതെടുത്തു വെള്ളം കോരാമെന്നു കരുതി തൊട്ടി കിണറ്റിലേക്കിട്ടു. കിണർ ഞാൻ കണ്ടിട്ടുള്ള കിണറല്ല. പാതാളക്കിണർ. എത്ര വലിച്ചിട്ടും തൊട്ടി എത്തുന്നില്ല.

ഒരുവിധം വെള്ളം കോരി അവനൊഴിച്ചുകൊടുത്തു. അപ്പോഴേക്കും അവൻ കുടുകുടാ ചിരിച്ചുകൊണ്ട് കഴുകൽ കഴിഞ്ഞു.

എന്നെ ആ വീട്ടിലൊരാൾ ഡൈനിങ്ങ് ഹാളിലേക്ക് വിളിച്ചു. ഞാൻ ചെന്നു. ഇഡ്ഡലിയും നേന്ത്രപ്പഴം പുഴുങ്ങിയതും! നല്ല വിശപ്പുണ്ടായിരുന്നു. 'സാമ്പാറുവേണ്ട, ഇത്തിരി പഞ്ചസാര തരുമോ?' ഇഡ്ഡലിയും പഞ്ചസാരയും എനിക്ക് വലിയ ഇഷ്ടമായിരുന്നു. അവിടെ നിന്നവരെല്ലാം ചിരിക്കുന്നു. എന്തായാലും ആവശ്യത്തിന് തിന്നു. അപ്പോൾ പെണ്ണു വന്നു. ചായയുമായി. ചായകുടിയും കഴിഞ്ഞു. മടക്കയാത്രയായി. മടക്കത്തിൽ അച്ഛന്റെ കസിൻ ചോദിച്ചു ;പെണ്ണിനെ ഇഷ്ടമായോ?'.

ഞാനൊന്നു ചിരിച്ചു. അത്രതന്നെ....!

## കേരളസമാജം പ്രവർത്തനങ്ങൾ

ഈ അനുഭവക്കുറിപ്പുകളെഴുതി പൂർത്തിയാവുന്ന അവസരത്തിൽ എനിക്ക് എഴുപതു വയസ്സാണ്. ഞാൻ ആദ്യത്തെ ഇരുപതു വർഷം കേരളത്തിലും, പിന്നീടുള്ള അമ്പതു വർഷങ്ങൾ ബാംഗ്ലൂരിലുമാണ് ജീവിച്ചത്. ബാംഗ്ലൂരിലെ ജീവിതത്തിന്റെ



തുടക്കം മുതൽ ദൂരവാണിനഗർ കേരളസമാജമെന്ന സംഘടന യുമായി അഭേദ്യമായ ബന്ധം പുലർത്തിയിരുന്നു. ദൂരവാണി നഗർ കേരളസമാജത്തിൽ 2000–ത്തിൽ നടന്ന പ്രവർത്തക സമിതി തിരഞ്ഞെടുപ്പിൽ സ്കൂൾ കാര്യദർശിയായി മത്സരിച്ചു പരാജയപ്പെട്ടതോടെയും ഉടൻ തന്നെ ഐ.ടി.ഐ.യിൽ നിന്നും സ്വയംവിരമിച്ചു ഗാർഡൻ സിറ്റി കോളേജിൽ ചേർന്നതോടെയും തുടർന്നുള്ള സജീവമായ പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ കഴിഞ്ഞിട്ടില്ല. എന്തായാലും ജീവിതത്തിൽ ഒരു നല്ല കാലയളവ് ഈ സംഘടനയോടൊപ്പമുണ്ടായിരുന്നതിനാൽ, അതിൽ നിന്നുണ്ടായ കുറെ അനുഭവങ്ങൾ ഇവിടെ ചേർക്കുകയാണ്. ഇത് എന്റെ മാത്രം – സ്വന്തമായ അഭിപ്രായങ്ങളോ കാഴ്ചപ്പാടുകളോ മാത്രമാണ്. ഒരു തരത്തിലുള്ള ആധികാരികതയും ഞാൻ അവകാശപ്പെടുന്നില്ല.

1979 മുതൽ 1987 വരെയുള്ള കാലങ്ങളിൽ ദൂരവാണിനഗർ കേരളസമാജത്തിന്റെ പ്രവർത്തകസമിതി അംഗമായി എം.എസ ചന്ദ്രശഖരൻ, എം.ഗംഗാധരക്കുറുപ്പ്, എൻ.കെ.നായർ, വി.ദേവദാസൻ, കെ എം.രാമചന്ദ്രൻ ടി.രവീന്ദ്രൻ, പി.ദിവാകരൻ, രാമചന്ദ്രകുറുപ്പ്, തുടങ്ങിയ സജീവപ്രവർത്തകരോടൊപ്പം പലതവണ പ്രവർത്തിച്ചിരുന്നു. ലൈബ്രറിയിലാണ് കൂടുതലായി ശ്രദ്ധിച്ചിരുന്നത്. പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിലും, പുതിയ ഷെൽഫുകളും റാക്കുകളും ഉണ്ടാക്കിക്കുന്നതിലും, പുസ്തകങ്ങളുടെ കാറ്റലോഗ്, മെമ്പർഷിപ് രജിസ്റ്റർ തുടങ്ങിയ കാര്യങ്ങളിലും കൂടാതെ ഓണാഘോഷം, നാടകം തുടങ്ങിയ കാര്യങ്ങളിലും ഒരു നല്ല സമയം വിനിയോഗിച്ചതിൽ ചാരിതാർഥ്യമുണ്ട്.

## സമാജത്തിന്റെ മുഖ്യധാരാ പ്രവർത്തനങ്ങൾ

1987–ൽ നടന്ന പൊതുയോഗം അടുത്ത വർഷത്തേക്കുള്ള ഔദ്യോഗിക ഭാരവാഹികളെ തിരഞ്ഞുപിടിക്കുവാൻ കഴിയാതെ ഒരു അനിശ്ചിതത്വത്തിലാണ് പിരിഞ്ഞത്. പൊതുയോഗം ഒരു വ്യാഴാഴ്ചയായിരുന്നു. ഐ.ടി.ഐ.യിൽ അന്നൊക്കെ വ്യാഴാഴ്ച ഉച്ചവരെയുള്ളു ഒരാഴ്ചക്കുള്ളിൽ വീണ്ടും ചേരാമെന്നും, തിരഞ്ഞെടുപ്പു എന്ന അജണ്ട അന്ന് ചർച്ചയ്ക്കായെടുക്കാമെന്നും

തീരുമാനിച്ചിരുന്നു. ഞാനന്ന് നാട്ടിൽ പോയ അവസരമായതിനാൽ പൊതുയോഗത്തിൽ പങ്കെടുക്കുവാൻ സാധിച്ചില്ല. തിങ്കളാഴ്ച ഞാൻ നാട്ടിൽ നിന്നും തിരിച്ചെത്തി സാധാരണ പോലെ ഓഫീസിൽ എത്തി. ഒരു ഫോൺകാൾ. വേണുവേട്ടനായിരുന്നു. (എന്റെ 'ഗോഡ്-ഫാദർ' ആയിരുന്ന ദിവംഗതനയ എം.വേണുഗോപാലക്കുപ്പ്) അദ്ദേഹത്തിന്റെ ജോലിസ്ഥലമായ ഓഫീസർസ് ക്യാന്റീനിൽ ഉടനെ എത്തണമെന്നായിരുന്നു. അവിടെ ചെന്നപ്പോൾ ഐ.ടി.ഐ ഫൈനാർട്സ് സൊസൈറ്റിയുടെ മലയാള വിഭാഗം സെക്രട്ടറി കെ.ശ്രീനിവാസൻ നായർ അവിടെയുണ്ടായിരുന്നു. വളരെ സീരിയസ് ആയ ഒരു ചർച്ചയാണെന്ന് ഒറ്റ നോട്ടത്തിൽ മനസിലായി.

അടുത്ത വ്യാഴാഴ്ച നടക്കുന്ന സമാജത്തിന്റെ പൊതുയോഗമായിരുന്നു വിഷയം. വേണുവേട്ടൻ അധ്യക്ഷനായിരിക്കണം. അതാണ് ശ്രീനിവാസൻ നായരുടെ ആവശ്യം.. അതിനൊരു ബദലായി ഞാൻ സെക്രട്ടറി ആയാൽ സമ്മതിക്കാമെന്നായി വേണുവേട്ടൻ. അങ്ങിനെ ഞങ്ങൾ ഒരു തീരുമാനത്തിലെത്തി. ബാക്കിയുള്ളവരെ ഞാൻ തീരുമാനിക്കണം. ശ്രീനിവാസൻ നായരും ഞാനും ചേർന്ന് ഒരു ലിസ്റ്റുണ്ടാക്കി. വിശ്വംഭരൻ, ടി.രവീന്ദ്രൻ, ദിവാകരൻ, ചന്ദ്രമോഹൻ, രാജപ്പൻ, മനോഹരൻ, ജോസഫ് വർഗീസ്, കെ.സി.ആർ നമ്പ്യാർ, ശിവകുമാരൻ നായർ, പി കെ തോമസ്, സുകുമാരൻ തുടങ്ങി ഒരു ടീമുണ്ടാക്കി. ശ്രീനിവാസൻ നായർ സ്നേഹപൂർവ്വം ആ ടീമിൽനിന്ന് ഒഴിഞ്ഞുമാറി.

പല കാരണങ്ങളായി സമാജത്തിന്റെ മുഖ്യധാരാ പ്രവർത്തനങ്ങളിൽ നിന്നും അകലം പാലിച്ചിരുന്ന പ്രവർത്തന പരിചയമുള്ള കുറെ സമാജാംഗങ്ങളുടെ ഒരു സംഘമായിരുന്നു അത്. ഉയിരും ഉന്മേഷവുമുള്ള ഒരു സംഘം ചെറുപ്പക്കാർ!. സമാജത്തിന്റെ പ്രവർത്തനങ്ങളിൽ ഒരു പുതിയ ചലനമുണ്ടാക്കി.

ഞങ്ങൾ പ്രവർത്തന ചുമതലകൾ ഏറ്റെടുക്കുമ്പോൾ ജൂബിലി സ്കൂൾ കെട്ടിടത്തിനു നാലു മുറികൾ മാത്രമേയുണ്ടായിരുന്നുള്ളൂ. പ്രവർത്തക സമിതി ആദ്യം തന്നെ കെട്ടിട നിർമാണത്തിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. നാലു മുറികൾ മാത്രമുണ്ടായിരുന്ന

കെട്ടിടത്തിന്റെ രണ്ടു നിലകളുടെ പണി പൂർത്തിയായി. ഫണ്ട് ശേഖരണത്തിനായി കണ്ട ഒരേയൊരു മാർഗം രണ്ടു രൂപയുടെ സംഭാവന ഭാഗ്യക്കുറി ടിക്കറ്റുകൾ തന്നെ. ആ വർഷം പന്ത്രണ്ടു മുറികൾ കൂടി തയ്യാറാക്കി. കെട്ടിട നിർമാണത്തിൽ ഏറ്റവുമധികം സഹകരിച്ചു പ്രവർത്തിച്ചത് എൻ.രാജപ്പനും, കെ.വിജയ രാഘവനും, ടി.രവീന്ദ്രനും വി.കെ ത്യാഗരാജനും മറ്റുമായിരുന്നു. ജൂബിലി സ്കൂൾ കെട്ടിട നിർമാണത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി. ഐ.ടി.ഐ സിവിൽ എഞ്ചിനീയറിങ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥനായ ജഗന്നാഥൻ ആണ് പ്ലാൻ തയ്യാറാക്കിയത്. കെട്ടിടത്തിന്റെ പണി ലേബർ കോൺട്രക്ടർ ചിന്നരാജാണ് ചെയ്തിരുന്നത്.

1978, 79, 80, 83 എന്നീ വർഷങ്ങളിൽ കമ്മിറ്റിയംഗമായും 1987,88, 90, 93, 95, 97 എന്നീ ആറു പ്രവർത്തന വർഷം പൊതുകാര്യദർശി യായും, 1996, 98, 99,എന്ന വർഷങ്ങളിൽ സ്കൂൾ കാര്യദർശിയായും 2023-ൽ അധ്യക്ഷനായും ഈ സംഘടനയുടെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയായിരുന്നു. സമാജത്തിന്റെ പ്രവർത്തക സമിതികൾ മാറിമാറി വന്നു. എല്ലാ പ്രവർത്തക സമിതികൾക്കും എന്റെ വ്യക്തിപരമായ പൂർണ്ണ സഹകരണമുണ്ടായിരുന്നു. പിന്തുടർച്ചക്കാരായി ഔദ്യോഗിക പദവികളിൽ വന്ന ബാലകൃ ഷ്ണൻ നമ്പ്യാർ, അബ്ദുൽ റഹ്മാൻ, കെ.പി.രാധാകൃഷ്ണൻ, പീറ്റർ ജോർജ്, ആർ.പൊന്നപ്പൻ, എന്നിവർക്ക് വളരെ പ്രത്യക്ഷമായി തന്നെ പിന്തുണ നൽകി അവരുടെ ജോലിഭാരം ലഘൂകരിക്കുവാൻ കഴിഞ്ഞതിൽ എനിക്ക് ചാരിതാർഥ്യമുണ്ട്. പിൽകാലത്തു വന്ന, പി.ബി.സജി, എ.ബി.ഷാജ്, ബാലകൃഷ്ണൻ നമ്പൂതിരി, എ.മനോഹരൻ, എന്നിവർക്കും എന്നാലാകാവുന്നത്ര സഹകരണങ്ങൾ നൽകിയിരുന്നു.

## ജൂബിലി സ്കൂളിന് ഒരു കളർ ടെലിവിഷൻ.

കളർ ടെലിവിഷൻ ആർഭാടമായിരുന്ന കാലമായിരുന്നു അത്. ബ്ലാക്ക് ആൻഡ് വൈറ്റ് ടെലിവിഷൻ പോലും ജൂബിലി സ്കൂളിനുവേണ്ടി വാങ്ങുന്നതിനെപ്പറ്റി സമാജം പ്രവർത്തകസമിതി

ആലോചിച്ചിരുന്നില്ല. കാരണം അതിലും പ്രധാനമായ ഒട്ടനവധി ചിലവുകൾ മുന്നിലുണ്ട്. ഇങ്ങിനെയിരിക്കെയാണ് ആ വർഷത്തെ സ്വാതന്ത്ര്യദിനം കടന്നുവന്നത്. സാധാരണ പോലെ മിതമായ ചിലവുകളോടെ ആഘോഷപരിപാടികൾ ആസൂത്രണം ചെയ്തു. കുട്ടികൾക്കുള്ള മധുരപലഹാരമായി ലഡുവും അതിന്റെ കൂടെ മിക്ച്ചറും. അതാണ് സാധാരണ. പിന്നെ കൊടിതോരണങ്ങളും കുട്ടികൾക്ക് വേണ്ടിയുള്ള വാടക വസ്തവിധാനങ്ങളും. അങ്ങിനെ വളരെ ചുരുങ്ങിയ ചിലവിൽ എല്ലാം ഒരുക്കി. മുഖ്യാതിഥിയായി ശ്രീ എ.ആർ.കെ.മേനോനെ ക്ഷണിച്ചു. വളരെ സന്തോഷത്തോടെ അദ്ദേഹം സമ്മതിച്ചു.

നഗരത്തിലെ ഒരു പ്രമുഖ വ്യവസായിയായിരുന്ന ശ്രീ എ.ആർ. കെ.മേനോൻ മലയാളികളുടെ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ തിളങ്ങിനിന്നിരുന്ന കാലമായിരുന്നു അത്..

തൊഴിലാളികളുടെ സമ്പൂർണ്ണ സഹകരങ്ങളോടെ ആധുനിക രീതിയിൽ നടത്തിയിരുന്ന അദ്ദേഹത്തിന്റെ ഫാക്ടറിയിലൂടെ മികച്ച ലാഭവും നേടി. നഗരത്തിലെ സാംസ്കാരിക സംഘടന കൾക്കെല്ലാം അദ്ദേഹം കയ്യയച്ചു സംഭാവനകൾ നൽകിവന്നു. ബാംഗ്ലൂരിലെ പ്രമുഖ മലയാളി സംഘടനയായ ഈസ്റ്റ് കൾച്ചറൽ



അസോസിയേഷന്റെയും, ബാംഗ്ലൂർ കേരളസമാജത്തിന്റെയും അദ്ധ്യക്ഷനായും അദ്ദേഹം സ്തുത്യർഹമായ സേവനങ്ങൾ അനുഷ്ഠിച്ചിരുന്നു. ,

ജൂബിലീസ്കൂളിന്റെ സ്വാതന്ത്ര്യദിന ആഘോഷ പരിപാടികളിൽ മുഖ്യാതിഥിയായെത്തിയ അദ്ദേഹം പരിപാടി നടക്കുന്നതിനിടയിൽ സ്റ്റേജിൽ വച്ചുതന്നെ അടുത്തിരുന്ന എന്നോട് രഹസ്യമായി ചോദിച്ചു. 'ശിവാ ജുബിലീ സ്കൂളിനുവേണ്ടി ഞാനെന്താണ് ചെയ്യണ്ടത്?' ഞാനൊന്നു ചിരിച്ചു. ഒന്നും പറഞ്ഞില്ല. രണ്ടു മിനിറ്റിനു ശേഷം അദ്ദേഹം എന്റെ മുഖത്തേക്ക് നോക്കി. വീണ്ടും ആ ചോദ്യം ആവർത്തിച്ചപോലെ. ഞാൻ പറഞ്ഞു. 'ഒരു ടി.വി. വാങ്ങണമെന്നുണ്ട്. കുട്ടികൾക്കും സമാജാംഗങ്ങൾക്കും മറ്റും സിനിമ കാണിക്കുന്നത് വാടകക്കെടുത്ത ടി.വി.യിലൂടെയാണ്.' 'അതുശരി' അദ്ദേഹം മൗനം പാലിച്ചു. പിന്നെ അതിനെപ്പറ്റി ഒന്നും സംസാരിച്ചില്ല.

പതാകയുയർത്തി, പ്രസംഗങ്ങൾ കഴിഞ്ഞു. ആഘോഷപരിപാടി കളെല്ലാം കഴിഞ്ഞു. അദ്ദേഹം യാത്രപറയുന്നു. ഞങ്ങളെല്ലാവരും കാറിന്റെയടുത്തു യാത്രപറയുവാനെത്തി. അദ്ദേഹം കാറിൽ കയറി ഇരുന്നശേഷം വിളിച്ചു 'ശിവാ.' ഞാനടുത്തെത്തി. 'ശിവനിവിടെ എത്രനേരം കാണും?'.'ഒരു രണ്ടു മണിക്കൂറെങ്കിലും കാ ണും സാർ. എല്ലാമൊന്നൊതുക്കിവയ്ക്കുന്നവരെ ഞാൻ കാണും'. 'അപ്പോ ശരി. ഇവിടുത്തെ ഫോൺ വർക്കുചെയ്യുന്നുണ്ടല്ലോ? ഞാനതിൽ അരമണിക്കൂറിനുള്ളിൽ വിളിക്കാം'

കാറു വിട്ടു. ഞങ്ങളെല്ലാം പല ജോലികളിലായി. മേനോൻ സാർ പറഞ്ഞപോലെതന്നെ അര മണിക്കൂറിനുള്ളിൽ വിളിച്ചു.. 'ശിവനെ വിടെ?' ഫോണെടുത്തയാൾ എന്നെ വിളിച്ചു ഫോൺ തന്നു. 'ഹലോ. ഞാൻ ശിവനാണ്' 'ഞങ്ങൾ ശിവാ സ്കൂളിനുവേണ്ടി ഒരു കളർ ടെലിവിഷൻ വാങ്ങി. അതിപ്പോ വരും. നിങ്ങളാരെങ്കിലും അവിടെ കാണണം'. 'അയ്യോ ഇത്രപെട്ടന്നുവേണമന്നല്ല സാർ ഞാൻ പറഞ്ഞത്.' 'സാരമില്ല. ശിവാ ചേച്ചിക്കൊരു നിർബന്ധം. കൊടുക്കന്നെങ്കിൽ ഇന്നുതന്നെ വേണമെന്ന്. അതുകൊണ്ടാണ്. അപ്പൊ പറഞ്ഞപോലെ. കാണാം'.

## കേരളസമാജത്തിന്റെ സ്ഥിരം അഭ്യുദയകാംക്ഷി.

ഇതുപോലെ മറ്റൊരവസരത്തിൽ സ്കൂളിന്റെ ഓഫീസ് ബ്ലോക്ക് ബിൽഡിംഗ് ഉത്ഘാടനത്തിനായി അദ്ദേഹം തന്നെയായിരുന്നു മുഖ്യാതിഥി. ഫണ്ട് ശേഖരണത്തെപ്പറ്റിയൊക്കെ വളരെ വിശദമായി ചോദിച്ചു. സമാജം ഏർപ്പെടുത്തിയ പലിശ രഹിത വായ്പയെപ്പറ്റി വിശദീകരിച്ചു. അദ്ദേഹം വളരെയധികം സന്തോഷിച്ചു.. സമാജം ഏർപ്പെടുത്തുന്ന പൊതുജന സഹകരണ പ്രവർത്തനങ്ങളെപ്പറ്റി അദ്ദേഹം അതിയായി പ്രശംസിച്ചു. ഉടൻ തന്നെ ആ പദ്ധതിയിലേക്ക് അദ്ദേഹത്തിന്റെ വകയായി ഒരുനല്ല തുക പലിശരഹിതവായ്പയായി നൽകി.

പിന്നീട് സമാജം നടത്തിയ ധന ശേഖരണ പരിപാടിയായിരുന്ന യേശുദാസ് നൈറ്റിന്റെ പ്രോഗ്രാം കമ്മിറ്റി ചെയർമാനയും അദ്ദേഹം സംഘടനയെ സഹായിച്ചിരുന്നു.. ശ്രീ എ.ആർ.കെ.മേനോൻ– അദ്ദേഹത്തിന്റെ കുറിപ്പുകളിൽ നിന്ന്..

'1935–ൽ കേരളത്തിലെ ഒരു ഗ്രാമത്തിൽ ജനിച്ചു, രാജ്യവും ലോകവും പലതവണ സഞ്ചരിച്ചു, ഇപ്പോൾ ബാംഗ്ലൂരിൽ സ്ഥിരതാമസമാക്കി, വായിക്കുന്നു, എഴുതുന്നു, നല്ല സംഗീതം ശ്രവിക്കുന്നു, ഋതുക്കളും അതിന്റെ സ്പന്ദനങ്ങളും നോക്കി, പക്ഷികളെയും മേഘങ്ങളെയും നോക്കി, പരിപാലിക്കുന്നു എന്റെ ചിന്തകളും സ്വപ്നങ്ങളും പങ്കിടുന്ന എന്റെ ജീവിതപങ്കാളിയോടൊപ്പം. ..ജീവിതത്തിന്റെ അജ്ഞാതമായ ആ ഭാഗത്തേക്കുള്ള അടുത്ത കടത്തുവള്ളത്തിന്റെ വരവിനായി വളരെ യാദൃശ്ചികമായി കാത്തിരിക്കുന്നു....

## ഡോക്ടർ ഭരതനുമായി ഒരു കൂടിക്കാഴ്ച.

പൊതുവെ നല്ല ആരോഗ്യവാനായിരുന്നെങ്കിലും പേരിനു ഒരസുഖം തുടങ്ങി. അർശസ്സ് അഥവാ പൈൽസ്; ഇത് ഒരു വലിയ ഉപദ്രവമായിത്തുടങ്ങി. വളരെ രഹസ്യമായി വച്ചിരുന്നത് മറ്റുള്ളവർ പലരും അറിയാനും തുടങ്ങി. സ്നേഹമുള്ളവർ പല ഉപദേശങ്ങളും തന്നു. നാൾക്കുനാൾ അതിന്റെ കാഠിന്യം കൂടിവന്നു രക്തസ്രാവം

തുടങ്ങിയതോടെ ഉള്ളിൽ പേടിതട്ടിത്തുടങ്ങി. അങ്ങിനെയിരിക്കെ ഐ.ടി.ഐ. ട്രാൻസ്പോർട്ട് മാനേജരായിരുന്ന ഓ.കെ.രാമ കൃഷ്ണേട്ടൻ ഒരു അഭിപ്രായം പറഞ്ഞു. 'ഡോക്ടർ ഭരതൻ. തലശേരിയിലെ പ്രസിദ്ധനായ സ്പെഷ്യലിസ്റ്റ് ആണ്. എനിക്ക് നല്ലപോലറിയാം. ഞാൻ ഫോൺ ചെയ്തു പറയാം. നീ പോയാൽ മതി' സമ്മതിച്ചു എന്തായാലും അദ്ദേഹത്തിനെ പോയി കണ്ടുകളയാം എന്ന് തീരുമാനിച്ചു. രാമകൃഷ്ണേട്ടൻ ഫോൺ ചെയ്തു പറഞ്ഞു. ഞാൻ തലശ്ശേരിക്ക് ടിക്കറ്റു ബുക്ക് ചെയ്തു. നേരെ കാവുംഭാഗത്തു എന്റെ ആത്മസുഹൃത്ത് സുന്ദരന്റെ വീട്ടിലെത്തി. സുന്ദരന്റെ അളിയൻ. അറിയപ്പെടുന്ന ഒരു LIC ഏജന്റാണ്. അദ്ദേഹം കാറിൽ കൊണ്ടുപോകമെന്നു പറഞ്ഞു. അതിനുള്ളിൽ അദ്ദേഹവും ഡോക്ടർ ഭരതന് ഫോൺ ചെയ്തു. പിറ്റേ ദിവസം രാവിലെ 9 മണിക്ക് ഹോസ്പിറ്റലിലെത്തി. വളരെ വലിയ ഹോസ്പിറ്റൽ. ഒത്തിരി രോഗികൾ. എല്ലാവരുടെയും മുഖം കണ്ടാലറിയാം ഇത് രോഗം അത് തന്നെയാണെന്ന്. രാമകൃഷ്ണേട്ടൻ ഔട്ട് പേഷ്യന്റിൽ പേര് കൊടുത്തു. ശിവൻകുട്ടി ബാംഗ്ലൂർ. ഞങ്ങൾ രണ്ടുപേരും വിളിയും കാത്തു ബെഞ്ചിലിരുന്നു.

കുറച്ചുനേരം കഴിഞ്ഞപ്പോൾ അതാ വിളിവരുന്നു. ശിവൻകുട്ടി ബാംഗ്ലൂർ! എല്ലാവരും എന്നെത്തെ ന്ന നോക്കുന്നു. ആൾക്കൂട്ടത്തിലൂടെ നുഴഞ്ഞു അകത്തു കയറി. അവിടെ അതിനേക്കാൾ ഒച്ചയോടെ ഭരതൻ ഡോക്ടർ. 'ഇതാരാടാ ഈ ശിവൻകുട്ടി. ഇന്നലെ ബാംഗ്ലൂരിന്നു ഫോൺ; ഇന്ന് ഇവിടെ തലശ്ശേരിന്നു ഫോൺ. ഇതാരാ ഈ VIP?' അപ്പോഴേക്കും ഞാൻ അടുത്തെത്തിക്കഴിഞ്ഞിരുന്നു. വിവരങ്ങൾ ചോദിച്ചു. ടെസ്റ്റു ചെയ്യുവാനായി റൂമിലേക്ക് വിട്ടു. അവിടെ സകല തുണിയും അടിവസ്ത്രമടക്കം അഴിച്ചുമാറ്റി. ഒരു ടേബിളിൽ കമഴ്ന്നു കിടക്കാൻ പറഞ്ഞു. കാലുരണ്ടും അകറ്റിവച്ചു. ലൈറ്റ് അടുത്തേക്ക് കൊണ്ടുവരുന്നു. ഇത് ശിഷ്യൻ ഡോക്ടറാണ്. എല്ലാ വിരലും അകത്തുകടത്തിയെന്നു തോന്നുന്നു. വേദനകൊണ്ടുപുളയുകാണ്. ഒരു ചെറുപ്പക്കാരി നേഴ്സ് ആണ് കൈരണ്ടും പിടിച്ചിരിക്കുന്നത് അവളും നോക്കുന്നത് അവിടേക്കുതന്നെ. ഞാൻ കണ്ണടച്ചു.

ടെസ്റ്റെല്ലാം കഴിഞ്ഞു. അപ്പോഴാണ് മനസിലായത് ആ ശിഷ്യൻഡോക്ടർ ബാംഗ്ലൂരിലുള്ള ഓ.കെ.രാമകൃഷ്ണേട്ടന്റെ

അടുത്ത ബന്ധുവാണ്. അയാൾ വളരെ രഹസ്യമായി പറഞ്ഞു. 'ഓപ്പറേഷൻ ഒന്നും ആവശ്യമില്ല. മരുന്നുകഴിച്ചാൽ മതി. കൂടുതൽ എരിവൊന്നും കഴിക്കരുത്.' അപ്പോഴേക്കും ഭരതൻ ഡോക്ടർ വന്നു. 'എന്താടോ? എങ്ങിനെയുണ്ട്?' വീണ്ടും വലിയ കുഴപ്പമൊന്നുമില്ലാതെ ഭരതൻ ഡോക്ടർ വിധിയെഴുതി. 'ഇരുപതു ദിവസത്തേക്ക് മരുന്ന് തരാം. ഇത് കഴിച്ചിട്ട് കുറഞ്ഞില്ലെങ്കിൽ ഓപ്പറേഷൻ. നേരെ ഇങ്ങുവന്നമതി. ഫോണൊന്നും ചെയ്യണ്ട' സിഗരറ്റു വലിക്കില്ല അഥവാ വലിച്ചാൽ തന്നെ രാവിലെ ടോയ്ലെറ്റിൽ പോകുമ്പോൾ വലിക്കില്ലെന്നും മറ്റുമെഴുതി കൊടുക്കേണ്ടിവന്നു.. തിരിച്ചു ബാംഗ്ലൂരിലേക്ക് വണ്ടി കയറി.

കുറേക്കാലങ്ങൾക്കു ശേഷം എന്റെ മറ്റൊരു സുഹൃത്തിനോടൊപ്പം ബാംഗ്ലൂരിൽ വച്ച് ഭരതൻ ഡോക്ടറിനെ കാണുവാൻ ഇടയായി. എന്റെ സുഹൃത്ത് ഡോക്ടറെ പരിചയപ്പെടുത്തി. 'ഇത് ശിവേട്ടൻ; ഇവിടെ ബാംഗ്ലൂരിലാണ്' ഡോക്ടർ എന്നെ എവിടെയോ കണ്ടപോലെ ആലോചിച്ചുനിന്നു. ശബ്ദം താഴ്ത്തി എന്റെ സുഹൃത്ത് ഡോക്ടറുടെ ചെവിയിൽ മൊഴിഞ്ഞു. 'ഡോക്ടർക്കു മുഖം കണ്ടാൽ ഓർമ്മവരില്ല അല്ലെ?' അതിന്റെ അർഥം മനസിലാക്കിയ ഞാനും ഡോക്ടറും ചിരിച്ചുപോയി.

## ഷേവിങ്ങിന്' അംഗീകാരം!

അപ്പോഴാണ് മറ്റൊരു സംഭവം ഓർമ്മവരുന്നത്. ഐ.ടി.ഐ ഹോസ്റ്റലിൽ താമസിക്കുന്ന കാലം. റൂംമേറ്റ് രവീന്ദ്രനു പൈൽസ് പ്രശ്നമുള്ളയാളാണ്. ഐടിഐ ഹോസ്പിറ്റലിൽ ഞങ്ങൾ ട്രെയിനികൾക്ക് ചികിത്സയില്ല. പക്ഷെ എങ്ങിനെയോ രവി ഡോക്ടർ ലീലാമണികോട്ടിനെ കണ്ടു. 'സാരമില്ല നീ ഓപ്പറേഷൻ തീയേറ്ററിൽ വന്നാമതി. ഞാൻ ഓപ്പറേഷൻ ചെയ്യാം' ഒരു വ്യാഴാഴ്ച ഉച്ചക്ക് ശേഷം ഹോസ്പിറ്റലിലെത്തി. ഡോക്ടറെ കണ്ടു. തിരക്കിനിടയിൽ 'ഷേവ് ചെയ്തുകൊണ്ടുവാ' എന്ന് പറഞ്ഞു. അവിടെ വാർഡ് ബോയ്സിനെ കണ്ടു. അവർ ചെയ്യില്ല എന്നുപറഞ്ഞൊഴിഞ്ഞു. 'എടാ ഷേവല്ലേ ഞാൻ ചെയ്യാം. വാ നമുക്ക് റൂമിലേക്കുപോകാം' അങ്ങിനെ രവിയും സുന്ദരനും ഞാനും ഹോസ്റ്റൽ റൂമിലേക്ക് പോയി. അവിടെയുള്ള ഷേവിങ്ങ് സെറ്റെടുത്തു. ഷേവുചെയ്യാൻ

തുടങ്ങി. രവിയുടെ ശരീരം മുഴുവൻ നല്ല കട്ടിയുള്ള രോമമാണ്. സുന്ദറിനു ഒരു ഐഡിയ തോന്നി. മെല്ലെ പേനകൊണ്ട് ഒരു ഔട്ട് ലൈൻ ഇട്ടു തന്നു. അതുപ്രകാരം നല്ല ഹാർട്ടിന്റെ രൂപത്തിൽ ക്ളീനായി ഷേവ് ചെയ്തു. ഹോസ്പിറ്റലിലേക്കുപോയി. ഓപ്പറേഷൻ തീയറ്ററിൽ ചെന്നു. ഡോക്ടർ വിളിച്ചു. രവി ഉള്ളിലേക്ക് പോയി. അൽപസമയത്തിനു ശേഷം ഡോക്ടർ മാത്രം വെളിയിൽ വന്നു. രവിയുടെകൂടെയുള്ളവർ ആരാണ്? ഞങ്ങൾ രണ്ടുപേരും ഓടിയെത്തി. 'ആരാ ഷേവ് ചെയ്തത്?' അടക്കിയസ്വരത്തിൽ ഡോക്ടർ ചോദിച്ചു. ഉത്തരം കാത്തുനിൽക്കാതെ അടക്കിപ്പിടിച്ച ചിരിയുമായി ഡോക്ടർ ഉള്ളിലേക്കുപോയി.

## സമാജത്തിന്റെ ഓണച്ചന്ത പ്രസിദ്ധമാവുന്നു



ഓണമടുത്തു. 1987– ൽ ഞാൻ ജനറൽ സെക്രട്ടറിയായിരുന്ന പുതിയ കമ്മിറ്റിക്കു ചന്ത നടത്തുന്നതിനെപ്പറ്റി ഒരു വിവരവുമില്ല. മുൻ പരിചയമുള്ളവർ പലരും യാതൊരു കൂസലുമില്ലാതെ മുഖം തിരിഞ്ഞുനിൽക്കുന്നു. എല്ലാവരും അവരവരുടെ കഴിവനുസരിച്ചു

അന്വേഷണങ്ങൾ തുടങ്ങി. ചിപ്സിന്റെ എല്ലാ ഇനങ്ങളും പാലക്കാടുള്ള മൊത്ത വ്യാപാരിയായ സ്വാമിനാഥനാണ് തന്നിരുന്നത്. അദ്ദേഹത്തെ ഫോണിൽ ബന്ധപ്പെട്ടു. എന്ത് വേണമെങ്കിലും തരാമെന്നും, പണം മുൻകൂറായി കൊടുക്കണമെന്നും, തന്നതൊന്നും തിരിച്ചെടുക്കില്ലന്നും അന്നത്തെ വിലയായിരിക്കും തരേണ്ടതെന്നും മറ്റും കുറെ കണ്ടിഷനുകൾ പറഞ്ഞു.

നേന്ത്രക്കുല പല സ്ഥലങ്ങളിലും ലഭിക്കും. അതും പണം മുൻ കൂർ കൊടുക്കണം. സമാജത്തിൽ പണമില്ല. എന്താണൊരു മാർഗം. എന്തായാലും കമ്മിറ്റി മീറ്റിംഗ് വിളിച്ചു. അതിനുള്ളിൽ ശിവാജിനഗറിലുള്ള ഹംസക്കയെപ്പോയി കണ്ടു സംസാരിക്കാൻ പ്രസിഡണ്ട് വേണുവേട്ടൻ ഞങ്ങളെ ഏൽപിച്ചു. ഞാനും, രവി, ചന്ദ്രമോഹൻ, ദിവാകരൻ എന്നിവർ പോയി ഹംസക്കയെ കണ്ടു. ഓണച്ചന്തയെപ്പറ്റി പറഞ്ഞു. നമ്മുടെ ആവശ്യങ്ങളും വിവരിച്ചു

അദ്ദേഹത്തിന്റെ റൂമിൽ നിലത്തിരുന്നാണ് സംഭാഷണങ്ങളെല്ലാം. ഞങ്ങൾക്കെല്ലാം ഓരോ ചായയും, ചൂടുള്ള പരിപ്പുവടയും വരുത്തി തന്നു. ഹംസക്ക കാലൊക്കെ ഒന്ന് കൂടി മടക്കി കുറച്ചുകൂടി സൗകര്യമായിരുന്നു. ചർച്ച തുടങ്ങി. 'വേണുവേട്ടൻ അനക്കൊത്തിരി സഹായിച്ചിട്ടുണ്ട്. അതുകൊണ്ടു ഇത് ഞാനൊരു ബിസിനസ് ആയിട്ടു കാണുന്നില്ല. നിങ്ങളെ ഒന്ന് സഹായിക്കണം. എന്നാലെനിക്കു നഷ്ടം വരാനും പാടില്ല. നിങ്ങളൊരു ലീസ്റ്റിങ്ങു താ. കഴിഞ്ഞവർഷത്തെ കണക്കെടുത്തോളി. നമുക്കതിലൊരു ലേശം കൂട്ടാം. എന്തോപറയുന്നു?'

ഒന്നും പിടികിട്ടിയില്ല. പണത്തിന്റെ കാര്യം ഒന്നും പറഞ്ഞില്ല. ചിപ്സും നേന്ത്രപ്പഴവുമെല്ലാം ശരി. പണമെങ്ങിനെ? രവി മെല്ലെ ചെവിയിൽ പറഞ്ഞു. 'നിൽക്കു' ഞാനാഗ്യം കാണിച്ചു. 'എസ്കെ, മനസിലായി. പണത്തിന്റെ കാര്യത്തിൽ നിങ്ങളുബുദ്ധിമുട്ടേണ്ട. അത് ഞാൻ നോക്കിക്കൊള്ളാം'.

സമാധാനമായി. എല്ലാർക്കും ചർച്ചക്ക് ഉഷാറു കൂടി! 'ലിസ്റ്റ് നാളെത്തന്നെ ഞാൻ തരാം.

അക്കൗണ്ട്സിന്റെ ഫയലിൽ എല്ലാമുണ്ട് 'രവി സമ്മതിച്ചു.' അപ്പൊ

ബാക്കി കാര്യമൊക്കെ എങ്ങിനെയാ? ചന്ദ്രമോഹൻ ചോദിച്ചു.. 'നിങ്ങള് പ്ലാൻ ചെയ്തോളി' ചിപ്സ് എല്ലാമെത്തിച്ചാൽ ഞങ്ങൾ പാക്ക് ചെയ്യാം നിങ്ങടെ മുന്നിൽ തന്നെ മൊത്തം കണക്കു തരാം. വിൽക്കുന്നതിന്റെ കണക്കും തരാം. വിൽക്കുന്നത് ഞങ്ങളുടെ വോളണ്ടിയാർമാരായിരിക്കും. വിറ്റ കണക്കനുസരിച്ചു നിങ്ങളുടെ പണം തരും. ബാക്കി ഞങ്ങൾ സമാജത്തിലേക്കെടുക്കും. മുൻ വർഷത്തെ വിറ്റുവരവിൻറെ കണക്കെടുത്തു അതിൽ ലാഭവിഹിതം അൽപം കൂട്ടി കരാറുറപ്പിച്ചു. നേന്ത്രക്കുലയും അതുപോലെതന്നെ.

1984–ൽ ആരംഭിച്ച ഓണച്ചന്ത ആദ്യമായി ക്ലാസുമുറികൾക്കുള്ളിൽ നിന്നും പുറത്തേക്കിറങ്ങി! ഒരു ഓണച്ചന്ത കാർണിവൽ ആയി മാറിയതു ആ വർഷമായിരുന്നു. GRR-ന്റെ വർണ്ണ ശബളമായ പന്തലും, ചന്ദ്രമോഹൻ പ്രത്യേകമായി ഓർഡർ ചെയ്ത സീരിയൽലൈറ്റുകളും, പലതരം പ്രൈവറ്റ് സ്റ്റാളുകളുമൊക്കെയായി ഓണച്ചന്ത ഉത്ഘാടനം സമാജാദ്ധ്യക്ഷൻ ശ്രീ വേണു ഗോപാലക്കുറുപ്പുതന്നെ നിർവഹിച്ചു. ഡെക്കാൻ ഹെറാൾഡിൽ മലയാളത്തിൽ കൊടുത്ത പരസ്യം ബാംഗ്ലൂർ മുഴുവനുമുള്ള മലയാളികളെ ദൂരവാണിനഗർ കേരളസമാജത്തിന്റെ ഓണച്ചന്തിയിലേക്കാകർഷിച്ചു. ഓണച്ചന്ത പൊടിപൊടിച്ചു.

## ഒരു കർമ്മയോഗിയുമായുള്ള സുഹൃദ്ബന്ധം.

ബാംഗ്ലൂർ കേരള സമാജത്തിനെപ്പറ്റി പറയുമ്പോളെല്ലാം പി.ഗോപാലൻ നായരുടെ പേര് കേൾക്കാം. ഇദ്ദേഹത്തിനെ ഒന്ന് കാണണമെന്നുള്ള ആഗ്രഹം മനസിലുണ്ടായിരുന്ന അവസരത്തിലാണ് ഒരിക്കൽ ദൂരവാണിനഗർ കേരള സമാജത്തിന്റെ അധ്യക്ഷൻ ടി.എസ.കൃഷ്ണനോടൊപ്പം അദ്ദേഹത്തിന്റെ വസതിയിൽ പോകാനിടവന്നത്. സൗമ്യ ശീലനായ ആ റിട്ടയേർഡ് ഇൻകംടാക്സ് ഓഫീസർ ഞങ്ങളെ സ്വീകരിച്ചിരുത്തി.ആ പരിചയപ്പെടലിലൂടെ ഒരു നീണ്ട കാലത്തേ സൗഹൃദത്തിന് ആരംഭമിടുകയായിരുന്നു.

കറപുരളാത്തകൈകളുമായി ദശാബ്ദങ്ങൾ സേവനമനുഷ്ഠിച്ചു. നിർമാണപരമായ അഭിപ്രായങ്ങളും അത് നടപ്പിലാക്കാനുള്ള പിടിവാശിയും അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്ഥ

നാക്കിയിരുന്നു. ബാംഗ്ലൂർ കേരളസമാജത്തിന്റെ കീഴിലാരംഭിച്ച കെ.എൻ.ഇ.ട്രസ്റ്റും അതിന്റെ സ്ഥാപനങ്ങളുടെയും വളർച്ചയിൽ പ്രധാനപങ്കുവഹിച്ച ഒരു കർമ്മയോഗിയായിരുന്നു ഗോപാലൻ നായർ. എനിക്ക് അദ്ദേഹത്തോടൊപ്പം വർഷങ്ങളോളം പ്രവർത്തിക്കാനാവസരം കിട്ടിയത് ഭാഗ്യമായിത്തന്നെ കരുതുന്നു.

കേരളത്തിന്റെ സസ്യ ശ്യാമളമായ കുട്ടനാടൻ വയലേലകൾക്കു നടുവിൽ പാണ്ടങ്കരയിൽ വെട്ടത്തു നാരായണപിള്ളയുടെ ആദ്യ പുത്രനായി 1908-ൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം എറണാകുളം മഹാരാജാസ് കോളേജിൽ നിന്ന് ബി.എ. ബിരുദമെടുത്തു. കരുവാറ്റ എൻ.എസ്.എസ് കോളേജിൽ ലക്ചററായും, തിരുവനന്തപുരം സബ് ട്രഷറിയിൽ ക്ലർക്കായും, ജോലിചെയ്തു. പിന്നീട് ഇൻകം ടാക്സ് ഡിപ്പാർട്മെന്റിൽ ജോലികിട്ടി. കാലക്രമേണ ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലേക്ക് മാറ്റിയതോടെ കേരളത്തിന് പുറത്തേക്കു മാറി. അങ്ങിനെ വർഷങ്ങൾക്കു ശേഷം ബാംഗ്ലൂരിലേക്ക് വന്നു.

റോട്ടറി ക്ലബ്, സെൻചുറി ക്ലബ്, കർണാടക ഷട്ടിൽ അസോസിയേഷൻ, ഇന്ത്യൻ എപിലെപ്സി അസോസിയേഷൻ, തുടങ്ങി പല സംഘടനകളുടെയും സാരഥ്യം വഹിച്ചിരുന്ന ഗോപാലൻ നായർ പലതവണ ബാംഗ്ലൂർ കേരള സമാജത്തിന്റെയും കെ.എൻ.ഇ.ട്രസ്ടിന്റെയും അധ്യക്ഷനായും പ്രവർത്തിച്ചിരുന്നു.

## പി. ഗോപാലൻ നായരുടെ ശതാബ്ദിയാഘോഷം

പി. ഗോപാലൻ നായരുടെ എൺപതാമത് ജന്മദിനം ആർഭാടമായി ആഘോഷിച്ചു. ബാംഗ്ലൂരിലെ ഒട്ടനവധി സാംസ്കാരിക സംഘടകളും, പ്രവർത്തകരും ചേർന്ന് അതിവിപുലമായ ഒരു ആഘോഷമാണ് ഇന്ദിരാനഗറിലുള്ള എൻ ഡി കെ കല്യാണ മണ്ഡപത്തിൽ നടത്തിയത്. അദ്ദേഹത്തിനു ആശംസകൾ അനുമോദനങ്ങളുമടങ്ങുന്ന ഒരു സ്മരണിക അച്ചടിച്ച് പ്രസിദ്ധീകരിക്കുവാനും ആയിരത്തിൽ പരമുണ്ടായിരുന്ന അതിഥികൾക്ക് സദ്യയൊരുക്കുവാനും

പ്രവർത്തിച്ച സംഘാടക സമിതിയുടെ കൺവീനറായി പ്രവർത്തിക്കുവാൻ എനിക്കാണവസരം കിട്ടിയത്..

'മരണം വരിക്കുവാൻ ഞാൻ മാനസികമായി തയ്യാറെടുത്തുകഴിഞ്ഞു. എനിക്ക് ചെയ്യാനുള്ളതെല്ലാം ഞാൻ ചെയ്തു കഴിഞ്ഞു. എനിക്കതിൽ സംതൃപ്തിയുണ്ട്. അടുത്ത പിറന്നാളിനുള്ളിൽ സന്തോഷപൂർവം ഞാൻ എന്റെ മരണം പ്രതീക്ഷിക്കുന്നു' അവസാനകാലത്തു ആറുമാസത്തോളം വാർധക്യ സഹജമായ അസ്വസ്ഥതകൾ കാരണം കണ്ണിങ്ങാം റോഡിലുള്ള വസതിയായ ശബരീനിലയത്തിൽ ഒതുങ്ങിക്കൂടി കഴിയുന്ന അവസരത്തിൽ അദ്ദേഹത്തിനെ കാണാൻ ചെന്ന എന്നോടും സുഹൃത്തുക്കളോടുമായി പറഞ്ഞതിങ്ങനെ യാണ്. ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ്റിയാറ് ആഗസ്റ്റ് ഇരുപത്തിയേഴിനു അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു.

## ജോസഫ് വന്നേരിയുടെ ഷഷ്ടിപൂർത്തിയാഘോഷം.

ബാംഗ്ലൂർ മലയാളികൾക്കെല്ലാം സുപരിചിതനായിരുന്ന ജോസഫ് വന്നേരിയുടെ അറുപതാം പിറന്നാൾ ആഘോഷിക്കണമെന്നൊരു അഭിപ്രായമുണ്ടായി. മലയാളികളുടെ സാംസ്കാരിക പ്രവർത്തനങ്ങളിൽ പ്രശോഭിച്ചിരുന്ന ജോസഫ് വന്നേരി മംഗളം പ്രസിദ്ധീകരണങ്ങളുടെ ബാംഗ്ലൂർ പ്രതിനിധിയായും സേവന മനുഷ്ഠിച്ചിരുന്നു.

വളരെ വിപുലമായ ഒരു ആഘോഷക്കമ്മിറ്റിയുണ്ടാക്കി. വുഡ് വെയ്സ് ഇന്ത്യയുടെ ഉടമ ഇ.പി.ജേക്കബ്, കൈരളി കലാ സമിതിയുടെ സെക്രട്ടറി ആയിരുന്ന സുരേന്ദ്രൻ, വി.കെ.ജോണി, ആർടിസ്റ്റ് വി കെ വിജയൻ, എന്നിവരെല്ലാം ഈ ആഘോഷ പരിപാടികളുടെ നേതൃത്വ നിരയിലുണ്ടായിരുന്നു. .പരിപാടിയുടെ ജനറൽ കൺവീനർ എന്ന ചുമതല എനിക്കായിരുന്നു. അൽസൂർ സെന്റ് ആന്റണീസ് ഗേൾ സ്കൂളിൽ ആഡിറ്റോറിയത്തിൽ വച്ച് നടത്തിയ പ്രൗഢ ഗംഭീരമായ സദസ്സിൽ വച്ച് അദ്ദേഹത്തെ ബാംഗ്ലൂർ മലയാളികൾ ആദരിച്ചു.

## സഹായാഭ്യർഥനയുമായി ഒരു മലയാളി.

ആയിടക്കൊക്കെ ഞാൻ സ്ഥിരമായി എല്ലാ ദിവസവും സിറ്റിയിൽ പോകുമായിരുന്നു. ശിവാജിനഗറിൽ. അഞ്ചര മണിയോടെ എന്റെ ആത്മസുഹൃത്ത് പി.കെ സുന്ദർ രാജ് കമ്പനി ബസ്സിൽ ശിവാജി നഗറിൽ വന്നിറങ്ങുമായിരുന്നു. സുന്ദർ ജോലിചെയ്തിരുന്നതു ആവലഹള്ളിയിൽ, ബി.പി.എൽ എന്ന കമ്പനിയുടെ കീഴിലുള്ള ഇലക്ട്രോണിക് റിസേർച് എന്ന സ്ഥാപനത്തിലാണ്.

ഞാൻ സാധാരണയായി ഫസ്റ്റ് ഷിഫ്റ്റിലുള്ള ജോലി കഴിഞ്ഞു കുളിച്ചൊരുങ്ങി ശിവാജിനഗറിൽ എത്തുമ്പോഴേക്കും അഞ്ചരയാകും. ബോറിങ് ഹോസ്പിറ്റലിന്റെ മുന്നിലാണ് ബസ് നിർത്തുന്നത്. ഞങ്ങൾ അവിടെനിന്നു എം.ജി റോഡുവഴി ബ്രിഗേഡ് റോഡിലേക്ക് നടക്കും. സാമാന്യം നല്ല തിരക്കുള്ള ഒരു റോഡാണ് ബ്രിഗേഡ് റോഡ്. ചെറുപ്പക്കാരുടെ തിരക്കാണ്. അതിനിടയിലൂടെ മുട്ടിയുരുമ്മി നടക്കുന്നതുതന്നെ ഒരു രസം.. രണ്ടോ മൂന്നോ തവണ എം ജി റോഡുമുതൽ ഓപ്ര തീയേറ്റർ വരെ നടക്കും. പിന്നെ അവിടെനിന്നും ശിവാജിനഗർ ബസ് സ്റ്റാണ്ടിലേക്കുള്ള നടപ്പാണ്. ഞാൻ മിക്ക ദിവസങ്ങളിലും സെലക്ട് ഹോട്ടലിൽ കയറി രണ്ടു പൊറോട്ട കഴിക്കും. സുന്ദരൻ വീട്ടിൽ പോയാണ് അത്താഴഭക്ഷണം കഴിക്കുക. ശനിയാഴ്ചമാത്രം ഞാനും സുന്ദരന്റെ കൂടെ അവന്റെ വീട്ടിലേക്കു പോകും. ഞായറാഴ്ച അവിടെ തങ്ങും. തിങ്കളാഴ്ച വെളുപ്പിനേയുള്ള ഐ.ടി.ഐ ബസിൽ സുന്ദരന്റെ ഇളയച്ഛന്മാരുടെ കൂടെ ഫാക്ടറിയിലേക്കു നേരെ വിടും. ഇതൊരു സ്ഥിരം പരിപാടിയാണ്. അങ്ങിനെ എത്രയോ  ദിവസങ്ങളിൽ വളരെ വൈകിയെത്തുന്ന എനിക്കുവേണ്ടി ഭക്ഷണവുമായി കാത്തിരിക്കുന്ന സുന്ദരന്റെ 'അമ്മയെ നന്ദിപൂർവം സ്മരിക്കുന്നു

എന്നും ശിവാജി നഗറിൽ എന്നെ കൃഷ്ണരാജപുരത്തേക്കുള്ള ബസുകയറ്റി വിട്ടിട്ടു സുന്ദരൻ മോട്ടോർ ബൈക്കിലാണ് ശ്രീരാമപുരത്തേക്കു പോകുന്നത്. അന്നൊരു ദിവസം രാത്രി ഒൻപതു മണിയായിക്കാണും. ബസ്റ്റാന്റിൽ ബസു കാത്തു നിൽക്കുകയായിരുന്നു. കൂടെ സുന്ദരനുമുണ്ട്. ഞങ്ങളുടെ

സംസാരം മലയാളത്തിലാണെന്നു മനസിലാക്കിയ ഒരു മലയാളി ചെറുപ്പക്കാരൻ ഞങ്ങളോടൊരു യാചനയുമായി വന്നു. 'ഇന്നലെയാണ് നാട്ടിൽ നിന്നുവന്നത്. ജോലിതേടി പലയിടത്തും നടന്നു .പലരും ജോലിതരാമെന്നു പറഞ്ഞു. പക്ഷെ പാന്റിട്ടുവേണം ചെല്ലാൻ. എനിക്കൊരു മുണ്ടുമാത്രമേയുള്ളു. ഒരു പാന്റ് വാങ്ങി തരുമോ?'. വളരെ മനസ്സിൽ തട്ടിയ യാചന. മന സ്സലിഞ്ഞുപോയി!.

നോക്കട്ടെ. എന്താ പേര്?. എവിടെയാണ് നാട്? എന്ത് കഴിച്ചു? എന്നിങ്ങനെയുള്ള ഞങ്ങളുടെ കുശല പ്രശ്നത്തിനൊക്കെ കൃത്യമായ മറുപടി. സഹതാപം വർധിച്ചു. 'പണം തന്നാൽ മതി അവിടെ ഒരു കടയിൽ പഴയ പാന്റ് കിട്ടും. അത് മതി. ഞാൻ വാങ്ങിക്കോളാം'.

'അത് വേണ്ട. നീ നാളെ രവിലെ ഒൻപതു മണിക്ക് ഇവിടെത്തന്നെ നിൽക്കു. നിനക്ക് പാന്റ് ഞാൻ കൊണ്ടുവരാം. ഇപ്പൊ നീ പോയി എന്തെങ്കിലും ഭക്ഷണം കഴിക്കു'. അത്യാവശ്യം ഭക്ഷണത്തിനുള്ള പണം സുന്ദരൻ കൊടുത്തു. നാളെക്കാണമെന്നുള്ള ഉറപ്പിന്മേൽ ഞങ്ങൾ സ്ഥലം വിട്ടു.

പിറ്റേന്നു രാവിലെ നാലു പാന്റും പഴയ രണ്ടു മൂന്നു ഷർട്ടും മറ്റും ഒരു പൊതികെട്ടി സുന്ദരൻ അവിടെയെത്തി. മോട്ടോർ ബൈക്ക് പാർക്കുചെയ്തു. പറഞ്ഞ സ്ഥലത്തെത്തി. ഒൻപതു കഴിഞ്ഞു. ഒൻപതര മണിയായി. സുന്ദരന്റെ ഫാക്ടറിബസ് വരണ്ട സമയമായി. കക്ഷിയെ കാണാനില്ല. അവസാനം അവിടെ ഒരു കടയിൽ പൊതിയേൽപ്പിച്ച ശേഷം സുന്ദരൻ ഫാക്ടറിയിലേക്കു പോയി.

അന്ന് വൈകിട്ട് ഞങ്ങൾ അവനെ അവിടെയെല്ലാം തിരഞ്ഞു. കണ്ടില്ല. പിന്നെ കണ്ടിട്ടേയില്ല!

ഏകദേശം ഒരു വർഷത്തോളമായിക്കാണും. അതെ സ്ഥലത്തു തന്നെ അതെ ചെറുപ്പക്കാരൻ അതെ വാക്കുകളുമായി ഞങ്ങളെ സമീപിക്കുന്നു. ഒരു മാറ്റവുമില്ല. 'ഇന്നലെ വന്നതാണ്. ജോലിതേടിനടന്നു ...പാന്റുവേണം ...' ഒരു മാറ്റവുമില്ല.

മനഃസാക്ഷിയുള്ളവരെ ഈ വിധത്തിൽ ചതിക്കുന്ന ഈ മനുഷ്യ നോട് എങ്ങിനെ പ്രതികരിക്കണമെന്ന് ഒരു നിമിഷം ആലോചിച്ചു

നിന്ന് പോയി. 'നീ വാ..' അവനെ ഒരു സൈഡിലേക്ക് വിളിച്ചു. അവന്റെ ഷർട്ടിന്റെ കോളറിൽ പിടിച്ചു. '

നിനക്കിതാണോ പണി? 'നിനക്കെന്തെങ്കിലും ജോലിചെയ്തു ജീവിച്ചു കൂടെ? മലയാളികളെ പറയിപ്പിക്കാനായി' എന്ന് തുടങ്ങി അൽപം ദേഷ്യത്തോടുതന്നെ ചോദിച്ചു.

അവനാകെ മാറി. 'നീയാരാ ചോദിയ്ക്കാൻ?' ഞങ്ങളുടെ നേരെ അവൻ കയർത്തു. 'കട്ടും മോട്ടിച്ചുമൊന്നുമില്ലല്ലോ? ഇഷ്ടമില്ലകിൽ തരേണ്ട' ഇത് പറയുന്നതോടെ ഞങ്ങളെ ചുറ്റി മറ്റു മൂന്നുപേർ വന്നു നിന്നു. പിന്നെയൊന്നും പറഞ്ഞില്ല മെല്ലെ അവിടെനിന്നും രക്ഷപെട്ടു.

## കേരള സമാജം പ്രവർത്തനങ്ങൾ വിപുലീകരിക്കപ്പെടുന്നു.

ഓണാഘോഷത്തോടനുബന്ധിച്ചു നടത്തുന്ന വിപുലീകരിച്ച കലാ സാംസ്കാരിക കായിക മത്സരങ്ങൾകൊണ്ട് അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സമാജത്തോടുള്ള സമീപനത്തിൽ മാറ്റമുണ്ടായി. അവരുടെ സഹകരണങ്ങൾ വർധിച്ചുവന്നു. ഏകദേശം ഒന്നര മാസക്കാലത്തോളമായി നടക്കുന്ന മത്സരങ്ങളിൽ ഒട്ടനവധി കുട്ടികൾ പങ്കെടുത്തു. ചെറുകഥ, കവിത രചന മത്സരങ്ങളും പൂർവാധികം പ്രചാരത്തോടെയും, കൂടുതലാ യുള്ള പങ്കാളിത്തത്തോടെയും നടന്നു. വീടുകളിൽ തന്നെയുള്ള പൂക്കളമത്സരം, ന്യൂസ് റീഡിങ്, ക്വിസ്, ക്രിക്കറ്റ്മാച്ച് തുടങ്ങിയവ ആ വർഷങ്ങളിൽ ആദ്യമായി തുടങ്ങിയവയായിരുന്നു.

അന്നത്തെ ഉർജ്ജസ്വലരായ യുവാക്കളായിരുന്ന ജയൻ, മുരളി, ഡോ സന്തോഷ്, അനിൽ, സുധീർ, ടെന്നി തുടങ്ങിയവർ തയ്യാറാക്കിയ ക്വിസ് മത്സരം അന്നുള്ള വിദ്യാർത്ഥികളെ മാത്രമല്ല എല്ലാ യുവാക്കളെയും സമാജത്തോടടുപ്പിക്കുന്ന ഒരു വിശേഷ കാര്യ പരിപാടിയായിരുന്നു. രണ്ടുമൂന്നാഴ്ചകളോളം ഈ യുവാക്കൾ നടത്തിയ നിരന്തമായ പ്രവർത്തനങ്ങളാണ് ഈ ക്വിസ് പരിപാടി ഇത്രയധികം വിജയപ്രദമാക്കിയത്.. കലാമത്സരങ്ങളുടെയും, കായിക മത്സരങ്ങളുടെയും ആസൂത്രണം മനോഹരൻ അയ്യോട്,

ടി എൻ രവീന്ദ്രൻ, ജോസഫ് വർഗീസ്, ചന്ദ്രമോഹൻ. ഹർഷൻ, ശ്രീധരൻ അയ്യോട്, മനോഹരൻ  നമ്പ്യാർ, സുകുമാരൻ, കെ സി ആർ നമ്പ്യാർ എന്നിവർ ഏറ്റെടുത്തു വിജയകരമാക്കി. അങ്ങിനെ ഓണാഘോഷം ഒരു കലാസാംസ്കാരിക മേളതന്നെയായി മാറി..

## സമാജത്തിന്റെ പടക്ക വിതരണം.

പടക്ക വിതരണം ആദായകരമാണെന്നതിനാൽ ആ വർഷം ദീപാവലിക്ക് അൾസൂർ ഗ്രൗണ്ടിൽ വച്ച് പടക്കവിതരണം ആസൂത്രണം ചെയ്തു. പണം ആദ്യം തന്നെ ഇറക്കേണ്ടുന്ന ഒരു ബിസിനസ് ആയതിനാൽ ഞാനടക്കമുള്ള സംഘാടകരിൽ പലരും സ്വന്തം സ്വർണാഭരങ്ങൾ പണയം വെച്ച് പണമിറക്കി. പോലീസിന്റെ ലൈസൻസും, ഗ്രൗണ്ടിലെ സ്റ്റാളിൽ അലോട്ടുമെന്റും മറ്റും എൻ.രാജപ്പൻ തന്നെ നോക്കി നടത്തി. ഹൊസൂരിൽ നിന്നുവേണം പടക്കം എത്തിക്കാൻ. ഒരു ലോറി നിറയെയുള്ള ലോഡുമായി വരുമ്പോൾ ഇന്ദിരാനഗറിൽ വച്ച് കൊമേർഷ്യൽ ടാക്സ് ഉദ്യോഗസ്ഥർ പിടികൂടി. കൂടെയുണ്ടായിരുന്ന പ്രവർത്തകർ പലതവണ അപേക്ഷിച്ചിട്ടും അവർ വിട്ടില്ല.എന്നെ ഫോൺ ചെയ്തു വിവരമറിയിച്ചു.  ലോറി ഇന്ദിരാനഗർ ചെക്ക് പോസ്റ്റിലേക്കെടുത്തു. പെട്ടെന്നുതന്നെ ഞാനവിടെയെത്തി.

എല്ലാ ബില്ലുകളുമുണ്ടെങ്കിലും ഡ്രൈവർ ചെയ്ത ഒരു തെറ്റാണു പിടിക്കപ്പെട്ടതിനു കാരണം. മടിവാളയിലുള്ള ചെക്പോസ്റ്റിൽ കുറെ കാത്തുനിൽകണമെന്നതു ഒഴിവാക്കാൻവേണ്ടി ചെക്ക് പോസ്റ്റിൽ ബില്ലുകൾ കൊടുക്കാതെ  വഴി മാറി  വന്നതാണ് കാരണം. അതുകൊണ്ടു ബില്ലും സാധനങ്ങളുമായി ഒത്തു നോക്കണം പോലും! ഞാൻ ഓഫീസറുമായി സംസാരിച്ചു. ധനശേഖരണത്തിന്റെ ഉദ്ദേശ്യവുമെല്ലാം പറഞ്ഞു. ആ നല്ല മനുഷ്യൻ ഞങ്ങളെ വെറുതെ വിട്ടു.

ലോറി അൾസൂരിലേക്കു വിട്ടു. അവിടെ മറ്റുള്ള വോളണ്ടിയേഴ്സ് കാത്തുനിൽക്കുന്നുണ്ടായിരുന്നു. വാങ്ങുന്നവരുടെ ലിസ്റ്റ് അനുസരിച്ചു പാക്ക് ചെയ്യുവാൻ. ആദ്യം തന്നെ മൂന്ന് പാക്കറ്റു തയാറാക്കി. കൊമേർഷ്യൽ ടാക്സ് ഓഫീർമാർക്കുള്ള സംഭാവന.

അതവരുടെ ഓഫീസിൽ എത്തിച്ചു. ഉടനെ കാണാം രണ്ടു പേർ ബുള്ളറ്റ് മോട്ടോർ ബൈക്കിൽ! എന്റെ പേര് അന്വേഷിച്ചു വന്നു. 'സാർ ഞങ്ങളാണ് സാർ ലോറി പിടിച്ചതും, പിന്നാലെ വിസിലടിച്ചു വന്നതും' 'ശരി നിങ്ങടെ ഓഫീസർ എല്ലാം പറഞ്ഞിരുന്നു. എല്ലാം സെറ്റിൽ ആയി. നിങ്ങളവിടെപോയി സംസാരിക്കിൻ' എന്ന് പറഞ്ഞു അവരെ ഒഴിവാക്കാൻ നോക്കി. പക്ഷെ അവർ പോയില്ല! തലയും ചൊറിഞ്ഞു നിന്നു. അവർക്കും വേണം! 'ഗിഫ്റ്റ് ബാഗ്'. കൊടുത്തു വിട്ടു! അല്ലാതെന്തു ചെയ്യാൻ!.

## ധനശേഖരണാർത്ഥം രണ്ടു നാടകങ്ങൾ

1988 ലാണ് സമാജത്തിന്റെ ധനശേഖരണാർത്ഥം ആലപ്പി തീയേറ്റേഴ്സിന്റെ 'അഞ്ചാം തിരുമുറിവു, സഞ്ചാരി എന്നീ രണ്ടു നാടകങ്ങൾ ബാംഗ്ലൂർ ശിവാജിനഗർ സ്റ്റേഡിയത്തിൽ വച്ചവതരിപ്പിച്ചത്. സമാജത്തിന്റെ പുതുമയേറിയ പ്രവർത്തനങ്ങളിൽ മുൻ പ്രവർത്തകർക്കുണ്ടായിരുന്ന പ്രതിഷേധം ഈ പരിപാടിയിൽ സഹകരിക്കാതെ പ്രതികരിച്ചു. പലകാരണങ്ങൾ ചൂണ്ടിക്കാട്ടി മറ്റുള്ള സമാജാംഗങ്ങളെയും അഭ്യുദയ കാംക്ഷികളേയും നാടകത്തിന്റെ ടിക്കെറ്റെടുക്കുന്നതിൽ നിന്ന് വിലക്കി. ഒത്തൊരുമയുള്ള കമ്മിറ്റി അംഗങ്ങളുടെയും അഭ്യുദയകാംക്ഷികളുടെയും പരിശ്രമം കൊണ്ട് നഷ്ടമുണ്ടാകാതെ തടിയൂരി.

## സമാജത്തിന്റെ മുഖപത്രം - ഡി.കെ.എസ്സ്. ന്യൂസ്.

1990 മെയ് 2-നാണ് സമാജത്തിന്റെ മുഖപത്രമായാരംഭിച്ച ഡി.കെ. എസ്.ന്യൂസ് ലെറ്റർ ആദ്യമായി പ്രകാശനം ചെയ്യുന്നത്. ഈ പ്രസിദ്ധീകരണം എന്റെ ഒരു സ്വപ്നം യാഥാർഥ്യമാവുകയായിരുന്നു. അന്ന് ശ്രീ പി.ദിവാകാരനായിരുന്നു അധ്യക്ഷൻ. വേണു ഗോപാലക്കുറുപ്പ് ചീഫ് എഡിറ്റർ. ഞാൻ പൊതുകാര്യദർശിയും. വൈകിട്ട് 6 മണിക്ക് സമാജം ഹാളിൽ നടന്ന ചടങ്ങിൽ ശ്രീ.എ കെ നായർ ആദ്യപ്രതി ശ്രീ ഐവൻ നിഗ്ളിയ്ക്ക് നൽകിയാണ് പ്രകാശന കർമം നിർവഹിച്ചത്. സർവ്വശ്രീ എ. എസ് വെങ്കിട്ടരാമൻ,

കെ എം രാമചന്ദ്രൻ, സി.കെ.നായർ, സുശീല ശേഷാദ്രി, ടി. ആർ. ഗോപി, എന്നിവരും മറ്റു ചില മുൻഭാരവാഹികളും സമാജാംഗങ്ങളും പങ്കെടുത്തു. ഡി കെ എസ് ന്യൂസിന്റെ പ്രസിദ്ധീകരണത്തിനായി അത്യധികം ആത്മാർത്ഥമായി പ്രവർത്തിച്ച ആർട്ടിസ്റ്റ് വി ജി ദേവരാജനെ ഇത്തരുണത്തിൽ സ്നേഹാദരവുകളോടെ സ്മരിക്കുന്നു.

1994 മാർച്ച് മാസം പ്രസിദ്ധീകരിച്ച ഡി.കെ.എസ് ന്യൂസിൽ ദൂരവാണിനഗർ കേരളസമാജവും, പത്രപ്രവർത്തനവും എന്ന ലേഖനത്തിലൂടെ ജി.ശിവകുമാരൻ നായർ സമാജത്തിന്റെ പത്രപ്രവർത്തനത്തെ ശരിയായി വിലയിരുത്തി. ദൂരവാണിനഗർ കേരളസമാജത്തിനായിട്ടുള്ള എന്റെ എളിയ സംഭാവനകളിൽ ഒന്നായിരുന്ന ഡി.കെ.എസ്.ന്യൂസ് ലെറ്റർ അതിന്റെ പേരുമാറ്റി കെ.എസ്.ഡി. ന്യൂസ് എന്ന പേരിൽ ഇന്നും സമാജം പ്രസിദ്ധീകരിക്കുന്നു.

ഇതിനോടകം തന്നെ ഓണാഘോഷം രണ്ടുദിവസമെന്നുള്ളതും, ഒക്ടോബർ ഒന്നും രണ്ടുമെന്നുള്ളതും ഒരു കീഴ്‌വഴക്കമായി. ഓണാഘോഷത്തിനായി പിരിവിനു ചെല്ലുമ്പോൾത്തന്നെ നാടകമേതാണ് എന്ന ചോദ്യമായിരിക്കും. വൈക്കം മാളവിക,



കോഴിക്കോട് സംഗമം, കൊല്ലം സരിത, കോഴിക്കോട് ചിരന്തന, ആലപ്പി തീയേറ്റേഴ്സ്, എന്നിങ്ങനെയുള്ള പ്രമുഖ പ്രൊഫഷണൽ മലയാള നാടകഗ്രൂപ്പുകളെല്ലാം ഇതിനോടകം ദൂരവാണിനഗർ മലയാളികൾക്കു സുപരിചിതമായിക്കഴിഞ്ഞിരുന്നു.



അതുപോലെതന്നെ കാലങ്ങളായി നടന്നു വരുന്ന സാഹിത്യ സംഗമ പരിപാടികൾ മുൻപുള്ള കാലങ്ങളിൽ നടക്കുന്നതിനെ അപേക്ഷിച്ചു കൂടുതൽ ആസ്വാദ്യവും, കക്ഷി രാഷ്ട്രീയ നിറങ്ങളൊന്നുമില്ലാത്ത സാഹിത്യ ചർച്ചാവേദികൾ മാത്രവും ആയിത്തീർന്നിരുന്നു. ബഹുമാന്യരും ആദരണീയരുമായ തകഴി ശിവശങ്കരപ്പിള്ള, പി.ഗോവിന്ദപിള്ള, ജി.ശങ്കരപ്പിള്ള (സ്കൂൾ ഓഫ്

ഡ്രാമ), എം.സി.വർഗ്ഗീസ്, ജോർജ് ഓണക്കൂർ, സി.രാധാകൃഷ്ണൻ, പി.വത്സല, വൈശാഖൻ, പഴവിള രമേശൻ, കടമ്മനിട്ട രാമ കൃഷ്ണൻ, അടൂർ ഗോപാലകൃഷ്ണൻ, സിനിമാതാരങ്ങളായ മുരളി, മണിയൻ പിള്ള രാജു, മോനിഷ, അങ്ങിനെ ഒട്ടനവധി സാംസ്കാരിക നായകന്മാരുടെ സാന്നിധ്യവും, അനുമോദനങ്ങളും സമാജത്തിനു വേണ്ടി ഏറ്റുവാങ്ങുവാൻ എനിക്ക് അവസരം കിട്ടിയിട്ടുണ്ട്..

## വനിതാ - യുവജന വിഭാഗത്തിന്റെ ഉത്ഘാടനം.

1990–ലെ ഓണാഘോഷ പരിപാടിയിൽവെച്ചായിരുന്നു വനിതാ വിഭാഗത്തിന്റെ ഉത്ഘാടനം. വനിതാവിഭാഗത്തിന്റെ ഉത്ഘാടനം ലക്ഷ്മി നിസാമുദ്ദിൻ നിർവഹിച്ചു. അതുപോലെ തന്നെ 1992–ലെ ഓണാഘോഷ പരിപാടിയിൽ വെച്ചായിരുന്നു യൂത്ത് വിങ്ങിന്റെ ഉത്ഘാടനം. പ്രശസ്ത സിനിമാ നടൻ മുരളിയാണ് യൂത്ത് വിങ്ങിന്റെ ഉത്ഘാടന കർമ്മം നിർവഹിച്ചത്. ഇങ്ങനെ ഒട്ടനവധി കലാ സാംസ്കാരിക പരിപാടികളുടെ വിളനിലമായിരുന്നു ദൂരവാണിനഗർ കേരളസമാജത്തിന്റെ ഓണാഘോഷം. അതു കൊണ്ടുതന്നെ ഈ ഓണാഘോഷപരിപാടികളെല്ലാം ദൂര വാണിനഗർ മലയാളികളിൽ പൊതുവെ ഒരു തുടർച്ചയായുള്ള ഗൃഹാതുരത്വമുണ്ടാക്കിയിരുന്നു.

## സമാജം മൂന്നേകാൽ ഏക്കർ സ്ഥലം വാങ്ങുന്നു.

സമാജത്തിനുവേണ്ടി രാമമൂർത്തി നഗറിൽ എൻ.ആർ.ഐ ലേഔട്ടിൽ (ജിംതിങ്ങനഹള്ളിയിൽ) മൂന്നേകാൽ ഏക്കർ സ്ഥലം വാങ്ങുവാൻ സാധിച്ചതു എന്റെ കൂടി വ്യക്തിപരമായ ആസൂത്രണങ്ങൾ തന്നെയാണന്നത് അഭിമാനപൂർവ്വം സ്മരിക്കുന്നു. ദൂരവാണിനഗർ മലയാളികളുടെ മറ്റൊരു സ്വപ്നമായിരുന്നു ജൂബിലി കോളേജ്. സമാജത്തിന്റെ പൊതുയോഗത്തിൽ ജൂബിലി കോളേജിനുള്ള ഒരു ബജറ്റ് അവതരിപ്പിച്ചു. സ്ഥലംവാങ്ങി അത്യാവശ്യം ചില കെട്ടിടവും മറ്റു കെട്ടിയുണ്ടാക്കുവാനായി 65ലക്ഷം രൂപയുടെ ഒരു ബജറ്റ് ഞാൻ ജനറൽ സെക്രട്ടറിയായിരുന്ന





പൊതുയോഗത്തിലവതരിപ്പിച്ചു. വളരെ പുച്ഛത്തോടും, പരിഹാസത്തോടും ചിലർ അതിനോട് പ്രതികരിച്ചെങ്കിലും ആ നിർദ്ദേശം പൊതുയോഗം അഗീകരിച്ചു. ഫണ്ടിൽ 18 ലക്ഷംരൂപ മാത്രമേ ഉണ്ടായിരുന്നുള്ളു..

കുറെ അധികം സ്ഥലങ്ങൾ പോയി നോക്കി. സ്ഥലത്തിന്റെ കിടപ്പും, ദൂരവും, ഉടമയുടെ വിവരങ്ങളും മറ്റും ഒത്തുവന്നില്ല. അങ്ങനെയിരിക്കെയാണ് കൽക്കേരി പഞ്ചായത്തു ചെയർമാൻ രേവണ്ണയെ എം.ഡി.ട്രേഡേഴ്സ് ദിവാകരനിലൂടെ പരിചയപ്പെടുന്നത്. അദ്ദേഹം ഒന്നുരണ്ടു സ്ഥലങ്ങൾ കാണിച്ചുതന്നു. അതിൽ ഒന്ന് നല്ലതെന്നുതോന്നി. സമാജം കമ്മിറ്റിയുടെ തീരുമാനത്തിൽ പതിനെട്ടു ലക്ഷം രൂപ നൽകി എഗ്രിമെന്റ് ചെയ്തു. മൊത്തം 36 ലക്ഷം രൂപ കൊടുക്കണം. ഫണ്ടിലുള്ളത് അഡ്വാൻസ് കൊടുത്തപ്പോഴേക്കും തീർന്നു. ഒരു വർഷമാണ് സമയം വച്ചിരുന്നത്. ഒരു പക്ഷെ രെജിസ്ട്രേഷൻ നടന്നില്ലെങ്കിൽ പണം മൊത്തമായി തിരിച്ചു തരാമെന്നുള്ളതായിരുന്നു എഗ്രിമെന്റ്. 'ഇതെവിടെയും ഇതുവരെക്കേട്ടിട്ടില്ല' എന്ന് പറഞ്ഞു ചിരിച്ചുകൊണ്ടാണ് രേവണ്ണ ആ എഗ്രിമെന്റിൽ ഒപ്പുവച്ചത്.

ആ പ്രവർത്തന വർഷം അവസാനിച്ചിരുന്നു. അടുത്തവർഷത്തേക്കു ഉത്തരവാദിത്വമേറ്റെടുക്കാനില്ലെന്ന് പറഞ്ഞു കൂടെയുണ്ടാ യിരുന്ന പലരും ഒഴിഞ്ഞുമാറി. മൊത്തം ഉത്തരവാദിത്വം എന്റെയും ടി.രവീന്ദ്രന്റെയും തലയിലായി. പക്ഷെ അംഗങ്ങളുടെ പൂർണ പിന്തുണയോടെ അടുത്ത വർഷം റജിസ്ട്രേഷൻ നടന്നു. മൂന്നേകാൽ ഏക്കർ സ്ഥലം സമാജത്തിനുവേണ്ടി സ്വരൂപിക്കുവാൻ കഴിഞ്ഞതിൽ വ്യക്തിപരമായ സംതൃപ്തിയുമുണ്ട്.

## സമാജം മലയാളികളുടെ ആശാകേന്ദ്രമാകുന്നു!

അക്കാലത്തു ബാംഗ്ലൂരിൽ കഷ്ടപ്പെടുന്ന ഏതൊരു മലയാളിക്കും. ദൂരവാണിനഗർ കേരള സമാജത്തിന്റെ പേരാണ് പെട്ടെന്നോർമ്മ വരുന്നത്! നാട്ടിൽ നിന്ന് വന്നു വിവിധ കാരണങ്ങളാൽ തിരിച്ചു പോകാൻ പോലും പണമില്ലാത്തവർക്കല്ലാം ദൂരവാണി നഗർ കേരളസമാജം ഒരാശാകേന്ദ്രമായിരുന്നു. വന്നവരാരും വിഷമിച്ചു തിരിച്ചുപോയിട്ടുമില്ല. അങ്ങനെയുള്ളവരുടെ കഥകളും അവർ പിന്നീടയച്ച കത്തുകളും നിരവധിയാണ്.

## ഗ്രന്ഥശാലക്കായി ഒരു ധന ശേഖരണ പരിപാടി.

ദൂരവാണിനഗർ കേരളസമാജത്തിന്റെ ഗ്രന്ഥശാല കേരളത്തിനു പുറമെയുള്ള ഏതൊരു മലയാള ഗ്രന്ഥശാലയെയും പുസ്തക ശേഖരണങ്ങളാൽ കിടപിടിക്കുന്നതാണ്. എല്ലാ വർഷവും പുതിയ ബുക്കുകൾ വാങ്ങുവാനായി ഒരു ബജറ്റ് തുകയുണ്ട്. അങ്ങിനെ പ്രതിവർഷം വികസിച്ചുവരുന്ന ഗ്രന്ഥശാലയുടെ നവീകരണ ത്തിനും, പുതിയ കുറെ പുസ്തകങ്ങൾ വാങ്ങുന്നതിനുമായി ഞാൻ ഒരു ധനശേഖരണ പരിപാടി പ്രവർത്തകസമിതിയിൽ വച്ചു. അത് അംഗീകാരം നേടി. അങ്ങിനെ പ്രശസ്ത പ്രൊഫഷണൽ നാടക സമിതിയായ കൊല്ലം സരിതയുടെ രണ്ടു നാടകങ്ങൾ ബുക്ക് ചെയ്തു. കളക്ടർ കസ്തുരി, താമരപ്പൂവിന്റെ താരാട്ട്. ഐടിഐ വിദ്യാമന്ദിർ ഓപ്പൺ ആഡിറ്റോറിയത്തിൽ വച്ച്. അംഗങ്ങളുടെയും അഭ്യുദയ കാംക്ഷികളുടെയും സജീവ പങ്കാളിത്തത്തോടെ നാടകത്തിന്റെ ടിക്കറ്റുകൾ വിറ്റഴിച്ചു. നാടക സമിതിയുടെ ആവശ്യപ്രകാരം വേണ്ടതെല്ലാം സംഘടിപ്പിച്ചു. നാടകദിവസമെത്തി, ആഡിറ്റോറിയത്തിൽ കസേരകളെല്ലാം നിരത്തി സ്റ്റേജിന്റെ ബാക്ക്ഡ്രോപ്പുകളൊഴികെ എല്ലാം കൃത്യ സമയത്തുതന്നെ തയ്യാറായി.

സമയം നാലര മണി. ഇനിയും നാടകസംഘമെത്തിയില്ല! ചങ്കിടിപ്പു വർധിച്ചു വരുന്നു! ടിക്കറ്റു വിറ്റിട്ടുള്ള പരിപാടിയാണ്. നാടക സംഘത്തിന്റെ ഒരു വിവരവുമില്ല. തലേദിവസം ഫോൺ ചെയ്തതാണ്. സമയത്തിനുതന്നെ എത്തുമെന്നും പറഞ്ഞു. അഞ്ചര–ആറുമണിയാകുന്നു. ടിക്കെറ്റെടുത്ത പ്രേക്ഷകർ ഒന്നൊന്നായി എത്തിത്തുടങ്ങി. വന്നവരെ കടത്തി വിടാനും

അവർക്കിരിക്കാനുമുള്ള നിർദ്ദേശങ്ങൾ വോളന്റീർമാർക്കു നൽകി. പക്ഷെ നാടക സമിതി എത്തിയില്ല. വന്നു കഴിഞ്ഞാൽ അരമണിക്കൂറിനുള്ളിൽ അവർ തയ്യാറാവും. എന്നാൽ വരുന്നതിന്റെ ഒരു സൂചനയുമില്ല. അന്ന് മൊബൈൽ ഫോണൊന്നുമില്ലായിരുന്നു.

'മണി ആറരയായി! ഇനി കാത്തിരിക്കുന്നതിലർത്ഥമില്ല. തിങ്ങിക്കൂടിക്കൊണ്ടിരുന്ന പ്രേക്ഷകരോട് വിവരം പറയണം. അധ്യക്ഷൻ ശ്രീ വേണുഗോപാലക്കുറുപ്പ് അഭിപ്രായപ്പെട്ടു. എല്ലാവരും അത് സമ്മതിച്ചു. വിറയാർന്ന കൈകളും ഇടറുന്ന കണ്ഠവുമായി ഞാൻ സ്റ്റേജിൽ വന്നു. 'സഹൃദയരെ ക്ഷമിക്കണം; കൊല്ലംസരിതയുടെ വാഹനത്തിന് എന്തോ അപകടം സംഭവിച്ചതാണെന്നു തോന്നുന്നു. നാടകസമിതി ഇനിയും എത്തിയിട്ടില്ല. ഇന്നത്തെ നാടകം മാറ്റിവയ്ക്കുകയാണ്. ഞങ്ങളുടെ അഭ്യുദയകാംക്ഷികളായ നിങ്ങൾക്കേവർക്കുമുണ്ടായ അസൗകര്യത്തിന് ഞാനും പ്രവർത്തകസമിതിയും നിസ്സീമമായ ഖേദം രേഖപ്പെടുത്തുന്നു'. ഒരു മർമരം ശബ്ദംപോലുമില്ലാതെ പ്രേക്ഷകർ സദസ്സ് വിട്ടിറങ്ങാൻ തയ്യാറായി. ഒരു നൂറുപേരെങ്കിലും എന്റെ കരം പിടിച്ചാശ്വസിപ്പിച്ചു. 'ഇതെല്ലാം സംഭവിക്കാവുന്ന താണെന്നും' മറ്റും ആശ്വാസവാക്കുകൾ പറഞ്ഞു. അങ്ങിനെ ദൂരവാണിനഗർ മലയാളികളുടെ കൂട്ടായ്മയും ശക്തമായ പിന്തുണയും നേരിട്ടാസ്വദിക്കുവാൻ കിട്ടിയ ഒരവസരമായിരുന്നു അത്.

കാണികൾ എല്ലാം പിരിഞ്ഞുപോയി. സമയം ഏകദേശം എട്ടര മണി. ഞങ്ങൾ പ്രവർത്തക സമിതിയംഗങ്ങൾ സമാജത്തിൽ യോഗം ചേർന്ന്. സ്ഥിതിവിവരങ്ങൾ ചർച്ചചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിൽ അതാ കൊല്ലം സരിതയുടെ വാഹനം സമാജത്തിന്റെ മുന്നിൽ വന്നു നിൽക്കുന്നു.! ഞങ്ങളെല്ലാവരും പുറത്തു വന്നു. ആ വാനിൽ നിന്ന് ആരും പുറത്തിറങ്ങുന്നില്ല. ഡ്രൈവർ വണ്ടിയുടെ എൻജിൻ നിർത്തിയിട്ടുമില്ല! ഞാൻ മാത്രം വാഹനത്തിന്റെ അടുത്തെത്തി. അതിൽനിന്നൊരാൾ പുറത്തു വന്നു. കൂപ്പുകൈകളോടെ..! എന്റെ കാലിൽ തൊടുവാനെന്ന പോലെ കുനിയുന്നു. 'നിൽക്കു; പറ. എന്താണുണ്ടായെത്?' അവർ കഥകളെല്ലാം പറഞ്ഞു. വഴിയിലുണ്ടായ അപകടത്തെപ്പറ്റിയും, വാഹനത്തിനുണ്ടായ കേടുപാടുകളെപ്പറ്റിയുമെല്ലാം! അതിനടുത്ത

രണ്ടു ദിവസങ്ങളിലായി ആ നാടകം അതെ സ്റ്റേജിൽ അവതരിപ്പിച്ചു. അതിൽ നിന്നും കിട്ടിയ നീക്കിയിരുപ്പു പണം ഗ്രന്ഥശാലക്കുവേണ്ടി ചിലവഴിച്ചു.

## ഒരു സുഹൃത്തുമായി ഏറ്റുമുട്ടേണ്ടതായിവന്നു

കേരളസമാജത്തിന്റെ പ്രവർത്തനങ്ങൾക്കിടയിൽ മാനസിക വൈഷമ്യമുണ്ടാക്കിയ സംഭവമാണ് ഒരു സുഹൃത്തുമായുണ്ടായ ഏറ്റുമുട്ടൽ. അയാൾ ഒരു ഓഫീസർ ആയി ഐ.ടി.ഐ.യിൽ ചേർന്ന വർഷം തന്നെ എന്നെ സമീപിച്ചിരുന്നു. ഞാൻ അന്ന് സമാജത്തിന്റെ സെക്രട്ടറിയാണ്. ഒരു ട്യൂഷൻ സെന്റർ രാമമൂർത്തി നഗറിൽ തുടങ്ങുന്നുവെന്നും അതിന്റെ ഒരു പരസ്യം സമാജത്തിന്റെ നോട്ടീസ് ബോർഡിൽ ഇടണമെന്നുമാണാവശ്യം.. അതൊരു പ്രൈവറ്റ് ബിസിനസ് ആണെന്നും, ഫീസില്ലാതെ നടത്തുന്ന ഏതെങ്കിലും ചാരിറ്റബിൾ പരിപാടിയാണങ്കിൽ മാത്രം അനുവദിക്കാമെന്നും പറഞ്ഞൊഴിഞ്ഞു. അന്നുതുടങ്ങി അദ്ദേഹത്തിനു എന്റെ മേൽ ഒരു വൈരാഗ്യം. പലസ്ഥലങ്ങളിലും എന്നെപ്പറ്റി വളരെ മോശമായി സംസാരിച്ചതായി മനസ്സിലായി. പല സുഹൃത്തുക്കളും എന്നെ വിവരമറിയിച്ചു. അവരെല്ലാം തന്നെ അവരുടെ പേരുപറയരുതെന്നും ആഗ്രഹിച്ചു. പൊതുപ്രവർത്തനത്തിനിടയിൽ ഇതെല്ലാമുണ്ടാകുമെന്ന ബോധത്തോടെ ഈ ചിന്തകളെ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളഞ്ഞു.

ആയിടക്ക് ഒരു ഡി.കെ.എസ് ന്യൂസ് ലെറ്റർ പ്രസിദ്ധീകരിച്ചത് ജൂബിലി സ്കൂളിലെ എസ്.എസ്.എൽ.സി ഒന്നാമതായി പാസ്സായ ഒരു വിദ്യാർഥിനിയുടെ മുഖചിത്രവുമായായിരുന്നു. അതിനെപ്പറ്റി വളരെ തരം താഴ്ന്ന വിമർശനങ്ങൾ അയാൾ പല സ്ഥലത്തും നടത്തിയിരുന്നു. ഒറ്റപ്പെട്ട ഒരു സംഭവമെന്ന നിലയിൽ ആദ്യം അവഗണിച്ചു. ക്രമേണ ന്യൂസ് ലെറ്ററിനേക്കാൾ ആ വിമർശനത്തിന് അസൂയാലുക്കളായ സുഹൃത്തുക്കളുടെയിടയിൽ ഏറെ പരസ്യം ലഭിച്ചു.

ഒരു നല്ല ഉദ്ദേശ ലക്ഷ്യത്തെ വികൃതമാക്കിയ ഈ സാമൂഹ്യ ദ്രോഹിയെ പെട്ടെന്നൊരിക്കൽ നേരിൽ കാണുവാനിടയായി.

വളരെ താഴ്മയോടെ ചെയ്തത് തെറ്റല്ലേയെന്നു ചോദിച്ചു. ആ തെറ്റുതിരുത്തുവാനെന്താണ് ചെയ്യാൻ കഴിയുന്നതെന്നും മറ്റു ശാന്തമായ രീതിയിൽ സംസാരിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ ഒരു ഭ്രാന്തനെപ്പോലെ എന്റെ കൂടെയുണ്ടായിരുന്ന സുഹൃത്തിന്റെ മേൽ കൈവച്ചു. അയാൾ അതിനു നല്ല മറുപടിയും കൊടുത്തു. ഈ പിടിവലിക്കിടയിൽ അയാളുടെ ചുണ്ടുപൊട്ടി അൽപം രക്തം പൊടിഞ്ഞു. രംഗം അധികം വഷളാവാതെ എന്റെ കൂടെയുള്ള സുഹൃത്തിനെയും കൂട്ടി ഞാൻ സ്ഥലം വിട്ടു. രാത്രിക്ക് രാത്രി അയാൾക്ക് സർവ്വ പിന്തുണയും വാഗ്ദാനം ചെയ്തു കുറെ സുഹൃത്തുക്കളെത്തി. ഇരുപതോളം പേർ രാമമൂർത്തി നഗർ പോലീസ് സ്റ്റേഷനിലെത്തി രാത്രി തന്നെ എന്നെ അറസ്റ്റുചെയ്തുകൊണ്ടുവരണമെന്നും മറ്റും പറഞ്ഞു ഒച്ചപ്പാടുകളുണ്ടാക്കി. സമൂഹത്തിൽ സാമാന്യം നല്ല പേരുണ്ടായിരുന്ന എന്നെ അന്ന് രാത്രി ഡ്യൂട്ടിയിലുണ്ടായിരുന്ന ASI തിരിച്ചറിഞ്ഞു. 'പരാതി നൽകുകമാത്രമാണ് നിങ്ങടെ ജോലി. ബാക്കിയുള്ളതൊക്കെ എങ്ങിനെ ചെയ്യണമെന്ന് പോലീസിനറിയാ'മെന്നും പറഞ്ഞു ഈ പിന്തുണക്കാരെ അദ്ദേഹം അക്ഷരാർത്ഥത്തിൽ ആട്ടി ഓടിച്ചു.

കഥ തീർന്നില്ല. രാത്രിതന്നെ കേസ്സിനു ആക്കം കൂട്ടുവാൻ അയാളെ ബൗറിങ് ഹോസ്പിറ്റലിൽ കൊണ്ടുപോയി 'കേസിനാവശ്യമായ 'വൂണ്ട് സർട്ടിഫിക്കറ്റ്' പൈസ കൊടുത്തുവാങ്ങി. രാവിലെ പോലീസ്സ്റ്റേഷനിൽ കൊണ്ട് കൊടുത്തു. ഒരാഴ്ച കഴിഞ്ഞിട്ടും പോലീസ് എന്നെ വിളിച്ചില്ല. സഹായികളെല്ലാം കൂടി അന്നത്തെ MLA യുടെ വീട്ടിൽ പോയി. എന്റെ ഐഡന്റിറ്റി അറിയാതിരിക്കുവാൻ എസ.കെ.നായർ എന്നതിന് പകരം ശിവൻകുട്ടി എന്ന് പറഞ്ഞു. ഞാൻ മുൻ എം.എൽ.എ. എ കൃഷ്ണപ്പയുടെ ശിങ്കിടിയാണെന്നും മറ്റും പറഞ്ഞൊപ്പിച്ച്, MLA അശ്വത്ഥനാരായണ റെഡ്ഡിയെ കൊണ്ടു പോലീസ് സ്റ്റേഷനിലേക്കു ഫോൺ ചെയ്യിച്ചു. അങ്ങിനെ ആ കേസ് കോടതിയിലേക്ക് നീങ്ങി. ഏകദേശം രണ്ടു വർഷം അതിന്റെ പിന്നാലെ നടക്കേണ്ടി വന്നു. അവസാനം പരാതിക്കാരന്റെ തുടർച്ചയായ അസാന്നിധ്യം കാരണം കേസ്സു തള്ളിക്കളയുകയായിരുന്നു. വർഷങ്ങൾക്കു ശേഷം ചില മാനസികാസ്വസ്ഥതകൾ കൂടിയുണ്ടായിരുന്നു അയാൾ ഹൃദയാഘാതത്തെ തുടർന്ന് അന്തരിച്ചു

## ജൂബിലി സ്കൂളിന് പതിനാലു മുറികൾ മതിയാവാതെ വരുന്നു.

1987–ൽ ജൂബിലി സ്കൂളിന്റെ ഭരണചുമതല ഞാനടങ്ങുന്ന പ്രവർത്തക സമിതി ഏറ്റെടുക്കുമ്പോൾ നാലു ക്ലാസു മുറികളാണുണ്ടായിരുന്നത്. അതിനു ശേഷം മൊത്തം പതിനാല് മുറിയും ടോയ്‌ലറ്റുകളും നിർമ്മിച്ചെങ്കിലും സ്കൂൾ അഡ്മിഷന്റെ തള്ളിക്കയറ്റം കാരണം വീണ്ടും രണ്ടു നിലകൾ കൂടി നിർമ്മിക്കുവാൻ തീരുമാനിച്ചു. മുൻകാലങ്ങളിലെന്ന പോലെ വീണ്ടുമൊരു ഭാഗ്യക്കുറി നടത്തുവാനും തീരുമാനമെടുത്തു.. ഒന്നാംസമ്മാനം കൈനറ്റിക് ഹോണ്ട! അന്ന് റോഡിലുണ്ടായിരുന്നതിലേക്കേറ്റവും പുതിയ മോഡൽ! ടിക്കറ്റുകളുമായി നഗരത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും പ്രവർത്തകർ സഞ്ചരിച്ചു. ഒരു വലിയ സംഖ്യ സ്വരൂപിക്കുകയെന്നതല്ലാതെ സമാജത്തിന്റെ വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങളെപ്പറ്റി ജനങ്ങളെ അറിയിക്കുക എന്നതുകൂടിയായിരുന്നു പ്രധാനം. വെറും തുച്ഛമായ ട്യൂഷൻ ഫീസുമാത്രം വസൂലാക്കി ഏതൊരു സാധാരണ പൗരനും താങ്ങാവുന്നതരത്തിൽ ഏറ്റവും നല്ല വിദ്യാഭാസം നൽകുകയെന്നായിരുന്നു സമാജത്തിന്റെ പരമോന്നത ലക്ഷ്യം. ആ ലക്ഷ്യത്തിലെത്തിച്ചേരുവാൻ വേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ സമാജം പ്രവർത്തകർ എക്കാലവും തയ്യാറായി.

സംഭാവന ഭാഗ്യക്കുറിയുമായി നഗരത്തിന്റെ പല ഭാഗങ്ങളിലും പ്രവർത്തകർ അലഞ്ഞു. ഈ പ്രവർത്തകർക്ക് തികഞ്ഞ പ്രോത്സാഹനമായിരുന്നു പരേതനായ കെ ശ്രീനിവാസൻ നായർ ന ൽകിയിരുന്നത്. ഏതെങ്കിലും ഒരു ഗ്രൂപ്പിന്റെ കൂടെ എന്നും അദ്ദേഹം പിരിവിനിറങ്ങി. അതുപോലെതന്നെ തുടർച്ചയായിഞങ്ങളോടൊപ്പം ഉണ്ടായിരുന്ന പി കെ തോമസ്, ഭരതേട്ടൻ എന്നിവരുടെയും സാന്നിധ്യം ഞങ്ങൾക്ക് പ്രചോദനവും ആസ്വാദ്യകരവുമായിരുന്നു. ജൂബിലി സ്കൂളിലെ ക്ലാസ്സുമുറികളുടെ എണ്ണം വർധിച്ചു കൊണ്ടിരുന്നു. ഏകദേശം ഇരുപത്തഞ്ചു ക്ലാസ്സുമുറികളും, ഒരു ഹാളും ഓഫീസ് സമുച്ചയവും ചുരുങ്ങിയ കാലം കൊണ്ട് പണിതുയർത്തുവാൻ എനിക്കും കൂട്ടർക്കും കഴിഞ്ഞന്നതിൽ തികച്ചും ചാരിതാർഥ്യമുണ്ട്.

## ജൂബിലി സ്കൂൾ ഉദ്യോഗസ്ഥർക്കായി സ്റ്റാഫ് വെൽഫെയർ ഫണ്ട്.

ഒരിക്കലൊരു അദ്ധ്യാപിക ഒരു രക്ഷിതാവിന്റെ കയ്യിൽ നിന്നും കുറച്ചു പണം കടം വാങ്ങി. അത് പറഞ്ഞ സമയത്തു തന്നെ തിരികെ കൊടുക്കുവാൻ സാധിക്കാത്തതു കാരണമെന്നാണ് തോന്നുന്നത്, അന്നത്തെ സ്കൂൾ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെട്ടു. രക്ഷിതാക്കളിൽ നിന്ന് പണം വാങ്ങിയതിന്റെ പേരിൽ ആ അദ്ധ്യാപികയെ ശിക്ഷിക്കണമെന്ന ശുപാർശയുമായി വിഷയം സ്കൂൾ ബോർഡ് യോഗത്തിൽ വന്നു. അതിനെപ്പറ്റിയുള്ള ചർച്ചക്കിടയിൽ സ്കൂൾ ജീവനക്കാർക്കായി അവർ തന്നെ കൈകാര്യം ചെയ്യുന്ന ഒരു വെൽഫെയർ ഫണ്ട് രൂപീകരിക്കണമെന്നുള്ള എന്റെ അഭിപ്രായം പ്രവർത്തക സമിതി സ്വീകരിച്ചു. അങ്ങിനെ സ്റ്റാഫ് വെൽഫെയർ ഫണ്ടുണ്ടായി.

## 'സലീനക്കൊരു വീട്'

ഉദയ നഗറിൽ കിടപ്പാടമില്ലാതെ കഷ്ടപ്പെടുന്ന ഒരു മലയാളി സ്ത്രീയെ സമാജം ഖജാൻജിയായിരുന്ന ടി.രവീന്ദ്രനും, കെ.ത്യാഗരാജനും, ചന്ദ്രൻനായരും മറ്റും ഒരു ഓണം പരിപാടികൾക്കായുള്ള സംഭാവന പിരിവിനിടയിൽ കണ്ടുമുട്ടി. അവരുടെ കഥകൾ സമാജം പ്രവർത്തകരെ വേദനിപ്പിച്ചു. മഴയിലും വെയിലിലും കിടപ്പാടമില്ലാതെ കഷ്ടതയനുഭവിക്കുന്ന ആ സ്ത്രീയെപ്പറ്റി സുഹൃത്തുക്കൾ എന്നോട് വിവരിച്ചു. അവർക്കായി ഒരു ഫണ്ടുണ്ടാക്കി ഒരു ചെറിയ വീടു വച്ചു കൊടുക്കണമെന്നഭിപ്രയത്തോട് പൂർണ്ണമായി യോജിച്ചു. നല്ല കാര്യങ്ങൾക്കു വേണ്ടി കൈ നീട്ടിയാൽ കൈയയച്ചു സംഭാവനകൾ ലഭിക്കുമെന്നതിനു ഒരുത്തമോദാഹരണമായിരുന്നു. 'സലീനക്കൊരു വീട്'. മൂന്നു നാലുമാസങ്ങൾക്കകം വീടുപണി പൂർത്തിയാക്കി വീടിന്റെ താക്കോൽ സമാജത്തിനുവേണ്ടി ടി രവീന്ദ്രനും കെ ത്യാഗരാജനും ചന്ദ്രൻ നായരും ചേർന്ന് സലീനയെ ഏൽപ്പിച്ചു.

## കേരളത്തിന്റെ തനതു കല; കഥകളി

കഥകളി ഒരു ക്ഷേത്ര കലയെന്നത്കൊണ്ടാവണം തീരെ പരിചിതമല്ലാതെയാവുന്ന ഒരു കാലഘട്ടത്തിൽ സമാജം പ്രവർത്തകസമിതി തൃപ്പൂണിത്തുറ വനിതാ കഥകളി സംഘത്തെ ക്ഷണിച്ചുവരുത്തി 1990–ൽ ഓണാഘോഷത്തോടനുബന്ധിച്ചു ഒരു കഥകളിയവതരിപ്പിച്ചു. നിറഞ്ഞ സദസ്സിൽ രാധികാവർമയും മറ്റു വനിതകളും ആടിത്തിമനിർത്തു. 'ദക്ഷയാഗം'

ഇതിനു ശേഷം 1993 ജൂലായ് മാസം അന്നത്തെ എം എൽ.എ.–എ. കൃഷ്ണപ്പ, ബാംഗ്ളൂരിലെ പ്രമുഖ വ്യവസായി ഇ.പി.ജേക്കബ്, മംഗളം പ്രത്രാധിപൻ എം സി വർഗീസ്, എന്നിവരെ അനുമോദിക്കുന്നതിനായുള്ള ഒരു യോഗത്തിനോടനുബന്ധിച്ചു സുപ്രസിദ്ധ കഥകളി നടൻ കലാമണ്ഡലം കേരളവർമയും സംഘവുവും ദുര്യോധനവധം കഥകളിയുമവതരിപ്പിച്ചു.

## തെക്കരെ തള്ളിപ്പറയുന്ന വടക്കൻ ചിന്ത – ഒരു ഹാസ്യ കഥ!

മലബാർ പ്രദേശത്തുള്ളവരിൽ ചിലർക്ക് തെക്കരെ അത്ര വിശ്വാസമില്ല പോലും!. സംഗതിവശാൽ എനിക്കുള്ള സുഹൃത്തുക്കളെല്ലാം തലശേരി, കണ്ണൂർ, വടകര, കോഴിക്കോട്, പ്രദേശത്തുള്ളവരാണ്താനും. ഇവരുടെ കൂട്ടത്തിൽ അകപ്പെട്ടാൽ എന്നെ നല്ലപോലെ കളിയാക്കും. തെക്കർ ചതിയരാണ്, പത്മനാഭന്റെ മണ്ണാണ്. സത്യം പറയില്ല അങ്ങിനെ പല പല ആരോപണങ്ങൾ!. ഒരിക്കൽ ഐ.ടി.ഐ. ഫിനാൻസ് മനേജരായിരുന്ന രാഘവേട്ടൻ ആർ.ടി.നഗറിൽ നിർമ്മിച്ച വീടിന്റെ ഗൃഹപ്രവേശത്തിന് അദ്ദേഹത്തിനെ സഹായിക്കാനായി ഞാനും, ദിവാകരനും, ചന്ദ്രമോഹനനും കൂടി തലേദിവസം വൈകിട്ട് ആറുമണിയോടവിടെത്തി. വേണ്ട എല്ലാ ഒരുക്കങ്ങളിലും സഹായിച്ചു. അതിഥികളെ സൽകരിച്ചു. അങ്ങിനെ സമയം രാത്രി പത്തര മണിയായി. രാഘവേട്ടനോട് യാത്രപറഞ്ഞു. ഒരു നിമിഷമെന്നു പറഞ്ഞു രാഘവേട്ടൻ ഡ്രൈവർ സത്യപാലിനെ അവിടെയൊക്കെ തേടി. കാറിൽ പോയാമതി സത്യപാൽ

വിട്ടുവരുമെന്നുപറഞ്ഞു. ബസുപിടിക്കണ്ടല്ലോ എന്ന് കരുതി നന്ദിപറഞ്ഞു അദ്ദേഹത്തിന്റെ കാറിൽ കയറി യാത്രതിരിച്ചു.

കാറിൽ കയറിയതും തെക്കെരെപ്പറ്റിയുള്ള കുറ്റങ്ങൾ നിരത്താൻ തുടങ്ങി വടകരക്കാരനായ ദിവാകരനും തല ശ്ശേരിയിലുള്ള ചന്ദ്രമോഹനനും! സത്യപാൽ ചെങ്ങന്നൂർ സ്വദേശിയാണെന്നറിയാമായിരുന്നു. ഇവർക്ക് ഒരു പണികൊടുക്കണ മെന്നുറച്ചു ചിന്തിച്ചു. രഹസ്യമായി സത്യപാലിനോട് വണ്ടി ഓഫ്ചെയ്യാനും തള്ളിയാലെ സ്റ്റാർട്ടാവൂ എന്ന് പറയാനും പറഞ്ഞു. സത്യപാൽ സമ്മതിച്ചു. കുറച്ചുദൂരം ചെന്നപ്പോൾ കാർ ഓഫായിപ്പോയി. 'ഒന്നു തള്ളണമല്ലോ സാറെ' സത്യപാൽ അപേക്ഷിച്ചു. ഞങ്ങളെല്ലാം ഇറങ്ങി തള്ളി. നല്ല കേറ്റമാണ്. കുറെ തള്ളിയതിനുശേഷം എന്റെ കാലുളുക്കിയെന്നുപറഞ്ഞു. ഞാൻ കാറിനുള്ളിൽ മുൻ സീറ്റിൽ കയറി ഇരുന്നു. സുഹൃത്തുക്കൾ രണ്ടുപേരും തള്ളൽ തുടർന്നു. അര കിലോമീറ്ററോളം!. ഞങ്ങൾ രണ്ടുപേരും കാറിനുള്ളിൽ ചിരിക്കുന്നുണ്ടായിരുന്നു!

കയറ്റം കഴിഞ്ഞപ്പോൾ സത്യപാൽ കാർ സ്റ്റാർട്ടുചെയ്തു പിന്നെയും കുറച്ചു ദൂരം കൂടി കാർ മുന്നോട്ടു പോയി. ഞങ്ങൾ അവിടെ കാർ ഓഫുചെയ്തു കാത്തിരുന്നു. രണ്ടുപേരും അടുത്തെത്തി കിതപ്പോടെ ചോദിച്ചു പിന്നെയും ഓഫായോ? 'സാരമില്ല അകത്തു കയറി ഇരിക്ക്' ചിരി കടിച്ചുപിടിച്ചുകൊണ്ടു ഞാൻ പറഞ്ഞു.

അവർ കയറി ഇരുന്നു. കാറിലുണ്ടായിരുന്ന കുപ്പിവെള്ളം കൊടുത്തു. അവർ അത് കുടിച്ചു. 'തെക്കരെ കളിപ്പിച്ചാൽ ഇങ്ങനെ യിരിക്കും മക്കളെ' എന്ന് പറഞ്ഞു തിരിഞ്ഞു നോക്കുമ്പോൾ കണ്ടു രണ്ടുപേരും ചമ്മിയിരിക്കുന്നു. കിതപ്പുമുണ്ട് പിന്നെ ഐ.ടി. ഐ കോളനിയിലെത്തുന്നതുവരെ ആരും ഒന്നും മിണ്ടിയില്ല..!

നിശബ്ദം..!

## ബാംഗ്ലൂർ കണ്ട മെഗാ മലയാള-മ്യൂസിക്കൽ നൈറ്റ്.

ജൂബിലി സ്കൂളിനൊരു ബസ് എന്നത് അന്നത്തെ കമ്മറ്റിയുടെ ഒരാഗ്രഹമായിരുന്നു. പക്ഷെ അത്രവലിയ ഒരു തുകയെടുക്കുവാൻ

സ്കൂളിനോ സമാജത്തിനോ കഴിയുന്നില്ല. ആ വർഷത്തെ ഓണാഘോഷ പരിപാടികളുടെ കരട് രൂപമുണ്ടാക്കുന്നതിനിടയിൽ ഒരു പെയിന്റ് കമ്പനിയുടെ റെപ്രെസെന്റേറ്റീവ് ജൂബിലി സ്കൂളിൽ എന്നെ തേടി വന്നു. ഞാനവിടെയില്ലാതിരുന്നതിനാൽ വിസിറ്റിംഗ് കാർഡും കൊടുത്തു മടങ്ങിപോയി. ഞാൻ ആ നമ്പറിലേക്കു വിളിച്ചു. സ്കൂളിന് പെയിന്റ് വേണമെങ്കിൽ കൺസെഷൻ റേറ്റിൽ തരാമെന്നും, അതിനെപ്പറ്റി സംസാരിക്കാനാണ് വന്നതെന്നും പറഞ്ഞു. ഒപ്പം കുട്ടികളുടെ പെയിന്റിംഗ് മത്സരത്തിനും മറ്റും അവരുടെ കമ്പനി സഹായങ്ങൾ ചെയ്യുന്നുണ്ടെന്നും അവരുടെ ജനറൽ മാനേജരെ കണ്ടാൽ കൂടുതൽ വിവരങ്ങൾ അറിയാമെന്നും പറഞ്ഞു.

ഒട്ടും താമസിച്ചില്ല. ഓണാഘോഷത്തിന്റെ സ്പോട്ട് പെയിന്റിംഗ് മത്സരമുൾപ്പടെ എല്ലാ മത്സരങ്ങളുടെയും ലിസ്റ്റുണ്ടാക്കി. എല്ലാറ്റി നുമുള്ള സമ്മാനങ്ങളുടെ എസ്റ്റിമേറ്റും തയ്യാറാക്കി. അതുമായി



ഒളിമ്പിക് സ്പോർട്ടിൽ പോയി ഒരു കൊട്ടേഷനും വാങ്ങി. നെരോലാക് പെയിന്റ്സിന്റെ ജനറൽ മാനേജർക്കുള്ള കത്തും തയ്യാറാക്കി. നേരെ സമ്പങ്കിരാമനഗറിലുള്ള നെരോലാക്കിന്റെ ഓഫീസിലേക്ക് വിട്ടു. അധികം കാത്തിരിക്കാതെതന്നെ അദ്ദേഹത്തെ കാണുവാൻ സാധിച്ചു. ജനറൽ മാനേജർ ശ്രീ ഷമീം. ഞാൻ സമാജത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിച്ചു. ഒത്തിരി കാര്യങ്ങൾ ചോദിച്ചു. എല്ലാറ്റിനും മറുപടി പറഞ്ഞു. കത്തിലെ ഉള്ളടക്കം വിശദീകരിച്ചു. ഓണാഘോഷത്തോടനു ബന്ധിച്ചുള്ള എല്ലാ മത്സരങ്ങളുടെയും സമ്മാനങ്ങൾ സ്പോൺസർ ചെയ്യണം. ഒളിമ്പിക്സ് സ്പോർട്സിന്റെ കൊട്ടേഷനുണ്ട്. പണം അവർക്കു നൽകിയാൽ മതിയെന്നും പറഞ്ഞു. സമർഥനായ ഷമീം ഞാൻ അവസാനം പറഞ്ഞ വാക്കുകളിൽ എന്റെ സദുദ്ദേശം മനസിലാക്കി!.

'ഇന്നുവരെ ഇവിടെ സംഭാവനയ്ക്കോ സ്പോൺസർഷിപ്പിനോ വന്നിട്ടുള്ളവരാരും ഇങ്ങിനെ ഒരു പ്രൊപോസൽ തന്നിട്ടില്ല. എല്ലാവർക്കും പണമാണ് വേണ്ടത്. ലിസ്റ്റിൽ പറയുന്ന സാധനങ്ങൾ വാങ്ങിത്തന്നാൽ മതിയെന്ന് ആദ്യമായി പറയുന്നത് മിസ്റ്റർ എസ.കെ.നായരാണ്!. നിങ്ങളുടെ സത്യസന്ധത ഞാൻ മനസിലാക്കുന്നു. ഇതു മൊത്തമായി 'നെരോലാക് പെയിന്റ്സ്' സ്പോൺസർ ചെയ്യുന്നു'

കേരളസമാജത്തിന്റെ ചരിത്രത്തിൽ ഇത്ര വലിയ ഒരു സ്പോൺസർഷിപ് കിട്ടുന്നത് ആദ്യമായിട്ടാണ്!. അത്യധികം സന്തോഷത്തോടെ ഷമീമിനു നന്ദിപറഞ്ഞു വീട്ടിലേക്കു തിരിച്ചു.

## യേശുദാസിന്റെ ഒരു ഗാനമേള നടത്തണം

തീർന്നില്ല ഐടിഐ പാർക്കിൽ വച്ചായിരുന്നു സ്പോട്പൈന്റിങ് മത്സരം. ഒരു ഞായറാഴ്ച. ഷമീം മുഖ്യാഥിതി. ഏകദേശം 600 ൽ പരം കുട്ടികളും അവയുടെ കൂടെയുള്ള രക്ഷിതാക്കളുമായി പാർക്കിൽ ഒരു ഉത്സവപ്രതീതി! പാർക്കിലെല്ലായിടത്തും നെരോലാക് പെയ്ന്റ്സിന്റെ പരസ്യബോർഡുകൾ. ഷമീമിന് സന്തോഷമായി. പരിപാടികൾ അവസാനിക്കുന്നതോടെ ഷമീം

ഒരാഗ്രഹം പ്രകടിപ്പിച്ചു. 'നമുക്ക് യേശുദാസിന്റെ ഒരു ഗാനമേള നടത്തണം, എസ.കെ. വിചാരിച്ചാൽ നടക്കും!' എല്ലാവരും അതൊരു കോംപ്ലിമെന്റായെടുത്തു. പക്ഷെ അന്ന് തുടങ്ങി ഒരാഴ്ചക്കുള്ളിൽ യേശുദാസിന്റെ ഗാനമേള ബാംഗളൂരിൽ നടത്തുന്നതിന് വേണ്ടിവരുന്ന ചിലവുകളെല്ലാം തയ്യാറാക്കി നെരോലാക് പെയിന്റ്സിന്റെ ദക്ഷിണ മേഖലാ ജനറൽ മാനേജർ ഷമീമിന്റെ മേശപ്പുറത്തു ദൂരവാണിനഗർ കേരളസമാജത്തിന്റെ പ്രൊപോസലെത്തി! ഞാനും എന്നോടൊപ്പം ശ്രീ എ ബി ഷാജുമുണ്ട്.

ശ്രീ ഷമീം വീണ്ടും ഞെട്ടി! പക്ഷെ ഇത് മൊത്തമായി സ്പോൺസർ ചെയ്യുവാൻ തനിക്കധികാരമില്ലാത്തതിനാൽ രണ്ടു ലക്ഷം രൂപ സ്പോൺസർ ചെയ്യുവാൻ തയ്യാറാണെന്നും അദ്ദേഹം പറഞ്ഞപ്പോൾ ഞാൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി. സമാജത്തിന്റെ ധനശേഖരണ പരിപാടികൾക്കെല്ലാം സ്വരൂപിക്കുന്ന ഫണ്ടിന്റെ വിനിയോഗം വിശദീകരിക്കണം. ജൂബിലി സ്കൂളിന് ബസായിരുന്നു അന്നത്തെ ആവശ്യം. അങ്ങിനെ എല്ലാ ചിലവുകളും കഴിഞ്ഞു രണ്ടു ലക്ഷത്തി അറുപതിനായിരം യേശുദാസ് നൈറ്റിലൂടെ കേരളസമാജം നേടി.

ദൂരവാണിനഗർ കേരളസമാജമെന്നല്ല ബാംഗ്ലൂരിലുള്ള ഒരു



മലയാളി സംഘടനകകൾക്ക്  പോലും അത്രയും വലിയ ഒരു സംഖ്യ ഒരു ഫണ്ടുശേഖരണ പരിപാടിയിലൂടെ സമാഹരിക്കുവാൻ സാധിച്ചിട്ടില്ല. മാത്രമല്ല ഏകദേശം പതിനെട്ടായിരം പേർ പങ്കെടുക്കുന്ന ബാംഗ്ലൂർ നഗരത്തിലെ ആദ്യത്തെ മലയാള പരിപാടിയുമിതായിരുന്നു അത്.. ബാംഗ്ലൂർമലയാളികൾ സമ്പൂർണ്ണമായി സഹകരിച്ച ഈ പരിപാടി കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ ബാംഗ്ലൂരിൽ പരിപാടിയുടെ ടിക്കറ്റ് വിൽപനക്കായി സഹകരിച്ച എല്ലാ സുഹൃത്തുക്കളെയും, അഭ്യുദയകാംക്ഷികളെയും ക്ഷണിച്ചുകൊണ്ട് ഇ.സി.എ യിൽ വച്ച് നടത്തിയ യോഗത്തിൽ കൃത്യമായ വരവുചിലവുകണക്കുകൾ പൊതുജനങ്ങളുടെ മുന്നിൽ സമർപ്പിച്ചു.  ഈ വമ്പൻ പരി പാടിയുടെ നടത്തിപ്പിനായി ആദ്യം മുതൽ അവസാനം വരെ സഹകരിച്ച പ്രോഗ്രാം കമ്മിറ്റി ചെയർമാനായിരുന്ന ശ്രീ എ ആർ കെ മേനോന്റെ നേതൃത്വം സ്തുത്യർഹമാണ്.

## കേരളാ പേജസ് – ഉദ്യാന നഗരം കൈ നീട്ടി സ്വീകരിച്ചു.

ശ്രീമാന്മാർ പി.ബി.സജി, പി.ബി.അജി, എ.ബി.ഷാജ്, ഐവൻ നിഗ്ളി എന്നിവരും ഞാനുമായുള്ള ഒരു ബിസിനസ് ചർച്ചയിൽ നിന്നുരുത്തിരിഞ്ഞ ഒരാശയമാണ് 'കേരളാ പേജസ്'. അത് പ്രസിദ്ധീകരിക്കുന്നത് കേരളസമാജം തന്നെയാവണം എന്ന തീരുമാനത്തിലാണ് അവസാനമെത്തിയത്. അങ്ങിനെ സമാജത്തിൽ ഞാൻ തന്നെ അത് അവതരിപ്പിച്ചു. കമ്മറ്റി അംഗങ്ങൾ സസന്തോഷം അംഗീകരിച്ചു. ആദ്യഘട്ടത്തിൽ ബാംഗ്ലൂരിലുള്ള മലയാളികളുടെ വിലാസം ശേഖരിക്കുക എന്ന ലക്ഷ്യമായിരുന്നു. ഒരു ചെറിയ തുക റജിസ്ട്രേഷൻ ഫീസായി വസൂലാക്കി. പേരും വിലാസവും ഫോൺ നമ്പർ അടക്കം ഈ ബുക്കിൽ കൂടി പ്രസിദ്ധീകരിക്കുക. ഇന്നത്തെപ്പോലെ ഇന്റർനെറ്റിന്റെ ഉപയോഗം അത്ര പ്രചരിച്ചിരുന്നില്ല. എങ്കിലും ഒരു വെബ്സൈറ്റ് ഉണ്ടാക്കി ശേഖരിക്കുന്ന വിലാസമെല്ലാം അതിൽ അപ്പ് ലോഡ് ചെയ്യുവാനും അങ്ങിനെ അത് ഒരു ലോക മലയാളി ഡയ റക്ടറി ആക്കി വികസിപ്പിക്കുവാനുമായിരുന്നു പദ്ധതി.

ബാംഗ്ലൂരിന്റെ മുക്കിലും മൂലയിലുമുള്ള മലയാളികളെ നേരിൽ

കാണാനും ഈ സന്ദേശമെത്തിക്കാനുമുള്ള പ്രവർത്തനങ്ങൾ ഗംഭീരമായി തുടർന്നു. ഇതിന്റെ പ്രവർത്തനത്തിനിടെയാണ് എന്റെ ആത്മാർഥ സുഹൃത്തായിരുന്ന ടി രവീന്ദ്രൻ ഹൃദയാഘാതം മൂലം നിര്യാതനായത്. ജാലഹള്ളിമുതൽ, ദാസറഹള്ളിവരെ യുള്ള ഓരോ ഇടവഴികളിലൂടെയും ഞങ്ങൾ കറങ്ങി തിരിഞ്ഞു. കഴിയുന്നത്ര മലയാളികളെ കണ്ടു.

## പ്രിയ രവി വിടപറയുന്നു

ദാസറഹള്ളി പൈപ്പ് ലൈൻ റോഡിൽവച്ചാണ് രവിക്ക് ചെറിയ നെഞ്ചുവേദന അനുഭവപ്പെട്ടത്.. പുറത്തു പറഞ്ഞില്ല. അതുമായിത്തന്നെ വീണ്ടും നടന്നു. വൈകിട്ട് 5 മണിയോടെ നിർത്തി. നേരത്തെയുള്ള തീരുമാനപ്രകാരം ഒരു സ്ഥലത്തു എല്ലാ വരും കൂടി. പല വാഹനത്തിലായി ദൂരവാണിനഗറിലേക്കു തിരിച്ചു. ഞാൻ പീറ്റർ ജോർജിന്റെ കാറിലാണ് വന്നതും തിരിച്ചു പോകാൻ ഒരുങ്ങിയതും. ജൂബിലി സ്കൂളിന്റെ ബസിൽ വന്നിരുന്ന ടീമിന്റെ നേതൃത്വം രവിക്കായിരുന്നു. അവരുടെ ബസ് വിടാൻ തുടങ്ങു മ്പോഴേക്കും ശ്രീധരൻ ബസിൽ നിന്നിറങ്ങി ഞങ്ങളുടെ കാറിന്റ അടുത്തേക്കു ഓടി വന്നു. 'രവിയേട്ടന് സുഖമില്ല', ഒരസ്വസ്ഥത. ഉടൻ തന്നെ രവിയെ ബസിൽ നിന്നിറക്കി കാറിൽ കയറ്റി നേരെ രാമയ്യ ഹോസ്പിറ്റൽ ലക്ഷ്യമാക്കി വിട്ടു. രണ്ടുമിനിട്ടി നുള്ളിൽ രവി ഉഷാറായി. ഹോസ്പിറ്റലിലേക്ക് പോകാൻ തീരെ തയ്യാറായില്ല. അവിടം മുതൽ ഓൾഡ് മദ്രാസ് റോഡുവരെ നന്നായി വർത്തമാനം പറഞ്ഞിരുന്നു. 'വേഗം വീട്ടിലെത്തണം കാര്യമുണ്ട്.' രാജേട്ടന്റെ വീട്ടിൽ പോകേണ്ട കാര്യമുണ്ട്. അതുമാത്രമല്ല. ഇന്ന് മോളുടെ പിറന്നാളാണ്' ഇതെല്ലാം പറഞ്ഞു വേഗം വീട്ടിലേക്കു പോകാൻ തയ്യാറായിരിക്കുകയാണ് കാറിൽ!

ടിൻ ഫാക്ടറിയായതോടെ, ഞാൻ അൽപം കർക്കശമായിപ്പറഞ്ഞു. 'ശരി ഐ.ടി.ഐ ഹോസ്പിറ്റലിൽ പോയി ഡോക്ടറെ കണ്ടിട്ടു തിരിച്ചു വീട്ടിൽ കൊണ്ടുവിടാം. കൂടെയുണ്ടായിരുന്ന പീറ്റർ ജോർജ്, എം.എസ.ചന്ദ്രശേഖർ എന്നിവരും വാശിപിടിച്ചു. അങ്ങിനെ ഐ.ടി.ഐ ഹോസ്പിറ്റലിൽ എത്തി. കാറു നിർത്തിയതും രവി ഇറങ്ങി ഒരോട്ടമായിരുന്നു കാഷ്വാലിറ്റിയിലേക്ക്.

അതും എനിക്കൊന്നുമില്ലന്നും പറഞ്ഞു ഉറക്കെ ചിരിച്ചുകൊണ്ട്!. ഡ്യൂട്ടി ഡോക്ടർ നോക്കി. 'ഇ.സി.ജി എടുക്കണം' ഇ.സി.ജി റൂമിലേക്ക് ധൃതിയിൽ നടന്നു.ഡോക്ടർ സമ്മതിച്ചില്ല. വീൽ ചെയറിൽ ഇരുത്തി അവിടെയെത്തിച്ചു. 'ഇ.സി.ജി.കണ്ടയുടനെ ഐ.സി.യു.വിലേക്ക് കയറ്റി. പിന്നെ വെളിയിൽ കാത്ത് നിന്നു. കുറേക്കഴിഞ്ഞ ശേഷം എന്നെ അകത്തേക്ക് വിളിച്ചു. രവി പോക്കറ്റിലുണ്ടായിരുന്ന പേപ്പറുകളെല്ലാം എന്നെ ഏൽപിച്ചു. 'പ്രഭയെ വിളിച്ചുകൊണ്ടുവരുവാൻ പറഞ്ഞു' ഞാനും പീറ്ററും അവിടേക്കു വിട്ടു. പ്രഭയെയും കുട്ടികളെയും കൂട്ടി വന്നു. രവി പ്രഭയുമായി സംസാരിച്ചു. ഡോക്ടർ എല്ലാവരും പുറത്തു നിൽക്കാൻ പറഞ്ഞു പിന്നെ അധികമായുള്ള മരുന്നിനും, ആർട്ടിഫിഷ്യൽ റെസ്പിറേഷനും ഒന്നും രവിയെ പിടിച്ചുനിർത്താനായില്ല. ഞങ്ങളോടെല്ലാം എന്നെന്നേക്കുമായി യാത്ര പറഞ്ഞു.

## ടി- രവീന്ദ്രൻ മെമ്മോറിയൽ ഡിസ്ട്രെസ്സ് റിലീഫ് ഫണ്ട്.

ഏകദേശം കാൽ നൂറ്റാണ്ടായി ഒപ്പമുണ്ടായിരുന്ന ഉറ്റ സുഹൃത്താണ് രവിയുടെ മരണത്തോടെ എനിക്കും സുഹൃത്തുക്കൾക്കും നഷ്ടമായത്. എന്നെപ്പോലെ അന്നത്തെ സമാജം പ്രവർത്തക സമിതി യിൽ നീറുന്ന മനസ്സുമായി അനവധി സുഹൃത്തുക്കളുണ്ടായിരുന്നു. രവിയുടെ പേര് എക്കാലവും സമാജത്തിന്റെ ചരിത്രങ്ങളിൽ നിഴലിച്ചു കാണണമെന്ന ഉദ്ദേശത്തോടെ അദ്ദേഹത്തിന് സഹ ജീവികളോടുണ്ടായിരുന്ന അനുകമ്പയെ ഓർമ്മിപ്പിക്കുന്ന ഒരു ഫണ്ടുണ്ടാക്കി. കഷ്ടതയനുഭവിക്കുന്ന സഹജീവികൾക്കായി സമാജം ഏർപ്പെടുത്തുന്ന ഈ സഹായ ഹസ്തത്തിനായി നൽകിയ പ്രൊപോസൽ ഭരണസമിതി അംഗീകരിച്ചു. അന്നത്തെ അധ്യക്ഷൻ ശ്രീ പീറ്റർ ജോർജ് അതിനു പേരിട്ടു 'ടി.രവീന്ദ്രൻ മെമ്മോറിയൽ ഡിസ്ട്രെസ്സ് റിലീഫ് ഫണ്ട്'. അതിന്നും സുഗമമായി പ്രവർത്തിക്കുന്നുണ്ട്.

ആയിരത്തി തൊള്ളായിരത്തി എൺപത്തിയേഴു മുതൽ രണ്ടായിരം വരെ പ്രത്യക്ഷമായും പരോക്ഷമായും ദൂരവാണിനഗർ കേരള സമാജത്തിനുവേണ്ടി ആത്മാർഥമായി പ്രവർത്തിച്ചു.

എല്ലാ പ്രവർത്തനങ്ങളും ജനസമ്മതിയുള്ളവയായിരുന്നു! പക്ഷെ ആദ്യകാലത്തു ജൂബിലി സ്കൂളിനുവേണ്ടി ബസുവാങ്ങിയതിൽ അൽപം അപാകതയുണ്ടായെന്നുള്ള സത്യം മറക്കുന്നില്ല. കൂടെയുണ്ടായിരുന്നവരിൽ ചിലരുടെ വാക്കുകളും, സെക്കൻഡ്ഹാൻഡ് വാഹനത്തിനുള്ള അപാകത കളും. എല്ലാറ്റിനുമുപരി ആ ബസുടമയായിരുന്ന സ്കൂളിന്റെ അന്നത്തെ അധികാരികളുടെ പൊള്ളയായ ഉറപ്പുകളുമെല്ലാം ഈ പരാജയത്തിന് കാരണമായിരുന്നു.

## ബാംഗ്ലൂർ കേരളസമാജം നിർണായക ഘട്ടത്തിൽ.

അപ്രതീക്ഷിതമായിട്ടാണ് ഒരു ദിവസം ബഹുമാന്യനായ പി ഗോപാലൻ നായർ എന്റെ ഐ.ടി.ഐ കോളനിയിലുള്ള വീട്ടിലേക്കു വരുന്നത്. ഒപ്പം സി എം വേലായുധൻ, എബ്രഹാം ബാബു, മോഹൻദാസ് എന്നിവരും. കുശലപ്രശ്നങ്ങൾക്കു ശേഷം വിഷയമവതരിപ്പിച്ചു. അടുത്ത ശനിയാഴ്ച ബാംഗ്ലൂർ കേരളസമാജത്തിന്റെ ഒരു കമ്മിറ്റി മീറ്റിംഗ് ഉണ്ട്. അവിടെ വരെ വരണം. മാത്രമല്ല സമാജത്തിന്റെ സെക്രട്ടറി സ്ഥാനം ഏൽക്കണം. സ്നേഹപൂർവ്വമായുള്ള ഒരു കൽപനപോലെ തോന്നി. ഉള്ളിൽ അദ്ദേഹത്തോടും കൂട്ടരോടും വലിയ ബഹുമാനം തോന്നി.. ബാംഗ്ലൂർ കേരളസമാജം രണ്ടു ഗ്രൂപ്പുകളായിട്ടാണ് പ്രവർത്തിക്കുന്നതെന്നറിയാം.

സമാജം ഈ രണ്ടു ഗൂപ്പുകളും ഒന്നിച്ചെന്നു വരുത്തി പൊതു വായ ഒരു തിരഞ്ഞെടുപ്പിനൊരുങ്ങുന്ന സമയമായിരുന്നു. അവർ എല്ലാ സ്ഥാനത്തേക്കും നോമിനേഷൻ കൊടുത്തു. മേജർ കെ സി ചെറിയാൻ അധ്യക്ഷനും, ഞാൻ പൊതുകാര്യദർശിയും, കെ മുരളീധരൻ ഖജാന്ജിയുമായുള്ള ഒരു സംഘം വേറെയും നോമിനേഷൻ കൊടുത്തു. അവസാനമായപ്പോൾ ഔദ്യോഗിക പക്ഷത്തുള്ളവരെല്ലാം നോമിനേഷൻ പിൻവലിച്ചു. പൊതു യോഗത്തിൽ വച്ച് തിരഞ്ഞെടുപ്പ് മാറ്റിവെയ്ക്കാമെന്ന ധാരണ യോടെ!. പക്ഷെ റിട്ടേർണിംഗ് ഓഫീസ്ർ ആയിരുന്ന ശ്രീധരൻ പൊതുയോഗത്തിൽ സ്ഥാനാർത്ഥികളുടെ പേര് വായിച്ചു എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിച്ചു.

ഔദ്യോഗിക പക്ഷം തിരഞ്ഞെടുപ്പ് അംഗീകരിച്ചില്ല. വീണ്ടും മറ്റൊരു ഗ്രൂപ്പായി. ഞാൻ അടങ്ങുന്ന ഗ്രൂപ്പ്! ഞങ്ങൾ കോടതിയിൽ മറ്റൊരു കേസ് ഫയൽ ചെയ്തു. അതിന്റെ വിധി വരുന്നതുവരെ രണ്ടാം ഗ്രൂപ്പായിത്തന്നെ പ്രവർത്തിച്ചു. അന്നുമുതൽ തുടർന്നുള്ള പ്രവർത്തനങ്ങൾക്കും നിലവിലുള്ള കോടതി കേസുകൾക്കും നേതൃത്വം നൽകി.

## ഈ ഗ്രൂപ്പുകൾ ഒന്നാക്കിക്കൂടെ? മന്ത്രി എ.കൃഷ്ണപ്പ !




ആ വർഷം ബാംഗ്ലൂർ കേരള സമാജത്തിന്റെ ഓണാഘോഷം ഗുരുനാനാക്ക് ഭവനിലാണ് നടത്തിയത്. മുഖ്യാതിഥി കർണാടക മന്ത്രി എ.കൃഷ്ണപ്പ. ആഘോഷപരിപാടികൾ തുടങ്ങുവാൻ സമയമായെങ്കിലും പ്രേക്ഷകർ വളരെ കുറവായിരുന്നു. മുഖ്യാതിഥി എത്തി. സദസ് ശൂന്യം. അദ്ദേഹം അൽപം തിരക്കുള്ളതായി അഭിനയിച്ചു. അര മണിക്കൂറിനുള്ളിൽ വരാമെന്നു പറഞ്ഞു സ്ഥലംവിട്ടു. അരമണിക്കൂർ കഴിഞ്ഞപ്പോൾ അദ്ദേഹം വന്നു. ശോഷിച്ച സദസെങ്കിലും പരിപാടികൾ തുടങ്ങി. അദ്ദേഹത്തിന്റെ പ്രസംഗത്തിനുശേഷം എന്നോട് സ്വകാര്യമായി പറഞ്ഞു.

'എസ്.കെ, എന്റെ അടുത്ത പരിപാടി ടൗൺഹാളിലാണ്. നിങ്ങളുടെ മറ്റേ ഗ്രുപ്പിന്റെ .ഓണാഘോഷം!.. ലജ്ജതോന്നുന്നില്ലേ!. ഈ ഗ്രൂപ്പുകൾ ഒന്നാക്കിക്കൂടെ? എന്റെ സഹായം ആവശ്യമെങ്കിൽ ഞാൻ റെഡി. ആലോചിക്കൂ'. അദ്ദേഹം പറഞ്ഞത് മനസ്സിൽ തട്ടിയ വാക്കുകളായിരുന്നു. അന്ന് മനസ്സിൽ ഒരു തീരുമാനമെടുത്തു. 'ഈ ഗ്രൂപ്പുകൾ ഒന്നാകണം'.

ആഘോഷപരിപാടികൾ കഴിഞ്ഞു. ഒരാഴ്ചക്കുള്ളിൽ മാനേജിങ് കമ്മിറ്റി മീറ്റിംഗ് നടത്തി. വളരെ തന്ത്രപൂർവം ഗ്രൂപ് ലയന പരിപാടി അവതരിപ്പിച്ചു. യോഗത്തിൽ പങ്കെടുത്ത പലരും അതിനോട് യോജിച്ചു. തന്ത്രപൂർവം തന്നെ ഒരു കമ്മിറ്റി ഉണ്ടാക്കി. പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി എന്ന മൂന്നുപേരടങ്ങുന്ന ഒരു കമ്മിറ്റി. ലയനവുമായി മുന്നോട്ടുപോകുവാനും, അടുത്ത മീറ്റിംഗിൽ ലയനത്തിന്റെ അന്തിമ രൂപം തീരുമാനിക്കുവാനും.. അധ്യക്ഷൻ മേജർ കെ സി ചെറിയാനും, ഖജാന്ജി കെ മുരളിധരനും എനിക്ക് പൂർണ പിന്തുണ നൽകി. അന്നുതന്നെ രാത്രി ഒൻപതു മണിക്ക് മറ്റേ ഗ്രൂപ്പിന്റെ അധ്യക്ഷൻ ഡോക്ടർ മേനോനെ ഞാനും ഷാജ്ജും കൂടി പോയി കണ്ടു. അദ്ദേഹം പൂർണ സമ്മതം നൽകി. അവരുടെ സെക്രട്ടറി ടി.എം ശ്രീധരനുമായും സംസാരിച്ചു. പല വട്ടം നടന്ന ചർച്ചകളിലൂടെ ഒരു മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്ഡിങ് തയ്യാറാക്കി. ഇതിനിടെ ഈ തീരുമാനങ്ങൾക്ക് പാര വച്ച പലരും ഇന്നും നല്ലവരായിത്തന്നെ വിലസുന്നുമുണ്ട്. അങ്ങിനെ രണ്ടു ഗ്രൂപ്പിന്റെയും മാനേജിങ് കമ്മിറ്റയുടെ ചരിത്ര പ്രധാനമായ ഒരു സംയുക്ത യോഗം കേരളസമാജത്തിന്റെ അൾസൂരിലുള്ള ഓഫിസിൽവച്ചു നടത്തി. അവിടെയും കുത്തിത്തിരുപ്പുമായി വന്നവരെ മറ്റുള്ളവർ അടക്കിയിരുത്തി. തയ്യാറാക്കിയ MOU എതിരില്ലാതെ പാസ്സാക്കി. അങ്ങിനെ ഏകദേശം 12 വർഷങ്ങളായി നിലനിന്നിരുന്ന ഗ്രൂപ്പുകൾ ഒന്നായി. ഈ ലയനത്തിൽ കാര്യ മാത്ര പ്രസക്തമായ പങ്കുവഹിക്കാൻ കഴിഞ്ഞതിൽ എനിക്ക് വളരെ അധികം ചാരിതാർഥ്യമുണ്ട്. പരാമർശനങ്ങൾക്കും എതിർപ്പുകൾക്കുമിടയിൽ എല്ലാ കേസുകളും പിൻവലിച്ചു. ശ്രീ എ. ആർ. കെ മേനോന്റെ നേതൃത്വത്തിലുള്ള ഒരു പുതിയ കമ്മിറ്റിക്കു രൂപം കൊടുത്തു. തുടർന്നുള്ള മുഖ്യധാരാ പ്രവർത്തനങ്ങളിൽ നിന്നും സൗകര്യ പൂർവം ഞാനും ടി എം ശ്രീധരനും ഒഴിഞ്ഞു നിന്നു.

## ബാംഗ്ലൂർ മലയാളി റൈറ്റേഴ്സ് ആൻഡ് ആർടിസ്റ്റ്സ് ഫോറം.

എഴുത്തുകാരുടെയും കലാകാരന്മാരുടെയും ഒരു കൂട്ടായ്മ ആവശ്യമാണെന്ന ഒരഭിപ്രായം പരേതനായ ജോസഫ് വന്നേരി, ഞങ്ങൾ അടുത്ത സുഹൃത്തുക്കളുടെയിടയിൽ അവതരിപ്പിച്ചു. എല്ലാവരും നല്ല ഒരു പ്രതികരണമാണ് നൽകിയത്. വളരെ അടുത്ത സുഹൃദ്വലയത്തിൽ അതിനെപ്പറ്റി കൂലം കഷമായി ചിന്തിക്കുകയും ബാംഗ്ലൂർ മലയാളികൾക്ക് സുപരിചിതനായ ആർടിസ്റ്റ് വി.പീതാംബരന്റെ കോർപോർഷൻ സർക്കിളിനടുത്തു സംബംഗിരാമൻ നഗറിലുള്ള സിൽവർ ടവർ - ഓഫിസിൽ വച്ച് ഒരു യോഗം ചേരുകയുണ്ടായി. നഗരത്തിലുള്ള പല എഴുത്തുകാരെയും ആർട്ടിസ്റ്റുകളെയും, വായനക്കാരെയും ഈ കൂട്ടായ്മയിൽ പങ്കെടുപ്പിച്ചു.. പല ചെറിയ ചെറിയ യോഗങ്ങളും ചർച്ചകളും മറ്റും നടത്തി.

ആ ചെറിയ സംഘടന ഇന്ന് ബാംഗ്ലൂരിലുള്ള നൂറോളം വരുന്ന എഴുത്തുകാരുടെയും കലാകാരന്മാരുടെയും കൂട്ടായ്മയായി സജീ വമായി പ്രവർത്തിക്കുന്നു.

## തുഞ്ചൻ സ്മാരക കമ്മിറ്റി ബാംഗ്ലൂർ

തിരൂരിലുള്ള തുഞ്ചൻ പറമ്പിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളുമായി കേരള സർക്കാർ നിയോഗിച്ച ചെയർമാനെന്ന നിലയിൽ ശ്രീ എം ടി വാസുദേവൻ നായർ ബാംഗ്ലൂരിലെത്തി. സുഹൃത്തായ ശ്രീ.എ.ആർ.കെ മേനോനുമായി ബന്ധപ്പെട്ടു. ബാംഗ്ലൂരിൽ ഒരു തുഞ്ചൻ സ്മാരക സമിതിയുണ്ടാക്കണമെന്നും, ബാംഗ്ലൂർ ഈ പദ്ധതിയിൽ മലയാളികളുടെ പങ്കുറപ്പുവരുത്തണമെന്നും എം.ടി അഭ്യർത്ഥിച്ചു. ജോസഫ് വന്നേരി, ശ്രീ എ.വി.ബാലകൃഷ്ണൻ, എന്നിവരുടെ സഹായത്തിൽ നൃപതുംഗ റോഡിലുള്ള സ്റ്റേറ്റ് യൂത്ത് സെന്ററിൽ വച്ച് ബാംഗ്ലൂർ മലയാളികളുടെ ഒരു പ്രതിനിധി യോഗം ചേരുകയും ശ്രീ.എ.ആർ.കെ.മേനോൻ അധ്യക്ഷനായും, ഞാൻ കൺവീന റായും, ശ്രീ മുരളീധരൻ ഖജാന്ജിയുമായും ഒരു വിപുലമായ

കമ്മറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു.

ഒരു ഹീറോ ഹോണ്ട മോട്ടോർബൈക്ക് ഒന്നാം സമ്മാനവും മറ്റനവധി സമ്മാനങ്ങളുമുൾപ്പെടുന്ന അഞ്ചു രൂപയുടെ സംഭാവന ഭാഗ്യക്കുറി ടിക്കറ്റ് വിൽപനയിലൂടെയുള്ള ഫണ്ടു ശേഖരണ പരിപാടിയുമായാണ് പ്രവർത്തനമാരംഭിച്ചത്. ഈ സംരംഭത്തിലൂടെ ഏകദേശം ഒരു ലക്ഷം രൂപ പിരിക്കുകയും ആ തുക തിരൂരിൽ നടന്ന പൊതു സമ്മേളത്തിൽ വച്ച് ശ്രീ എ വി ബാലകൃഷ്ണൻ തുഞ്ചൻ പറമ്പിന്റെ പുനരുദ്ധാരണ പദ്ധതിയുടെ ചെയർമാൻ ശ്രീ എം ടി യെ ഏൽപ്പിക്കുകയും ചെയ്തു.

## സൂര്യനെല്ലിയിലേക്കൊരു യാത്ര

സൂര്യനെല്ലി.... ഈ പേരു പരിചയമില്ലാത്ത മലയാളികൾ കാണില്ല. അതയധികം വിവാദങ്ങൾ സൃഷ്ടിച്ച ഒരു സ്ഥലമാണിത്. പക്ഷെ തേയിലത്തോട്ടങ്ങൾക്കും വൃക്ഷലതാദികൾക്കും, മൂടൽ മഞ്ഞിനും മറ്റും പേരുകേട്ട ആ ശ്യാമസുന്ദരമായ മലമ്പ്രദേശത്തേക്കു പോകുവാൻ ഒരവസരംകിട്ടി. എന്റെ സുഹൃത്തിന്റെ അനുജത്തിക്ക് ഒരു വിവാഹാലോചന വന്നു. പയ്യൻ സൂര്യനെല്ലിയിലെ ഹാരിസൺ മലയാളം എന്ന കമ്പനിയിലെ മാനേജരാണ്. കുടുംബവും കുടുംബക്കാരെയും മറ്റും നന്നേ പിടിച്ചു. പക്ഷെ പയ്യന്റെ യഥാർത്ഥവിവരം നേരിട്ട് അന്വേഷിക്കണം.

ഈ ആവശ്യം എന്നോടുപറഞ്ഞു. മറ്റു പല സുഹൃത്തുക്കളുമായി ആലോചിച്ചു. ഈ സ്ഥലത്തുനിന്നുള്ള ആരും പരിചയത്തിലില്ല. ചന്ദ്രികയുടെ ചേച്ചിയുടെ ഭർത്താവു പ്രസന്നകുമാർ ഋഷിവാലി സ്കൂളിലെ ആർട്ട് ഡിപ്പാർട്ടമെന്റ് ഹെഡ് ആയിരുന്നു. അദ്ദേഹം പഠിപ്പിച്ച ഒരു വിദ്യാർത്ഥിയുടെ അച്ഛൻ എറണാകുളത്തുള്ള ഹാരിസൺ മലയാളം കമ്പനിയിൽ ഒരു ഉയർന്ന ഉദ്യോഗസ്ഥനാണ്. അദ്ദേഹത്തിലൂടെ സൂര്യനെല്ലി എസ്റ്റേറ്റിന്റെ മാനേജർ ആയ ഒരു സായിപ്പിനെ ബന്ധപ്പെടുവാൻ കഴിഞ്ഞു.

മൂന്നാറിൽ നിന്നും നാൽപതു കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന പ്രകൃതി മനോഹരമായ സ്ഥലമാണ് സൂര്യനെല്ലി. ഇടുക്കി ജില്ലയിലെ ചിന്നക്കനാലിൽ സ്ഥിതി ചെയ്യുന്ന ഇവിടം

ദേവീകുളത്തോട് ചേർന്നാണ് കിടക്കുന്നത്. സഞ്ചാരികൾക്കിടയിൽ പെട്ടന്ന് പ്രശസ്തമായ ഒരിടം കൂടിയാണ് സൂര്യനെല്ലി..

എറണാകുളത്തുനിന്ന് ട്രാൻസ്പോർട്ടുബസ്സിൽ കയറി മൂന്നാറിലെത്തി. അപ്പോഴേക്കും സന്ധ്യയായി. അവിടെ ശ്രീ നാരായണ അനെക്സ് എന്ന ഹോട്ടലിൽ മുറിയെടുത്തു. നല്ല രീതിയിൽ ഒരുക്കിയിരിക്കുന്ന വലിയ വാടകയൊന്നുമില്ലാത്ത സാമാന്യം ഭേദപ്പെട്ട ഹോട്ടൽ. പൊരിയുന്ന വെയിലിലായിരുന്നു യാത്ര. ഒന്ന് കുളിച്ചശേഷം വിശ്രമിക്കാം എന്നിട്ടു അതിരാവിലെ സൂര്യനെല്ലിക്കു പോകാമെന്നാണ് പരിപാടി.

ഒരു സംശയം. ഇത്രയൊക്കെ ഭംഗിയായി മുറിയും പരിസര വുമെല്ലാം സൂക്ഷിച്ചിരിക്കുന്ന ഹോട്ടൽ മുറിയിൽ ഒരു ഫാനില്ല! എ.സി.യുമില്ല. വിയർത്തൊഴുകുന്നു. അതിശയം തോന്നി. പോരാത്തതിന് രണ്ട് കട്ടിലിലും കനത്ത രണ്ടു കമ്പിളിപ്പുതപ്പും! വട്ടാണോ ഇവർക്കെന്നു തോന്നി.

റൂം ബോയ് കടന്നുവന്നു. 'സർ കുടിക്കാനെന്തെങ്കിലും?'

'എടോ കുടിക്കാനൊന്നും കിട്ടിയില്ലെങ്കിലും തരക്കേടില്ല. ഈ റൂമിലൊരു ഫാനില്ലല്ലോ? ഇന്നെങ്ങിനെ ഉറങ്ങും?'

എന്റെ മുഖത്തെ വികാരം കണ്ടിട്ട് അവനു ചിരിവരുന്നു. ഇതിലെന്താ ചിരിക്കാൻ?

'സാറെ ഒരു മണിക്കൂറൂടെ ഒന്ന് കഴിഞ്ഞോട്ടെ. പിന്നെ സാർ ആ കമ്പിളിക്കടിയിൽ നിന്നും പുറത്തുവരില്ല. അത്ര തണുപ്പാണിവിടെ'. അതൊരു പുതിയ അറിവായിരുന്നു. അഞ്ചരമണി കഴിഞ്ഞതും അന്തരീക്ഷമെല്ലാം മഞ്ഞു മഞ്ഞുമൂടി. സമയം കൂടുന്നതോടെ പത്തടി അകലെ നിൽക്കുന്ന ആളെപ്പോലും കാണാൻ പ്രയാസമായിത്തോന്നി. അതായിരിക്കാം ജീപ്പുകാരൻ ഇന്നു പോകേണ്ട. രാവിലെ പോകാമെന്നു പറഞ്ഞത്

സൂര്യൻ എത്താത്ത, പ്രകാശം കടന്നു വരാത്ത സൂര്യനെല്ലി കേരളത്തിലെ, പ്രത്യേകിച്ച് ഇടുക്കിയിലെ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഒന്നാണ്. ഒരു കാലത്ത് ശബരി മലയിലേക്കുള്ള കാനനപാത കടന്നു പോകുന്ന സ്ഥലങ്ങളിൽ

ഒന്നായിരുന്നുവത്രെ. എന്നാൽ കഠിന വനങ്ങളാൽ നിറഞ്ഞിരുന്ന ഇവിടെ സൂര്യപ്രകാശം താഴേക്ക് പതിക്കില്ലായിരുന്നു എന്നാണ് പറയപ്പെടുന്നത്. അതുകൊണ്ട് 'സൂര്യൻ' 'ഇല്ല' എന്നീ രണ്ടു വാക്കുകളിൽ നിന്നാണ് സൂര്യനെല്ലി എന്ന സ്ഥലനാമം ഉണ്ടായത് എന്നാണ് പറയപ്പെടുന്നത്. സമുദ്രനിരപ്പിൽ നിന്നും ആയിരത്തി നാനൂറ്റി പന്ത്രണ്ടു മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഇവിടം പശ്ചിമഘട്ടത്തിന്റെ ഭാഗം കൂടിയാണ്.

അതിരാവിലെ തന്നെ മലമുകളിലേക്ക് ഒരു ജീപ്പിൽ യാത്രതിരിച്ചു. നാൽപത് മിനിട്ട് എടുത്തുകാണും. തേയില തോട്ടങ്ങളിലൂടെ ഒരു ചെറിയ ബംഗ്ലാവിലെത്തി. ജീപ്പ് നിന്നതും ജോലിക്കാരിലൊരാൾ അടുത്തെത്തി വിവരമന്വേഷിച്ചു. സായിപ്പിനെക്കാണാനാണെന്നു പറഞ്ഞതും കേട്ട് അയാൾ ഉള്ളിലേക്ക് പോയി. ഉടനെ തന്നെ സായിപ്പു പുറത്തുവന്നു. ഞങ്ങളെ സ്വീകരണമുറിയിലേക്കാനയി ച്ചിരുത്തി. കാര്യങ്ങൾ എല്ലാം പറഞ്ഞു. പ്രതീക്ഷിരുന്നപോലെ തന്നെ നല്ല അഭിപ്രായമായിരുന്നു. അദ്ദേഹം തന്ന ചായ കുടിച്ചു. ആ ചായയുടെ സ്വാദ് കരുതിക്കൂട്ടി നുണഞ്ഞാസ്വദിച്ചു. ഇതിലും നല്ല ചായ വെറും ഭാവനകൾ മാത്രമായിരിക്കുമല്ലോ എന്ന് കരുതി?


## സമാജം പ്രവർത്തനങ്ങൾക്ക് ഒരു ഇടവേള!

1975 മുതൽ 2000 വരെയുള്ള സമാജം പ്രവർത്തനങ്ങളിൽ ഞാൻ സംതൃപ്തനായിരുന്നു. ഭരണ തുടർച്ച ഒഴിവാക്കുവാനായി ഭാരവാഹിത്വമില്ലാതെ തന്നെ എല്ലാ കാര്യങ്ങളിലും ഉത്തരവാദിത്വ ത്തോടുകൂടി പ്രവർത്തിച്ചിരുന്നു. എന്റെ വാക്കുകൾ യാതൊരെതിർപ്പുമില്ലാതെ പൊതുവെ എല്ലാവരും അംഗീകരി ച്ചിരുന്നു. എന്നാൽ 2000-ത്തിൽ നടന്ന തിരഞ്ഞെടുപ്പുവേളയിൽ സ്കൂൾ സെക്രട്ടറിയുടെ സ്ഥാനത്തേക്ക് തിരഞ്ഞെടുപ്പുണ്ടായി. ഞാൻ നിർദ്ദേശിച്ചിരുന്ന വ്യക്തി തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ തയ്യാറല്ലായിരുന്നു. അതിനാൽ ഞാൻ തന്നെ മത്സരിക്കേണ്ടിവന്നു.

സംഘടനയുടെ ഭാരവാഹികൾ ഭരണ ചുമതലയോടൊപ്പം തുടർന്ന് ഭരിക്കുന്നതിനായുള്ള കഴിവും തന്റേടവുമുള്ള വ്യക്തി കളെ കണ്ടുപിടിച്ച് അവരിൽ സംഘടനയുടെ ചുമതലയേൽ പിക്കേണ്ടതാണ്. കഴിവില്ലാത്ത ഒരാളുപോലും തലപ്പത്ത്

വരാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും ഒരു കടമയാണ്. എന്നെ നന്നായറിയാവുന്ന അംഗങ്ങളോട് ഞാൻ വോട്ടഭ്യർത്ഥിച്ചില്ല. എതിർ സ്ഥാനാർഥി അത് ഒരായുധമായെടുത്തു. മാത്രമല്ല അതിനുള്ളിൽ വരാൻ പാടില്ലാത്ത വിവിധ നിറവ്യത്യാസങ്ങൾ പ്രചരിച്ചു. വോട്ടിങ്ങിൽ വളരെ ചെറിയ വ്യത്യാസത്തിൽ ഞാൻ പരാജയപ്പെട്ടു. മാറ്റങ്ങളെ സ്വീകരിക്കുന്ന സമൂഹത്തിനോട് നന്ദി പറഞ്ഞു. എല്ലാ രേഖകളും ഔദ്യോഗികമായി കൈമാറി. അങ്ങിനെ ദൂരവാണിനഗർ കേരളസമാജത്തിന്റെ പ്രവർത്തനങ്ങൾക്ക് ഒരു ഇടവേള നൽകി.

## ഒരു ചുമടുതാങ്ങി



കുറെ സഹജീവികൾക്കു സഹായകരമായി പ്രവ്രത്തിച്ചിരുന്ന എന്റെ മനസ്സിൽ ചുമടുതാങ്ങിയെന്ന വാക്കോർമ്മവരുന്നു. നാട് വിട്ടശേഷം ചുമടുതാങ്ങി എവിടെയും കണ്ടിട്ടില്ല. ഇന്ന് നാട്ടിൽ പോലുമില്ല! ചുമടു താങ്ങികളും വഴിയമ്പലങ്ങളും പുതിയ തലമുറയ്ക്ക് ഒരു കൗതുക കാഴ്ചയായിരിക്കും. ബാംഗ്ലൂരിൽ

കല്യാൺ നഗറിലൂടെയുള്ള റിങ് റോഡിലാണ് ഈ കാഴ്ച കാണുവാൻ സാധിച്ചത്. ചുമടുതാങ്ങിയെ ഉദ്ദേശിച്ചാണോ ഇത് സ്ഥാപിച്ചതെന്നും സംശയമുണ്ട്. ഒരുപക്ഷെ ഒരു വേർപെട്ട ഡിസൈൻ ഇരിക്കട്ടെ എന്നായിരിക്കും ഇതു സ്ഥാപിച്ചവർ കരുതിയത്. ഇതു കണ്ടിട്ടു കേരളത്തിൽ കാലഹരണപ്പെട്ട ചരിത്രസ്മാരകങ്ങളായ ചുമടുതാങ്ങികളെയാണ് ഓർമവന്നത്.

ഒട്ടു മിക്ക ചുമടുതാങ്ങികളും വഴിയമ്പലത്തിനോട് ചേർന്നാണ് കണ്ടിരുന്നത്. ഭാരം ചുമക്കുന്ന വഴി യാത്രക്കാർക്ക് വിശ്രമിക്കുന്നതിനായി പണിതതാണ് വഴിയമ്പലങ്ങളും ചുമടുതാങ്ങികളും. വാഹന സൗകര്യങ്ങൾ ഒന്നുമില്ലാതിരുന്ന ഒരുകാലത്തു തലച്ചുമടായിട്ടാണ് വസ്തുവകകൾ കൈമാറിയിരുന്നത്. ദൂരസ്ഥലങ്ങളിലേക്കു കൊണ്ടുപോയിരുന്നതും തലച്ചുമടായിട്ടാണ്. ചുമടും കൊണ്ട് പോകുന്നവർ ക്ഷീണിക്കുമ്പോൾ വിശ്രമിക്കുന്നതിനാണ് ചുമടുതാങ്ങികൾ. അതെ; പരസഹായമില്ലാതെ തലച്ചുമടിറക്കിവെക്കുവാൻ വേണ്ടി. ഭക്ഷണവും വിശ്രമവും അടുത്തു തന്നെയുള്ള വഴിയമ്പലങ്ങളിലും.

ഇന്ന് ഈ ചുമടുതാങ്ങികൾ വെറും ചരിത്ര സ്മാരകങ്ങളായി തീർന്നു. ബാംഗ്ലൂരിലെ കല്യാൺനഗറിലൂടെ കടന്നു പോകുന്ന റിങ്റോഡിലുള്ള ചുമടുതാങ്ങി, അതു കണ്ടിട്ടില്ലാത്തവർക് ഒരു അനുഗ്രഹമായിരിക്കും.

## 23 വർഷത്തെ സേവനങ്ങൾക്കു ശേഷം ഐ.ടി.ഐ. വിടുന്നു.

തിരഞ്ഞെടുപ്പു പരാജയത്തിലുണ്ടായ ഏറ്റവും വലിയ വിഷമം ഏകാന്തതയായിരുന്നു. ഐ.ടി.ഐ.യിൽ എന്റെ ഓഫീസിൽ ദിനവും ആരെങ്കിലുമൊക്കെയെത്തുമായിരുന്നു. പല ആവശ്യങ്ങൾക്കായി. തിരഞ്ഞെടുപ്പിനുശേഷം ആ വരവ് തീർത്തും ഇല്ലാതെയായി. അങ്ങിനെ ഒരേകാന്തതയിലിരിക്കുമ്പോൾ ഒരു സുഹൃത്ത് എന്നെ തേടിയെത്തുന്നു. സാധാരണ കുശലങ്ങൾക്കുശേഷം അദ്ദേഹം കാര്യത്തിലേക്കു കടന്നു. മകൾ MSC യാണ് ജെനെറ്റിക്സ്. ഗാർഡൻ സിറ്റി കോളേജിൽ അദ്ധ്യാപികയുടെ ഒഴിവിലേക്ക് അപേക്ഷിച്ചിട്ടുണ്ട്. നാളെ ഇന്റർവ്യൂ ആണ്. കോളേജിന്റെ ഉടമസ്ഥനോട് ഒന്ന് ശുപാർശ ചെയ്യണം. അതാണ് കാര്യം.

ഈ വന്ന മനുഷ്യൻ എനിക്കെതിരായി ഉദയനഗറിൽ വീടു വീടു കൾ തോറും കയറിയിറങ്ങി വോട്ടുപിടിച്ചയാളാണ്! എങ്ങിനെ യാണ് പ്രതികരിക്കേണ്ടത്? ആലോചിച്ചു. അവസാനം നിമിഷ ങ്ങൾക്കുള്ളിൽ ഒരു തീരുമാനമെടുത്തു. ഇയാളെ സഹായിക്കണം. അങ്ങിനെ എനിക്ക് പ്രതികാരം ചെയ്യണം!

അപ്പോൾത്തന്നെ ഞാൻ ലീവെടുത്ത് അയാളുമൊത്തു ഗാർഡൻ സിറ്റി കോളേജിന്റെ ഓഫീസിലേക്ക് പോയി. ഡോക്ടർ ജോസഫ്. യുവത്വം തുടിക്കുന്ന ചുറുചുറുക്കാർന്ന ഒരു ചെറുപ്പക്കാരൻ. ഞങ്ങൾ അർഹിക്കുന്നതിലുമധികം സ്വീകരണം നൽകി. കുശലം പറച്ചിലും ചായകുടിയുമൊക്കെ കഴിഞ്ഞതും ഞാൻ ആവശ്യം അറിയിച്ചു. ഒരു ഭാവവ്യത്യാസവുമില്ലാതെ അദ്ദേഹം പറഞ്ഞു:

'നാളെയാണ് ഇന്റർവ്യൂ; ഇന്റർവ്യൂവിനു വന്നാലും ഇല്ലെങ്കിലും മറ്റന്നാൾ ജോലിക്കു പ്രവേശിക്കാം! പോരെ? നായർ സാർ ആദ്യമായിപ്പറയുന്ന ഒരു കാര്യമല്ലേ?'

സന്തോഷമായി. ഒരു പ്രതികാരം ചെയ്ത സന്തോഷം. ചർച്ചകൾ തുടർന്നു. ചായ രണ്ടാമതും തന്നു. ആ ചായകുടിയുടെയിടയിൽ ഡോക്ടർ ജോസഫ് ഒരു ആവശ്യമുന്നയിച്ചു:

'സാറിപ്പോ ഫ്രീയല്ല? ഐ.ടി.ഐ വിട്ടിട്ട് എന്റെ കൂടെ വരാമോ? എന്തായാലും സമാജത്തിൽ ജോലിയൊന്നുമില്ലല്ലോ?'

ഞാനൊന്നു ഞെട്ടി. ഐ.ടി.ഐ.യിൽ നിന്ന് റിസൈൻ ചെയ്യാനോ? എന്നിട്ടു ഗാർഡൻ സിറ്റിയിൽ ജോലിക്കുചേരാനോ? മനസ്സിൽ തോന്നിയ വികാരം താനെ പുറത്തു വന്നു പോയി!

'ഹേയ് ഞാനില്ല. തത്കാലം ഐ.ടി.ഐ വിടാനുദ്ദേശിക്കുന്നില്ല.'

അദ്ദേഹം സൗകര്യം പോലെ വിഷയം മാറ്റി. പിന്നെയും മറ്റു പലതും സംസാരിച്ചു. സംഭാഷണങ്ങൾ അവസാനിപ്പിച്ചിറങ്ങാൻ തയ്യാറായി. ഡോക്ടർ ജോസഫ് ഒരിക്കൽ കൂടി ഓഫർ ഒന്ന് പുതുക്കി.

'വെറുതെ പറഞ്ഞതല്ല സാർ, ആലോചിച്ചിട്ട് മറുപടി പറഞ്ഞാൽ മതി. ഇപ്പൊ വേണ്ട. അപ്പൊ.. കാണാം..'

യാത്രപറഞ്ഞിറങ്ങി. ബുള്ളറ്റ് സ്റ്റാർട്ട് ചെയ്തു. മനസിന്റെ ഉള്ളിലെവിടെയോ ഒരു ആശയക്കുഴപ്പം പോലെ. ഇതൊരു നല്ല ഓഫർ അല്ലേ? ആ സുഹൃത്തിനെ ഐ.ടി.ഐ യിൽ വിട്ടിട്ട് നേരെ വീട്ടിലേക്കു മടങ്ങി. ചന്ദ്രികയുടെ അഭിപ്രായമറിയാം! കാര്യങ്ങളെല്ലാം വിശദമായിപ്പറഞ്ഞു. ആയിടക്ക് എനിക്കുണ്ടായിരുന്ന മാനസിക സമ്മർദ്ദം ഏറ്റവുമറിയാവുന്നത് അവൾക്കാണ്.

'എന്താ തന്റെ അഭിപ്രായം?'

ഞാൻ ചന്ദ്രികയോടു ചോദിച്ചു.

'നല്ലതാണെന്നു തോന്നുന്നു. ധൈര്യമായെടുക്കാം! എന്തെങ്കിലും സംഭവിച്ചാൽ തന്നെ നമുക്ക് നമ്മുടെ എൽ.ഐ.സി യുണ്ടല്ലോ!'

അതൊരു ഉറച്ച അഭിപ്രായമായി തോന്നി. അന്ന് രാത്രിയിൽ കൂടുതൽ ചർച്ച ചെയ്തു. പിറ്റേന്ന് രാവിലെ ഐ.ടി.ഐ.യിൽ ചെന്നയുടനെ സുഹൃത്തായിരുന്ന പേർസണൽ ഓഫീസറെ കണ്ടു. അദ്ദേഹം അഞ്ചു വർഷക്കാലമുള്ള 'ലീൻ' (ശമ്പളമില്ലാതെയുള്ള ദീർഘകാല അവധി) എടുക്കാൻ ഉപദേശിച്ചു. അടുത്തത് പീറ്റർ ജോർജിനെ പോയി കണ്ടു സംസാരിച്ചു. അങ്ങിനെ അഞ്ചു വർഷത്തേക്കുള്ള ലീൻ വേണ്ടി അപേക്ഷിച്ചു. അത് അപ്പ്രൂവ് ആയി. ഐ.ടി.ഐ.യിൽ നിന്നും പുറത്തു വന്നു.

## ഗാർഡൻ സിറ്റി കോളേജിലേക്ക്

ഗാർഡൻ സിറ്റിയിൽ ചേരുവാൻ തയ്യാറാണെന്ന വിവരം ഡോക്ടർ ജോസഫിനെ പോയി കണ്ടു പറഞ്ഞു. അദ്ദേഹത്തിന് സന്തോഷമായി. ഒരു വെള്ള കടലാസു തന്നിട്ട് ഒരപ്പോയിന്റ്മെന്റ് ഓർഡർ എഴുതാൻ പറഞ്ഞു. ഞാനെഴുതി. ശമ്പളം എത്രയെന്നെഴുതിയില്ല. അതുമെഴുതണമെന്നായി. ഐ.ടി.ഐ.യിൽ നിന്ന് പ്രതിമാസം ഏറ്റവും കൂടുതൽ കൈപ്പറ്റിയിട്ടുള്ളത് എട്ടായിരം രൂപയാണ്. എന്തായാലും ഇരുപത്തി അയ്യായിരമെന്നെഴുതി. അൽപം ശങ്കയോടെ അദ്ദേഹത്തിനെ കാണിച്ചു. തെല്ലുപോലും കൂസലില്ലാതെ അദ്ദേഹം അത് തിരുത്തുന്നതോടെ പറഞ്ഞു.

'പതിനഞ്ചായിരമെന്ന് എഴുതിയാൽ മതി. പത്തായിരം ഞാൻ ക്യാഷായി തരാം. മൊത്തം ഇരുപത്തിയഞ്ചു തന്നെ.'

അതോടൊപ്പം ഒരു മൊബൈൽ ഫോണും ഒരു കാറും. മാരുതി 800!

ഒരു വർഷത്തിന് ശേഷം ഗാർഡൻ സിറ്റി കോളേജിൽ എന്റെ നില ഭദ്രമാണെന്നു മനസ്സിലാക്കിയതോടെ വോളന്ററി റിട്ടയർമെന്റ് എടുത്തു. അങ്ങിനെ ഇരുപത്തിമൂന്നു വർഷത്തെ സേവനങ്ങൾക്കു ശേഷം ഐ.ടിഐ. യിൽ നിന്നും സ്ഥിരമായി പുറത്തുവന്നു.

## ഗാർഡൻ സിറ്റി കോളേജിൽ പന്ത്രണ്ടു വർഷം.

ഗാർഡൻ സിറ്റി കോളേജിൽ ഡയറക്ടർ ഡോ. ജോസഫ്. വി. ജി യുടെ പേർസണൽ സെക്രട്ടറി ആയി ചുമതലയേറ്റു. ഐ.ടി. ഐ. യിൽ നിന്നും രാജി വെക്കാതെ അഞ്ചു വർഷത്തെ ലീൻ പീരിയഡിൽ ആയതിനാൽ ഔദ്യോഗികമായ റെക്കോർഡുകളിൽ എന്റെ പേര് രേഖപ്പെടുത്തിയിട്ടില്ലായിരുന്നു. പിന്നീട് അത് പ്രയോജനകരവുമായി.

2000 മെയ് മാസമാണ് ജോലിയിൽ പ്രവേശിച്ചത്. ഏകദേശം മൂന്നുമാസം ഇരിക്കാൻ കസേര തന്നില്ല! ചോദിച്ചതുമില്ല! അവിടെയുള്ള എല്ലാ സ്റ്റാഫിന്റേയും അടുത്തു പോയി ഇരുന്ന് അവരുടെ ജോലിയെല്ലാം മനസിലാക്കി. ഉദ്ദേശം 60 ദിവസത്തിനുള്ളിൽ ഞാൻ എന്റെ പ്രൊപോസൽ കൊടുത്തു.

അവിടെ സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയാണ് ആദ്യമായി നിരീക്ഷിച്ചത്.. വരവുചിലവുകൾ മാത്രം കൃത്യമായി രേഖപ്പെടുത്തിയിരുന്നെങ്കിലും സ്ഥാപനത്തിന്റെ നിലയ്ക്ക്നുസൃതമായ രീതികൾക്ക് രൂപം കൊടുത്തിരുന്നില്ല. എന്നും വൈകിട്ട് ജോസഫ് സാറിന്റെ വീട്ടിൽ കൊണ്ടുപോയി പണം കൊടുക്കും. കണക്ക് ബുക്ക് തിരിച്ചു കൊണ്ട് വരും. ഇതായിരുന്നു 'അക്കൗണ്ട്സ്'. ഒരു സ്ഥാപനത്തിനുവേണ്ട എല്ലാ വിധത്തിലുമുള്ള പേയ്മെന്റ്സും ഉണ്ടായിരുന്നു. പക്ഷെ എല്ലാം അദ്ദേഹത്തിന്റെ 'ഫിംഗർ ടിപ്സിൽ' തന്നെ! ഞാൻ നൽകിയ നിർദ്ദേശത്തിൽ ഒരു

ഫുൾഫ്ളഡ്ജ്ഡ് അക്കൗണ്ട്സ് ഡിപ്പാർട്ടമെന്റ് വേണം എന്ന് പ്രധാനമായി പറഞ്ഞിരുന്നു. ആദ്യം തന്നെ അദ്ദേഹം അതിനു സമ്മതിച്ചു. ഞാൻ ഒരു അക്കൗണ്ടന്റിനായി പരസ്യമിട്ടു. പത്തുപേരോളം ഫൈനൽ ഇന്റർവ്യൂവിനു ഹാജരായി. ഒരാളെ തിരഞ്ഞെടുത്തു. കേരള സമാജത്തിൽ നിന്നും ലഭിച്ച അക്കൗണ്ട്സ് അറിവുകൾ അവിടെ പ്രയോജനപ്പെടുത്തി. ക്രമേണ ആറുപേരോളമുള്ള ഒരു ഡിപ്പാർട്മെന്റായി മാറി. അതിനുശേഷമാണ് പരസ്യത്തിനും, പർച്ചേസിനും, ശമ്പളം, കെട്ടിട വാടക, ഫീസ് കളക്ഷൻ, വാട്ടർ/ ഇലക്ട്രിസിറ്റി ബില്ലുകൾ, TDS, തുടങ്ങി എല്ലാറ്റിനും വേറെ വേറെ നടപടിക്രമങ്ങളുണ്ടാക്കി.

എല്ലാ പണമിടപാടുകളും ഡയറക്ടർ നേരിട്ടായിരുന്നു. അദ്ദേഹത്തിന്റെ ടേബിൾ ഡ്രായിലുള്ള ചെക്ബുക് എടുക്കും 'എത്ര തന്നിരുന്നു' എത്ര ഇനിയും കൊടുക്കണമെന്നും മറ്റും ആലോചിക്കും, ആവശ്യമെങ്കിൽ പണം വാങ്ങാൻ വന്ന ആളോട് തന്നെ ചോദിക്കും. പിന്നെ ചെക്ക് എഴുതി ഒപ്പിട്ടുകൊടുക്കും. ഇതായിരുന്നു രീതി. അക്കൗണ്ടന്റിനെ നിയമിച്ചശേഷം ഞാൻ ഇതിലിടപെട്ടു. ചെക്കുബുക്കുകൾ എല്ലാം ഞാൻ ഏറ്റെടുത്തു. അക്കൗണ്ടന്റിനെ ഏൽപിച്ചു. ചെക്ക് ട്രാക്കിംഗ് രജിസ്റ്റർ തയ്യാറാക്കാൻ പറഞ്ഞു. അതിന്നും തുടരുന്നു.

## കോളേജിലെ ഭരണ പരിഷ്കാരങ്ങൾ.

ആവശ്യം വരുമ്പോൾ താൽകാലികമായുണ്ടാക്കുന്ന ബാലൻസ് ഷീറ്റിന്റെ പരിപാടി അവസാനിപ്പിച്ചു. കൃത്യമായ ദിവസങ്ങളിൽ വാടക ചെക്കുകൾ തയ്യാറാക്കി, ശമ്പളം പത്താം തീയതി തന്നെ തയ്യാറാക്കി, പി.എഫ് തുടങ്ങി. എല്ലാ ജീവനക്കാരുടെയും ശമ്പളം ബാങ്ക് വഴിയാക്കി, ആരും ഓഫീസിൽ വന്നു രാവിലെ മുതൽ വൈകിട്ടുവരെ വാടക ചെക്കിനായി കാത്തിരിക്കേണ്ട, ഫീസ് കളക്ഷൻ ദിനം പ്രതി കണക്കുകൾ ജോസഫ് സാറിനെത്തി, ഡിപ്പാർട്മെന്റിലെല്ലാം ഇന്റർണൽ ഓഡിറ്റ് തുടങ്ങി, ഒരു കണക്കുമില്ലാതിരുന്ന സെക്യൂരിറ്റി ഡപ്പോസിറ്റുകൾ തിരിച്ചു കൊടുക്കുന്നതിനു വ്യവസ്ഥകൾ ഉണ്ടാക്കി. പർച്ചസ് മെട്രോയിൽ നിന്നാക്കി. അക്കൗണ്ടിലൂടെ ലീവെടുക്കാത്തവർക്കു ബോണസ്

നൽകി, പ്രസവാവധി ഏർപ്പെടുത്തി. ഹോസ്റ്റൽ നിയമങ്ങളുണ്ടാക്കി, ഐ.എസ്.ഓ - സർട്ടിഫിക്കറ്റ് ലഭിച്ചു, സ്റ്റാഫിന് അറ്റന്റൻസ് പഞ്ചിങ് ഏർപ്പെടുത്തി, സ്റ്റാഫിന്റെ യൂണിഫോം നിർബന്ധമാക്കി, സെക്യൂരിറ്റി സ്വന്തം സ്റ്റാഫാക്കി, അങ്ങിനെ പതിമൂന്നു വർഷങ്ങൾ കൊണ്ട് ഒന്നാം തരം ഒരു യൂണിവേഴ്സിറ്റി ആക്കിത്തീർക്കാൻ എന്റെ കഠിനാധ്വാനം കൂടി കാരണമായതിൽ എനിക്ക് ചാരിതാർഥ്യമുണ്ട്.. കൂടാതെ മിനിറ്റ്സ് ബുക്കിൽ മാത്രമൊതുങ്ങിയിരുന്ന ഗവർണിങ് കൗൺസിൽ യോഗങ്ങൾ ക്രൃത്യമായി നടന്നു, ദേവമാതാ സ്കൂൾ വാങ്ങി, നാൽപ്പതു കുട്ടികൾ മാത്രമുണ്ടായിരുന്ന സ്കൂളിൽ രണ്ടായിരത്തിൽ പരം കുട്ടികളെ കൊണ്ടു നിറഞ്ഞു. സ്കൂൾ സ്റ്റാഫിന് മറ്റുള്ള സ്കൂളിലെ പോലെ കാര്യമായ ശമ്പള വർദ്ധനവ് വരുത്തി സ്കൂളിൽ പി.എഫിനു കൃത്യത വരുത്തി. സ്കൂൾ ടീച്ചേഴ്സിനും യൂണിഫോം നൽകി, സ്കൂളിന്റെ മുഖച്ഛായ തന്നെ മാറ്റി.

## സത്യസന്ധത തെളിയിക്കപ്പെടുന്നു

ഇതിനിടെ എന്റെ സത്യസന്ധത തെളിയിക്കുവാൻ പല പരീക്ഷണങ്ങളും നടത്തി. ഒരിക്കൽ അത്യാവശ്യമായി ബാങ്കിൽ മറ്റൊരാളിന്റെ പേരിൽ പതിനഞ്ചു ലക്ഷം രൂപ ഡെപ്പോസിറ്റുചെയ്യണം. സിറ്റിയിലുള്ള മറ്റൊരു ബാങ്കായിരുന്നു. അതിനാൽ ഞാൻ തന്നെ പോകണമെന്നായി. ഞാൻ കാറുമെടുത്തു അദ്ദേഹത്തിന്റെ വീട്ടിലെത്തി. ഒരു ബാഗിൽ പണം റെഡിയാക്കിവച്ചിരുന്നു. കെട്ടുകെട്ടായ നോട്ടുകൾ അദ്ദേഹം തന്നെ വിരലുകളാൽ എണ്ണി തിട്ടപ്പെടുത്തിക്കാണിച്ചു. ഞാൻ അതുമായി ബാങ്കിലെത്തി. മാനേജരുടെ മുറിയിലേക്ക് നടന്നു. ബാഗിൽ നിന്നും പണം എടുത്തു മാനേജരുടെ ടേബിളിൽ വച്ചു. ഒന്നുകൂടി എണ്ണി.. 16 ലക്ഷമുണ്ടായിരുന്നു. 15 ലക്ഷം ബാങ്കിലിട്ടു. ഒരുലക്ഷം അതെ ബാഗിൽ വച്ച് ബാഗു തിരികെ വീട്ടിൽ കൊടുത്തു... ആ ഒരു ലക്ഷത്തെപ്പറ്റി ഞാനൊന്നും പറഞ്ഞില്ല. പക്ഷെ അദ്ദേഹം പിറ്റേദിവസം പറഞ്ഞു. അറിയാതെ പറ്റിയതാണെന്ന്!

ജോസഫ് സാറിന്റെ ഓഫീസിനു മുന്നിലുണ്ടായിരുന്ന ഡയറക്ടർ

എന്ന ബോർഡ് ഞാൻ എടുത്തുകളഞ്ഞു. ആ സ്ഥാനത്തു ചെയർമാൻ എന്ന ബോർഡു സ്ഥാപിച്ചു. കാരണം അദ്ദേഹമാണ് ഗാർഡൻ സിറ്റി എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ ചെയർമാൻ. അങ്ങിനെ സ്ഥാപനത്തിന്റെ ഉടമസ്ഥന് പ്രൊമോഷൻ നൽകുവാനും എനിക്കവസരം കിട്ടി!

അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ കീഴിൽ നടത്തിയ എം.ബി.എ കോഴ്സിലുണ്ടായിരുന്ന വിദ്യാർത്ഥികൾ നൽകിയ പോലീസ് കേസ് ചെയർമാന്റെ അറസ്റ്റുവരെ എത്തിയെങ്കിലും അതിനെ കഠിനമായി പ്രതിരോധിക്കുവാനും എല്ലാ കുട്ടികൾക്കും കാര്യമായ പ്രാതിനിധ്യം നൽകി കേസുകൾ എല്ലാം പിൻവലിക്കുവാനും എന്റെ ഇടപെടലുകൾക്ക് കഴിഞ്ഞു.

## കോളേജിനുവേണ്ടി ഹൈ കോടതിയിൽ

ഒരു ഭീമമായ തുക ഇൻകം ടാക്സ് പെനാലിറ്റി അടിച്ച കേസിൽ കമ്മിഷണർ ലെവൽ തുടങ്ങി, ട്രിബ്യുണൽ, ഹൈകോർട്ട് എന്നിവിടങ്ങളിൽ നിന്ന് പെനാലിറ്റി ആവശ്യമില്ലെന്ന ഒരു വിധി വാങ്ങിയതിലും എന്റെയും ഞാൻ ഏർപ്പെടുത്തിയ ചാർട്ടേർഡ് അക്കൗണ്ടന്റിന്റെയും, വക്കീലിന്റെയും കഠിന പ്രയത്ന മുണ്ടായിരുന്നു. ചെയർമാനെ തന്ത്രപൂർവം കുടുക്കിയ പ്രമാദമായ ആന്ധ്ര ഗവർമ്മെന്റിന്റെ ഒരു സാമ്പത്തിക അട്ടിമറിക്കേസിൽ നിന്ന്, ഒരു പേരുദോഷവുമുണ്ടാകാതെ കേസുകൾ ഒത്തുതീർത്തതും എന്റെ സമയോചിതമായ ഇടപെടലുകൾ കൊണ്ട് മാത്രമാണെന്ന് ഞാൻ വിശ്വസിക്കുന്നു..

ഗാർഡൻസിറ്റി കോളേജിൽ ചെയർമാന്റെ പേർസണൽ സെക്രട്ടറി മാത്രമായിരുന്നെങ്കിലും സ്ഥാപനത്തിന്റെ സെക്രട്ടറിയായിട്ടാണ് പൊതുജനം കരുതിവന്നത്. അങ്ങിനെ പ്രസിദ്ധനാവുന്നതു മനസിന് പിടിക്കാതെയാകണം എന്റെ ഡെസിഗ്നേഷൻ അഡ്മിനിസ്ട്രേറ്റർ ആക്കി മാറ്റി. പിന്നീട് ഗാർഡൻ സിറ്റി ഗ്രൂപ്പിന്റെ ചീഫ് അഡ്മിനിസ്ട്രേറ്റർ ആയി കയറ്റം കിട്ടി. ഒൻപതു ഹോസ്റ്റലുകളും, രണ്ടു കോളേജ് ക്യാമ്പസുകളും, രണ്ടു സ്കൂളുകളും കാര്യക്ഷമമായിത്തന്നെ നോക്കി നടത്തി.

സ്ഥാപനങ്ങളുടെ ആസ്തി കൂടിവന്നു. 1200 പേരോളം പല തസ്തികകളിയായി ജോലിചെയ്തുവന്നു. ചുരുങ്ങിയ കാലം കൊണ്ട് അതിവേഗത്തിൽ വളർന്ന സ്ഥാപനമെന്ന പേരുകിട്ടി.

## ശ്രീലങ്കയിലേക്ക്

കോളേജ് ചെയർമാൻ ഒരു പ്രത്യേക ജോലിയേൽപിച്ചു. കൊളോമ്പോയിൽ ഇന്റർനാഷണൽ എഡ്യൂക്കേഷൻ ഫെയർ നടക്കുന്നു. അതിനു ഗാർഡൻ സിറ്റി കോളേജിനെ പ്രതിനിധീകരിച്ചു ഞാൻ പോകണം. ആദ്യം നിരസിച്ചെങ്കിലും അദ്ദേഹത്തിന്റെ നിർബന്ധത്തിനു വഴങ്ങി, ഞാനതേറ്റു. ഓൺ ലൈൻ വഴിതന്നെ പേര് രജിസ്റ്റർ ചെയ്ത് കോളേജിന്റെ പങ്കാളിത്തം ഉറപ്പുവരുത്തി. ഫ്ലൈറ്റ് ടിക്കറ്റും മറ്റും കൃത്യസമയത്തുതന്നെ കിട്ടി. വിസ 'ഓൺ അറൈവൽ' ആണ്. വ്യാഴാഴ്ച ബാംഗ്ലൂരിൽ നിന്ന് ചെന്നൈയിലെക്കും അവിടെനിന്നു കൊളോമ്പോയിലേക്കും. ഏഴു ദിവസത്തെ എക്സിബിഷന് ശേഷം തിരിച്ചു ബാംഗ്ലൂരിലേക്കുള്ള ടിക്കറ്റടക്കം എല്ലാം കിട്ടി..

ആദ്യമായിട്ടാണ് ഫ്ലൈറ്റിൽ കയറുന്നത്. യാത്രയുടെ രീതികളെല്ലാം ഇതിനോടകം മനസ്സിലാക്കിയിരുന്നു. കൊളോമ്പോ എയർപോർട്ടിൽ എക്സിബിഷൻ കമ്പനിയുടെ ഉദ്യോഗസ്ഥർ എന്നെ സ്വീകരിക്കുവാൻ എത്തിയിരുന്നു. നേരെ ടാജ്-സൂര്യയിലേക്കുവിട്ടു. അവിടെ ബാംഗ്ലൂരിൽ നിന്നുമെത്തിയ മറ്റു കോളേജ് പ്രതിനിധികളുമുണ്ടായിരുന്നു. ആചാര്യ കോളേജ് ചെയർമാൻ, പ്രേംനാഥ് റെഡ്ഡി, ദയാനന്ദ് സാഗർ കോളേജിന്റെ സെക്രട്ടറി ഗാളി സ്വാമി, എന്നിവരായിരുന്നു അടുത്ത സുഹൃത്തുക്കൾ.

ആറു ദിവസം നീണ്ടുനിന്ന എക്സിബിഷനിൽ കുറെയധികം വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും പങ്കെടുത്തു. ഞാൻ ഒറ്റക്കായിരുന്നതിനാൽ എക്സിബിഷൻ സ്റ്റാൾ വിട്ടു പുറത്തേക്കിറങ്ങിയില്ല. എങ്കിലും എക്സിബിഷൻ കഴിഞ്ഞുള്ള രണ്ടു ദിവസങ്ങൾ വിനോദ സഞ്ചാരത്തിനായി വിനിയോഗിച്ചു.

## കൊളംബോയിലെ താജ് സമുദ്രയുടെ സ്വിമ്മിങ് പൂളിൽ

ഇതിനിനിടെ രസകരമായ ഒരു സംഭവമുണ്ടായി. എന്നും അതി രാവിലെ ഞാനും ഗാളിസ്വാമിയും ഹോട്ടലിലെ സ്വിമ്മിങ് പൂളിൽ പോകും. ഒരു മണിക്കൂറോളം നീന്തിക്കളിക്കും. മിക്കവാറും ഞങ്ങൾ രണ്ടുപേരു മാത്രമായിരിക്കും അത്ര രാവിലെ അവിടെയെത്തുക. ഒരു ദിവസം ഞങ്ങൾ നീന്തിക്കൊണ്ടിരുന്ന അവസരത്തിൽ ഒരു ചെറുപ്പക്കാരൻ സ്വിമ്മിങ് പൂളിലേക്ക് എടുത്തു ചാടി!, അതിവേഗത്തിൽ നീന്താൻ തുടങ്ങി. അയാൾ വെള്ളത്തിലിറങ്ങിയതുമുതൽ എന്റെ സുഹൃത്ത് അയാളെത്തന്നെ നോക്കികൊണ്ടേയിരുന്നു!. അതിശയം തോന്നിയ ഞാൻ ഗാളി സ്വാമിയോട് ചോദിച്ചു 'എന്താ മാഷെ ഇത്രയധികം കാണാൻ? അത് പെണ്ണല്ലല്ലോ!?'. അയാൾ അൽപം രഹസ്യമായി 'നായർ ഇങ്ങോട്ടു വന്നേ' ഞാൻ അയാളുടെ അടുത്തേക്ക് നീന്തി. 'അതാരാണെന്ന് മനസ്സിലായോ?'.ഞാൻ സൂക്ഷിച്ചു നോക്കി. 'ഇല്ല. ഞാനിതിനുമുമ്പ് കണ്ടിട്ടില്ല' അയാൾ കുറേക്കൂടെ അടുത്തുവന്നു രഹസ്യമായി പറഞ്ഞു അത് രണതുങ്കെയാണ്'. ഞാനൽപ്പം ആലോചിച്ചു. ശ്രീലങ്കയിലെ മന്ത്രിയായിരിക്കുമോ?



ഞാൻ ശങ്കയോടെ വീണ്ടും ചോദിച്ചു 'ആരാ?.' 'എടൊ രണതുങ്ക; ശ്രീലങ്കൻ ക്രിക്കറ്റ് ടീമിന്റെ ക്യാപറ്റൻ'.(ലോകമാന്യ അർജുൻ രണതുങ്ക. ശ്രീലങ്കൻ ക്രിക്കറ്റ് ടീമിനെ ലോകോത്തര നിലയിലെത്തിച്ച കായിക താരം) 'അത് ശരി. ഞാൻ വിചാരിച്ചു ഏതോ മന്ത്രിയായിരുക്കുമെന്നു', ഞാൻ മെല്ലെ നീന്തിയകന്നു. അയാൾ പിന്നെയും ആ മനുഷ്യനെ ഏതോ വിചിത്ര ജീവിയെന്നപോലെ നോക്കി നിന്നു. ഗാളിസ്വാമി പിന്നെയും എന്റെ അടുത്തേക്ക് നീന്തിവന്നു. ഒരു യാചനാസ്വരത്തിൽ പറഞ്ഞു. 'നായർ, എനിക്കയാളോടൊന്നു സംസാരിക്കണം?.

അതിനെന്താ. കേട്ടത് പാതി ഞാൻ നേരെ ആ മനുഷ്യന്റെ നേരെ നീന്തിയടുത്തു. 'സർ ആർ യു മിസ്റ്റർ രണതുങ്ക?' അയാൾ നീന്തൽ നിറുത്തി വളരെ ഭവ്യതയോടെ പറഞ്ഞു 'എസ് സർ'. 'വി കെയും ഫ്രം ബാംഗ്ലൂർ, ഫോർ ആൻ എഡ്യൂക്കേഷണൽ എക്സിബിഷൻ. ഐ ആം എസ്.കെ.നായർ ഫ്രം ഗാർഡൻ സിറ്റി കോളേജ് ബാംഗ്ലൂർ ആൻഡ് ഹി ഈസ് മിസ്റ്റർ ഗാളിസ്വാമി സെക്രട്ടറി ഓഫ് ദയാനന്ദ് സാഗർ കോളേജ് ബാംഗ്ലൂർ.'

ഗാളിസ്വാമിക്ക് സന്തോഷമായി. ഞാൻ നീന്തിയകന്നു.. അവർ രണ്ടുപേരും കുറെ നേരം സംസാരിച്ചു. സന്തോഷത്തോടെ യാത്ര പറഞ്ഞു.

## ശ്രീലങ്കയിലെ വൈവിധ്യമാർന്ന അനുഭവങ്ങൾ

ഇന്ത്യൻ മഹാസമുദ്രത്തിൽ സ്ഥിതി ചെയ്യുന്ന ശ്രീലങ്ക, വൈവിധ്യമാർന്ന പ്രകൃതിദൃശ്യങ്ങളും സമ്പന്നമായ സാംസ്കാരിക പൈതൃകവും അതുല്യമായ അനുഭവങ്ങളും കൊണ്ട് സഞ്ചാരികളെ ആകർഷിക്കുന്നു.. സുന്ദരമായ ബീച്ചുകൾ മുതൽ പച്ചപ്പ് നിറഞ്ഞ വനങ്ങൾ, പുരാതന അവശിഷ്ടങ്ങൾ, ഊർജ്ജസ്വലമായ നഗരങ്ങൾ, എന്നിവ പ്രകൃതി സൗന്ദര്യവും സാംസ്കാരിക സമൃദ്ധിയും തേടുന്നവർക്ക് അവിസ്മരണീയമായ അനുഭവമായിരിക്കും.

ശ്രീലങ്കയിൽ പ്രധാനപ്പെട്ട സ്ഥലങ്ങളെല്ലാം സന്ദർശിക്കണമെന്നുണ്ടായിരുന്നു. സമയക്കുറവിനാൽ അത്

സാധിച്ചില്ല. തേയിലത്തോട്ടങ്ങൾക്കും മൂടൽമഞ്ഞ് നിറഞ്ഞ കുന്നുകൾക്കുമിടയിൽ സ്ഥിതി ചെയ്യുന്ന എല്ല എന്ന മനോഹരമായ പട്ടണത്തിലേക്ക് വിട്ടു. രാവണ വെള്ളച്ചാട്ടം സന്ദർശിച്ചു , പ്രാകൃതമായ ബീച്ചുകൾ, ശാന്തമായ തടാകങ്ങൾ, എന്നിവ അത്യധികം പ്രശംസനീയമാണ്.

ശ്രീലങ്ക, ഓരോ സഞ്ചാരിക്കും വൈവിധ്യമാർന്ന അനുഭവങ്ങൾ പ്രദാനം ചെയ്യുന്നു. സിഗിരിയയിലെയും അനുരാധപുരയിലെയും ചരിത്ര വിസ്മയങ്ങൾ മുതൽ എല്ല, നുവാര ഏലിയ എന്നിവിടങ്ങളിലെ ശാന്തമായ ഹിൽ സ്റ്റേഷനുകൾ, മിറിസ്സ, ബെന്റോട്ട എന്നിവിടങ്ങളിലെ ഉഷ്ണമേഖലാ പറുദീസകൾ ഇവയെല്ലാം സാഹസികരെയും  വിനോദ സഞ്ചാരികളെയും ആകര്ഷിക്കുന്നവയാണെകിലും അവിടെയെല്ലാം എത്തിപ്പറ്റാൻ സാധിച്ചില്ല. ഒരാഴ്ചത്തെ തിരക്കേറിയ ദിവസങ്ങളവസാനിച്ചതോടെ ബാംഗ്ലൂരിലേക്ക് യാത്രതിരിച്ചു.

## മകൾ സഹന വിദേശത്തേക്ക്.

മകൾ സഹന ലണ്ടനിലുള്ള ക്വീൻ മേരീസ് യൂണിവേഴ്സിറ്റിയിൽ എൽ.എൽ.എമ്മിനുള്ള അഡ്മിഷൻ സ്വയം തിരഞ്ഞെടുത്തു. ഇന്റർനാഷണൽ കോർപ്പറേറ്റ് ലോ വിദേശത്തു തന്നെ പഠിക്കുന്നതാണ് നല്ലത് എന്ന് മനസ്സിലാക്കി അവളെ പ്രോത്സാഹിപ്പിച്ചു. എനിക്കൊരു വക്കീലാകണമെന്നുണ്ടായിരുന്നു! പല കാരണങ്ങളാൽ സാധിച്ചില്ല. അതുകൊണ്ടു മകൾ സഹനയെ വക്കീലാകാൻ പ്രേരിപ്പിച്ചു. സഹന ബാംഗ്ലൂർ യൂണിവേഴ്സിറ്റിയിൽ നിന്നും LLB പാസ്സായി. എന്താണ് അടുത്ത പരിപാടി. വളരെ സൗമ്യമായി LLM -നു ചേർന്നാൽ കൊള്ളാമെന്നുണ്ട് എന്ന് പറഞ്ഞു.. ഞാൻ അതിനെപ്പറ്റി അന്വേഷിച്ചു. കോളേജിൽ പഠിപ്പിക്കാനാഗ്രഹമുള്ളവർക്ക് മാത്രം LLM എടുത്താൽ മതി. വിദ്യാഭ്യാസരംഗത്തുള്ള പലരുടെയും അഭിപ്രായം തേടി. അവസാനം LLM-നു വിടാൻ തീരുമാനിച്ചു. അപ്പോഴാണ് അടുത്ത നിവേദനം. ലണ്ടനിലുള്ള ക്യൂൻമേരിസ് യൂണിവേഴ്സിറ്റിയിൽ ചേരണം. ചിലവ് അധികമുള്ളതാണെന്നറിയാമെങ്കിലും മറുത്തൊന്നും പറഞ്ഞില്ല. സമ്മതം മൂളി. അഡ്മിഷന് വേണ്ട എല്ലാ

കാര്യങ്ങളും അവൾ തനിയെ തന്നെ ചെയ്തു. യൂണിവേഴ്സിറ്റി യിൽ നിന്നും അഡ്മിഷൻ ഓഫർ ലെറ്റർ കിട്ടി. അപ്പോഴേക്കും ഞാൻ ബാങ്ക് ലോണിനുവേണ്ട എല്ലാ കാര്യങ്ങളും ചെയ്തു. അങ്ങിനെ ഒരു നല്ല ദിവസം അവൾ ലണ്ടനിലേക്കു പറന്നു.

ഒരിക്കലും വീടു വിട്ടുനിന്നിട്ടില്ലാത്ത മോളുടെ പേരിൽ ചിന്തയായി. കംപ്യൂട്ടറിലുള്ള സ്കൈപ്പ് വഴി എന്നും സംസാരിച്ചു. ഒരു പരിചയവുമില്ലാത്ത നാട്ടിൽ ധൈര്യസമേതം പോകാനിറങ്ങിയ അവളുടെ തീരുമാനത്തിൽ അഭിമാനിച്ചു. അവൾ അവിടെ പാർടൈം ജോലിചെയ്തു ചിലവിനുള്ള പണമുണ്ടാക്കി. രണ്ടാം വർഷം ഗാർഡൻ സിറ്റി കോളേജ് ചെയർമാൻ അദ്ദേഹത്തിന്റെ മകനുമായി ലണ്ടൻ സന്ദർശിച്ചപ്പോൾ സഹനയായിരുന്നു വഴികാട്ടി. രണ്ടു വർഷത്തെ പഠിപ്പിനുശേഷം കരസ്ഥമാക്കിയ ബിരുദാനന്തരബിരുദവും ലണ്ടൻ നഗര ജീവിതത്തിലെയും കോർപ്പറേറ്റു നിയമരംഗത്തെയും ഓർമ്മകളുമായി സഹന തിരിച്ചെത്തി.

## സഹന വിവാഹിതയാവുന്നു.

വലിയ താമസമൊന്നുമില്ലാതെ സഹനക്കു ബാംഗ്ലൂരിൽ ജോലികിട്ടി. ലോഫാമിലായിരുന്നു കുറച്ചു നാളുകൾക്കു ശേഷം മുംബയിൽ നല്ല ശമ്പളമുള്ള ഒരു ജോലികിട്ടി. ഒപ്പം അവളുടെ ബാംഗ്ളൂരിലുള്ള കൂട്ടുകാരിയുമുണ്ടായിരുന്നു. അതിനു ശേഷം വിവാഹത്തിനായി ഞാൻ കൂടുതൽ നിർബന്ധിക്കാൻ തുടങ്ങി. പലവട്ടം ഒഴിഞ്ഞുമാറി. അവസാനം മനസുതുറന്നു. അല്ല തുറപ്പിച്ചു. ചെന്നൈയിലുള്ള വിജയ് സാരഥിയെന്ന യുവാവിനെ സ്നേഹമുണ്ടന്നും അയാളെ കല്യാണം കഴിക്കാൻ താൽപര്യമുണ്ടന്നും തുറന്നു പറഞ്ഞു. അവളുടെ ആഗ്രഹപ്രകാരം ഞാൻ ആ യുവാവിന്റെ അച്ഛനുമായി ബന്ധപ്പെട്ടു. കാര്യങ്ങളെല്ലാം തടസങ്ങളൊന്നുമില്ലാതെ തന്നെ നടന്നു. കല്യാണത്തിനു ശേഷം സഹന ചെന്നൈയിൽ താമസമായി. അവിടെയുള്ള ഒരു ലോഫോമിൽ ജോലിയും കിട്ടി. പിന്നീട് ബാംഗ്ലൂരിൽ കുറേക്കൂടി നല്ല ഒരു കമ്പനിയിൽ ചേർന്നു.

ആകസ്മികമായിട്ടാണെങ്കിലും ഒരു നല്ല കുടുംബവുമായാണ് സഹനയുടെ ബന്ധം തുടങ്ങിയത്. വിജയുടെ മാതാപിതാക്കൾ ഞങ്ങളുമായി നന്നേ പൊരുത്തപ്പെട്ടുപോകുന്നു. മുരളിയും രേണുകയും. വിജയിയുടെ സഹോദരി നിവ്വി. വളരെ നല്ല സ്വഭാവമുള്ള മാതാപിതാക്കൾ. അവരുമായി ഞങ്ങൾ കൂടുതൽ അടുത്തു. വിജയ്-സഹന ദമ്പതിമാർക്ക് സിയാസാരഥി എന്ന മകളുണ്ടായി. 2024 ജനുവരിയിൽ പത്തു വയസു തികയുന്നു. പഠിത്തത്തിലും, ചിത്രരചന,, ക്രാഫ്റ്റ്കളിലും മികവുകാട്ടി. ഒന്നിലും ഒരു വാശിയും പരിഭവവുമില്ലാതെ അവൾ വളരുന്നു.

## സച്ചിൻ മോസ്കോയിലേക്ക്

സഹനയെ ലണ്ടനിൽ വിട്ടു പഠിപ്പിച്ചത് മകൻ സച്ചിന് ഒരു ആഗ്രഹത്തിന് വഴിയായി. അവന് ഏറോസ്പേസ് എഞ്ചിനീയറിംഗ്-നു പോകണം. ആയിടയ്ക്കാണ് ജി.സി.സി ചെയർമാൻ ഡോക്ടർ ജോസഫ് റഷ്യയിലുള്ള ഒരു യൂണിവേഴ്സിറ്റി സന്ദർശനത്തിന് പോയത്. ജോസഫ് സാറുമായി വളരെ അടുത്ത ബന്ധമുണ്ടായിരുന്നതിനാൽ അന്നന്നുള്ള കാര്യങ്ങൾ ഞങ്ങൾ ഫോണിലൂടെ ചർച്ച ചെയ്തിരുന്നു. റഷ്യയിൽ യൂണിവേഴ്സിറ്റി സന്ദർശനത്തിനിടക്കു എനിക്ക് ഒരു ഫോൺ വന്നു. 'ഞാനിവിടെ MATTI യൂണിവേഴ്സിറ്റിയിലാണ്. തരക്കേടില്ല. നല്ല സ്ഥാപനമാണ്. സച്ചിന് വേണമെങ്കിൽ അഡ്മിഷൻ എടുക്കാം'. പെട്ടെന്നുള്ള ചോദ്യത്തിന് മറ്റൊന്നും ആലോചിച്ചില്ല. ആവട്ടേയെന്നു പറഞ്ഞു. ജോസഫ് സാർ അഡ്മിഷനായുള്ള ഒരു അഡ്വാൻസ് തുക കൊടുത്തു സച്ചിന്റെ പേര് രജിസ്റ്റർ ചെയ്തു അങ്ങിനെ സച്ചിൻ റഷ്യക്ക് പോകാനുള്ള തയ്യാറെടുപ്പായി. അഞ്ചു വർഷത്തെ കോഴ്സ്. അത് കഴിഞ്ഞു അവിടെ പി.ജി.യുമെടുത്തു. പാർടൈം ജോലിചെയ്തു ഫീസും ജീവിത ചിലവുകളും സാധിച്ചു. കോഴ്സു കഴിഞ്ഞു അവിടെത്തന്നെ തങ്ങാനുള്ള പദ്ധതിയായിരുന്നു.. അതിനെ നിരുത്സാഹപ്പെടുത്തി, തിരിച്ചുവരാൻ തീർത്തു പറഞ്ഞു. തിരിച്ചെത്തി. എത്തിയ ശേഷം കാര്യമവതരിപ്പിച്ചു. റഷ്യക്കാരിയായ ഒരു പെൺകുട്ടിയെ കല്യാണം കഴിക്കണമെന്ന്.. അവൾ ഇവിടെ വന്ന് എല്ലാവരെയും

കണ്ട ശേഷം മാത്രമേ കല്യാണത്തിന് സമ്മതിക്കുവെന്നായിരുന്നു അവളുടെ തീരുമാനം.

അവൾ വന്നു. സമ്മതം അറിയിച്ചു. വലിയ ആർഭാടങ്ങളൊന്നുമില്ലാതെ സച്ചിന്റെ കല്യാണം നടത്തി. നിയമപ്രകാരമുള്ള വിവാഹം. സബ് രജിസ്ട്രാറുടെ ഓഫീസിൽ വച്ച്. അതോടൊപ്പം ചെറിയതോതിൽ ഒരു റിസപ്ഷൻ. ബാംഗ്ലൂരിലും, എന്റെ ഗ്രാമമായ മുട്ടത്തും വച്ച്. അങ്ങിനെ സച്ചിനും വിവാഹിതനായി. ബാംഗ്ലൂരിൽ മൗണ്ട് കാർമൽ കോളേജിൽ ബിരുദാനന്തര ബിരുദമെടുത്തശേഷം മോസ്കോയിലേക്കു പോകണമെന്ന വാശിയായി അവൾക്ക്. നിയമപരമായിത്തന്നെ ആ വിവാഹബന്ധം വേർപെടുത്തി അവൾ തിരിച്ചുപോയി.

## പൊന്മുടിയിലേക്ക് ഒരു ഹണി മൂൺ ട്രിപ്പ് !

എന്നോടൊപ്പം ഗാർഡൻസിറ്റി കോളേജിൽ ജോലിചെയ്തിരുന്ന അജയ് വിവാഹിതനായി. മലബാറുകാരനും സഞ്ചാരപ്രിയനായ അജയ് തെക്കൻ കേരളത്തിലേക്ക് പോയിട്ടില്ല. ഞാൻ എന്റെ നാട്ടിലേക്കു രണ്ടുപേരെയും ക്ഷണിച്ചു. അങ്ങിനെ അജയ്-മമതാ ദമ്പതികളും ഞാനും, എന്റെ ഭാര്യചന്ദ്രികയും മക്കൾ സഹനയും, സച്ചിനുമായി തെക്കൻ കേരളമാകെ കറങ്ങി കന്യാകുമാരിയിൽ നിന്ന് തിരിക്കുമ്പോൾ നേരെ ഹരിപ്പാട്ടേക്കാണ് പോകാനുദ്ദേശിച്ചിരുന്നത്. പക്ഷെ ഇതിനിടയിൽ ചന്ദ്രിക പൊന്മുടിയെപ്പറ്റി പറഞ്ഞു. രസകരമായിത്തോന്നി. യാത്ര അവിടേക്കു തിരിച്ചു.

പൊന്മുടിയിലേക്കുള്ള യാത്ര ഉല്ലാസകരമായിരുന്നു.. തിരുവനന്തപുരം നഗരത്തിനടുത്ത് ഇത്ര ശാന്തവും പ്രകൃതിസുന്ദരവുമായ പ്രദേശം മറ്റെങ്ങും ഉണ്ടാകാനിടയില്ല. കടൽ തീരത്താണ് നഗരം. അവിടെനിന്നും അരമണിക്കൂർ യാത്ര. ഉയരം കൂടുന്ന ഭൂപ്രകൃതിയും ചെറുകുന്നുകളും പച്ചപ്പും തണുത്ത കാറ്റും ഞങ്ങളെ സ്വാഗതം ചെയ്തു. പൊന്മുടിയിലേക്കുള്ള യാത്രയിലെ ഒരിടത്താവളമാണ് കല്ലാർ. പൊന്മുടിയുടെ മലനിരകളിൽ നിന്ന് ഉദ്ഭവിക്കുന്ന കല്ലാർ സമതലങ്ങളിലേക്കു പ്രവേശിക്കുന്ന

ഇടമാണിത്.

റോഡരികിൽ നിന്നു കുറച്ചകലെയായി മീൻമുട്ടി വെള്ളച്ചാട്ടമുണ്ട്. കല്ലാറിന്റെ തീരംചേർന്നുള്ള നടപ്പാതയിലൂടെ ഒരു കിലോ മീറ്ററോളം നടന്ന് പുഴ മുറിച്ചു കടന്നാൽ വെള്ളച്ചാട്ടം കാണാം. കല്ലാറിൽ സന്ദർശകരെ കാത്തിരിക്കുന്ന ഒട്ടേറെ സുഖവാസകേന്ദ്രങ്ങളും ഉണ്ട്. സാഹസിക നടത്തത്തിനും കാട്ടിനുള്ളിൽ തമ്പടിക്കാനും കല്ലാറിൽ സാധ്യതകളുണ്ട്. റോഡരികിലെ തിരക്കിൽ നിന്ന് കാടിന്റെ ശാന്തതയിലേക്കു നീങ്ങിയാൽ കാട്ടുപൂക്കളും, ചിത്രശലഭങ്ങളും സന്ദർശകർക്കു കാഴ്ച്ചയാകും. വൈകിട്ടാവുമ്പോഴേക്കും മൂടൽമഞ്ഞു പരക്കുന്ന പൊന്മുടിയിൽ ഞങ്ങൾ അന്തിയുറങ്ങി.

മലദൈവങ്ങൾ പൊന്നു സൂക്ഷിക്കുന്ന മലയായതിനാൽ പൊൻമുടി എന്ന പേരു വന്നതെന്ന് സമീപവാസികളായ ആദി വാസികൾ വിശ്വസിക്കുന്നു. എന്നാൽ പേരിന്റെ യഥാർത്ഥ കാരണം ഇവിടെ പുരാതന കാലത്തു ഉണ്ടായിരുന്ന ബുദ്ധ-ജൈന സംസ്കാരമാണ് എന്നാണ് ചില ചരിത്രകാരന്മാർ അഭി പ്രായപ്പെടുന്നത്. ബൗദ്ധരും ജൈനരും തങ്ങളുടെ ദേവനെ പൊന്നെയിർ ദേവൻ, പൊന്നെയിർ കോൻ എന്നും മറ്റും വിളിച്ചിരുന്നതിൽ നിന്നാണ് കാലക്രമേണ ഈ മലക്ക് പൊൻമുടി എന്ന് പേരു വന്നതെന്നാണ് അവർ കരുതുന്നത്.

ആദിയിൽ ബുദ്ധമത കേന്ദ്രമായിരുന്നു പൊൻമുടി എന്നും പറയപ്പെടുന്നു. അടുത്തുള്ള ഒരു ചെറിയ പട്ടണമായ വിതുരയിൽനിന്ന് ബോണക്കാട് പോകുന്ന വഴിയിൽ മണ്ണി നടിയിൽ നിന്നും പ്രദേശവാസികൾക്ക് ലഭിച്ച ബുദ്ധവിഗ്രഹം അവിടത്തെ ശാസ്താ ക്ഷേത്രത്തിൽ വച്ച് പൂജിക്കുന്നു. പൊന്മുടിയിലെ തേയിലത്തോട്ടങ്ങൾ പ്രശസ്തമാണ്. പൊന്മുടി കൊടുമുടിയിൽ നിന്ന് ഏകദേശം അര കിലോമീറ്റർ അകലെ യാണ് വിനോദസഞ്ചാര കേന്ദ്രം. ഈ സ്ഥലം എക്കോ പോയിന്റ് എന്നും അറിയപ്പെടുന്നു.

സമുദ്രനിരപ്പിൽനിന്ന് രണ്ടായിരം അടി ഉയരത്തിൽ നിൽക്കുന്ന അഗസ്ത്യകൂടമാണ് ഈ പ്രദേശത്തെ മറ്റൊരു ആകർഷണം. വിതുര മീൻമുട്ടി വെള്ളച്ചാട്ടം എന്നിവയെല്ലാം കണ്ടു പ്രകൃതി

യുടെ യഥാർത്ഥ സൗന്ദര്യവും മറ്റും ആവോളം ആസ്വദിച്ച് മടക്കയാത്രയാരംഭിച്ചു. ആദ്യമായിട്ടാണ് കോടമഞ്ഞും മഴയും ഒക്കെ ആസ്വദിച്ച് ഇങ്ങനെ പറന്നു നടന്നതും, കുടുംബ ത്തോടൊപ്പം പ്രകൃതിരമണീയത ആസ്വദിച്ചതും. സുഹൃത്ത് അജയ്‌യുടെ ഹണിമൂൺ ട്രിപ്പും ഇതുതന്നെയായിരുന്നു!

## എഡ്യൂടെക്ക് ഫൗണ്ടേഷൻ എന്ന എൻ.ജി.ഓ സ്ഥാപിതമാവുന്നു

ഗാർഡൻസിറ്റി കോളേജിൽ നിന്ന് പുറത്തുവന്നശേഷം ഇനി മറ്റെവിടെയും ജോലിക്കു പോകേണ്ട എന്ന് കരുതി. അങ്ങിനെ യിരിക്കെ വികാസ സ്കൂളിലെ PT മാസ്റ്റർ ശ്രീ സുരേന്ദ്ര ഒരാ വശ്യവുമായി എന്നെ വന്നു കണ്ടു.. അദ്ദേഹത്തിന്റെ സുഹൃത്ത് ഒരു സ്കൂൾ തുടങ്ങുന്നു. അതിനുവേണ്ട സഹായങ്ങൾ ചെയ്യണം. സുരേന്ദ്രയുടെ നിർബന്ധപ്രകാരം ഞാൻ അവിടെ പോയി. ഹെഗ്ഡെ നഗറിലുള്ള ഫെഡറൽ പബ്ലിക് സ്കൂൾ എന്റെ വീടിന്റെ അടുത്ത് ഏകദേശം മൂന്നു കിലോമീറ്റർ ദൂരത്തായി ഒരു ശാഖ തുടങ്ങുന്നു. സമ്മതിച്ചു. ആ ചുമതല ഏറ്റെടുത്തു രണ്ടുവർഷക്കാലം അവിടെയുണ്ടായിരുന്നു. പക്ഷെ പിന്നീട് അവർ ആ സ്കൂൾ മറ്റൊരാൾക്ക് കൈമാറി. ഞാൻ വിട്ടുനിന്നു.

വിദ്യാഭ്യാസ രംഗത്തുതന്നെ എന്തെങ്കിലും ചെയ്യണമെന്ന ആഗ്രഹത്തോടെ ഒരു ട്രസ്റ്റ് രജിസ്റ്റർ ചെയ്തു. എഡ്യൂട്ടക് ഫൗണ്ടേഷൻ. ആയിടക്കാണ് ഞാൻ വാടകക്ക് കൊടുത്തിരുന്ന വീട് ഒഴിവാക്കുന്നത്. അവിടെ താമസിച്ചിരുന്നവർ സ്ഥലം മാറിപ്പോയി. എന്തായാലും അതിനി വാടകക്ക് കൊടുക്കുന്നില്ല എന്ന് തീരു മാനിച്ചു ഒരു പ്രീ-സ്കൂൾ തുടങ്ങണമെന്ന ലക്ഷ്യത്തോടെ KIDZEE യുടെ ഫ്രാൻചെയ്സി എടുത്തു. 30 ലക്ഷം രൂപയോളം ചിലവായി. സ്കൂൾ സാമാന്യം നല്ല നിലയിൽ വരുമ്പോഴാണ് കൊറോണ ലോകത്തെ തന്നെ കീഴടക്കാൻ ശ്രമിച്ചത്. ഇന്ന് അത് വീണ്ടും പഴയ രീതിയിലായി. സാമാന്യം നല്ല വരുമാനവും ആത്മ സംതൃപ്തിയും ലഭിക്കുന്നു!

## ഗവിയിലേക്ക് ഒരു വിനോദയാത്ര

ഹരിതാഭയാർന്ന കേരളത്തിന്റെ പ്രകൃതി ഭംഗി നിറഞ്ഞു തുളുമ്പിനിൽക്കുന്ന പത്തനംതിട്ട ജില്ലയിലെ ഗവിയിലേക്ക് ഒരു വിനോദയാത്ര പോകുവാനാവസരം കിട്ടി. ഇടുക്കി ജില്ലയിലുള്ള വണ്ടിപ്പെരിയാറ് വഴിയെയാണ് ഗവിയിലേക്കുള്ള പ്രവേശന പാത. വണ്ടിപെരിയാറിലുള്ള കേരളാ ഫോറെസ്റ്റ് ഡവലപ്മെന്റ് കോർപറേഷന്റെ ഓഫീസിൽ നിന്നും ലഭിച്ച പാസ്സുമായി ഞങ്ങൾ യാത്രയാരംഭിച്ചു. മൂന്ന് കാറുകളിലായാണ് സഞ്ചരിച്ചിരുന്നത്. ഇരുവശങ്ങളിലും തിങ്ങിനിറഞ്ഞു നിന്നിരുന്ന വൃക്ഷലതാദികൾ ഞങ്ങളെ സ്വാഗതം ചെയ്തു

ഏകദേശം ഒരുകിലോമീറ്റർ ദൂരത്തായി വള്ളക്കടവെന്ന സ്ഥലത്തുള്ള ഫോറസ്റ്റ് ഗാർഡ് ഓഫീസിൽ നിന്നും വാഹനത്തിനുള്ള പാസും ശേഖരിച്ചു ഞങ്ങൾ തിടുക്കത്തോടെ ഗവിയിലേക്ക് തിരിച്ചു. രാത്രി താമസിക്കുന്നതിനുള്ള ബുക്കിംഗ് ഉണ്ടങ്കിൽ മാത്രമേ നിങ്ങളുടെ സ്വകാര്യ വാഹനം ഗവിയിൽ കടത്തി വിടുകയുള്ളു.

വനത്തിനുള്ളിൽ ടെന്റുകെട്ടി താമസിക്കുന്നതും, ഗവിയിലെ ട്രക്കിങ്ങ്, വന്യ മൃഗ നിരീക്ഷണവുമെല്ലാം കണ്ടാസ്വദിക്കുവാനുള്ള ആർത്തിയോടെ ഉല്ലാസ യാത്ര തുടങ്ങി. ഒരു മുക്കാൽ മണിക്കൂർ നേരത്തിനുള്ളിൽ അതിമനോഹരവും ശാന്തഗംഭീരവുമായ പ്രദേശത്തെത്തി. അത്യധികം വിനയത്തോടും സന്തോഷത്തോടും കൂടി അവിടെയുള്ള ജീവനക്കാർ സ്വീകരിച്ചു. ടെന്റും മറ്റു സൗകര്യങ്ങളും ഒരുക്കിത്തന്നു. അൽപനേരത്തെ വിശ്രമത്തിനു ശേഷം വന്യമൃഗ നിരീക്ഷണത്തിനായി ക്ഷണിച്ചു. പതിനഞ്ചു പേർക്കിരിക്കാവുന്ന സാമാന്യം നല്ല ഒരു മിനി ബസിലായിരുന്നു യാത്ര. ഏകദേശം ഒന്നര മണിക്കൂർ നേരം അവർ ഞങ്ങളെ വനമധ്യത്തിലൂടെ കൊണ്ടുപോയി.

ഗവിയിൽ വരുന്നവരിൽ ഭൂരിഭാഗവും പ്രകൃതിസ്നേഹി കളായിരിക്കും. കൂടെയുള്ളവർ ഇരുവശങ്ങളിലും സൂക്ഷിച്ചു നോക്കികൊണ്ടേയിരുന്നു. വന്യ മൃഗങ്ങളെ കാണുവാൻ സാധിച്ചില്ലെങ്കിലും, മയിൽ, കലമാൻ, കാട്ടുപോത്തും, മലയണ്ണാൻ, കരിങ്കുരങ്ങുകൾ, എന്നിവകൾക്കു പഞ്ഞമില്ലായിരുന്നു.

ജീവിതത്തിലൊരിക്കലും ഒഴിവാക്കാൻ പറ്റാത്ത ഒരു സ്വർഗ്ഗതുല്യമായ പ്രദേശമാണ് ഗവിയെന്നു നമ്മെ വീണ്ടും വീണ്ടുമോർമിപ്പിക്കുന്ന കമനീയതയാണ് ഗവിയിലുടനീളം കാണുവാൻ കഴിയുന്നത്.

വൃക്ഷലതാദികൾ നിറഞ്ഞ കുന്നുകളും, പച്ച വിരിച്ച താഴ്‌വരകളും, തിങ്ങി നിറഞ്ഞ വനങ്ങളും, പുൽമേടുകളും, തണ്ണീർ തടാകങ്ങളും, വെള്ളച്ചാട്ടങ്ങളും, ഏല തോട്ടങ്ങളും, ചെടികളും, പൂക്കളും കൊണ്ട് സമ്പന്നമായ ഗവി സന്ദർശനം മറക്കാൻ കഴിയാത്ത ഒരനുഭൂതിയായിരുന്നു.

ഗവി വനപ്രദേശത്തിലെ ആകർഷണങ്ങളിൽ പ്രധാനമായ ഒന്നാണ് ബൈബിളിലെ നോഹയുടെ പേടകം നിർമിച്ച ഗോഫർ മരങ്ങൾ. ഗവിയിലെ പൂർണ്ണവളർച്ചയെത്തിയ രണ്ട് ഗോഫർ വൃക്ഷങ്ങൾ, ശക്തമായ കാണ്ഡത്തോടുകൂടിയ, കാതലുള്ള മരം. ഇൻഡ്യയിലുള്ള ഏക ഗോഫർ വൃക്ഷമായി കരുതപ്പെടുന്നു.

കടുവ, ആന, പുള്ളിപ്പുലി, കരടി, ഇന്ത്യൻ ഗൌർ, സാംബർ, ബാർക്കിംഗ്, മൗസ് ഡിയർ, സിംഹവാലൻ കുരങ്ങന്മാർ, നീലഗിരി മാർട്ടൻ തുടങ്ങിയ വന്യജീവികളാണ് ഗവിയിലെ നിത്യഹരിത വനങ്ങളിലുള്ളത്. ഇരുന്നൂറ്റി അമ്പതിലേറെ പക്ഷി വർഗ്ഗങ്ങൾ ഇവിടെയുണ്ട്. പക്ഷിനിരീക്ഷകർക്ക് ഗവി ഒരു പ്രധാന സ്ഥലമാണ്. ഞങ്ങൾ കൊച്ചുപമ്പയും ഡാമും സന്ദർശിച്ചു. ഡാമിന്റെയും അതിന്റെ കായൽ പ്രദേശത്തിന്റെയും മനോഹാരിത വളരെ സുന്ദരമായിരുന്നു.

വന്യജീവി സങ്കേതങ്ങൾ കാണാൻ ആഗ്രഹിക്കുന്ന ഞങ്ങളുടെ യാത്ര കാടുകളിലൂടെ തുടർന്നു. പല പക്ഷികളും കുറച്ചു കുരങ്ങന്മാരും ഞങ്ങൾ കണ്ടു. ആനകളുടെ വിഹാരസ്ഥലങ്ങൾ പലതും കാണിച്ചുതന്നു. മേയുന്ന ഒരു കൂട്ടം കാട്ടുപോത്തിനേയും കാട്ട് എരുമകളെയും കണ്ടു.

സന്ധ്യക്കു ഒരു ഏഴുമണിയോടെ ഞങ്ങൾ തിരിച്ചെത്തി. കുളികഴിഞ്ഞു ഭക്ഷണത്തിനായി ഡൈനിങ്ങ് ഹാളിലേക്ക് പുറപ്പെട്ടു. സാമാന്യം ഭേദപ്പെട്ട ഒരു അത്താഴ ഭക്ഷണവും കഴിച്ചു ടെന്റിലേക്കു തിരിച്ചെത്തുമ്പോൾ മണി ഒമ്പതായി. കുട്ടികളുടെ

ക്യാമ്പ് ഫയർ കഴിഞ്ഞപ്പോൾ കൂരിരുട്ട് ആ പ്രദേശമെല്ലാം അക്രമിച്ചുകഴിഞ്ഞിരുന്നു. ലൈറ്റുകൾ കെടുത്തിയപ്പോൾ കണ്ണിൽ തുളച്ചുകയറുന്ന കൂരിരുട്ട്. ഭയാനകമായ ആ അന്തരീക്ഷത്തിൽ ചീവീടുകളുടെ തുടർച്ചയായുള്ള സംഗീതം. ഭക്ഷണ ശാലയിൽ നിന്നു ഏകദേശം  അമ്പതു മീറ്റർ അകലെയായുള്ള ടെന്റുകളിൽ ഞങ്ങൾ ഉറങ്ങാൻ കിടന്നു.

പിറ്റേന്ന് രാവിലെ തന്നെ ഗൈഡുകൾ ഞങ്ങളെ ഗവി തടാകത്തിൽ റോഗ്ബോട്ട് സവാരിക്കായി കൊണ്ടുപോയി. ഒരു മുക്കാൽ മണിക്കൂർ നീണ്ടുനിന്ന ബോട്ടിങ്ങിനിടെ  ചുറ്റുമുള്ള വൃക്ഷങ്ങളിൽ ധാരാളം പക്ഷികളും ഭീമൻ മലബാർ അണ്ണാശികളും, കാട്ടു പോത്തും, കലമാനും മറ്റും കണ്ടു.

ബോട്ടിംഗിനു ശേഷം ഞങ്ങൾ കരയ്ക്കിറങ്ങി. ട്രക്കിങ്ങിനായി തയ്യാറായി. കാട്ടിലൂടെയുള്ള സവാരി. അതെ നടന്നുതന്നെ. ഏകദേശം നൂറു മീറ്റർ കഴിഞ്ഞപ്പോൾ ശബരിമല ക്ഷേത്രവും ചുറ്റുമുള്ള കെട്ടിടങ്ങളും വളരെ ദൂരത്തായി കാണുവാൻ കഴിഞ്ഞു. അലിസ്തെയർ ഇന്റർനാഷണൽ പ്രഖ്യാപനത്തിനുശേഷം ഗവി ലോകപ്രശസ്ത വിനോദസഞ്ചാര കേന്ദ്രമായി മാറിക്കഴിഞ്ഞു. ലോകത്തിലെ ആവശ്യം കണ്ടിരിക്കേണ്ട ഒരു പരിസ്ഥിതി വിനോദ സഞ്ചാര കേന്ദ്രം കൂടിയാണ് ഗവി.

അതോടൊപ്പം മലയാള സിനിമ 'ഓർഡിനറിയുടെ റിലീസോടെ മലയാളികളായ വിനോദസഞ്ചാരികൾക്ക് അത്യധികം ആകർഷക മായി മാറി ഗവി. ഈ സുന്ദരമായ പ്രദേശത്തിന്റെ മഹിമ, അതിന്റെ സന്ദേശം എന്നിവ പ്രകൃതി സ്നേഹികളിൽ പ്രചരിപ്പിക്കണ്ട ചുമതല ഒരിക്കലെങ്കിലും ഗവി സന്ദർശിച്ചിട്ടുള്ളവരുടേതാണ്.

## ചെറുവള്ളി ഗ്രാമത്തിലുള്ള ജഡ്ജി അമ്മാവൻ

ജുഡീഷ്യറിയെ മാത്രമാണ് ഇന്ന് ജനങ്ങൾക്കു അൽപം വിശ്വാസം ബാക്കിയുള്ളത്! രാഷ്ട്രീയക്കാരാൽ നിർമിതമായ സർക്കാരിനെയും, അധികാരങ്ങളുമായി വിലസുന്ന ഉന്നത ഉദ്യോഗസ്ഥരെയും വിശ്വസിക്കുവാൻ  പ്രയാസമുണ്ട്!. ജുഡീഷ്യറിയിൽ വിശ്വസിക്കാൻ പറ്റാത്തവരില്ലെന്നല്ല !

ഈ സാഹചര്യത്തിൽ ഒരു തെറ്റായ ശിക്ഷ നൽകിയതിന് സ്വയം ശിക്ഷിക്കുന്ന ഒരു ന്യായാധിപന്റെ ഹൃദയസ്പർശിയായ ഒരു കഥ കേൾക്കാനിടയായി. അങ്ങിനെ ചെറുവള്ളി ക്ഷേത്രത്തിലേക്ക് ഒരു സന്ദർശനം നടത്തി. ഞാനും എന്റെ ഭാര്യ ചന്ദ്രികയും ഒപ്പം എന്റെ ബന്ധുക്കളായ സോമൻ രഞ്ജിനി ദമ്പതികളും.

കേരളത്തിൽ കോട്ടയത്തിനടുത്ത് ചെറുവള്ളി ഗ്രാമത്തിലുള്ള ഭഗവതി ക്ഷേത്ര ത്തിലാണ് 'ജഡ്ജി അമ്മാവനെ' പ്രതിഷ്ഠിച്ചാരാധിക്കുന്നത്.

കഥ രസകരമാണ് !.

തിരുവിതാംകൂർ രാജഭരണകാലമായിരുന്നു അത്. രാജാവിന്റെ കീഴിൽ ഗോവിന്ദപ്പിള്ള എന്ന ഒരു ന്യായാധിപനുണ്ടായിരുന്നു. അദ്ദേഹം ആദരണീയനും തികച്ചും ന്യായമായ വിധികൾ മാത്രം നൽകുന്നവനും ആയിരുന്നു. ഒരിക്കൽ ആ ജഡ്ജി ഒരു കുറ്റവാളിക്ക് വധശിക്ഷ വിധിച്ചു. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ വിധി നടപ്പാക്കുകയും ചെയ്തു. പിന്നീടാണ് മനസിലായത്. താൻ നൽകിയ വിധി തികച്ചും തെറ്റിദ്ധരിക്കപ്പെട്ട തെളിവുകളുടെ അടിസ്ഥാനത്തിനാണെന്ന്!

തന്റെ അശ്രദ്ധ കാരണമുണ്ടായത് ഗുരുതരമായ വീഴ്ചയാണന്നു മനസിലാക്കിയ ജഡ്ജി ഒരു നിരപരാധിയെ ശിക്ഷിച്ചതിൽ ദുഃഖിച്ചു. ശിക്ഷിച്ചപ്പെട്ട വ്യക്തി തന്റെ അനന്തരവനാണെന്നതാണ് മറ്റൊരു സത്യം!.

ജഡ്ജി ഗോവിന്ദപ്പിള്ള ഇത് രാജാവിനോടേറ്റുപറഞ്ഞു. തന്റെ ഗുരുതരമായ തെറ്റിന് തന്നെ മാതൃകാപരമായിത്തന്നെ ശിക്ഷിക്കുവാൻ രാജാവിനോട് കേണപേക്ഷിച്ചു. രാജാവ് നിരസിച്ചു. തനിക്കു വിധി നൽകുവാനുള്ള അധികാരം ഇല്ലെന്നും വിധി നടപ്പാക്കുകയാണ് തന്റെ ചുമതലയെന്നു പറഞ്ഞുകൊണ്ട് രാജാവ് ജഡ്ജിയുടെ അപേക്ഷ നിരാകരിച്ചു !

അവസാനം ജഡ്ജിതന്നെ തന്റെ വിധിയെഴുതി!

ജഡ്ജി ഗോവിന്ദപ്പിള്ളയെ തൂക്കിലേറ്റാൻ സ്വയം വിധി എഴുതി!

വലിയ ആശയക്കുഴപ്പത്തോടെ രാജാവ് വിധി അംഗീകരിച്ചു. ആ കരുത്തനായ ന്യായാധിപൻ മരണം വരെ തൂക്കിലേറ്റപ്പെട്ടു. വിധിയിൽ പറഞ്ഞ പ്രകാരം തന്നെ കാലുകൾ വെട്ടി ചോരയൊലിക്കുമാറ് മൂന്നുദിവസം മരത്തിൽ കെട്ടി തൂക്കിയാണ് വിധി നടപ്പാക്കിയത്.

ഗ്രാമീണരുടെ മുൻപിൽ 'നീതി-ന്യായ വ്യവസ്ഥ' യോടുള്ള ആദരവ് പ്രകടിപ്പിക്കുകയായിരുന്നു ജഡ്ജിയുടെ ലക്ഷ്യം. ജഡ്ജിയുടെ കുടുംബാംഗങ്ങൾ ഒരു ജ്യോത്സ്യനെ സമീപിച്ചു. ജഡ്ജിയുടെ ആത്മാവ് തനിക്കു കിട്ടിയ ശിക്ഷയിൽ ഇപ്പോഴും തൃപ്തിപ്പെട്ടില്ലെന്ന് പ്രശ്നത്തിൽ തെളിഞ്ഞു. അവർ നിരവധി പൂജാദി കർമ്മങ്ങൾ നടത്തുകയും ഒടുവിൽ ചെറുവള്ളി ഭഗവതി ക്ഷേത്ര സമുച്ചയത്തിൽ അദ്ദേഹത്തിന്റെ പ്രതിഷ്ഠയോടെ ഒരു ക്ഷേത്രം നിർമ്മിക്കുകയും ചെയ്തു. അങ്ങിനെ കോട്ടയം ചെറുവള്ളി ഗ്രാമത്തിലെ ഭഗവതി ക്ഷേത്രത്തിലുള്ള മറ്റൊരു പ്രതിഷ്ഠയായ 'ജഡ്ജി അമ്മാവൻ സുപ്രസിദ്ധമായി!

കോടതിക്കേസുകളിൽപ്പെട്ടു വലയുന്ന പലരും ഈ ക്ഷേത്രം സന്ദർശിച്ചു വഴിപാടുകൾ നേരുന്നെന്നാണ് പറയുന്നത്.

## ഗാർഡൻ സിറ്റി കോളേജ് യൂണിവേഴ്സിറ്റി ആവുന്നു.

റിട്ടയേർഡ് ഗുൽബർഗ യൂണിവാഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫസർ കുട്ടിനോയുടെ നേതൃത്വത്തിൽ ഗാർഡൻ സിറ്റി കോളേജ് യൂണിവേഴ്സിറ്റിയാകുവാനുള്ള എല്ലാ രേഖകളും തയ്യാറായി. കർണാടക സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചു. നാൽപതു കുട്ടികളുണ്ടായിരുന്ന ദേവമാതാ സ്കൂളിൽ ആയിരത്തി അഞ്ഞൂറോളം കുട്ടികളായി, ഹൊസെക്കോട്ടയിലുള്ള നൂറ്റി അറുപത്തിയഞ്ച് ഏക്കർ സ്ഥലത്തു യൂണിവേഴ്സിറ്റി ക്യാമ്പസിനു വേണ്ടി കേട്ടിട നിർമാണപരിപാടികൾ തുടങ്ങി. ചെയർമാൻ ഡോക്ടർ വി.ജെ.ജോസഫിന്റെ അർപ്പണ ബോധവും, വ്യക്തമായ ദൂരദർശന-ദൗത്യങ്ങളെല്ലാം സ്ഥാപനങ്ങളുടെ സമ്പൂർണ്ണ വികസനങ്ങൾക്കു ക്രമാതീതമായ വേഗതയുണ്ടാക്കി.

രണ്ടായിരത്തി പതിനൊന്നോടെ സ്ഥാപക കൂട്ടാളികളായ പലരെയും അകറ്റി നിർത്തുവാൻ തുടങ്ങി.. സ്ഥാപനത്തിന്റെ ആരോഗ്യകരമായ വളർച്ചക്ക് പുതു പുത്തൻ വ്യക്തിത്വങ്ങൾ അനിവാര്യമാണെന്ന തത്വം മനസ്സിലാക്കി കാലപ്പഴക്കം ചെന്ന കൂട്ടാളികളെല്ലാം ഒന്നൊന്നായി പുറത്തായി.

ഏറ്റവുമവസാനമായി 2012 ആഗസ്റ്റ് പത്താം തീയതി, സന്തോഷപുരസ്സരം സ്നേഹോപഹാരങ്ങൾ കൈപ്പറ്റി ഞാനും സ്ഥാപനത്തിന്റെ പുറത്തേക്കു നടന്നു. അങ്ങിനെ അനവധി സുമനസ്സുകളായ ബുദ്ധിജീവികളുടെ കൂട്ടായ പ്രവർത്തന ഫലമായി ഒരു സാധാരണ കോളേജ് കാലാന്തരത്തിൽ യുണി വേഴ്സിറ്റിയായി മാറി.

## ആർടിസറ്റ് സുരേഷിനു - സ്മരണാഞ്ജലി




2021 ഫെബ്രുവരി 26 വെള്ളിയാഴ്ച വൈകിട്ട് 9 മണിയോടെ കേട്ടത് നടുക്കുന്ന ഒരു വാർത്തയായിരുന്നു ആർടിസ്റ്റ് സുരേഷ് മരിച്ചു ഈ വാർത്ത ഉൾക്കിടിലത്തോടെയാണ് കേട്ടത്. ഒട്ടും വിശ്വസിക്കാൻ സാധിച്ചില്ല. പക്ഷെ അതിനടുത്തായി വന്ന തുടർച്ചയായുള്ള ഫോൺ കാളുകൾ, അതിനെ നിർദാക്ഷണ്യം സ്ഥിതീകരിക്കുന്നതായിരുന്നു. ശാന്ത ചിത്തനും, സൗമ്യ ശീലനുമായ സുരേഷ്, ദൂരവാണിനഗർ മലയാളികൾക്കെല്ലാം സുപരിചിതനായിരുന്നു.. ഈ ദാരുണാന്ത്യത്തിന്റെ വാർത്ത വരുന്നത് മറ്റൊരു ഉറ്റസുഹൃത്തിന്റെ മരണത്തെത്തുടർന്നുള്ള

വിങ്ങലുകളിൽ നിന്ന് കരകയറുന്നതിനു മുമ്പാണെന്നുള്ളതാണ് കൂടുതൽ വേദനാജനകം!. രണ്ടും കലാകാരന്മാർ തന്നെ!. മൂന്നോളം ദശാബ്ദങ്ങളായി ബാംഗ്ലൂർ, ദൂരവാണിനഗർ നഗറിൽ മലയാളികളുടെ കലാരംഗങ്ങളിലെല്ലാം ഗാംഭീര്യമാർന്ന, സ്വരമാധുര്യത്തോടെ നിറഞ്ഞുനിന്നിരുന്ന ഒരു ഗായകനും ഗാന സംവിധായകനുമായ കെ.എം.ദാമോദരൻ. മുൻപേ കടന്നു പോയ മറ്റൊരുസുഹൃത്തായ സി.കെ.പ്രഭാകനരന്റെ വരികൾക്ക് ഈണം നൽകി മധുരമായാലപിച്ചിരുന്ന കെ.എം.ദാമോദരൻ വിടപറഞ്ഞിട്ടൊരാഴ്ച്ചയായില്ല!. അമ്പത്തി മൂന്നുകാരനായ സുരേഷ് അമ്മയെയും ഭാര്യയെയും മകനെയും വിട്ടു കാല യവനികക്കുള്ളിൽ മറഞ്ഞു. ദൂരവാണിനഗർ കേരളസമാജം ഓണാഘോഷത്തോടനുബന്ധിച്ചുള്ള ചിത്രരചനാമത്സരത്തിന്റെ സ്ഥിരം ജൂറിയായിരുന്നു സുരേഷ്.

വർഷങ്ങൾക്കു മുൻപുതന്നെ ഓണാഘോഷത്തോട നുബന്ധിച്ചുള്ള മത്സരങ്ങളിൽ ‘സ്പോട്പെയിന്റിംഗ്’ ഒരു പ്രധാനയിനമായി മാറി. മലയാളികളായ നമ്മുടെ കുട്ടികളോടൊപ്പം മറ്റുള്ള കുട്ടികളും ഈ മത്സരത്തിൽ പങ്കെടുത്തിരുന്നു. തുടർച്ചയായി ഈ ചിത്രരചനാ മത്സരങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന ഒരു കുഞ്ഞു കലാ കാരനായിരുന്നു. എം.ബി.സുരേഷ്. അങ്ങിനെ സുരേഷിലെ കലാകാരനെ തട്ടിയുണർത്തിയത് നമ്മുടെ കേരളസമാജം തന്നെയാണെന്നുള്ളതും അഭിമാനപൂർവം രേഖപ്പെടുത്തട്ടെ.

1987 –ൽ സുരേഷ് ചിത്രകലാപരിഷത്തിലെ വിദ്യാർത്ഥിയായിരുന്നു. അന്നാണാദ്യമായി ഞാൻ സുരേഷിനെ കേരളസമാജം നടത്തുന്ന ചിത്രരചനാ മത്സരത്തിന്റെ വിധികർത്താവാക്കിയത്. സുരേഷിന്റെ നിഷ്പക്ഷമായ വിധി നിർണയങ്ങളാവണം ഈ കഴിഞ്ഞ വർഷം വരെ സമാജം നടത്തുന്ന ചിത്രരചനാമത്സരത്തിന്റെ ജഡ്ജി സുരേഷു തന്നെയായിരുന്നു.

ഐ.ടി.ഐ ഉദ്യോഗസ്ഥനും, ഗുരുവായൂർ സ്വദേശിയും പരേതനുമായ പി.ബാലകൃഷ്ണൻ നായരുടെയും ഭാര്യ ശ്രീമതി സുലോചനയുടെയും മകനായിരുന്നു സുരേഷ്. ബാംഗ്ലൂർ ജയദേവ കാർഡിയോളജി ഹോസ്പിറ്റലിൽ സ്റ്റാഫ് നേഴ്സ് ആയ എം.ബി. സവിത സഹോദരി. ഇൻകം ടാക്സു ഡിപ്പാർട്മെന്റിൽ നിന്നും

വോളണ്ടറി റിട്ടയർമെന്റ് എടുത്ത ഭാര്യ പ്രഭാദേവി. സുരേഷിന് ഒരേയൊരു മകൻ ന്യൂ ഹൊറൈസൺ കോളേജിലെ എഞ്ചിനീയറിംഗ് വിദ്യാർത്ഥി ആദിത്യ.

എം.ബി.സുരേഷ് ഒരു അദ്ധ്യാപകൻ കൂടിയായിരുന്നു. നാഷണൽ പബ്ലിക് സ്കൂൾ ഇന്ദിരാനഗർ, ദേവമാതാ സ്കൂൾ ഹോറമാവു തുടങ്ങി പല സ്കൂളികളിലും. അദ്ദേഹം അദ്ധ്യാപകനായും സേവനമനുഷ്ഠിച്ചിരുന്നു. എന്നാൽ പ്രധാനമായും ഒരു ആർട്ട് കൺസൽട്ടന്റ് ആയി പ്രവർത്തിക്കുവാനായിരുന്നു ഇഷ്ടം. നഗരത്തിലെ ഒട്ടനവനവധി എൻജിയോകൾക്ക് സുരേഷ് പല വിധത്തിലും സഹായിയായിരുന്നു. ദേശീയതലത്തിലുള്ള കോർപറേറ്റ് സെക്ടറുകളുടെ മേധാവികൾക്ക് സുരേഷ് പ്രോഡക്റ്റ് ഡിസൈനുകളുടെ തുടർച്ചയായ വർക്ഷോപ്പുകൾ നടത്തിയിരുന്നു. ഇതിനായി സുരേഷ് ഡൽഹി, ബോംബെ, ഗോവ, കൽക്കട്ട എന്നീ നഗരങ്ങളിൽ പലതവണ സഞ്ചരിച്ചിരുന്നു.

ചലചിത്രങ്ങളുടെ സ്റ്റോറി ബോർഡ് തയ്യാറാക്കുന്നതിലും സുരേഷ് അറിയപ്പെട്ട ഒരു കലാകാരനായിരുന്നു.

ചുരുങ്ങിയ കാലങ്ങൾക്കുള്ളിൽ അനവധി സ്ഥാപനങ്ങളുടെ ലോഗോ ഡിസൈൻ ചെയ്യുവാനും സുരേഷിന് സാധിച്ചു. ഈ അടുത്ത കാലത്താണ് ഞാൻ അധ്യക്ഷനായ രാമമൂർത്തി നഗർ റസിഡന്റ്സ് വെൽഫെയർ ട്രസ്റ്റിന്റെ ലോഗോ സുരേഷ് ഡിസൈൻ ചെയ്തത്. പ്രതിഫലമില്ലാതെതന്നെ! എന്നും എന്റെ ഒരു അനുജനെപ്പോലെ എന്നോടൊപ്പമുണ്ടായിരുന്നു. ചുരുങ്ങിയ കാലത്തിനുള്ളിൽ നമ്മോടൊപ്പം ജീവിച്ച, സർവ സമ്മതനായിരുന്ന ഈ നല്ല ഒരു മനുഷ്യ സ്നേഹിയുടെ, ഹൃദയാഘാതം മൂലമുള്ള നിര്യാണം അദ്ദേഹവുമായി ഒരിക്കലെങ്കിലും സംവദിച്ചിട്ടുള്ളവർക്കു സഹിക്കാൻ പറ്റുന്നതിലുമധികമായിരുന്നു.

ആ പാവന സ്മരണകൾക്ക് മുന്നിൽ ആദരാഞ്ജലികൾ.

## മനസ്സിൽ തട്ടിയ സുഹൃദ്ബന്ധങ്ങൾ - ഒരനുസ്മരണം.

വടകര മേമുണ്ടയിൽ മനത്താനത്തു കുടുംബത്തിൽ പരേതനായ രാമക്കുറുപ്പിന്റെ എട്ടുമക്കളിൽ നാലുപേരും എന്നെ പല വിധത്തിൽ

സ്വാധീനിച്ചവരും എനിക്ക് പല സഹായങ്ങൾ ചെയ്തവരുമാണ്. നാലുപേരും കാലയവനികയിലേക്കു മറഞ്ഞു

## എം വേണുഗോപാലക്കുറുപ്പ്



ഒട്ടനവധി മലയളികൾക്കു പ്രത്യക്ഷമായും പരോക്ഷമായും കഴിവിന്റെ പരമാവധി സഹായം നൽകിയ ഒരു വിശാല ഹൃദയനായ മനുഷ്യസ്നേഹിയായിരുന്നു എം വേണുഗോപാലക്കുറുപ്പ്.

ആദ്യകാലങ്ങളിൽ തന്നെ കേരള സമാജത്തിന്റെ പ്രവർത്തനങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നുവെങ്കിലും മുഖ്യ ധാരാ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് 1971 ലാണ്. പരേതനായ കെ.ശ്രീനിവാസൻ നായർ ഉപാധ്യക്ഷനും, വേലായുധൻ ആചാരി പൊതുകാര്യ ദർശിയും അബൂബക്കർ ഖജാൻജിയും, ശ്രീ സദാനന്ദൻ വി, ശ്രീ ടി വി ചന്ദ്രമോഹൻ, ശ്രീ വി കെ പൊന്നപ്പൻ, ശ്രീ മധുസൂധനൻ നായർ.പി.കെ, ശ്രീ ഉമ്മെൻ. എം.എം തുടങ്ങി അന്ന് സമാജത്തിൽ സജീവമായിരുന്ന ഒരു നല്ല സംഘവുമായാണ് സമാദ്ധ്യക്ഷനായി ചുമതല ഏറ്റെടുത്തത്. സമാജാംഗങ്ങൾക്കിടയിൽ 'വേണുവേട്ടൻ' എന്നാണ് പൊതുവെ അറിയപ്പെട്ടിരുന്നത്.

അക്കാലത്തു ഓണാഘോഷം, ഗ്രന്ഥശാല, വായനശാല, എന്നിവ മാത്രമായിരുന്നു സമാജത്തിന്റെ .മുഖ്യ പ്രവർത്തനങ്ങൾ. പിന്നീട് 1981 ൽ സമാജത്തിന്റെ സ്കൂൾ പ്രവർത്തനത്തിനായി ആദ്യത്തെ DKSES ബോർഡ് മെമ്പറായി വേണുവേട്ടൻ ചുമതലയേറ്റു. അതിനു ശേഷം 1987 ലാണ് വീണ്ടും സമാജത്തിന്റെ നേതൃത്വം ഏറ്റെടുക്കുന്നത്.. പരേതരായ എ വിശ്വംഭരൻ ഉപാധ്യക്ഷനും, എൻ രാജപ്പൻ സ്കൂൾ കാര്യദർശിയും, ടി രവീന്ദ്രൻ ഖജാൻജിയുമായുള്ള പ്രവർത്ത സമിതിയിൽ ഞാൻ പൊതുകാര്യ ദർശിയും, ശ്രീമാന്മാർ പി ദിവാകരൻ, ടി വി ചന്ദ്രമോഹൻ,

എ മനോഹരൻ, ജോസഫ് വർഗീസ് തുടങ്ങിയവർ കമ്മിറ്റി അംഗങ്ങളുമായിരുന്നു.

അന്ന് ജൂബിലി സ്കൂളിന്, 10‘X10’ വരുന്ന ഷീറ്റിട്ട ഒരു മുറിയും, വാർത്ത നാലു ക്ളാസ്സുമുറികളും മാത്രമാണുണ്ടായിരുന്നത്. സ്കൂൾ വരുമാനം ശമ്പളം നൽകുവാൻ പോലും തികയാതിരിക്കുന്ന ആ കാലഘട്ടത്തിൽ ആരംഭിച്ച തുടർച്ചയായ ഫണ്ട് ശേഖരണത്തിനു ശക്തമായ നേതൃത്വം നൽകുവാൻ വേണുവേട്ടന് കഴിഞ്ഞിരുന്നു. അഞ്ചാമത്തെ ക്ളാസ്സു മുറി മുതൽ ഇരുപത്തിയൊന്നാമത്തെ ക്ളാസ്സു മുറിവരെയും,, ഏഴു ക്ളാസ്സു മുറികളോളം വരുന്ന ഒരു ഹാളും, പ്രിൻസിപ്പലിന്റെ ഓഫീസ്, ബോർഡ് റൂം, അഡ്മിൻ ഓഫീസു എന്നിവയെല്ലാം നിർമ്മിച്ചു പയോഗയോഗ്യമാക്കുന്നതു വരെ വേണുവേട്ടന്റെ ശക്തിയേറിയ കൈകൾ പ്രവർത്തിച്ചു.

പ്രവർത്തകർക്കെല്ലാം പ്രിയങ്കരനായിരുന്ന വേണുവേട്ടന്റെ ഔദ്യോഗിക തലത്തിലുണ്ടായിരുന്ന പിടിപാടുകളെല്ലാം സമാജത്തിനായി വിനിയോഗിച്ചു. സമാജം ഓഫിസിന്റെ അറ്റകുറ്റപ്പണികൾ, സമാജത്തിനുമുന്നിൽ സ്ഥാപിച്ചിരിക്കുന്ന ബോർഡ്, DKSES ബോർഡ് റൂമിലിരിക്കുന്ന ഫോട്ടോ ഷോ കേസ്, ഐ.ടി.ഐ സമാജത്തിനു നൽകിയ ഇന്റർ കോം കണക്ഷൻ, ആഘോഷ വേളകളിൽ ഐ.ടി.ഐ കാന്റീനിൽ നിന്നുള്ള ഭക്ഷണം, അത്യാവശ്യ സന്നർഭങ്ങളിൽ ഐ.ടി.ഐ.യിലെ പ്രവർത്തകർക്ക് സ്പെഷ്യൽ ലീവ്, സമാജം പ്രസിദ്ധീകരണങ്ങളിൽ ലഭിച്ചിരിക്കുന്ന പരസ്യങ്ങൾ, എന്നിവ അദ്ദേഹത്തിന്റെ പ്രവർത്തന നേട്ടങ്ങളായിരുന്നു. സമാജം പ്രസിദ്ധീകരണമായിരുന്ന ഡി.കെ. എസ് ന്യൂസ് ലെറ്ററിന്റെ ആദ്യത്തെ പത്രാധിപരുമായിരുന്നു വേണുവേട്ടൻ.

നാലു ക്ളാസ്സുമുറികളിൽ ഒതുങ്ങി നിന്നിരുന്ന ഓണച്ചന്ത ഒരു കാർണിവലാക്കി മാറ്റിയതിൽ വേണുവേട്ടന്റെ നേതൃത്വത്തിന് അതിയായ പങ്കുണ്ട്. ഇന്ദിരാനഗറിൽ കെ.എൻ.ഇ.ട്രസ്ടിന്റെ ട്രസ്ടിയായും മൂന്നു വർഷം വേണുവേട്ടൻ സേവന മനുഷ്ഠിച്ചിരുന്നു.

## എം ഗംഗാധരക്കുറുപ്പ്



പ്രിയങ്കരനായ എം വേണുഗോപാലക്കുറുപ്പിനെ അനുസ്മരിക്കുമ്പോൾ ഒപ്പം ഓടിയെത്തുന്ന ഓർമകളാണ് സ്നേഹിക്കാൻ മാത്രം കഴിയുന്ന ഒരു മനസ്സിന്റെ ഉടമ വേണുവേട്ടന്റെ അനുജൻ - എം ഗംഗാധരക്കുറുപ്പ്

ആയിരത്തി തൊള്ളായിരത്തി അറുപതുകൾ തുടങ്ങി ഈ കഴിഞ്ഞ 2009 വരെ ഔദ്യോഗികമായും 2020 വരെ അല്ലാതെയും ദൂരവാണിനഗർ കേരളസമാജത്തിന്റെ സന്തത സഹചാരിയായിരുന്നു ഗംഗേട്ടൻ

അവസാനശ്വാസം വരെയും അദ്ദേഹം ജീവിച്ചതും പ്രവർത്തിച്ചതും ഉത്തമനായ ഒരു സോഷ്യലിസ്റ്റ് -സെക്കുലർ ചിന്താഗതിക്കാരനായിത്തന്നെ. സമൂഹം ഒന്നടങ്കം ആദരിക്കുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിട്ടായിരുന്നു ജീവിതം. കേരളസമാജമെന്ന കർമമണ്ഡലത്തിൽ പലതവണ ഔദ്യോഗിക പദവികളോടെയും, അല്ലാതെയും സ്നേഹ സമ്പൂർണമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചു.

1969-ലാണ് അദ്ദേഹം ദൂരവാണിനഗർ കേരളം സമാജത്തിന്റെ മുഖ്യധാരാ പ്രവർത്തനങ്ങളിലേക്കു കടന്നുവരുന്നത്. ഏകദേശം പത്തു വർഷങ്ങൾക്കു ശേഷമാണു ഞാൻ അദ്ദേഹവുമായി പരിചയപ്പെടുന്നത്. 1979-ൽ അദ്ദേഹം സമാജത്തിന്റെ പൊതു കാര്യദർശിയായിരുന്നു. അദ്ദേഹത്തിനോപ്പം കമ്മറ്റിഅംഗമായി പ്രവർത്തിക്കുവാൻ എനിക്കവസരം കിട്ടിയിരുന്നു. ഭംഗിയേറിയ കയ്യക്ഷരം, അടുക്കും ചിട്ടയുമുള്ള പ്രവർത്തനരീതി, സൗമ്യസ്വഭാവം, ശാന്തശീലൻ തുടങ്ങിയ എല്ലാ ഗുണങ്ങളുമുള്ള ഗംഗേട്ടൻ തന്നെയാണ് സമാജം പ്രവർത്തനങ്ങളിലേക്ക് എന്നെ കൈ പിടിച്ചിറക്കിയതും.

നീണ്ടകാലത്തെ ബന്ധത്തിനിടയിൽ വ്യക്തിപരമായും

സംഘടനാപരമായും ഒട്ടനവധി ദിനങ്ങൾ അദ്ദേഹത്തോടൊപ്പം കഴിഞ്ഞിരുന്നു. ജീവിതത്തിൽ ഒരിക്കൽ പോലും മദ്യപിക്കാത്ത അദ്ദേഹത്തിന് കരൾ സംബന്ധമായ അസുഖവും അവസാന ദിനങ്ങളിൽ പിടിപെട്ടിരുന്നുവെന്നാണ് മനസിലാകുന്നത്. ഐ.ടി. ഐ കോളനിയിൽ ദീർഘകാലവും, പിന്നീട് കൊത്തൂരിലുള്ള സ്വന്തം വീട്ടിലുമായി ജീവിച്ച ഗംഗേട്ടന്റെ ഭാര്യ ശ്രീമതി സുധാഭായിയും, മക്കൾ ശ്രീമതി ബിന്ദു സുരേഷ്, ശ്രീ. ബിജോയ് ഗംഗാധരൻ എന്നിവരുമാണ്.

ആ മനുഷ്യസ്നേഹവും മലയാളത്തിനോടുള്ള അഥവാ മലയാളി യോടുള്ള കറയറ്റ സ്നേഹവും അദ്ദേഹത്തിന്റെ സ്മരണകൾ തലമുറകളോളം ഉയർത്തിപ്പിടിക്കും. ദൂരവാണിനഗർ കേരളസമാജം കണ്ടിട്ടുള്ള ആദർശധീരനായ ഒരു പൊതുപ്രവർത്തകൻ!

## സഖാവ് ടി.രാജൻ



പേരുകൊണ്ടും പെരുമാറ്റം കൊണ്ടും പൊതു ജന ഹൃദയം കവർന്ന മറ്റൊരു പൊതു പ്രവർത്തകനായിരുന്നു ഗംഗേട്ടന്റെ അനുജൻ – ടി രാജൻ

ഐ.ടി.ഐ കോളനിയിൽ തുടങ്ങി ടിൻ ഫാക്ടറി പരിസര ങ്ങളിലേക്കു സ്ഥിര താമസമാക്കിയ ദിവംഗതനായ ടി.രാജൻ സമാജത്തിന്റെ സാമൂഹ്യ പ്രവർത്തനങ്ങളിലൂടെ മലയാളികളുടെ ശ്രദ്ധ പിടിച്ചുപറ്റി. ഏവർക്കും രാജേട്ടൻ പ്രിയങ്കരനായി.

ചെറുപ്പത്തിലേ സോഷ്യലിസ്റ്റ് ചിന്താഗതിക്കാരനായിരുന്നു. ഐ.ടി.ഐ.യിൽ അന്നുണ്ടായിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) ബ്രാഞ്ചുകളൊന്നിൽ ചേർന്ന് പ്രവർത്തി ക്കാനും തൊഴിലാളി വർഗ്ഗത്തിന്റെ അവകാശങ്ങൾക്കായി പൊരുതാനുള്ള സംഘടനാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും സ്വയം സമർപ്പിച്ചത് ഈ സ്വാധീനം കൊണ്ടാണ്. കുറേക്കാലം അദ്ദേഹവുമായി അടുത്തിടപഴകുവാൻ എനിക്ക്

സാധിച്ചു. ITI യിൽ നിന്ന് വിരമിച്ച ശേഷവും കലാ സാഹിത്യ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിലും രാഷ്ട്രീയ പ്രവർത്തനങ്ങളിലും അദ്ദേഹം വളരെ സജീവമായിരുന്നു.

## നിസ്വാർത്ഥ സേവകനായിരുന്ന- ടി രവീന്ദ്രൻ



കാൽ നൂറ്റാണ്ടു കാലം അനേക മനുഷ്യ ജീവികളെ പരിചരിച്ച മറ്റൊരു സ്നേഹ സമ്പന്ന നായ ഒരു നിസ്വാർത്ഥ സേവ കനായിരുന്നു രാജേട്ടന്റെ അനു ജൻ - ടി രവീന്ദ്രൻ ഏകദേശം ആയിരത്തി തൊള്ളായിരത്തി എഴുപതുകളുടെ ആരംഭത്തിൽ മൂത്ത സഹോദരനായ എം വേണുഗോപാലക്കുറുപ്പിന്റെ കൂടെ തൊഴിൽ തേടിയെത്തിയ ടി.രവീന്ദ്രൻ എന്ന ചെറുപ്പക്കാരൻ ഒരു ദശാബ്ദക്കാലത്തിനുള്ളിൽ ദൂരവാണിനഗറിലും പ്രാന്ത പ്രദേശങ്ങളിലുമായിട്ടുള്ള മലയാളികളുടെയെല്ലാം സ്നേ ഹാദരങ്ങൾക്കർഹനായി. കേരള സമാജത്തിന്റെ കമ്മിറ്റിയംഗം, ലൈബ്രറിയൻ, പ്രാദേശിക കാര്യദർശി, ഖജാൻജി, പൊതു കാര്യദർശി എന്നീ നിലകളിലെല്ലാം സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു.

ജീവിതം മറ്റുള്ളവരുടെ കണ്ണീരൊപ്പുവാൻ വേണ്ടി മാറ്റി വച്ച രവി സമാജത്തിലെ പ്രവർത്തനം അനുസ്യൂതമായിത്തുടർന്നു. 1979 ൽ വിവാഹിതനായി. നാദാപുരം സ്വദേശിനിയായ പ്രഭാവതി യുമായി ഉദയനഗറിൽ സ്ഥിരതാമസമാക്കി. കാലക്രമേണ രണ്ടു മക്കളുമുണ്ടായി. പ്രവിതയും പ്രവിഷും.

അങ്ങിനെ എഴുപതുകളിൽ ആരംഭിച്ച സാമൂഹ്യ സേവനങ്ങൾ ഇരുപത്തിയഞ്ചു വർഷക്കാലം നിരന്തരമായി തുടർന്നു. ഇക്കാലമത്രയും രവിയോടൊപ്പം നിൽക്കാനും രവിയുടെ സ്നേഹ

വാത്സല്യങ്ങൾ ആസ്വദിക്കാനുമുള്ള അവസരം എനിക്ക് കിട്ടി. സ്നേഹ സമ്പന്നനായ ആ നിസ്വാർത്ഥ സേവകന്റെ ഓർമ്മകൾ മാത്രം ബാക്കി നിർത്തി 1998 ജൂലായ് 12 നു ഈ ലോകത്തോട് തന്നെ വിടവാങ്ങി.

അർഥപൂർണമായ ഒരു ജീവിതം അവിടെ അവസാനിച്ചു.

ഒരു അമ്മക്ക് പിറന്ന നാലു മക്കളും സമാജത്തിനു മാത്രമല്ല എനിക്ക് വ്യക്തിപരമായും മായാത്ത ഒട്ടനവധി ഓർമ്മകൾ ബാക്കി വച്ച് യാത്രയായി. അവരുടെയെല്ലാം സ്നേഹ സമ്പൂർണമായ ഓർമകൾക്ക് മുന്നിൽ സ്നേഹാദരങ്ങളോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## നോവല്ലാ - കോൺസെപ്റ്റ് ഹോട്ടൽ- വർക്കല ബീച്ചിൽ.

തിരുവനന്തപുരത്തിനു എഴുപതു കിലോമീറ്റർ വടക്കും കൊല്ലത്തു നിന്ന് ഇരുപത്തിയേഴ് കിലോമീറ്റർ തെക്കുമായിട്ടുമുള്ള പ്രശാന്ത സുന്ദരമായ ഒരു പ്രദേശമായ വർക്കലയിലേക്ക് ഒരു സന്ദർശനം നടത്തി. തുറസ്സായ കടൽത്തീരങ്ങൾ, ലവണ ജല ഉറവ, ശിവഗിരി മഠം, വിഷ്ണു ക്ഷേത്രം, ആയുർവ്വേദ റിസോർട്ടുകൾ, താമസ സൗകര്യങ്ങൾ, ഒട്ടേറെ ആയുർവേദ ഉഴിച്ചിൽ കേന്ദ്രങ്ങൾ എന്നിവകളെല്ലാമുള്ള ഈ പ്രദേശം ലോക പ്രസിദ്ധമായ ഒരു വിനോദസഞ്ചാരകേന്ദ്രം കൂടിയാണ്.

പാപനാശം എന്നറിയപ്പെടുന്ന വർക്കല കടൽത്തീരം വർക്കല റെയിൽവേ സ്റ്റേഷനിൽ നിന്ന് പത്തു കിലോമീറ്റർ അകലെ യാണ്. കടലോരത്തുള്ള ഒരു സ്വാഭാവിക ഉറവയാണ് ഈ കടലിന് പാപനാശം എന്ന പേരു നേടിയത്. ഈ ഉറവയിലെ വെള്ളത്തിന് ഔഷധ ഗുണമുണ്ടെന്നു കരുതുന്നു. ഇതിൽ കുളിക്കുന്നത് വർക്കലയുടെ പ്രത്യേകതകളിലൊന്നാണ്. കടൽത്തീരത്തെ അഭിമുഖീകരിച്ച് പാറക്കെട്ടുകൾക്കിടയിലയിട്ടാണ് രണ്ടായിരം വർഷങ്ങൾ പഴക്കമുള്ള ജനാർദ്ദന സ്വാമി ക്ഷേത്രത്തിന്റെ സ്ഥാനം. ശ്രീ നാരായണ ഗുരുവിന്റെ പ്രവർത്തന കേന്ദ്രവും പിന്നീട് സമാധി സ്ഥലവുമായിത്തീർന്ന ശിവഗിരി മഠവും ഇവിടടുത്തു തന്നെ. ശിവഗിരി തീർത്ഥാടന യാത്രയും പ്രദർശനവും എല്ലാ വർഷവും

ഡിസംബർ മുപ്പതു മുതൽ ജനുവരി ഒന്നു വരെയാണ്. പതിനായിരങ്ങൾ വർക്കലയിലെത്തുന്ന ദിനങ്ങളാണിത്. കേരള മണ്ണിൽ ലോകത്തിനായുയർന്ന 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന സന്ദേശം നൽകിയ ഗുരുവര്യനാണ് ശ്രീ നാരായണഗുരു.

വിനോദയാത്രക്കിടയിൽ റിസോർട്ടുകളുടെയും പ്രകൃതി ചികിത്സ കേന്ദ്രങ്ങളുടെയും വ്യത്യസ്തമായ ഒരു ചെറിയ സ്ഥാപനമായി ത്തോന്നി എന്റെ മകൻ സച്ചിൻ നടത്തുന്ന നോവല്ല കോൺസെപറ്റ് ഹോട്ടൽ ഒരു ചെറിയ ഇടത്താവളം.

വിശാലമായ മുറികളിലൂടെയുള്ള പുറംകാഴ്ച കടൽത്തീരം. എണ്ണിയാൽ തീരാത്ത തിരമാലകൾ ഇളകി മറിഞ്ഞാർത്തിരമ്പുന്നു..! വർക്കല ബീച്ചിൽ ഒരു ഹെലിപ്പാടുണ്ട്. ആ ഹെലിപ്പാടിൽ നിന്ന് കടലിനെ നോക്കിനിൽക്കുമ്പോൾ ഇടതു വശത്തു ഒരു പ്രകൃതി ചികിത്സാകേന്ദ്രത്തിന്റെ മതിൽ ചേർന്ന് ഒരു ക്ലിഫ് പാസ്സേജുണ്ട്. അതുവഴി നൂറു മീറ്റർ നടന്നാൽ ആദ്യം വലതുവശത്തായി കാണുന്ന ഹോട്ടൽ ആണ് 'നോവല്ല'. റഷ്യൻ ഭാഷയിൽ നോവൽ എന്നർത്ഥം. ഓരോ മുറികളും ഓരോ ചാപ്റ്റർ ആണ്. ഈ സ്ഥാപനം അവിടെ പ്രസിദ്ധമായ റഷ്യൻ റിസോർട്ടായ ' 'INDA'' യുമായി തുറന്ന സൗഹൃദത്തിലാണ്.

ചെറുപ്പം മുതൽതന്നെ 'ഹോസ്പിറ്റാലിറ്റിയിലും കൂക്കിങ്ങിലും സന്തോഷം കണ്ടെത്തിയ സച്ചിന്റെ ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെയാണ് എയ്റോ സ്പേസ് ആൻഡ് എയ്റോനാട്ടിക്കൽ എൻജിനീയറിങ്ങിനു മോസ്കോയിൽ ചേർത്ത്. എൻജിനീയറിങ് പാസ്സായതോടെ ബാംഗ്ലൂരിൽ എയ്ർ വർക്സ് ഇന്ത്യ എന്ന കമ്പനിയിൽ പ്ലാനിംഗ് മനേജരായി ചേർന്നു. മൂന്നു വർഷത്തോളം ആ ജോലി നോക്കി. അതിനു ശേഷം അതുപേക്ഷിച്ചിട്ടു മനസ്സിന്റെ ഉള്ളിലൊതുക്കിയിരുന്ന തൊഴിൽ തന്നെ സ്വയമേറ്റെടുത്തു.

## ഭൂമിയിലെ സ്വർഗ്ഗത്തിലേക്കൊരു സകുടുംബ വിനോദയാത്ര

സഹനയുടെ ഭർത്താവിന്റെ അച്ഛൻ മുരളീധരൻ കുറെയായി

നിർബന്ധിക്കുന്നു ഒരു ഫാമിലി–ടൂർ പോകണമെന്ന്. അതും കാശ്മീരിലേക്ക്. പലവട്ടം ഒഴിഞ്ഞു മാറി. പക്ഷെ ഒരു ഒഴിവുകഴിവും പറയാൻ പറ്റാത്ത ഒരവസരത്തിൽ സഹനയുമായയാലോചിച്ച് അവർതന്നെ ടൂർ പ്ലാൻചെയ്തുകഴിഞ്ഞു. വേറെ വഴിയില്ലാതെ സമ്മതിച്ചു.

നാൽപതു പേരടങ്ങുന്ന ഒരു സംഘമായിരുന്നു അത്. ഞാനും ഭാര്യ ചന്ദ്രികയും മകൻ സച്ചിനും മാത്രം ബാംഗ്ലൂരുകാർ. സഹന, അവളുടെ ഭർത്താവു വിജയ്, മകൾ സിയ. പിന്നെ എല്ലാവരും മുരളിയുടെ ബന്ധുക്കളും കൂട്ടുകാരും.

സുപ്രസിദ്ധ വിനോദസഞ്ചാരകേന്ദ്രമായ ശ്രീനഗറിലേക്കാണ് യാത്ര!. ഇന്ത്യ, പാകിസ്താൻ, അഫ്ഗാനിസ്ഥാൻ, ചൈന തുടങ്ങിയ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന; ഒരുകോടി മുപ്പതു ലക്ഷം ജനസംഖ്യയുള്ള; എൺപത്തിആറായിരം ചതുരശ്ര മൈൽ വിസ്തീർണമുള്ള പഴയ കാശ്മീർ  ഇന്ന് മൂന്ന് ഭാഗമായി തിരിച്ചിരിക്കുന്നു. കശ്മീർ, ജമ്മു, ലഡാക് എന്നിങ്ങനെ. ഇന്നിത് കേന്ദ്ര ഭരണപ്രദേശമാണ്. പർവത നിരകളാൽ ചുറ്റപെട്ട് കിടക്കുന്ന കാശ്മീർ, എന്ന അതിമനോഹരമായ ഭൂപ്രദേശം ഇന്ത്യയുടെ പൂന്തോട്ടം, ഭൂമിയിലെ സ്വർഗം എന്നിങ്ങനെയാണ് പൊതുവെ അറിയപ്പെടുന്നത്.



കാശ്മീർ മഹാരാജാവ് കാശ്മീരിനെ പൂർണ്ണമായും ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുകയാണുണ്ടായത്. പാകിസ്താനുമായും ചൈനയുമായുമുള്ള യുദ്ധങ്ങളുടെ അനന്തരഫലമായി ഇന്ന് കാശ്മീർ താഴ്‌വര നാലായി വിഭജിക്കപ്പെട്ടിരിക്കുന്നു. ആസാദ് കാശ്മീർ, ജമ്മു, കാശ്മീർ, ലഡാക്ക് എന്നിങ്ങനെ.

ശ്രീനഗർ എയർ പോർട്ടിലാണ് ഞങ്ങൾ പറന്നിറങ്ങിയത്. ചെന്നൈയിൽനിന്നും ഡൽഹി വിമാനത്താവളം വഴി ശ്രീനഗറിലെത്തുമ്പോൾ നട്ടുച്ച, പന്ത്രണ്ടുമണി. ഞങ്ങളെ സ്വീകരിക്കുവാൻ രണ്ട് A/C ഫോർഡ് ട്രാവെല്ലറും സഹായികളായി നാലഞ്ചുപേരും. അവർ ഞങ്ങളെ ശ്രീനഗറിലുള്ള വാലി ഓർകിഡ് എന്ന ഹോട്ടലിൽ എത്തിച്ചു. വളരെ നല്ല സജ്ജീകരണങ്ങളോടുകൂടിയ ഒരു ത്രീ സ്റ്റാർ ഹോട്ടലായിരുന്നു അത്. ഉച്ചഭക്ഷണത്തിനു ശേഷം അടുത്തുള്ള ഒരു പാർക്കും ടൗണുമെല്ലാം കറങ്ങി.

സന്ദർഭം കിട്ടുമ്പോഴെല്ലാം തദ്ദേശവാസികളായ സഹായികളുമായി ഞങ്ങൾ സംവദിച്ചിരുന്നു. കാശ്മീർ താഴ്‌വരകളിൽ 95% മുസൽമാനും, 4% ഹിന്ദുക്കളും, 1% മറ്റുള്ളവരുമാണുള്ളത്. അവരിൽ പലരിലുമുള്ള ദയനീയമായ ഒരു വികാരം 'കാശ്മീർ കാണാൻ വരുന്ന മറ്റു സ്റ്റേറ്റുകാരെല്ലാം ഞങ്ങളെ ഭീകരരെന്നപോലെയാണ്



കാണുന്നത്'.കാശ്മീരിന്റെ സ്റ്റാറ്റസിനെപ്പറ്റിയോ, ആർട്ടിക്കിൾ 371നേ പ്പറ്റിയോ ഒന്നും അവർ ഉത്കണ്ഠാകുലരല്ല. പക്ഷെ 'കശ്മീർ മറ്റു സംസ്ഥാനങ്ങൾ പോലെയായിരുന്നെങ്കിൽ ഇതിനോടകം ഇവിടം ലോകത്തിന്റെ യഥാർത്ഥ സ്വർഗമായേനെ' എന്നവർ വിശ്വസിക്കുന്നു.

സമുദ്രനിരപ്പിൽ നിന്നും 6000 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന കാശ്മീർ താഴ്വരയിലൂടെ ഝലം നദി ഒഴുകുന്നു. കശ്മീർ താഴ്വരക്ക് തെക്കും പടിഞ്ഞാറുമായി പിർപഞ്ചാൽ മലനിരകളും, വടക്കും കിഴക്കുമായി ഹിമാദ്രിയും സ്ഥിതിചെയ്യുന്നു. കാശ്മീരിന്റെ ഏതാണ്ട് തെക്കുഭാഗത്തായാണ് ശ്രീനഗർ. ഇവിടെയെല്ലാം മരത്തിൽ നിർമ്മിച്ച മൂന്നും നാലും നിലയുള്ള കെട്ടിടങ്ങൾ കാണാം. എല്ലാം കൂർത്ത മേൽക്കൂരയോടുകൂടിയത്.

കോൺക്രീറ്റുകെട്ടിടങ്ങൾ വളരെ വിരളം. പൊതുവേ എല്ലാ നഗരങ്ങളും വളരുന്നതും വികസിക്കുന്നതും മറ്റു സ്ഥലങ്ങളിൽ നിന്ന് കുടിയേറിയവരാലും, വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കായി നിക്ഷേപിക്കുന്നവരാലും മാത്രമാണ്. കാശ്മീരിന് അത് സാധിച്ചിട്ടില്ല. മറ്റു സംസ്ഥാനക്കാർ അവിടെ



മുരളീധരൻ & രേണുക

സന്ദർശകർ മാത്രം. മറ്റൊന്നിനും അനുമതിയില്ലായിരുന്നു. അതുകൊണ്ടുതന്നെയാവണം ശ്രീനഗർ നഗരത്തിൽ ഇന്നും പഴകി ദ്രവിച്ച കെട്ടിടങ്ങളും വികസനമില്ലാത്ത വീഥികളും, ദരിദ്രജനതയും സർവത്രയാണ്.

കാശ്മീർ താഴ്വരയിൽ ധാരാളം തടാകങ്ങളുണ്ട്. ഇതിൽ ഏറ്റവും പ്രധാനം ദാൽ തടാകമാണ്. ഇത് ഒരു നഗര തടാകമാണ്, ജമ്മു കാശ്മീരിലെ രണ്ടാമത്തെ വലിയ തടാകം. ഈ തടാകത്തിൽ നങ്കൂരമിട്ടിരുന്ന ഒരു ഹൗസ് ബോട്ടിലാണ് ഞങ്ങൾ ഒരു രാത്രി അന്തിയുറങ്ങിയത്. ശാന്തമായ ദാൽ തടാകത്തിൽ ഒരു ഷിക്കാര സവാരി നടത്തി, ശങ്കരാചാര്യ ക്ഷേത്രം മലമുകളിൽ കണ്ടു.

വിനോദസഞ്ചാരികളും നാട്ടുകാരും ഏറ്റവും കൂടുതൽ സന്ദർശിക്കുന്ന സ്ഥലം ശ്രീനഗറാണ്. ഝലത്തിനു പുറമേ ധാരാളം ചെറിയ അരുവികളും താഴ്വരയിലുണ്ട്.

ഞങ്ങൾ കാശ്മീരിലെ ഏറ്റവും മനോഹരമായ കാഴ്ചകളിലൊന്നായ സോൻമാർഗ് അല്ലെങ്കിൽ 'സ്വർണ്ണത്തിന്റെ പുൽത്തകിടി'. മഞ്ഞു പുതച്ച പർവതങ്ങൾ, പച്ച പുൽമേടുകൾ, കുതിരാൻ കുതിരകൾ, എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു.

തണുപ്പുകാലത്ത് കാശ്മീർ താഴ്വരയിലെ താപനില −1 °C വരെയെത്തുന്നു. വേനൽക്കാലത്ത് ഇത് 24 °C വരെ ഉയരാറുണ്ട്. ജൂൺ മുതൽ സെപ്റ്റംബർ വരെ ഇവിടെ മഴയുണ്ടാകുന്നു.

ഗുൽമാർഗിലുള്ള ഗുൽമാർഗ് ഗൊണ്ടോള ലോകത്തിലെ ഏറ്റവും നീളമേറിയ രണ്ടാമത്തെ രണ്ടാമത്തെ കേബിൾ കാർ സംവിധാന മുള്ളതാണ്. കാശ്മീരിലെ ഐസ് മലകളുടെ പറുദീസയാണ് ഗുൽമാർഗ്. ഉയരത്തിൽ മലമുകളിൽ നിന്നുള്ള കാഴ്ച അമ്പരപ്പിക്കുന്നതാണ്. വേനൽക്കാലത്ത് പോലും മഞ്ഞുവീഴ്ച പതിവാണ്, ഇത് ഓരോ വിനോദസഞ്ചാരികളും ആവോളം ആസ്വദിക്കാൻ അവസരം നൽകുന്നു! രണ്ട് ഘട്ടങ്ങളുള്ള ഗൊണ്ടോള ലിഫ്റ്റ്, സമീപത്തുള്ള അഫർവത് കൊടുമുടിയുടെ (4,260മീറ്റർ) കോങ്ദൂരി പർവതത്തിലേക്കും തിരിച്ചും മണിക്കൂറിൽ അറുനൂറോളം പേരെ എത്തിക്കുന്നു.

ജമ്മു കാശ്മീർ സർക്കാരിന്റെയും ഫ്രഞ്ച് കമ്പനിയായ

പോമഗൽസ്കിയുടെയും സംയുക്ത സംരംഭമാണ് ഈ റോപ്‌വേ പദ്ധതി. ആദ്യ ഘട്ടം 2,650 മീറ്റർ ഉയരത്തിലുള്ള ഗുൽമാർഗ് റിസോർട്ടിൽ നിന്ന് ആറു പേരെ വീതം കയറ്റാവുന്ന മുപ്പത്തി ആറ് റോപ്പ് വേ കാർ (ഗൊണ്ടോള) പതിനെട്ട് ടവറുകളിലൂടെ താഴ് വരയിലെ കോങ്ദൂരി സ്റ്റേഷനിലേക്ക് മാറ്റുന്നു. പതിനെട്ടു കോടി രൂപയുടെ ചെലവിൽ ഏകദേശം രണ്ട് വർഷത്തിനുള്ളിൽ രണ്ടാം ഘട്ടം പൂർത്തിയാക്കി, 2005 മെയ് 28-ന് പ്രവർത്തനമാരംഭിച്ചു.

2017-ൽ ഒരു പൈൻ മരം കാറ്റിൽ പിഴുതെറിഞ്ഞു ഒരു ഗൊണ്ടോള ക്യാബിൻ കാർ തകർന്ന് അതിലുണ്ടായിരുന്നവർ 100 അടി താഴേക്ക് തെറിച്ചുവീഴുകയുമുണ്ടായി എന്ന് ഓപ്പറേറ്റർമാരിലൊരാൾ വിവരിച്ചു.

കാശ്മീർ താഴ്‌വര വൃക്ഷങ്ങൾ ധാരാളം വളരുന്നയിടമാണ് ഝലത്തിന്റെ ഇരുകരയിലുമുള്ള ചതുപ്പുനിലത്ത് വില്ലോ മരങ്ങൾ വളരുന്നു. വില്ലോ, ക്രിക്കറ്റ് ബാറ്റ് നിർമ്മിക്കുവാൻ ഉപയോഗിക്കുന്ന മരമാണ്. ഉയർന്ന പ്രദേശങ്ങളിൽ വോൾനട്ട് (അക്രൂഡ്) മരങ്ങളും വളരുന്നു. കൂടുതൽ ഉയർന്ന പ്രദേശങ്ങൾ ബിർച്ച് മരങ്ങൾ നിറഞ്ഞ കാടുകളാണ്. ഇവിടെ കയറ്റുമതി ചെയ്യുന്ന തടി ഒരു പ്രധാന ഉൽപ്പന്നമാണ്.

കാശ്മീരുകാർ ഭൂരിഭാഗവും കൃഷിക്കാരാണ്. നദികളുടേയും വലിയ അരുവികളുടേയും കരയിൽ നെൽപ്പാടങ്ങൾ കാണാം. കൂടുതൽ ഉയർന്ന പ്രദേശങ്ങളിൽ ചെരുവുകൾ തട്ടുതട്ടാക്കി നെൽകൃഷി നടത്തുന്നു. വളരെ ഉയർന്ന പ്രദേശങ്ങളിൽ തിബറ്റൻ ബാർലിയുടെ കടുത്ത ഒരു വകഭേദമാണ് കൃഷിചെയ്യുന്നത്. മറ്റു വിളകൾക്ക് ഈ പ്രദേശങ്ങൾ കൃഷി യോഗ്യമല്ല.

താഴ്‌വരയിലെ കാലാവസ്ഥ, ആപ്രിക്കോട്ട്, ആപ്പിൾ, വീഞ്ഞുമുന്തിരി, വാൾനട്ട് എന്നിവക്ക് വളരെ യോജിച്ചതാണ്. നേരിട്ട് ഭക്ഷിക്കുന്നതിനു പുറമേ വാൾനട്ടിൽ നിന്നും എടുക്കുന്ന എണ്ണ തദ്ദേശീയർ വിളക്കുകളിൽ ഇന്ധനമായും ഭക്ഷണം പാകം ചെയ്യുന്നതിനു ഉപയോഗിക്കുന്നു. കശ്മീരികൾ ക്രൊകൂസിൽ (CROCUSE) നിന്ന് ചായത്തിനായുള്ള കുങ്കുമം നിർമ്മിക്കുന്നു. കറുപ്പിന്റെ ചെറിയ രീതിയിലുള്ള കൃഷിയും ഇവിടെയുണ്ടന്നാണ് അറിയുന്നത് .

കാശ്മീരിലെ പ്രധാനപ്പെട്ട ഒരു വ്യവസായമാണ് കമ്പിളിവ്യവസായം. ഏതാണ്ട് രണ്ടര ലക്ഷം കാശ്മീരികൾ ഈ വ്യവസായത്തെ ആശ്രയിച്ചു ജീവിക്കുന്നു.. പുതപ്പുകൾ, പരവതാനികൾ തുടങ്ങിയവ ശ്രീനഗറിലെ നിർമ്മാണശാലകളിലും, കുടിൽ വ്യവസായമായി ചുറ്റുവട്ടങ്ങളിലും നിർമ്മിക്കുന്നു.

കാശ്മീരിലെ കനമുള്ള കൈത്തറി പരവതാനികൾ അതിന്റെ ഗുണത്തിലും, ചിത്രപ്പണിയിലും, നിറത്തിലും മറ്റും പ്രശസ്ത മായ പേർഷ്യൻ പരവതാനിയോട് കിടപിടിക്കുന്നു. ഇതിനുപ യോഗിക്കുന്ന നിറങ്ങൾ, ചെടികളിൽ നിന്നും മറ്റു പ്രകൃതിദത്തമായി തദ്ദേശീയമായി നിർമ്മിക്കുന്നതാണ്. ഇവിടെ നിർമ്മിക്കുന്ന ഗഭ എന്നുവിളിക്കുന്ന ഒരു തരം തുണി, പരവതാനി നിർമ്മാണത്തിൽ മിച്ചം വരുന്ന കമ്പിളി ഉപയോഗിച്ചു നിർമ്മിക്കുന്നതാണ്. ഇത് കനം കുറഞ്ഞതും ഫെൽറ്റ് പോലെയുള്ളതുമാണ്. കാശ്മീരികൾ ഇവ കിടപ്പുമുറികളിൽ നിലത്ത് വിരിക്കുന്നതിന് ഉപയോഗിക്കുന്നു. കാശ്മീരിലെ തുകലും തുകലുൽപ്പന്നങ്ങളും വളരെ പേരു കേട്ടതാണ്. പട്ട്, കരകൗശലവസ്തുക്കൾ, മരത്തിലുള്ള കൊത്തു പണികൾ തുടങ്ങിയവ ഇവിടത്തെ മറ്റു വ്യവസായങ്ങളാണ്.

ആറുദിവസത്തെ പര്യടനത്തിന് ശേഷം ഞങ്ങൾ ചെന്നൈയിലേക്കു മടങ്ങി. ഭൂമിയിലെ സ്വർഗത്തിന് വിട പറഞ്ഞുകൊണ്ടുതന്നെ.!

## വീണ്ടും കേരള സമാജത്തിലേക്ക് അദ്ധ്യക്ഷനായി.

കിഡ്സീയിലൂടെ പിഞ്ചു കുഞ്ഞുങ്ങളുടെ കരച്ചിലുകളുടെയും പൊട്ടിച്ചിരികളുടെയും ലോകത്തു കഴിഞ്ഞുകൂടുന്ന കാലഘട്ടം വളരെ ആസ്വാദ്യമായി. കിഡ്സീ 150 കുട്ടികളുള്ള ഒരു നല്ല മാതൃക സ്ഥാപനമായി പരക്കെ അറിയപ്പെട്ടു. .സാമാന്യം നല്ല വരുമാനവുമുണ്ടായി. എന്നാൽ വരുമാനത്തിന്റെ ഒരു മുന്തിയ ഭാഗം അധ്യാപകരുടെ ശമ്പളത്തിനായും കുട്ടികൾക്കായി ഉയർന്ന രീതിയിൽ തന്നെ എല്ലാ സൗകര്യങ്ങൾ ഒരുക്കുന്ന തിനും വിനിയോഗിച്ചു. പ്രവേശനത്തിനായിവരുന്ന ഒരു രക്ഷിതാവും ക്യാമ്പസിനുള്ളിൽ വന്നശേഷം അഡ്മിഷൻ




എടുക്കാതെ തിരിച്ചുപോയിരുന്നില്ല. അങ്ങിനെ പൂർണ്ണ സന്തോഷവാനായിരിക്കുമ്പോഴാണ് ലോകത്തിലാകമാനം പടർന്നുപിടിച്ച കൊറോണ എന്റെ സ്കൂളിനെയും ബാധിച്ചത്. തുടക്കത്തിൽത്തന്നെ എല്ലാ ശനിയാഴ്ചയും കുഞ്ഞുങ്ങൾക്കായി ഒരു സൗജന്യ ഓൺലൈൻ പ്രോഗ്രാം നടത്താറുണ്ടായിരുന്നു. വെറുതെ ഒരു ഒത്തുചേരൽ. കുട്ടികളുടെയും ടീച്ചർമാരുടെയും മറ്റും പാട്ടും കഥപറച്ചിലുമൊക്കെയായി ഒരു രണ്ടുമണിക്കൂർ രസകരമായി ചെലവഴിച്ചിരുന്നു. ആ പരിപാടി എന്റെ മകൾ സഹനയായിരുന്നു നടത്തിയിരുന്നത്. ഒപ്പം ടീച്ചർമാർ സഹായത്തിനുമുണ്ടായിരുന്നു.

കൊറോണ കാരണം ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്തംഭിച്ചു. എന്ന് തുറക്കും എന്നതിനു ഒരു ഉറപ്പുമുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ ഒരു വീണ്ടുവിചാരവുമില്ലാതെ പഴയ സൗജന്യ ഓൺലൈൻ ക്ലാസിന്റെ പരിചയത്തിൽ കിഡ്സീ ഓൺലൈൻ ക്ലാസ് തുടങ്ങി. ആദ്യമൊക്കെ 20% കുട്ടികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ക്രമേണ അത് വർധിച്ചു. പക്ഷെ വരുമാനം കുറഞ്ഞു. മാസങ്ങൾ കഷ്ടിച്ച് കടന്നുപോയി. രണ്ടു വർഷത്തോളമെടുത്തു ഉണർന്നെണീക്കുവാൻ!

ഈ സാഹചര്യത്തിലാണ് കേരളസമാജം അധ്യക്ഷൻ ശ്രീ പീറ്റർ ജോർജ് ഒരു നിർദ്ദേശവുമായി വന്നു. 'ശിവൻ

സമാജത്തിന്റെ നേതൃത്വം ഏറ്റെടുക്കണം'. വളരെ ആലോചിച്ചു. ആത്മാർത്ഥതയോടെ ഉപദേശം നൽകുന്ന പല സുഹൃത്തുക്കളും വേണ്ടെന്നുതന്നെ അഭിപ്രായപ്പെട്ടു. എന്തായാലും അതൊന്നും വകവെക്കാതെ ആ സംഘടനയിൽ നിന്ന് ലഭിച്ച പരിചയ സമ്പത്തുകൊണ്ടു മാത്രം ജീവിതം പച്ചപിടിച്ച എനിക്കു ശിഷ്ടജീവിതത്തിൽ ആ സംഘടനക്കുവേണ്ടി കുറച്ചു കാലം കൂടി സേവനമനുഷ്ഠിക്കണമെന്നു തോന്നി. അങ്ങിനെ 2022 ജൂൺ മൂന്നിന് കേരള സമാജത്തിന്റെ അധ്യക്ഷനായി ചുമതലയേറ്റെടുത്തു.

ഇരുപത്തിയൊന്ന് വർഷങ്ങൾക്കുശേഷം ഞാൻ കണ്ട സമാജം വളരെ മാറിയിരിക്കുന്നു. സമാജം പ്രവർത്തകരെ ഒന്ന് വിളിച്ചാലുടൻ ഒരു ബാഗും അതിൽ കുറെ രസീതുബുക്കുകളുമായി ഇറങ്ങിപ്പുറപ്പെടുന്ന ഒരു കാലഘട്ടം ഓർമിക്കുവാൻ പോലും കഴിയുന്നില്ല. എന്തായാലും ഞാൻ അധ്യക്ഷനായുള്ള പ്രവർത്തക സമിതിയുടെ കാലാവധി തീരുന്നതോടെ മറ്റൊരു മത്സരത്തിന് വഴിനൽകാതെ ഞാൻ ഓരം ചേർന്ന് നിന്നു.

## പൂച്ചക്കണ്ണി സുന്ദരിയാണ്.

എന്റെ ആദ്യ ചെറുകഥാ സമാഹാരമായ പൂച്ചക്കണ്ണി സുന്ദരിയാണ് എന്ന പുസ്തകം 2023 നവംബർ 26 ന് ഞായറാഴ്ച കേരളസമാജം (ബാംഗ്ലൂർ) ദൂരവാനിനഗറിന്റെ ജൂബിലി സ്കൂൾ ഓഡിറ്റോറിയത്തിൽ ചേർന്ന നിറഞ്ഞ സദസ്സിൽ മലയാളത്തിന്റെ പ്രമുഖ വാഗ്മിയും പ്രശസ്ത കവിയുമായ ശ്രീ ആലംകോട് ലീലാകൃഷ്ണനും കേരള സമാജം അധ്യക്ഷൻ ശ്രീ മുരളീധരൻ നായരും ചേർന്ന് പ്രകാശനം ചെയ്തു. സുജലി പബ്ലിക്കേഷൻസ് ആണ് പുസ്തകം പ്രസിദ്ധീകരിച്ച്ത് ശ്രീ.വിഷ്ണുമംഗലം കുമാർ പുസ്തപരിചയം നടത്തി. കേരളസമാജത്തിന്റെ മുൻ അധ്യക്ഷന്മാരായ ശ്രീ എം എസ്സ് ചന്ദ്രശേഖരൻ, ശ്രീ.പി.ദിവാകരൻ, ശ്രീ.പീറ്റർ ജോർജ് എന്നിവരും കർണാടകത്തിലെ മുൻ എം.എൽ.എ ശ്രീ.ഐവാൻ നിഗിളിയും പുസ്തത്തിന്റ ആദ്യ പ്രതികൾ ഏറ്റുവാങ്ങി.

ചടങ്ങിൽ ബാംഗ്ലൂർ മലയാളി റൈറ്റേഴ്സ് ആൻഡ് ആർട്ടിസ്റ്



ഫോറം പ്രസിഡന്റ്  ശ്രീ ടി. എ.കലിസ്റ്റസ് അധ്യക്ഷത വഹിച്ചു. ഫോറം ഖജാൻജി ശ്രീ ശാന്തകുമാർ സ്വാഗതവും, കാര്യദർശി ടി.വി. മുഹമ്മദ് കുനിങ്ങാട് നന്ദിയും രേഖപ്പെടുത്തി. ശ്രീമതി സൗദ റഹ്മാൻ കവിതാ പാരായണം നടത്തി. ശ്രീ തങ്കച്ചൻ പന്തളം കാര്യപരിപാടികൾ നിയന്ത്രിച്ചു. ശ്രീമാന്മാർ എം. എസ് ചന്ദ്രശേഖരൻ, ഡോക്ടർ രാജൻ, ഒ വിശ്വനാഥൻ, എ. വി. ആചാരി, സലിം കുമാർ, സുരേന്ദ്രൻ വെണ്മണി, അഡ്വക്കറ്റ് ജിബു ജമാൽ, എന്നിവർ ആശംസകളർപ്പിച്ചു.

ജീവിതത്തിലെ ചില അപൂർവ സംരംഭങ്ങൾ ആസ്വാദ്യകരമാക്കുവാനുള്ള ഒരു ഉദ്യമമെന്നനിലയിൽ കഴിഞ്ഞ കാലങ്ങളിൽ പല സന്ദർഭങ്ങളിലായി, കുത്തിക്കുറിച്ചു സൂക്ഷിച്ചു വച്ചിരുന്ന ചില കുറിപ്പുകളാണ് ഈ ചെറുകഥാസമാഹാരത്തിന്റെ ഉള്ളടക്കം.

ഇതിനൊരു സാന്ദർഭിക പരിവേഷവുമുണ്ട്. സാധാരണപോലെ



നടന്ന ഒരു സുഹൃദ്സംഭാഷണത്തിനിടയിൽ വർഷങ്ങളായി അടുത്തറിയുന്ന ഒരു മികച്ച എഴുത്തുകാരനും, പരിചയ സമ്പന്നനായ മാധ്യമപ്രവർത്തകനുമായ ശ്രീ വിഷ്ണുമംഗലം കുമാറിന്റെ പ്രചോദനങ്ങൾ എടുത്തുപറയേണ്ടതായുണ്ട്. ആ സ്നേഹ പൂർവ്വള്ള പ്രോത്സാഹനത്തിന്റെ മികവിൽ മനസ്സിലും പഴയ കടലാസു കളിലുമായിരുന്ന ആശയങ്ങളെല്ലാം കൂട്ടിയിണക്കുവാൻ ശ്രമിച്ചു. അതിന്റെ ഫലമാണ് ഈ കഥാ സമാഹാരം.




സമൂഹത്തിൽ നടന്നിട്ടുള്ളതും നടക്കാവുന്നതുമായ സംഭവങ്ങൾ കോർത്തിണക്കി അതിനുവേണ്ട സാഹചര്യങ്ങൾ സൃഷ്ടിച്ച് കഴിയുന്നത്ര തന്മയത്വത്തോടെ, ലളിതമായ വാക്കുകളിലൂടെ നിങ്ങളിലെത്തിക്കാനുള്ളല്ല എന്റെ എളിയ ശ്രമമാണിത്. ഒപ്പം രചനയുടെ ലോകത്തേക്കുള്ള എന്റെ ആദ്യത്തെ കാൽവെയ്പ്പും.

ബാംഗ്ലൂർ മലയാളി റൈറ്റേഴ്സ് ആൻഡ് ആർട്ടിസ്റ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന പുസ്തക പ്രകാശന ചടങ്ങിൽ സുജിലീ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുന്ന എന്റെ അടുത്ത പുസ്ത കമായ ചിരിക്കുന്ന ചെരുപ്പുകൾ എന്ന കഥാ സമാഹാരത്തിന്റെ കവർപേജ് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ജേതാവായ ശ്രീ സുധാകരൻ രാമന്തളി പ്രകാശനം ചെയ്തു.



## തിരിഞ്ഞു നോക്കുമ്പോൾ

വിജയകരമായ ഒരു വ്യക്തിജീവിതമാണ് ഈ കഴിഞ്ഞ എഴുപതു വർഷങ്ങളായി ജീവിച്ചു തീർന്നത്. ജീവിതത്തിലെ എല്ലാ പടവുകളും കയറിയിറങ്ങി. കഷ്ടപ്പാടിന്റെയും ദുരിതങ്ങളുടെയും അടിത്തട്ടുകൾ കണ്ടു. തല ചായിക്കുവാൻ ഇടമില്ലാത്ത രാവുകൾ ധൈര്യപൂർവ്വം പിന്നിട്ടു. ഒരു നേരം മാത്രം ഭക്ഷണവും ബാക്കി പച്ചവെള്ളവും കുടിച്ച നാളുകയും പിന്നിട്ടു.. കുടുംബ ജീവിതത്തിൽ കറണ്ടുചാർജു പോലും കൊടുക്കാനില്ലാത്ത അവസ്ഥകളും തരണം ചെയ്തു. മെല്ലെ സാധാരണ ജീവിതത്തിലേക്ക് നീങ്ങി. സഹജീവികളുടെ കണ്ണീരൊപ്പുവാൻ സമയം കണ്ടെത്തി.

ആ നന്മനിറഞ്ഞ പ്രവർത്തികളെല്ലാം ഓർമ്മിച്ചാസ്വദിക്കുവാനാണ് ജീവിതത്തിൽ ഇനിയുള്ള ദിനങ്ങൾ

വാഹനാപകടത്തിൽപ്പെട്ടു രണ്ടുകാലും ഒരുപോലെ മുറിഞ്ഞു തൂങ്ങിക്കിടന്നു നരകാതന അനുഭവിച്ചിരുന്ന ഒരു സാധുമനുഷ്യനെ മാസങ്ങളോളം പരിചരിച്ചു എഴുനേറ്റു നടക്കുവാൻ പറ്റുന്ന തരത്തിൽ സഹായങ്ങളെത്തിച്ചു.

ഹൃദയാസ്വസ്ഥതകൾ മൂലം തൊഴിൽ ചെയ്തു ജീവിക്കുവാൻ പറ്റാതിരുന്ന മുഹമ്മദിനെ പുട്ടപർത്തി സായിബാബ ആശുപത്രിയിൽ കൊണ്ടു പോയി രക്ഷിക്കുവാൻ സാധിച്ചു.

ധർമ്മപുരിക്കടുത്തു ഉത്തുങ്കരയിൽ നടന്ന ട്രെയിൻ അപകടത്തിൽ പ്പെട്ട അനേകം മലയാളികൾക്ക്, ബെന്നിങ്ങനഹള്ളിയിൽ കുത്തേറ്റുമരിച്ചു മോഹനൻ എന്ന സെക്യൂരിറ്റിക്കാരന്റെ കുടുംബത്തിന്, ബയ്യപ്പനഹള്ളിയിൽ ഐ.ടി.ഐ. ബസ്സിടിച്ചു മരിച്ച ഐ.ടി.ഐ. ഉദ്യോഗസ്ഥന്റെ കുടുംബത്തിന്, അങ്ങനെ പലയിടങ്ങളിലായി, പല സ്ഥലങ്ങളിലായി അപകടങ്ങളിൽ മരിച്ച ഒട്ടനവധി മലയാളികളുടെ ബന്ധുക്കൾക്ക് വേണ്ട എല്ലാ സഹായങ്ങളുമെത്തിക്കാൻ അവസരം കണ്ടെത്തി.

ആയിരത്തി തൊള്ളായിരത്തി എഴുപത്തിയഞ്ചിൽ തുടങ്ങിയ സാമൂഹ്യ സേവന പരിപാടികളിലൂടെ ഒട്ടനവധി സഹ ജീവികൾക്ക് സ്നേഹ സ്വാന്തനങ്ങൾ നൽകാൻ കഴിഞ്ഞു.

അതിന്നിടയിൽ പതിമൂന്നു വർഷങ്ങളിലായി മികച്ച ഒരു സംഘം കോർപറേറ്റ് സ്ഥാപനങ്ങളുടെ അധികാരം ആസ്വദിക്കുമ്പോഴും, അർഹരായവർക്ക് അർഹമായ ജോലി കൊടുക്കുവാനും അവരുടെ കുടുംബാംഗങ്ങളുടെ സന്തോഷത്തിൽ പങ്കെടുക്കുവാനും സാധിച്ചു.

അധികാരസ്ഥാനങ്ങളിൽ ഇരുന്നപ്പോഴെല്ലാം ഒരുത്തരെപ്പോലും ഉപദ്രവിക്കാതെ ആവുന്നത്ര സഹായങ്ങൾ ചെയ്തുവെന്ന ചാരിതാർഥ്യമാണ് എന്റെ ബാക്കിപത്രം.. ഏകദേശം ഇരുന്നൂറ്റി അമ്പത്തിനുമേലെ തോഴിൽരഹിതർക്കു തൊഴിൽ നൽകുവാൻ എനിക്കുണ്ടായിരുന്ന അധികാരം ഉപയോഗപ്പെടുത്തി.

അങ്ങിനെ എല്ലാം കൊണ്ടും അർത്ഥവത്തായ ഒരു ജീവിതത്തിന്റെ ഈ അന്ത്യ നിമിഷങ്ങളിൽ മനസിന് സന്തോഷം നൽകുന്നത് ഭൂതകാല സ്മരണകൾ മാത്രമാണ്.



എന്റെ ബാംഗ്ലൂരിലെ ജീവിതം അമ്പതു വർഷം തികയുന്നു. ഒപ്പം എനിക്ക് എഴുപതു വയസ്സും. വായനയും, എഴുത്തും മറ്റുമായി ബാംഗ്ലൂരിൽ വിശ്രമജീവിത്തിലാണ്. എന്റെ സ്നേഹ നിധിയായ അമ്മ ശ്രീമതി പൊന്നമ്മയും, ജീവിത സഖി ചന്ദ്രികയും, മകൾ സഹനയും, അവളുടെ ഭർത്താവ് വിജയ്സാരഥിയും,

കൊച്ചുമകൾ സിയാ സാരഥിയും, മകൻ സച്ചിനും ഒപ്പമുണ്ട്. മറ്റു സ്ഥലത്തെങ്കിലും സ്നേഹം നിറഞ്ഞ സഹോദരങ്ങളും അവരുടെ കുടുംബാംഗങ്ങളും എല്ലാറ്റിനുമുപരി ജീവിതത്തിൽ ലഭിച്ച എന്റെ ആത്മാർത്ഥസുഹൃത്തുക്കളും എന്തിനും കൂടെയുള്ളതാണ് ഈ ജീവിത സായാഹ്നത്തിൽ അത്യധികം സന്തോഷമുളവാക്കുന്നത്.

ജീവിതത്തിലേക്ക് കടന്നുവന്നിട്ടുള്ള ഒട്ടനവധി സുമനസുകളുടെ സാന്നിധ്യത്തെപ്പറ്റിയുള്ള മധുര സ്മരണകളാണ് ജനിച്ച ഗ്രാമവും, വളർന്ന സാഹചര്യങ്ങളും വിട്ട് കഴിഞ്ഞ അമ്പതു വർഷങ്ങളായി ഈ നഗരത്തിന്റെ ഒരു ഒരു കോണിൽ അഭിമാനത്തോടെ തൊഴിലെടുത്തു ജീവിച്ചിരുന്ന ഞാൻ ഇനി ജന്മദേശത്തേക്കു ഒരു തിരിച്ചുപോക്കില്ല!. എഴുപത്തിലേക്കു കടക്കുന്ന ഞാൻ ജീവിതം കൂടുതൽ ആസ്വദിച്ചതും സഹജീവികളുടെ സ്നേഹ സ്വാന്തനങ്ങൾ അനുഭവിച്ചതും ഈ നഗരത്തിൽ തന്നെയാണ്.

തൊഴിലെടുക്കുന്ന സ്ഥാപനങ്ങളുടെയും രാജ്യത്തിന്റെയും തന്നെയും സാമ്പത്തിക, സാമൂഹിക, സാഹചര്യങ്ങൾ രൂപ പ്പെടുത്തുന്നതിൽ പ്രവാസികൾക്ക്; പ്രത്യേകിച്ച് മലയാളികൾക്ക് കാര്യമായ പങ്കുണ്ട്. പ്രവാസികളായ നാം ആർജിച്ചെടുത്ത അറിവും, കഴിവും, ആശയനൈപുണ്യവും, സാങ്കേതികജ്ഞാനവും, രാഷ്ട്രത്തെ കുറിച്ചുള്ള കാഴ്ചപ്പാടും വിലമതിക്കാൻ കഴിയാത്തവയാണ്. പ്രവാസി എന്നും മണ്ണിന്റെ മക്കളുടെ വെല്ലു വിളികൾകളെ നേരിടേണ്ടവരാണ്.. അവരോടൊപ്പം അവരിൽ ഒരാളായി അതിജീവിക്കുവാനുള്ള കരുത്തും ആർജവവുമാണ് നമുക്ക് വേണ്ടത്.

എനിക്ക് ഏറ്റവും പ്രിയപ്പെട്ട ഹരിപ്പാട്-മുട്ടം ഗ്രാമാന്തരീക്ഷത്തിന്റെയും ഈ ഉദ്യാനഗര ജീവിതത്തിന്റെ ഓർമ്മകളും അനുഭവസമ്പത്തും ഇനിയുള്ള കാലമെല്ലാം ഓർത്തിരുന്ന് ആസ്വദിക്കുവാൻ മാത്രം കുത്തിക്കുറിച്ച ഈ വരികൾ വായിച്ചവർക്കാർക്കെങ്കിലും, എന്തെങ്കിലും അപാകത കൾ തോന്നിയിട്ടുണ്ടങ്കിൽ സദയം ക്ഷമിക്കുക.